# വിഷയവിവരം


| | | | പുറം |
|---|---|---|---|
| 1. | പ്രകൃതിരാമണീയകം:— | വിദ്വാൻ സി. ഐ. ഗോപാലപിള്ള, എം. ഏ. | 243 |
| 2. | രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടുപേർ തന്നെയോ?:— | എം. ആർ. ബാലകൃഷ്ണ വാര്യർ, എം. ഏ. | 250 |
| 3. | വീരരാഘവപ്പട്ടയം:— | പി. അനന്തൻപിള്ള, എം. ഏ. | 264 |
| 4. | ടി | ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. | 278 |
| 5. | ടി | വി. വെങ്കിടരാമശർമ്മ | 291 |
| 6. | ടി | സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ. | 303 |
| 7. | കിമപികാവ്യം:— ടി | ടി | 306 |
| 8. | ഗ്രന്ഥനിരൂപണം. | | 317 |
| 9. | അഭിപ്രായങ്ങൾ. | | 318 |
| 10. | പത്രാധിപക്കുറിപ്പുകൾ. | | 321 |

ഹൃദയ

പുസ്തകം ൧. | ധനു ൧൧൧൧. | ലക്കം ൪.

# പ്രകൃതിരാമണീയകം.

വിദ്വാൻ സി. ഐ. ഗോപാലപിള്ള, എം. എ.

സൌന്ദര്യ്യസാരസർവ്വസ്വമായപരാശക്തിയുടെ പ്രഭാവപ്രകടനരംഗമെന്നനിലയിൽ ബാഹ്യപ്രപഞ്ചം അഥവാ സ്ഥൂലപ്രകൃതി, ഹൃദയമോഹനങ്ങളായ വസ്തുക്കളാലും പ്രതിഭാസങ്ങളാലും സദാ സുന്ദരമായിത്തന്നെവർത്തിക്കുന്നു. ഈ സൌന്ദര്യ്യത്തെ യഥായോഗ്യം ആസ്വദിപ്പാനുള്ള ചിത്തവൃത്തിവിശേഷം എല്ലാ മനുഷ്യർക്കും ഒരുപോലെ ലഭിച്ചിട്ടില്ലെന്നുള്ളതു് ഒരു വെറും പരമാർത്ഥം മാത്രമാണു്. സദ്വാസനകളുടെ വൈഭവത്താലോ മനുഷ്യബുദ്ധിക്കതീതമായ ഏതോ പ്രേരണയാലോ ചില സുകൃതികൾക്കു മാത്രമേ പ്രകൃതിസൌന്ദര്യ്യം മുഴുവൻ കാണ്മാനുള്ള കണ്ണുകളും ആസ്വദിപ്പാനുള്ള ഹൃദയങ്ങളും ലഭിച്ചിട്ടുള്ളു. ഇവരാണു കലാപ്രവീണരായി ലോകത്തിന്റെ ഓരോ ഭാഗങ്ങളിൽ ഓരോ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്.

കവികൾ, ഗായകർ, ചിത്രമെഴുത്തുകാർ, ശില്പികൾ മുതലായവർ ഇക്കൂട്ടത്തിലുൾപ്പെടുന്നുണ്ടെങ്കിലും പ്രകൃതിരാമണീയകത്തെ സവിശേഷം ആസ്വദിക്കുന്ന കവികൾക്കാണു് ഇവരിൽ പ്രാമുഖ്യം ലോകം കല്പിച്ചിട്ടുള്ളതു്. പർവ്വതംമുതൽ പരമാണുവരെയുള്ള പദാർത്ഥങ്ങളിലും ഇടി, മിന്നൽ, സൂര്യ്യോദയം, സൂര്യ്യാസ്തമയം മുതലായ പ്രതിഭാസങ്ങളിലും കവികൾ സൌന്ദര്യ്യം ദർശിക്കുകയും ആനന്ദതുന്ദിലങ്ങളായ ഹൃദയങ്ങളുടെ വികാരാവേശത്തെ ഉചിതങ്ങളായ ശബ്ദാർത്ഥങ്ങളെക്കൊണ്ടു വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം കവിഹൃദയത്തെ തരളമാക്കുന്ന ചില വസ്തുക്കളെയും സ്ഥിതിവ്യത്യാസങ്ങളെയും പററി അല്പം ഗാഢമായി വിചിന്തനം ചെയ്യാം.

സ്ഥലകാലഭേദമെന്യേ സകല കവികളെയും ആകർഷിച്ചിട്ടുള്ള ഒരു വിശിഷ്ട വസ്തുവത്രേ പുഷ്പം. നൈർമ്മല്യം, കാന്തി, സൌരഭ്യം മുതലായ ഗുണങ്ങളുടെ പ്രത്യക്ഷലക്ഷ്യമായ പുഷ്പത്തിന്റെ ദർശനം കവിയുടെ ഹൃദയകുസുമത്തെയും ഉത്തേജിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. കേവലസൌന്ദര്യ്യത്തിന്റെ ഒരു

പ്രദശ്നമെന്നതിനപ്പുറമെ ദൈവചിത്തത്തിൻെറ പ്രകടനമായും പുഷ്പം പരിലസിക്കുന്നതായി കവികൾക്കു തോന്നുന്നു. അതിനാലായിരിക്കണം മഹാനായ വേഡ്സ്വത്ത്

"To me the meanest flower that
blows
Can give thoughts that do often lie
Too deep for tears," എന്നു പ്രസ്താവിച്ചിട്ടുള്ളതു്. ഷേക്സ്പിയർ, കാളിദാസൻ മുതലായ കവിവയ്യന്മാർ പുഷ്പങ്ങളെ ഉപജീവിച്ചു് ഓരോസന്ദർഭങ്ങളിൽ ചെയ്തിട്ടുള്ള പ്രസ്താവങ്ങളെ എടുത്തുകാണിക്കുക വിഷമംതന്നെ. മലയാളകവികളും ഇക്കായ്യത്തിൽ ഒട്ടും പിന്നോക്കമല്ലെന്നുള്ളതിനു ലക്ഷ്യങ്ങൾ സുലഭങ്ങളാണു്.

ജാതി! ജാതാനുകമ്പാ ഭവ മയിസതതാ
മല്ലികേ! ക്രൂപ്പുകൈതേ
കൈതേ! കൈതേരിമാക്കം കബരിയി
ലണിവാൻ കൈയിലേന്തും ദശായാം
ഏതാനേതാൻ മദീയാനല്പശര
പരിതാപോദയാനാശു നീതാൻ
നീതാൻ നീതാനുണത്തീടുക ചടുല
ലസൽക്കണ്ണിതൻ കണ്ണുമൂലേ"

എന്ന പദ്യം നാരീസ്തോത്രമോ കുസുമസ്തോത്രമോ എന്നു സഹൃദയന്മാർ തീച്ചപ്പെടുത്തേണ്ടതാണു്. കേരളവമ്മ വലിയകോയിത്തമ്പുരാൻ

"ഓമൽപ്പിച്ചിച്ചെടിലതമരുല്ലോളിതാ
വഷബിന്ദു
സ്തോമക്ലിന്നാ പുതുമലർ പതുക്കെസ്പ്പടി
പ്പിച്ചിടുമ്പോൾ"

തൻെറ പ്രിയതമയുടെ മന്ദസ്മിത സുന്ദരമായ മുഖം സ്മരിച്ചതായി പറഞ്ഞിരിക്കുന്നു. ഒരു പതിത പുഷ്പം കണ്ടു കുമാരനാശാൻ നിമ്മിച്ച ലഘുകാവ്യം ഭാഷാഭഗവതിയുടെ പൂഞ്ചികുരത്തിലെ വാടാമാലയായി പ്രശോഭിക്കുന്നു. ബാലികയായ സീതയെ മുഴുവൻ പൂക്കൾകൊണ്ടാണു വിധാതാവു നിമ്മിച്ചതെന്നു വള്ളത്തോൾ ഉല്ലേഖനം ചെയ്തിരിക്കുന്നു. തുമ്പപ്പൂകണ്ടിട്ടു മഹാകവി ഉള്ളൂരിനുണ്ടായ ഉദ്വേഗം ഒരു മനോഹരഖണ്ഡകാവ്യമായി പരിണമിച്ചിരിക്കുന്നു. ഒരു പൂമാലയെ "ആരാമത്തിൻെറ രോമാഞ്ച"മായി ഒരു യുവകവി സങ്കല്പിച്ചിരിക്കുന്നു. എന്തിനധികം? സാധാരണജനങ്ങൾപോലും പുഷ്പാകൃഷ്ടരായിത്തീരുന്ന സ്ഥിതിക്കു് സൌന്ദയ്യാവബോധത്തിൻെറ പരമകാഷ്ഠയിൽ വത്തിക്കുന്ന കവികൾക്കു പുഷ്പദശനം എന്തെന്തുവികാരങ്ങളെ ജനിപ്പിക്കുകയില്ല? കാമദേവനെ കുസുമബാണനായും വിഷ്ണുവിനെ പദ്മനാഭനായും ബ്രഹ്മാവിനെ നളിനോദ്ഭവനായും ലക്ഷ്മീദേവിയെ പദ്മാലയയായും ശിവനെ തുമ്പപ്പൂ, എരിക്കിൻപൂ മുതലായവയിൽ പ്രിയമുള്ളവനായും വണ്ണിച്ചിരിക്കുന്ന ഭാരതീയകവികൾ പുഷ്പങ്ങളെ കായികസൌന്ദയ്യത്തിൻെറയും ആത്മികവിശുദ്ധിയുടെയും പ്രസ്ഫുരണങ്ങളായി വ്യാഖ്യാനിച്ചിരിക്കുന്നു.

വൃക്ഷങ്ങൾ, ലതകൾ, പത്രങ്ങൾ, ശാദ്വലങ്ങൾ, അരണ്യങ്ങൾ എന്നിവയും പ്രകൃതിയുടെ കോമളിമയെയും ഗാംഭീയ്യത്തെയും വദ്ധിപ്പിക്കുന്ന വസ്തുക്കളാകുന്നു. വാസ്തവത്തിൽ ഓരോ വൃക്ഷവും ഓരോ മനോഹരചിത്രമാണു്. ചിലവ പരിശുദ്ധങ്ങളും ചിലവ ഗഹനങ്ങളും ആയ ഭാവങ്ങളെ ദ്രഷ്ടാക്കളുടെ മനസ്സിൽ ഉളവാക്കുന്നുണ്ടു്. കാദംബരിയിലെ

ശുഷ്കശാല്മലിയും പഞ്ചതന്ത്രത്തിലേ "കൊണ്ടൽ തൻ നിറംപോലെ നീലയാം പത്രാവലി"യോടുകൂടിയ വടവൃക്ഷവും കരുണയിലെ ശ്മശാനസ്ഥിതമായ അശ്വത്ഥവും നമ്മുടെ മനസ്സിൽ ഓരോ പ്രത്യേകചിന്തകളെ ഉദ്ഭാവനം ചെയ്യിക്കുന്നില്ലയോ? അതുപോലെതന്നെ കണ്വാശ്രമത്തിലെ വനജ്യോത്സ്നി എന്ന ലതിക ഏതെല്ലാം സൂക്ഷ്മവികാരങ്ങളെയാണുതട്ടിയുണർത്തുന്നതു്? ശകുന്തളയുടെ യാത്രാമുഹൂർത്തത്തിൽ "വല്ലികളും താപത്താൽ വെള്ളിലകണ്ണീർ കണക്കെ ചൊരിയുന്ന" വൃത്താന്തം ഹൃദയാലുക്കളുടെ നയനങ്ങളിൽ അശ്രുപ്രവാഹമുണ്ടാക്കുന്നു. കൃഷ്ണനെ കാണ്മാനായി വൃന്ദാവനത്തിൽകൂടി കടന്നുപോകുന്ന അക്രൂരൻ,

"കാളിന്ദി കൊണ്ടൊരു നീലക്കരയിട്ടു
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ!
കാലികൾ നക്കിത്തുടയ്ക്കുമാച്ചെന്തളിർ
ക്കാലടി വെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്നനിൻ ദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ
നല്ലിളം പൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ! മാലതീ! മന്ദാരമേ!
വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര
മല്ലയോ നിങ്ങളിൽ വെള്ളവീശി"

എന്നു വിചാരിക്കുന്ന ഘട്ടം വായിക്കുമ്പോൾ വൃന്ദാരണ്യത്തിലെ തൃണങ്ങളും ലതകളും എത്ര പ്രഭാപൂരിതമായ ഒരു സാത്വിക ലോകത്തെയാണു് നമ്മുടെ കൺമുമ്പിൽ തുറന്നുകാണിക്കുന്നതു്? അരണ്യസ്ഥലങ്ങൾ പരമാത്മസ്വരൂപധ്യാനത്തിനു സർവഥാ യോജിച്ച ഭൂവിഭാഗങ്ങളാണെന്നു പറയുന്നതിൽ അതിശയോക്തിയുടെ സ്പർശംപോലുമില്ല. വനവർണ്ണനയിൽ മഹാകവി ഭവഭൂതിയെ അതിശയിക്കുന്ന കവികൾ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. അദ്ദേഹത്തിന്റെ ദണ്ഡകവർണ്ണനത്തിന്റെ മഹനീയത ഒന്നു പ്രത്യേകം തന്നെയാകുന്നു. ചില ഉദാഹരണങ്ങൾ കാണിക്കാം.

"ചൂടേററിട്ടൊട്ടു ഞെട്ടററലർനിര
യെ മദിച്ചാനഗണ്ഡങ്ങൾ തേച്ചി-
ട്ടാട്ടമ്പോളാശു ഗോദാവരിയിലിഹ
പൊഴിക്കുന്നു തീരദ്രുമങ്ങൾ
കൂടേറിപ്രാവു പൂങ്കോഴികൾ കരയു-
മിവററിന്റെ തോലിൽച്ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതു നിഴലി-
ലിരുന്നുഴിമാന്തും ഖഗങ്ങൾ"

എന്ന ശ്ലോകം ഗോദാവരീതീരവർണ്ണനമാകയാൽ അല്പം സൌമ്യമായിട്ടുണ്ടെങ്കിൽ,

കേൾക്കുന്നുണ്ടുഗ്രജന്തുദ്ധ്വനിയിവിടെ
യനങ്ങാതെ നിശ്ശബ്ദമാമി-
ദ്ദിക്കെല്ലാം സുപ്തസർപ്പശ്വസിതവിഷ
മണഞ്ഞഗ്നി കത്തുന്നു തത്ര
ഇക്കുണ്ടിൽതെല്ലുമില്ലേജലലവമിവിടെ
ദ്ദാഹമോടേറാന്തശേഷം
നക്കുന്നുണ്ടിപ്പെരുമ്പാമ്പിനുടെതനു
വിയർത്തുൽഭവിച്ചുള്ള വെള്ളം"

എന്ന ജനസ്ഥാനവർണ്ണനം കുറെക്കൂടി രൂക്ഷവും,

"പൊന്തുന്നു പൊത്തിൽ വാഴും കരടി
കൾ മദമാന്നേററമാസ്യാംബുലേശം
ചിന്തുംവണ്ണം മുഴക്കും ധ്വനിയെതിർ
നിനദംകൊണ്ടു ദീർഘിച്ചു മേന്മേൽ
ഈന്തക്കൊമ്പാന പൊട്ടിച്ചിഹ
വിതറിയതിൻപാലൊലിച്ചുൽഭവിക്കും

ഗന്ധം വ്യാപിച്ചിടുന്നുണ്ടതിസുരഭിയ
തായ് ശീതമായ് രൂക്ഷമായും"

എന്ന മദ്ധ്യമാരണ്യവർണ്ണനം ഭയാനകവും ആയിക്കാണപ്പെടുന്നു. "കാളാംബുദരുചി തേടും വിപിന"ങ്ങളിൽ നിബിഡമായി വളരുന്ന വനസ്പതികൾ തങ്ങളുടെ ഉദ്ധതമസ്തകങ്ങളെ ജ്യോതിർമണ്ഡലത്തോളം ഉയർത്തിപ്പിടിച്ചു നിൽക്കുന്നതു കണ്ടാൽ അജ്ഞതാ ഗർത്തിൽനിന്നു മോചനം പ്രാപിച്ചു് നിത്യപ്രകാശത്തെ ലക്ഷ്യമാക്കി ജീവിപ്പാൻ മനുഷ്യരോടുപദേശിക്കുന്നതുപോലെ തോന്നിപ്പോകും. തന്മൂലം സത്വബുദ്ധികൾ സംസാരദുഃഖതരണത്തിനായി വനപ്രദേശങ്ങളെ അഭയം പ്രാപിക്കുന്നതിൽ യാതൊരസാംഗത്യവും ഇല്ല തന്നെ.

പ്രകൃതിയുടെ ഗാംഭീര്യഗരിമയുടെ ഉത്തമോപദേഷ്ടാക്കളാണു പർവ്വതങ്ങൾ. "മിത്രപദവീഗതവിചിത്രമണികൂട"രായ "ധാത്രീധരേന്ദ്ര"ന്മാരെ സുകുമാര കവിയും കാളിദാസകവിയും തങ്ങളുടെ കാവ്യങ്ങളിൽ ഭംഗിയായി വർണ്ണിച്ചിട്ടുണ്ടു്. ഭവഭൂതിയുടെ ക്രൗഞ്ചാവത പർവ്വതവർണ്ണനം നോക്കുക.

"ഇക് ക്രൗഞ്ചാവത പർവ്വതക്കടിലിൽ
വാഴുന്നോരു ലൂകങ്ങൾതൻ
ഘൂൽക്കാരധ്വനി കേട്ടു കീചകമതിൽ
കാകങ്ങൾ മൂകങ്ങളായ്
പാർക്കുന്നൂ മയിലങ്ങുമിങ്ങുമിവിടെ
ക്കുകുന്ന കേകാരവം
കേൾക്കും പാമ്പുകൾ ജീർണ്ണചന്ദന
തരുസ്കന്ധ പരുങ്ങുന്നുതേ"

പരേതനായ രാജരാജവർമ്മ കോയിത്തമ്പുരാൻ നമ്മുടെ സഹ്യപർവ്വതത്തെ വിഷയീകരിച്ചെഴുതിയിട്ടുള്ള കവിത എത്രയും ആസ്വാദ്യമായിരിക്കുന്നു.

"ഇരുണ്ടുനീണ്ടെന്തിതുഹന്തനോക്കുവിൻ
കരണ്ടിടുന്നു കരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിന ദന്തപത്തിയാ
ലുടക്കിവാനാമൊരു ചെമ്പുപാളിയെ...
കുനിച്ചിടുന്നെന്തിനു നീ കഥിക്കെടോ
ഗിരീന്ദ്ര തെക്കോട്ടു തുടന്നിടും മുടി
കുമാരിഗേഹത്തിലമർന്നു വാഴുമ
ക്കുമാരിയെ കുമ്പിടുവാൻ മുതിർന്നതോ"

ഇത്യാദി. കാളിദാസാദി മഹാകവികളെ അനുകരിച്ചു് ഉള്ളൂർ പരമേശ്വരയ്യർ വർകൾ ഉമാകേരളത്തിൽ ചെയ്തിട്ടുള്ള സഹ്യവർണ്ണനയും എത്രയോ സമഞ്ജസമായിരിക്കുന്നു. പർവ്വതാവലോകനം നമ്മുടെ മനസ്സിനെ വിസ്തൃതമാക്കുകയും ജഗദീശമാഹാത്മ്യത്തെ സവിശേഷം നമ്മെ സ്മരിപ്പിക്കുകയും ചെയ്വാൻ പോരുന്നതാണു്. പരാശക്തിയുടെ ആജ്ഞാകരന്മാരെന്നോണം

"കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾ
കൊണ്ടുള്ളുടുപ്പുമായ് പ്പർവ്വതങ്ങൾ"

നിന്ന നിലയ്ക്കിളകാതെ നിൽക്കുന്നതു് നമ്മെ വിസ്മയസ്തബ്ധരാക്കുന്നു.

ഇനി ജലമയങ്ങളായ ഭൂവിഭാഗങ്ങളെ ദർശിക്കുന്നതിൽ കവികൾ കാണിച്ചിട്ടുള്ള ഔത്സുക്യത്തെപ്പററി അല്പം പ്രസ്താവിക്കാം. മർമ്മരരവത്തോടെ വളഞ്ഞുപുളഞ്ഞൊഴുകുന്ന ചെറുകുല്യകൾ, പ്രശാന്തസുന്ദരമായി പ്രവഹിക്കുന്ന തരംഗിണികൾ, ഭൂലക്ഷ്മിയുടെ കരകമലദർപ്പണംപോലെ വിളങ്ങുന്ന സരോവരങ്ങൾ, അധൃഷ്യഗംഭീരങ്ങളായ സമുദ്രങ്ങൾ എന്നിവ

കവിചിത്തത്തെ വിഭ്രമിപ്പിക്കുന്ന വസ്തുക്കളാകുന്നു. ജലരാശി ഏതവസ്ഥയിലും മനുഷ്യന്റെ ശരീര മനസ്സുകൾക്കു നവോന്മേഷം നൽകുന്നു. ഉത്തരരാമചരിതത്തിലെ പമ്പാസരസ്സിന്റെ വർണ്ണനം കാൺക.

"അബ്ജോജാക്ഷി മദിച്ചഹംസഗണ
മാട്ടീടുന്ന പക്ഷങ്ങളാൽ
വർണ്ണംകൂടിയ തണ്ടുലഞ്ഞുവെളിയിൽ-
ക്കാണുംവിധം ഭംഗിയിൽ
അബ്ജോജങ്ങളുമാമ്പലും നിറയുമാപ്പ-
മ്പാപ്രദേശങ്ങളെ
കണ്ണീർ വീഴുമുടൻ നിറഞ്ഞിടുമതിൻ
മദ്ധ്യത്തിലീക്ഷിച്ചു ഞാൻ."

സീതാവിയോഗത്താൽ ദഗ്ദ്ധമാനസനായ രാമനെ ആ സന്ദർഭത്തിലും പമ്പാസരസ്സിന്റെ മനോഹാരിത ആകർഷിക്കുകയാൽ രാമൻ സരസ്സിനെ നോക്കി നിൽക്കുന്നതായി കവി സങ്കല്പിക്കുന്നു. വാല്മീകിരാമായണത്തിലെ പമ്പാവർണ്ണനവും ഇവിടെ സ്മരണീയമാണു്. വള്ളത്തോളിന്റെ ഒരു നദീവർണ്ണനം കാൺക.

"ചെങ്കതിർ നിരനീളെച്ചിതറും
പുലർകാലം
കുങ്കുമംപൂശിക്കട്ടെനിൻതിരുവുടലിങ്കൽ
ആതപാഗ്നി മാൽകത്തിയാളുന്ന
മദ്ധ്യാഹ്നം നിൻ
ശീതമാം സലിലത്തെസ്സന്തപിപ്പിച്ചീ-
ടട്ടെ
രണ്ടുമേഗണിക്കാതെ മുന്നോട്ടു തന്നെ
നോക്കി-
ക്കൊണ്ടുനീയൊഴുകുന്നു, മംഗളം തവ
മാർഗ്ഗം."

ഇതിൽനിന്നും സുഖദുഃഖങ്ങളിൽ സമഭാവനയോടെ വർത്തിച്ച് സ്വകൃത്യനിർവ്വഹണം ചെയ്വാൻ കവി നമ്മെ ഉപദേശിക്കുകയത്രേ ചെയ്യുന്നതു്. സമുദ്രവർണ്ണനം ചെയ്യുന്നതിൽ പാശ്ചാത്യരോളം പൌരസ്ത്യർ വിജയികളായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തീരസ്ഥലത്തു നിന്നുകൊണ്ടു് സമുദ്രാവലോകനംചെയ്തു് കല്പവൃക്ഷം, പൂർണ്ണചന്ദ്രൻ, ലക്ഷ്മീദേവി, ബഡവാഗ്നിമുതലായ അലൌകിക വസ്തുക്കളുടെ ഉല്പത്തിസ്ഥാനമായി ആദർശരൂപത്തിൽ സമുദ്രത്തെപ്പററി പ്രസ്താവിക്കുന്ന പൌരസ്ത്യ കവികൾക്കു് അനുവാചകന്മാരുടെ ഹൃദയങ്ങളിൽ വാസ്തവപ്രതീതി ജനിപ്പിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. സമുദ്രവുമായി നിത്യസഹവാസം ചെയ്യുന്ന പാശ്ചാത്യരാകട്ടെ അതിനോടു കൂടുതൽ മമതയുള്ളവരായി കാണപ്പെടുന്നു. എന്നുവരികിലും സ്വാതന്ത്ര്യം, അധൃഷ്യത മുതലായ ഗുണങ്ങളെയും ആത്മികപ്രഭാവത്തെയും ആവിഷ്കരിക്കുമാറു് സമുദ്രം കല്ലോലദുന്ദുഭികളാൽ ജഗന്നിയന്താവിന്റെ അപ്രമേയമഹിമയെ ഉച്ചൈസ്തരം ഉൽഘോഷിച്ചു കൊണ്ടിരിക്കുന്നതായും മററും പൌരസ്ത്യകവികൾ ചെയ്തിട്ടുള്ള മനോഹരകല്പനകൾ ഹൃദയാവർജ്ജകങ്ങളാണെന്നു സമ്മതിച്ചേ തീരൂ.

സമുദ്രം ഇത്രമാത്രം കവിഹൃദയത്തെ തരളമാക്കുമെങ്കിൽ അനന്തമായ ആകാശത്തെപ്പററി എന്താണു പറയേണ്ടതു്? അംബരത്തിൽ അനുനിമിഷം ആവിർഭവിക്കുന്ന വർണ്ണവ്യത്യാസങ്ങൾ, അവിടവിടെ നിരന്നുനിൽക്കുന്ന മേഘപിണ്ഡങ്ങൾ, നിശാവേളയിൽ പ്രകാശിക്കുന്ന

നിരവധി ജ്യോതിസ്ഫുലിംഗങ്ങൾ, ആകാശപഥപ്രമാണികളായ സൂര്യചന്ദ്രന്മാർ മുതലായവ ഏതൊരുവനെക്കൊണ്ടും

"നിന്മായമാക്കിലിന്നാക്കറിവാനാവൂ
നിന്മായനായ് നിന്ന തമ്പുരാനേ"

എന്നു പറയിക്കതന്നെ ചെയ്യും. താരകങ്ങൾ നമ്മുടെ ആത്മാവുമായി മൂകഭാഷയിൽ സ്വൈരസംഭാഷണം നടത്തുന്നതു പോലെയും ചന്ദ്രൻ ജഗജ്ജനനിയുടെ വാത്സല്യപീയൂഷം ദൈനംദിനം ഒഴുക്കിത്തരുന്നതുപോലെയും നമുക്കനുഭവപ്പെടുന്നു. ഈ അവസരത്തിൽ വി. സി. ബാലകൃഷ്ണപ്പണിക്കരുടെ "വിശ്വരൂപം" എന്ന മനോഹരകവിതയെ സ്മരിക്കുന്നതു് അനുചിതമല്ല. പ്രകൃതിരാമണീയകത്തിന്റെ പ്രദർശനരംഗമായനഭസ്സ്ഥലത്തെ കവികൾ ഏതെല്ലാം വിധത്തിലാണു കീർത്തിച്ചിരിക്കുന്നതെന്നു വിവരിച്ചു പറവാൻ പ്രയാസമുണ്ടു്.

"അമ്മേ! ജയിക്ക ജയിക്കുക സൽസത്യ
ധർമ്മാധിദേവതേ ! ധന്യധന്യേ !
നിന്മഹിമാവൊന്നുതാനോക്കിൽ
നിശ്ശേഷ
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാ-
ലംബം.
മേൽവശത്തററമില്ലാതേ കിടക്കുമി-
ക്കേവലമാം മരുഭൂമിതന്നിൽ
എത്രപുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പൂ
ചിത്രം നിൻ തേജസ്സിൻ കന്ദളങ്ങൾ!
ആലക്ഷ്യമായൂർദ്ധ്വഭാഗത്തിമാഹേന്ദ്ര
നീലപ്പലകപ്പുറത്തുനീളെ
തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരീ നിൻ ചരിത്രാംശലേശം"

എന്നഭാഗം വായിക്കുന്ന ഏതൊരുവനും പരാശക്തിയുടെ അനന്തവൈഭവത്തെയും മനുഷ്യന്റെ നിസ്സാരാവസ്ഥയെയും പററി ശക്തിമത്തായ ബോധം ജനിക്കാതിരിക്കയില്ല. ആകാശത്തിലെ പ്രതിഭാസങ്ങളെപ്പററിയുള്ള മറെറാരു പ്രസ്താവം കാണുക.

"വാനമേ ഗഗനമേവ്യോമമേസുരസിദ്ധ
സ്ഥാനമേ വിഹായസ്സേ നഭസ്സേ
നമസ്കാരം !
ചന്ദ്രാർക്കരാകും വെൺചെന്താമര
പ്പൂവുകളും
സുന്ദരതാരങ്ങളാംനൈതലാമ്പലുകളും
വിരിഞ്ഞുപൊന്തും മഹാവിസ്തീർണ്ണ
തടാകം നീ
ഗരുഡത്തങ്കക്കപ്പൽചരിക്കുംസമുദ്രംനീ
ചിലപ്പോൾ പുതുകൊണ്ടൽത്തമാല
വിപിനംനീ
ചിലപ്പോൾ സിതമേഘമണലിൽ
ക്കടൽപ്പുറം
ചിലപ്പോൾ സന്ധ്യാരാഗസിന്ദൂര
മണിയുംനീ
ചിലപ്പോൾ വെറും ചാരം പരക്കെ
പ്പൂശീടും നീ
നിന്മഹിമാവാർക്കോതാം നീതന്നെ
നിത്യം ശുദ്ധം
നിർമ്മലം സമം ശാന്തം സർവ്വഗം പര
ബ്രഹ്മം
ആദിമദ്ധ്യാന്താപേതമാനന്ദപ്പരപ്പു നീ
സ്വാതന്ത്ര്യപ്പടപ്പുനീ സ്വാഛന്ദ്യ
വിരിപ്പു നീ"

സൂര്യചന്ദ്രന്മാരെപ്പററി എല്ലാ കവികളും എല്ലാ സാഹിത്യത്തിലും ധാരാളം പ്രതിപാദിച്ചിട്ടുണ്ടു്. കാളിദാസരുടെ "ക്ഷീണിച്ചോഷധിനാഥൻ" എന്നു തുടങ്ങുന്ന പദ്യത്തിൽ അടങ്ങിയിരിക്കുന്ന ലോകതത്വപ്രതിപാദനം എത്രയോ ശ്ലാഘ്യ

മാകുന്നു. ജഗദീശമാഹാത്മ്യത്തെ അനു സന്ധാനം ചെയ്യാൻ ആകാശംപോലെ മറെറാന്നും മനുഷ്യനെ സഹായിക്കുന്നി ല്ലെന്നു ചുരുക്കിപ്പറയാം.

ജന്തുലോകവും പ്രകൃതിരാമണീയക ത്തെ വൎദ്ധിപ്പിക്കുന്നുണ്ട്. ഗജം, സിംഹം, ഹരിണം, മയൂരം, ശുകം, ശലഭം മുതലാ യവയയ്ക്കു സാഹിത്യത്തിൽ ധാരാളം പ്രവേ ശമുള്ളതായിക്കാണാം. ഉദാഹരണങ്ങൾ സുലഭങ്ങളാകയാൽ പ്രത്യേകം എടുത്തു കാണിക്കുന്നില്ല. ഓരോ ജീവിയും ജീവി തത്തിൻെറ ഓരോ ദൎപ്പണമാകുന്നു. ശാകു ന്തളത്തിലെ ആശ്രമമൃഗത്തിൻെറയും ദീൎഘാപാംഗൻ എന്ന മാൻകുട്ടിയുടെയും ഉത്തരരാമചരിതത്തിലേ യാഗാശ്വത്തി ൻെറയും രാമായണത്തിലേ കനകമൃഗത്തി ൻെറയും മയൂരസന്ദേശത്തിലേ മയൂരത്തി ൻെറയും മററും കഥകൾ സ്മരിക്കുക.

പ്രകൃതിരാമണീയകം പുരാതനകാലം മുതല്ക്കേ കവിഹൃദയത്തെ ചലിപ്പിച്ചിട്ടു ണ്ടെന്നുള്ളതിന് ഋഗ്വേദസൂക്തങ്ങൾ അ നിഷേധ്യപ്രമാണങ്ങളാകുന്നു. പ്രഭാതം, സന്ധ്യ, ഇടി, മിന്നൽ, സൂൎയ്യോദയം മുത ലായവയെ അധികരിച്ചുള്ള പല സ്തോത്ര ങ്ങളും വൈദികസാഹിത്യത്തിൽ കാണു ന്നുണ്ട്. പുരാണകാലത്താകട്ടെ, കവിക ൾ ഒരു പടികൂടികടന്ന് മനോഹരവൎണ്ണ നകളിലേൎപ്പെട്ടിട്ടുള്ളതായി തെളിയുന്നു. മഹാകാവ്യകാലമായപ്പോഴേക്കും കവിക ളുടെ വൎണ്ണനാവൈഭവം മൂൎദ്ധന്യാവസ്ഥ യെ പ്രാപിച്ചുകഴിഞ്ഞു. വസന്താദിഋതു ഭേദങ്ങളെ അടിസ്ഥാനമാക്കി കാളിദാ സൻ ഒരു ഖണ്ഡകാവ്യംതന്നെ നിൎമ്മിക്കു യുണ്ടായി. ഭാഷയിലേ ഒരമൂല്യസമ്പത്താ യ കൃഷ്ണഗാഥയിൽ കാണുന്ന ഋതുവൎണ്ണന കളുടെ സ്വാരസ്യം അനുഭവൈകവേദ്യ മാണെന്നുകൂടി ഇവിടെ പറയേണ്ടതുണ്ട്. സംസ്കൃതത്തിലും മലയാളത്തിലും ഉണ്ടാ യിട്ടുള്ള മഹാകാവ്യങ്ങളെല്ലാംതന്നെ ത ത്തത് കവികളുടെ പ്രകൃതി രാമണീയകാ സ്വാദനശക്തിയെ വിളംബരം ചെയ്യുന്ന കാഹളങ്ങളത്രേ.

ഇപ്രകാരം സൎവ്വാനന്ദദാത്രിയായ പ്ര കൃതീശ്വരിയെ സ്നേഹിച്ചാരാധിക്കുന്ന തിൽ ആധുനികലോകം പ്രദൎശിപ്പിക്കുന്ന അനാസ്ഥപോലെ അക്ഷന്തവ്യമായ അ പരാധം മറെറാന്നില്ല. വളരെ നാൾ പ്ര കൃത്യംബികയുടെ ഉത്സംഗത്തിൽ വള ൎന്നുവന്ന ഭാരതീയരുടെ സന്താനങ്ങൾ നൂ തന പരിഷ്കാരത്തിൽ ഭ്രമിച്ച് പ്രകൃത്യുപാ സനാവിമുഖരായിത്തീരുന്നത് എത്രയും പരിതാപകരമായ ഒരവസ്ഥയാകുന്നു. മന സ്സിനു വിശാലതയും ഹൃദയത്തിനു പരി ശുദ്ധിയും പഞ്ചേന്ദ്രിയങ്ങൾക്കു നിൎവൃ തിയും ജീവിതത്തിനു പൊതുവേ പരമാ നന്ദവും നൽകാൻ പ്രകൃതിസമ്പൎക്കം പോലെ യാതൊന്നും സഹായിക്കുന്നില്ല. പ്രകൃതിയിൽനിന്നും അകന്നുനിൽക്കുന്ന ഓരോ ഭാരതീയനും

"ഏറിയപരിത്യാഗ ധൎമ്മശീലരാമൃഷി
വീരരെവഹിച്ചോരു നിൻഗൎഭപുണ്യ
ക്ഷേത്രം
എന്തിനുകടന്നിരുന്നശുദ്ധിപ്പെടുത്തി
ഞാൻ
എന്തിനുമനുഷ്യൻെറ രൂപത്തിൽപ്പിറ
ന്നുഞാൻ"

എന്നുഭാരതമാതാവിനെ സാക്ഷിയാക്കി നിൎത്തിക്കൊണ്ടു ചോദിക്കേണ്ടതും സ്വയം സമാധാനം തേടിക്കൊള്ളേണ്ടതുമാകുന്നു.

# രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടുപേർ തന്നേയോ ?

(എം. ആർ. ബാലകൃഷ്ണവാര്യർ എം. എ.)

പണ്ഡിതവരേണ്യനായ ഉള്ളൂർ. എസ്. പരമേശ്വരയ്യരവർകൾ ൧൧൦൮-ൽ 'മലയാളമനോരമ'യിൽ പ്രസിദ്ധപ്പെടുത്തിയതും പിന്നീട് 'വിജ്ഞാനദീപിക' ഒന്നാംഭാഗത്തിൽ ഉദ്ധരിച്ചിട്ടുള്ളതുമായ 'രാമപാണിവാദനും കുഞ്ചൻനമ്പ്യാരും' എന്ന ലേഖനത്തിൽ അവർ രണ്ടുപേരും ഒരാളായിരിക്കണമെന്ന് അഭ്യൂഹിക്കുന്നതിന് ഉൽബലകങ്ങളായ ഏതാനും സംഗതികൾ ആവിർഭവിപ്പിച്ചിട്ടുണ്ടല്ലോ. അതിൽപിന്നീട് പണ്ഡിതനായ പി. കെ. നാരായണപിള്ള അവർകൾ 'കുഞ്ചൻനമ്പ്യാർ' എന്നകൃതിയുടെ പുതിയ പതിപ്പിൽ രാഘവീയകാവ്യത്തിൻെറ പ്രണേതാവ് ഒരു രാഘവൻ നമ്പ്യാരായിരിക്കണമെന്നും അതിലെ ലാളിത്യസാരള്യാദിഗുണങ്ങളും പ്രാസവിലാസവും മററും നോക്കുമ്പോൾ അത് കുഞ്ചൻേറതാകുവാൻ വയ്യാതില്ലെന്നും കുഞ്ചൻെറ സാക്ഷാൽ പേര് രാഘവൻ എന്നായിരിക്കാമോയെന്നുംമററും ഊഹിച്ചുകാണുന്നു. ൧൧൦൯-ൽ ഞാൻ പ്രസിദ്ധംചെയ്ത 'കുഞ്ചൻ നമ്പ്യാർ' എന്ന ഗ്രന്ഥത്തിൽ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാളായിരിക്കണമെന്നുള്ള അടിസ്ഥാനമാണ് സ്വീകരിച്ചിട്ടുള്ളത്. ൧൧൧൦-ൽ വാണിയങ്കുളത്തു നിന്നും ശ്രീമാൻ കരുണാകരൻനായർ പ്രസിദ്ധംചെയ്ത "പാർവ്വതീസ്വയംവരം" പാനയുടെ അവതാരികയിൽ ഈ അഭിപ്രായം തന്നെ അംഗീകരിച്ചിട്ടുണ്ട്. മഹാകവി ഉള്ളൂരിൻെറ അഭിപ്രായത്തോട് വിയോജിച്ച്, വിഷ്ണുഗീത ഹംസപ്പാട്ടിൻെറ മുഖവുരയിൽ ക്യൂറേട്ടർ. കെ. സാംബശിവശാസ്ത്രികളും, 'സാഹിത്യമഞ്ജൂഷിക'യിൽ വടക്കുംകൂർ രാജരാജവർമ്മ അവർകളും 'കല്യാണസൌഗന്ധികം' തുള്ളലിൻെറ അവതാരികയിൽ ശിരോമണി. പി. കൃഷ്ണൻനായരവർകളും പ്രസ്തുത വിഷയത്തെപ്പററി ഉപന്യസിച്ചിട്ടുണ്ട്. 'സഹൃദയ' മാസികയുടെ പ്രഥമലക്കത്തിൽ ഡാക്ടർ. കെ. ഗോദവർമ്മതമ്പുരാൻ എഴുതിയിട്ടുള്ള 'രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടുപേർതന്നെ' എന്ന ലേഖനത്തിൽ ഇവർ രണ്ടുപേരും ഒരാളാണെന്നുള്ളതിന് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ള പ്രമാണങ്ങളും യുക്തിപ്രദർശനങ്ങളും ഉപയോഗശൂന്യങ്ങളാണെന്ന് വിശദമാക്കുവാൻ കൊണ്ടുവന്നിട്ടുള്ള വാദങ്ങളെ നല്ലവണ്ണം പരിശോധിച്ചതിനു മേലേ സ്വീകരിക്കാവൂ എന്ന് ഹൃദയപൂർവ്വം അദ്ദേഹം അഭ്യർത്ഥിച്ചു കാണുന്നതിനാൽ മാത്രമാണ് ആ ലേഖനം വായിച്ചപ്പോഴുണ്ടായ ഭിന്നാഭിപ്രായങ്ങളെ ഉപരിരേഖപ്പെടുത്തുന്നത്.

മഹാകവി ഉള്ളൂരിൻെറ ലേഖനത്തിനു ശേഷം പലരും ആ മതത്തെ അവലംബിച്ച് കുഞ്ചൻ നമ്പ്യാരുടെ ജീവിതചരിത്രത്തിൻെറ ഉള്ളടക്കം മുഴുവനും താറുമാറാക്കിത്തീർത്തുവെന്നും അതിനു കാരണം അദ്ദേഹം ഉത്ഥാപനംചെയ്തിട്ടുള്ള വാദത്തെ

ഖണ്ഡിക്കുവാൻ പര്യാപ്തമായ യാതൊരു ലേഖനവും ഗണനീയരായ വ്യക്തികളിൽനിന്ന് പുറപ്പെട്ടിട്ടില്ലെന്നുള്ളതുമാണെന്നാം ഗോദവർമ്മ അവർകൾ ഉപോദ്ഘാതമായി പ്രസ്താവിക്കുന്നു. 'ഉള്ളൂരിന്റെ വാദത്തിന്റെ സാധുത്വത്തെപ്പററി ലേശമെങ്കിലും ചിന്തിക്കുകയോ കൂടുതലായി എന്തെങ്കിലും യുക്തി പ്രദർശിപ്പിക്കുകയോ ചെയ്യാതെ'യാണ് അതിനോട് അനുകൂലിച്ച് പലരും എഴുതിയിരിക്കുന്നതെന്ന് ഗോദവർമ്മ അവർകൾ പറഞ്ഞതിൽ ആശ്ചര്യപ്പെടുന്നു. വടക്കുംകൂറിന്റെ ഭാഷാപോഷിണീഗതമായ 'മഹാകവി രാമപാണിവാദൻ' എന്ന ലേഖനത്തിന് പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും സ്ഥാനം കല്പിക്കുന്നത് അനുചിതമാണെന്ന് വിചാരിക്കുന്ന ഗോദവർമ്മ അവർകൾ, 'സാഹിത്യമഞ്ജൂഷിക'യിൽ ആ ലേഖനം ഉദ്ധരിച്ചപ്പോഴുണ്ടായ മാററത്തെ അനാദരിച്ചു കാണുന്നുമുണ്ട്.

സീതാരാഘവവാദികളുടെ കർത്താവായ രാമപാണിവാദനും "കൊല്ലം തൊള്ളായിരത്തങ്ങിരുപതും" എന്നിത്യാദി പദ്യത്തിൽ അനുകീർത്തിതനായ കൃഷ്ണൻ നമ്പ്യാരുമാണ് ഐതിഹ്യപ്രസിദ്ധന്മാരായ രാമനും കൃഷ്ണനുമെന്ന് പരമേശ്വരയ്യരവർകൾ അഭിപ്രായപ്പെടുന്നു. പ്രസ്തുത രേഖകൾ ഈ അനുമാനത്തിന് തീരെ ദുർബലങ്ങളാണെന്നും രാമൻനമ്പ്യാർ ഒരു കവിയായിരുന്നുവെന്ന് ഐതിഹ്യമില്ലെന്നും ധന്യധന്യാദിവിശേഷണവിശിഷ്ടനായ കൃഷ്ണൻനമ്പ്യാർ ഐതിഹ്യപ്രസിദ്ധനായ ഷ്ണകൃൻനമ്പ്യാരായിരുന്നുവെന്ന് ഊഹിക്കുവാൻ നിവൃത്തിയില്ലെന്നും രാമൻനമ്പ്യാർ സുപ്രശസ്തനായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അനുജനെന്ന നിലയിൽ കൂടി ചരമപദ്യത്തിൽ സ്മൃതനാകേണ്ടതായിരുന്നുവെന്നും ഡാക്ടർ ഗോദവർമ്മ വാദിക്കുന്നു. സീതാരാഘവപ്രസ്താവത്തെ അനിഷേധ്യരേഖയായി പരിഗണിക്കാമെങ്കിലും പ്രസ്തുത പദ്യത്തിന്റെ കാര്യത്തിൽ അത്ര ഖണ്ഡിതമായി അഭിപ്രായപ്രകടനം ചെയ്യുന്നതിന് സാധിക്കുകയില്ല. കലക്കത്ത് രാമൻനമ്പ്യാരുടെ കൈയക്ഷരത്തിലുണ്ടായിരുന്ന അനവധി ഗ്രന്ഥങ്ങൾ പാലപ്പുറത്ത് ഗോവിന്ദൻ നമ്പ്യാരുടെ ഗൃഹത്തിൽ സൂക്ഷിച്ചിരുന്നവയിൽ ഒരു ശ്രീകൃഷ്ണവിലാസ വ്യാഖ്യാന ഗ്രന്ഥത്തിൽ പ്രസ്തുത ശ്ലോകം എഴുതിയിട്ടിരുന്നത് സി. പി. അച്യുതമേനവനവർകൾ 'കുഞ്ചൻനമ്പ്യാരുടെ മരണകാലം' എന്ന ലേഖനത്തിൽ ആദ്യമായി ഉദ്ധരിച്ചു ചേർത്തതാണ്. പ്രസ്തുത ശ്ലോകം കലക്കത്തു കുടുംബാംഗമായ കൃഷ്ണൻനമ്പ്യാരെപ്പററിയാണെന്ന് അധ്യാഹരിക്കാമെന്നേയുള്ളു. ചരമപദ്യസ്തുതനായ കൃഷ്ണനാമാവ് ധന്യധന്യാദിവിശേഷണവിശിഷ്ടനായി കാണുന്നതിനാൽ മാത്രം ഐതിഹ്യപ്രസിദ്ധനായ കലക്കത്തു കൃഷ്ണൻനമ്പ്യാരാകുവാൻ വയ്യാതില്ല. എന്നുതന്നെയുമല്ല, അങ്ങനെയായിരിക്കാനാണ് കൂടുതൽ സാംഗത്യമുള്ളതും. അങ്ങുമിങ്ങും അലഞ്ഞുനടന്നതുകൊണ്ട് ഒരാൾ ധന്യധന്യനാകരുതെന്നില്ല. സൽപ്രവൃത്തികൾകൊണ്ട് പുണ്യമാർജ്ജിച്ചിരുന്ന കൃഷ്ണൻനമ്പ്യാർ തറവാട്ടിലേക്കു ധാരാളം ധനം സമ്പാദിക്കാതെ ദേശസഞ്ചാരത്തിലും ഈശ്വരഭജനത്തിലും കാലംകഴിച്ചുകൂട്ടിയെന്നേ ഐതിഹ്യം ഘോഷിക്കുന്നു

മുള്ള. പത്താം ശതകത്തിൽ കലക്കത്തു കുടുംബത്തിലുണ്ടായിരുന്ന അംഗങ്ങളിൽ രാമനും കൃഷ്ണനും മാത്രം ഐതിഹ്യത്തിന്റ വിഷയമായതു തന്നെ ഒരാൾ കുടുംബത്തേക്ക ധാരാളം ധനമാർജ്ജിച്ചതു കൊണ്ടും മറേറയാൾ ധന്യധന്യനായിരുന്നതു കൊണ്ടുമായിരിക്കണം. രാമൻനമ്പ്യാരുടെ അനുജനെന്ന നിലയിൽ കൂടി ചരമപദ്യത്തിൽ സ്മൃതനാകാത്തതെന്തുകൊണ്ടെന്നു് ഗോദവർമ്മ അവർകൾ ചോദിക്കുന്നു. വെറും ശ്രാദ്ധാവശ്യങ്ങൾക്കായി മാത്രം ചില കുടുംബങ്ങളിൽ എഴുതിയിടാറുള്ള മാതിരിയിൽ കാണുന്ന ഒരു ചരമപദ്യത്തിൽ നിന്നു് ഇതിൽകൂടുതൽ വിവരങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. *പ്രശസ്തിപരമായ പദ്യമായിട്ടല്ല, ചരമശ്ലോകമായിട്ടാണു് പ്രസ്തുത പദ്യം രചിതമായിരിക്കുന്നതെന്നുള്ളതു് ഓർമ്മിക്കേണ്ടതുമാണു്. സീതാരാഘവാദികളുടെ കർത്താവായ രാമപാണിവാദൻ കലക്കത്തു കുടുംബത്തിലെ അംഗമായിരുന്നുവെന്നു് അനുമാനിക്കുവാൻ വഴിയുണ്ടു്. ലീലാവതീവീഥിയുടെ പ്രസ്താവനയിൽ 'അസ്തിമംഗലഗ്രാമവാസ്തവ്യസ്യരാഘവപാണിഘസ്യഭാഗിനേയോ രാമോനാമ പാണിവാദഃ'' എന്നും, മദനകേതു ചരിതത്തിൽ 'മംഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന' എന്നും ചന്ദ്രികാവീഥിയിൽ 'മംഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതാം ചന്ദ്രികാം' എന്നും ഏകാദശി മാഹാത്മ്യം കിളിപ്പാട്ടിന്റെ ചില താളിയോല ഗ്രന്ഥങ്ങളിൽ:—

'രാമേണ പാണിവാദേന
മംഗലഗ്രാമവാസിനാ

എന്നും മററും കാണുന്നതിനാൽ രാമപാണിവാദൻ മംഗലഗ്രാമക്കാരനാണെന്നു് തീർച്ചയാക്കാം. ഈ മംഗലഗ്രാമം ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം തന്നെയാണു്. ഭാഗവതം ചമ്പുവിൽ,

'ശ്രീനാരായണ ഭട്ടപാദഗുരുപാദാനാം
കൃപാനുഗ്രഹഃ
ശ്രീകൃഷ്ണസ്യ കഥാപയതിയാം ചമ്പു
പ്രബന്ധാത്മികാം'

എന്നു് സ്തുതനായ ശ്രീ നാരായണഭട്ടപാദരെപററി ശ്രീകൃഷ്ണവിലാസ വ്യാഖ്യാനത്തിൽ പ്രസ്താവിക്കുമ്പോഴുള്ള:—

'ഗുരുണാ ഭൂസുരേന്ദ്രേണ
കല്പിതം ക്ഷേത്രമുത്തമം
അദ്ധ്യാസീനം നമസ്കുർവ്വേ
സർവ്വേശം ചന്ദ്രശേഖരം'

എന്നപദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദേവാലയം കിള്ളിക്കുറിശ്ശിമംഗലത്തെ പ്രസിദ്ധമായ ശിവക്ഷേത്രമാണു്. ദേവനാരായണ മഹാരാജാവിനാൽ ബഹുമാനിതനായ നാരായണഭട്ടപാദരുടെ അന്തേവാസിയും കിള്ളിക്കുറിശ്ശിമംഗലത്തടുത്തുള്ള പഴയടത്തു നമ്പൂതിരിയുടെ പ്രിയമിത്രവുമായിരുന്നു രാമപാണിവാദനെന്നു് ലീലാവതിവീഥിയുടെ പ്രസ്താവനയിൽ കാണുന്നതിനാൽ അദ്ദേഹം കിള്ളിക്കുറിശ്ശിമംഗലത്തുകാരനായിരുന്നുവെന്നു് ഊഹിക്കാം. പഞ്ചതന്ത്രത്തിന്റെ ചില താളിയോലഗ്രന്ഥങ്ങളിൽ കാണുന്ന:—

'ശ്രീമദംബര വാഹിന്യാം
ധാമനി സ്പഷ്ടമുല്ലസൻ
ശ്രീവാസുദേവോ ഭഗവാൻ
ശ്രേയസേ ബോഭവീതു നഃ'

എന്ന പദ്യവും, പാലാഴിമഥനം ആട്ടക്കഥയുടെ ചില താളിയോലഗ്രന്ഥങ്ങളിലുള്ള:—

* ചരമത്തിൽ പ്രശസ്തിവയ്യെന്നൊ? — Ed.

'രാമഃ ശ്രീദേവനാരായണ ധരണിപതേ
രാജ്ഞയാ പാണിവാദോ
ഗേയം ലീലാനുകൂലം കലയതി; കൃപയാ
സൂരയഃ പൂരയന്തു'

എന്നതും, രാഘവീയം അടിയറവെച്ചപ്പോഴുണ്ടാക്കികൊടുത്തതായ:—

'സാരസൈ്യക സമാശ്രയോ ബരധുനീ
ലീലാരതസ്സന്തതം
രാജീവേക്ഷണ രാജഹംസപൃഥുകോ
യന്മാനസേ ഖേലതി
തസ്മാദാശ്രിത നന്ദനാൽ സുമനസാം
സംസേവിതാൽ സഞ്ചയൈഃ
കോവാ കല്പതരോരിവാത്ര ഭവതോ
ലോകോനവാപ്തേപ്സിതഃ'

എന്ന പദ്യവും, അംബരനദീശവിഷ്ണുസ്തോത്രത്തിലെ:—

ഭൂതേഷു സർവ്വേഷ്വപി നിർവ്വിശേഷം
ഭൂയസ്തരാമാഹിത കാരുണീകം
ഭൂദേവതാമംബരവാഹിനീശം
ശ്രീദേവനാരായണമാശ്രയാമഃ

എന്നതും, ലീലാവതീവീഥിയിലെ-

നിത്യന്നൃത്യതിയസ്യനാമ രസനാ
രംഗേ സ്വയം ഭാരതീ
ചിത്തേ യസ്യ ച ഭാസതേ സുരധുനീ
നാഥോ രഥാംഗായുധഃ
യം ഭൂയോ ബഹുമന്യതേ നിരപതഃ
ശ്രീദേവനാരായണഃ
സോയം മേ ഹൃദയേ ചകാസ്തു സതതം
ഭൂദേവ ചൂഡാമണിഃ

എന്നതും മററും രാമപാണിവാദൻ അമ്പലപ്പുഴ രാജാവിൻെറ ആശ്രിതനായി കുറേക്കാലം അവിടെ പാർത്തിരുന്നുവെന്നുള്ളതിനു മതിയായ ലക്ഷ്യങ്ങളാണു്. കുഞ്ചൻ നമ്പ്യാരുടെ ഭവനത്തേയ്ക്കല്ലാതെ മററാർക്കും അമ്പലപ്പുഴ നമ്പ്യാർ മഠം എന്ന പുരയിടവും മററനുഭവങ്ങളും ഉണ്ടായിരുന്നതായി അറിയാനില്ല. പണ്ഡിതപക്ഷപാതിയും സാഹിത്യസാരവേദിയുമായിരുന്ന ദേവനാരായണ രാജാവു് കവിസാർവ്വഭൗമനായ രാമപാണിവാദനു് ഒരാനുകൂല്യവും ചെയ്യാതിരിക്കുന്നതു് അസംഭവ്യമാണു്. *'കാരകജ്ഞാനവും ലിംഗനിശ്ചയവും' മററുമില്ലാത്ത ഒരു നാടോടി നമ്പ്യാർക്കു വിദ്വാന്മാരുടെ കല്പകവൃക്ഷമായിരുന്ന വഞ്ചിരാജാവു് ചില അനുഭവങ്ങൾ പതിച്ചുകൊടുക്കയും മഹാകവിയായ രാമപാണിവാദനെ വെറുംകയ്യായി അയക്കുകയും ചെയ്തുവെന്നു് ഊഹിക്കുകകൂടി വയ്യാ. കലക്കത്തു ഭവനത്തെക്കല്ലാതെ വേറെ ഒരു നമ്പ്യാർ കുടുംബത്തേക്കും അമ്പലപ്പുഴനിന്നോ തിരുവനന്തപുരത്തുനിന്നോ അക്കാലത്തു് ആനുകൂല്യങ്ങൾ ചെയ്തതായി ലക്ഷ്യങ്ങളുമില്ല. രാമപാണിവാദകൃതികളിൽ സൂചിപ്പിച്ചിരിക്കുന്ന മംഗലം വെട്ടത്തു് തിരൂരിനടുത്തുള്ള മംഗലമാണെന്നു് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതും സംഗതമായിരിക്കാനിടയില്ല. വെട്ടത്തു് മംഗലത്തു് മിഴാവുനമ്പ്യാന്മാരുടെ ഒരു ഭവനമുണ്ടായിരുന്നതായി കേട്ടുകേൾവിപോലുമില്ലന്നു് അന്വേഷണത്താൽ അറിയുന്നു. ഹൈദരുടേയും ടിപ്പുവിൻേറയും പടയോട്ടക്കാലത്തു് മലബാറിൽ ഓരോദേശങ്ങളിൽ നിന്നു് പല ഭവനക്കാരും അന്യനാട്ടുകളിൽ അഭയം പ്രാപിച്ചു് അവിടവിടെ സ്ഥിരവാസക്കാരായിത്തീർന്നതിനാലാണു് ഇപ്പോൾ വെട്ടത്തു് നമ്പ്യാർ ഭവനമില്ലാതെ ഇരിക്കുന്നതെന്നു് വിചാരിക്കാമെങ്കിലും, അങ്ങനെയാണെന്നുവരികിൽ അതേ

* വ്യാകരണജ്ഞാന പരിശോധനയ്ക്കുശേഷമേ അനുഭവങ്ങൾ നൽകാവുള്ളോ! അങ്ങനെയാണെങ്കിൽ അധികം വിദ്വാന്മാരും തിരികെക്കൊടുക്കേണ്ടിവരും — Ed,

പ്പററി പരമ്പരയാ ഐതിഹ്യ മില്ലാതിരിക്കയില്ല. പാണിവാദന്മാരായ നമ്പ്യാന്മാരുടെ ഭവനങ്ങൾ വളരെ പരിമിതമായേയുള്ളവെന്നുമാത്രമല്ല, അവരാരും വെട്ടത്തു നാട്ടിൽ നിന്നും വന്നവരെന്നു ഐതിഹ്യം പോലുമില്ല. കിള്ളിക്കുറിശ്ശിയുടെ നമ്പ്യാക്ക് അഭിമതമായ സംസ്കൃതരൂപം ശുകപുരമാണെന്നും മംഗലമെന്നല്ലെന്നും പറയുന്നതിനും വേണ്ട ഉപപത്തിയില്ല. ഇന്നും ഈ സ്ഥലത്തിനു 'മംഗലം' എന്നുതന്നെയാണ് വ്യവഹരിച്ചു വരുന്നതും. ഇതിൽ നിന്നെല്ലാം രാമപാണിവാദൻ സ്വകൃതികളിൽ സൂചിപ്പിച്ചിരിക്കുന്നത് കിള്ളിക്കുറിശ്ശിമംഗലത്തെയാണെന്നും അങ്ങനെയാണെങ്കിൽ അദ്ദേഹം അവിടെയുള്ള ഒററ മിഴാവുനമ്പ്യാർ കുടുംബമായ കലക്കത്തു കുടുംബത്തിലെ അംഗമാണെന്നും തെളിവാകും. അതനുസരിച്ചു നോക്കുന്നതായാൽ, ഐതിഹ്യപ്രസിദ്ധന്മാരായ കലക്കത്തു രാമൻനമ്പ്യാരും, കൃഷ്ണൻനമ്പ്യാരും സീതാരാഘവ കർത്താവും ചരമപദ്യസ്തുതനായ കൃഷ്ണൻനമ്പ്യാരുമായിരുന്നുവെന്ന് കരുതാം.

പഞ്ചതന്ത്രം രാമപാണിവാദന്റെ കൃതിയാണെന്നുള്ളതിന് തെളിവായി കൊണ്ടുവന്നിട്ടുള്ള:—

'പഞ്ചതന്ത്രം നീതിശാസ്ത്രം, ഭാഷയാ
സന്നിവേശിതം
രാമേണ പാണിവാദേന, ബാലാനാം
ബോധ ഹേതവേ'

എന്ന ശ്ലോകത്തിലെ 'വിഭക്തി വൈകല്യവും നിരർത്ഥകപദപ്രയോഗവും മററും നോക്കുമ്പോൾ അതിന്റെ കർത്തൃത്വം രാമപാണിവാദനെപ്പോലെ പണ്ഡിതനായ ഒരു മഹാകവിയിൽ ആരോപിക്കുന്നതു് അനൌചിത്യ പാരമ്യമാണെന്നും അതിനാൽ ആ ശ്ലോകത്തെ ഒരു സാധക പ്രമാണമായി സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും ഗോദവർമ്മ അവർകൾ വാദിക്കുന്നു. 'ഭാഷയാസന്നിവേശിതം' എന്ന ഭാഗത്തിൽ 'സന്നിവേശിക്കപ്പെട്ട' എന്ന ക്രിയയ്ക്കു അധികരണകാരകമായി 'ഭാഷായാം' എന്നു വരണമെന്നിരിക്കേ 'ഭാഷയാ' എന്ന് തൃതീയാന്തപദം പ്രയോഗിച്ചിരിക്കുന്നത് വിഭക്തിവൈകല്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

'ആസ്യാസനാപവേശശ്ച
നിവേശോരചനാ സ്ഥിതിഃ'

എന്ന് വൈജയന്തിയിൽ കാണുന്നതിനാൽ 'സമ്യക്കാകും വണ്ണം രചിക്കപ്പെട്ടത്' എന്ന് 'സന്നിവേശിതത്തിന്' അർത്ഥമുള്ളപ്പോൾ അതിവ്യാപകമായ ആധാരാധേയഭാവം ഇവിടെ വിവക്ഷിക്കേണ്ട ആവശ്യമില്ല. പ്രകൃഷ്ടോപകാരകം കരണമാണെന്നുള്ള അനുശാസനമനുസരിച്ച് 'ഭാഷയാ സന്നിവേശിതം' എന്ന് പ്രയോഗിച്ചിട്ടുള്ളതാണ്. എന്നുതന്നേയുമല്ല,

'കഥാ ഹി സർവ്വഭാഷാഭി
സംസ്കൃതേന ച ബധ്യതേ'

എന്ന് ദണ്ഡിയും,

'അതു ഞാനായവണ്ണം ഭാഷയിനാ
ലാദരവോടിതു കാലം ചൊന്നേൻ'

എന്ന് കണ്ണശ്ശഭാഗവതത്തിലും,

'അന്യാസംഗാൽ കിമപി കലുഷാ
പ്രാകൃതം കൊണ്ടവാടീൽ

എന്നു ഉണ്ണിനീലി സന്ദേശത്തിലും,

ഭാഷകൊണ്ടു ശിവപൂജന മദ്ധ്യേ
ഭാഷണം വലിയ ദൂഷണമിങ്ങനെ

എന്നു കാർത്തവീര്യാർജ്ജുന വിജയത്തിലും മററും തൃതീയാ വിഭക്തി തന്നെ സദൃശ

സന്ദർഭങ്ങളിൽ പ്രയോഗിച്ചുകാണുന്നുമുണ്ടല്ലോ. 'ബോധഹേതവേ' എന്നതു് പദ്യകാരന്റെ 'കതിപയപദാനാം രചയിത്രു'തന്നെ വ്യക്തമാക്കുന്നുവെന്നും അതിനു ബോധമാകുന്ന കാരണത്തിനുവേണ്ടി എന്നോ ബോധം ഹേതുവായിക്കൊണ്ടു എന്നോ അല്ലാതെ ബോധത്തിനുവേണ്ടി എന്ന ഉദ്ദിഷ്ടാർത്ഥം സിദ്ധിക്കുന്നില്ലെന്നും മി: തമ്പുരാൻ പറഞ്ഞുകാണുന്നു. 'ബോധോല്പത്തിക്കായി' എന്ന സമഞ്ജസമായ അർത്ഥം സിദ്ധമാണെന്നിരിക്കെ അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ കാരണം സ്പഷ്ടമാണല്ലോ. 'ഹേതുസ്തുകാരണം കർമ്മജന്മനോഃ' എന്നു് വൈജയന്തിയിലും

'ഇതി സ്ഖലിത ജല്പിതം മദ
  വശാൽ കുരംഗീദൃശഃ
പ്രഗേ ഹസിത ഹേതവേ സഹ
  ചരീഭിരധ്യൈയത

എന്നു് രസാർണ്ണവ സുധാകരത്തിലും മററും കാണുന്നു. ആമ്പല്ലൂർ ഇളേടത്തു ഗ്രന്ഥത്തിലല്ലാതെ മററൊരു കയ്യെഴുത്തു പ്രതികളിലും 'പഞ്ചതന്ത്രം നീതിശാസ്ത്രം' എന്നിത്യാദി പദ്യം കാണുന്നില്ലെന്നു പറയുന്നതും ശരിയല്ല. ആ ഗ്രന്ഥത്തിൽ ഇതുകൂടാതെ-

ശ്രീമദംബര വാഹിന്യാം ധാമനി
  സ്ഥേമമുല്ലസൽ
ശ്രീവാസുദേവോ ഭഗവാൻ
  ശ്രേയസേ ബോധവീതു നഃ'

എന്നു കൂടി കാണുന്നു.

ഇതിൽ നിന്നും പഞ്ചതന്ത്രം രചിച്ചതു് അമ്പലപ്പുഴവച്ചായിരിക്കണമെന്നു കൂടി അനുമാനിക്കുവാൻ ഏറക്കുറെ സാധിക്കുന്നു. പഞ്ചതന്ത്രത്തിലുള്ള:-

'തക്കത്തിൽ തന്റെ ഭുക്തിമാത്രമേ
  വേണ്ടുവെങ്കിൽ
പക്കത്തിൽ ചോറും തിന്നു കോയി-
  ക്കൽ പാക്കേണമോ'

എന്നതും ഈ അഭ്യൂഹത്തിനു് ഉൽബലകമാണു്. ഭാഷാചരിത്രകാരനായ നാരായണപ്പണിക്കരവർകളും വടക്കംകൂർ രാജരാജവർമ്മ അവർകളും നോക്കിയ മാതൃകാഗ്രന്ഥങ്ങളിൽ 'പഞ്ചതന്ത്രം നീതിശാസ്ത്രം' എന്നിത്യാദി ശ്ലോകം കണ്ടതായി അവർ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഇളയടത്തുവക ഗ്രന്ഥത്തിൽ മാത്രമല്ല പ്രസ്തുതശ്ലോകമുള്ളതെന്നു് സ്പഷ്ടമാണു്. അതിനാൽ 'പില്ക്കാലത്തു് ആരോ ഒരു ലേഖകൻ ആ പദ്യം കൂട്ടിച്ചേർത്തതാണെന്നു്' സംശയിക്കുന്നതിനു് കാരണം കാണുന്നില്ല.

'വിഷ്ണുവിലാസകാവ്യം' രാമപാണിവാദന്റേതാകകൊണ്ടു് അതിന്റെ ഏകദേശവിവർത്തനമായ 'വിഷ്ണുഗീത' അദ്ദേഹത്തിന്റെ തന്നെയായിരിക്കണമെന്നുണ്ടോ എന്നു് ഗോദവർമ്മ അവർകൾ ചോദിക്കുന്നു. ഈ കൃതികൾ രണ്ടും പാലിയത്തു് രാമൻ കുമരനച്ഛന്റെ ആജ്ഞയനുസരിച്ചു് രചിച്ചവയാണെന്നു് അവയിൽ നിന്നുതന്നെ തെളിയുന്നുണ്ടു്. വിഷ്ണുവിലാസ കർത്താവായ മഹാകവിയും വിഷ്ണുഗീതഹംസപ്പാട്ടിന്റെ നിർമ്മാതാവും ഒരാൾ തന്നെയായിരിക്കാനാണു് കൂടുതൽ സാധ്യതയുള്ളതു്. ശിവപുരാണം' കിളിപ്പാട്ടു് കുഞ്ചൻ നമ്പ്യാരുടെ കൃതിയായിരിക്കണമെന്നും അതിൽ അനുകീർത്തിതനായ മനക്കോട്ടു ബാലരാമനച്ഛന്റെ ആശ്രിതനായി നമ്പ്യാർ ആ പ്രഭുകുടുംബത്തിൽ താമസിച്ചിരുവെന്നും, ഡച്ചുഗവർണ്ണരായിരുന്ന ഗൊള്ളൻസിന്റെ

൲൯൨൨-ലെ വിവരണമനുസരിച്ച് അതിന് ഏതാനും വഷങ്ങൾക്കു മുമ്പ് മനക്കോട്ട് അന്യംനിന്ന് അവിടുത്തെ വസ്തുക്കളും മററും ദൂരബന്ധുവായ പാലിയത്തച്ചന് അടങ്ങിയ വഴിയ്ക്കായിരിക്കണം നമ്പ്യാർ പാലിയത്ത് ആശ്രിതനായി വന്നതെന്നും 'കുഞ്ചൻനമ്പ്യാർ' എന്ന പുസ്തകത്തിൽ ഞാൻ പ്രതിപാദിച്ചിട്ടുണ്ട്. 'വിഷ്ണുഗീത' കുഞ്ചൻനമ്പ്യാരുടേതാണെന്ന് ഗോദവമ്മ അവർകൾ സമ്മതിക്കുന്നു. എന്നാൽ ശിവപുരാണം കിളിപ്പാട്ടും നളചരിതം കിളിപ്പാട്ടും രചിച്ച കവിതന്നെയായിരിക്കണം പഞ്ചതന്ത്രവും വിഷ്ണുഗീതയും ഉണ്ടാക്കിയതെന്ന് ഊഹിക്കുന്നതിനും ഏതാനും ആഭ്യന്തര ലക്ഷ്യങ്ങൾ സഹായമായിരിക്കുന്നുണ്ട്. രാമൻ കുമരനച്ചൻ പാലിയ ശ്രീപതിയായിരുന്ന അല്പകാലത്തിനിടയിൽ ഒരു നമ്പ്യാർ മാത്രമേ അവിടെ ആശ്രിതനായി കഴിഞ്ഞുകൂടിയിരുന്നതായി ഐതിഹ്യമുള്ളു. സ്വകൃതികൾക്കു വ്യാഖ്യാനങ്ങളും വിവത്തനങ്ങളും നിമ്മിക്കുകയെന്നതു് പഴയ കാലത്തും പലരും നടത്താറുണ്ടായിരുന്നു. 'വിഷ്ണുഗീത' ഹംസപ്പാട്ട് സ്ത്രീകളുടെ ആവശ്യത്തെ പുരസ്കരിച്ച് രചിച്ചതായിരിക്കണം. 'വിഷ്ണുപ്രിയ' വിഷ്ണുവിലാസ കത്താവിൻേറതാണെന്നുള്ളതിനെപ്പററി സംശയിക്കേണ്ടതുമില്ല. ഉദാരമതിയും വ്യുല്പന്നനുമായിരുന്ന രാമൻ കുമരച്ചനെന്ന് രാമപാണിവാദൻ അദ്ദേഹത്തിന് അടിയറവെച്ച ശ്ലോകങ്ങളിൽ നിന്ന് വ്യക്തമാണ്.

സവ്വജ്ഞസ്സകലേശപരസ്സമശരാ
ഹങ്കാരഹാരീ സദാ
ശ്രീമാന്യക്ഷ സുഘോഷതാ സുഹൃദസു
ഗ്ഗോത്രാധിനാഥഃ പ്രഭുഃ
രാജന്യനമഹീന ഭൂഷണഗണ
സ്ഫൂത്ത്യാശ്രയാശാബ്ജദൃ-
ങ്മേദിന്യാമവതീണ്ണ ഏവഗിരിശ
സ്ത്വാഞ്ച സമസ്താനപി
ഏനം രക്ഷിത പക്ഷലക്ഷ ധരണീ
രക്ഷാതി ദക്ഷ ക്ഷണം
രൂക്ഷ ക്ഷീണ വിപക്ഷകക്ഷ പടലീ
ദക്ഷാംബുജാക്ഷ പ്രഭോ!
ലക്ഷ്മീദത്ത കടാക്ഷ ലക്ഷ്മണ വര
ക്ഷാന്തി ക്ഷയതപം യശഃ
ക്ഷീരക്ഷാളിത ലോക പാലിയപതേ!
രക്ഷാക്ഷയാത്ഥ ക്ഷയാൽ

എന്നിങ്ങനെയുള്ള സമപ്പണ ശ്ലോകങ്ങൾ രാമപാണിവാദൻെറ ആശ്രിതഭാവത്തെ തെളിയിക്കുന്നു.

പഞ്ചതന്ത്രവും വിഷ്ണുഗീതയും രാമപാണിവാദൻേറതാണെന്ന് സമത്ഥിക്കുവാൻ സാധിക്കാതെ വരുന്ന സ്ഥിതിക്കു അവയിൽ കാണുന്ന ഫലിത രസത്തിനും തുള്ളൽക്കഥകളിലെ ഫലിത രസത്തിനും തമ്മിലുള്ള താദാത്മ്യം പരിഗണിക്കേണ്ടതില്ലെന്ന് ഗോദവമ്മ അവർകൾ വിചാരിക്കുന്നു. ആ കൃതികൾ രാമപാണിവാദൻേറതാണെന്നു സമത്ഥിക്കുവാൻ സാധിക്കാതെയായിട്ടില്ല. രാമപാണിവാദൻെറ സംസ്കൃത കൃതികളിൽ കാണുന്ന ഫലിതത്തിനും തുള്ളൽക്കഥകളിൽ വ്യാപകമായി പ്രത്യക്ഷപ്പെടുന്ന ഫലിത രസത്തിനും 'താദാത്മ്യം ഉണ്ടോ എന്നുള്ള പരിശോധനയിൽ ഈഷദ് സാദൃശ്യം കാണുന്നതു് കേരളീയതപത്തിൻേറയും ഇതര ധമ്മങ്ങളുടേയും ഫലമാണെന്ന്' തമ്പുരാൻ അവർകൾ അഭിപ്രായപ്പെടുന്നു. വാസ്തവമാ

ലോചിച്ചാൽ കുഞ്ചൻ നമ്പ്യാരുടെ കാവ്യസരണി നെട്ടായമായി ഫലിതമയമായതു് തുള്ളൽക്കഥകളുടെ ആവിർഭാവത്തോടാണു്. അവയ്ക്കു മുമ്പുള്ള അദ്ദേഹത്തിന്റെ കൃതികളിൽ അതിന്റെ മുകുളാവസ്ഥ മാത്രമേ ദൃശ്യമാകുന്നുള്ളു. വിപുലമായ ലോകപരിചയവും മാനവഹൃദയജ്ഞാനവും ഉണ്ടെങ്കിൽ മാത്രമേ ഫലിതരസപ്രയോഗം വിജയകരമാകുകയുള്ളുവല്ലൊ. പൂർവസൂരികളുടെ മാർഗ്ഗങ്ങളെ അവലംബിച്ചു് രചിച്ചിട്ടുള്ള ആദ്യകൃതികളിൽ ഫലിതരസം തുള്ളൽക്കഥകളിലെപ്പോലെ അത്ര വ്യാപകമായി കാണുന്നില്ല. തുള്ളൽക്കഥകളിലാണു് ഹാസ്യരസപ്രയോഗത്തിലുള്ള നൈപുണ്യ പൂർണ്ണത പ്രത്യക്ഷപ്പെടുന്നതു്. രംഗത്തിൽ പ്രയോഗിക്കേണ്ട തുള്ളൽപ്രബന്ധങ്ങളിൽ ഫലിതവും പരിഹാസമില്ലാതെയിരുന്നാൽ സാമാന്യജനങ്ങളേ ആകർഷിക്കുന്നതിനു് വിഷമമാണെന്നു് നമ്പ്യാക്കു ബോധ്യമായിരുന്നു

'ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായ
തല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന
ഭടന്മാരെ
ചിരിക്കാതെ രസിപ്പിപ്പാനൊരി
ക്കലുമെളുതല്ലെ
ന്നിരിക്കുന്നെങ്കിലമ്മാത്രമുരയ്ക്കാമെ
ന്നതേ വേണ്ടു"
(കുംഭകർണ്ണവധം)

'കാലികാലങ്ങളിലുള്ള കാണികൾക്കു
കഥകേട്ടാൽ
ഫലിതമുള്ളതേനല്ലു പലക്കു
മങ്ങിനെതന്നേ'
(ഹനുമദുത്ഭവം)

എന്നും മററുമുള്ള പലഭാഗങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതു് നോക്കുക. 'കൊള്ളാമിവനുടെവിദ്യകളെന്നൊരു കോലണിവാത്ത്'നടത്തുന്നതിനു് ആഗ്രഹിക്കുന്ന കവിയ്ക്കു് 'കാണികൾക്കനുകൂലമായ' കവിത ചമയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നു. ചാക്യാർ കൂത്തിനു് എതിരായി പുറപ്പെട്ട ഈ പ്രസ്ഥാനം സകലജനാകർഷകമായിത്തീരണമെങ്കിൽ ഫലിതരസപുഷ്ടിയുണ്ടെങ്കിൽ മാത്രമെ സാധിക്കുകയുള്ളു. തുള്ളൽക്കഥകളിലെ ഫലിതരസപ്രചുരിമയെപ്പററി പരിഗണിക്കുമ്പോൾ ഈ പരിതസ്ഥിതികളെക്കുറിച്ചു കൂടി ആലോചിക്കേണ്ടതുണ്ടു്. പാമരന്മാരായ സാധാരണജനങ്ങളെ ഉദ്ദേശിച്ചു് രചിതമാകുന്ന കവിതയിൽ അവക്കനുകൂലമായ ഫലിതത്തിനല്ലാതേ ഗാംഭീര്യത്തിൽ നിഹിതമായ ഫലിതത്തിനു വേണ്ട പ്രസക്തിയില്ലല്ലോ. സംസ്കൃത കൃതികളിൽ കാണുന്ന ഫലിതത്തിനും തുള്ളൽക്കഥകളിലുള്ള ഫലിതരസത്തിനും വേണ്ട താദാത്മ്യമില്ലെങ്കിൽ തന്നെ അതിനെപ്പററി അന്യഥാ വിചാരിക്കേണ്ടതില്ല. തുള്ളൽക്കഥകളിൽ കാണുന്ന ഫലിതത്തിനും സംസ്കൃത കൃതികളിലുള്ള ഫലിതത്തിനും സാമ്യത്തെ അതിശയിച്ചുള്ള വൈഷമ്യവുമില്ല. കുഞ്ചൻ നമ്പ്യാരുടെ ഫലിതം 'നൈസർഗ്ഗികവും ഉച്ശൃംഖലമായി ദേശകാലങ്ങളുടെ ഭിന്നസ്വഭാവങ്ങളുടെ ലേശവും പുരസ്കരിക്കാതെ സാർവ്വത്രികമായും, സർവ്വതോമുഖമായും ആവിർഭവിക്കുന്നതുമാണെന്നു് തുള്ളൽക്കഥകൾ പ്രത്യക്ഷമാക്കുന്നുണ്ടു്. പക്ഷെ അദ്ദേഹത്തിന്റെ കൃതികളെന്നു സർവ്വസമ്മതമായ പതിന്നാലുവൃത്തത്തിലും ശിവപുരാണത്തിലും നളചരിതം കിളിപ്പാട്ടിലും മററും അതേരീതിയി

ലുള്ള ഫലിതം കാണുന്നില്ലെന്നുള്ളതും ഓക്കേണ്ടതാണ്.

ശ്രീ കൃഷ്ണവിലാസത്തിന് കുഞ്ചൻനമ്പ്യാർ ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ടെന്നുള്ളതു് ഐതിഹ്യപ്രസിദ്ധമാണ്. അദ്ദേഹം അതിനെ പണ്ഡിതാഗ്രസരനായ കൂടല്ലൂർ നമ്പൂതിരിപ്പാടിനെ കാണിച്ചതായും അദ്ദേഹം രണ്ടർത്ഥത്തിൽ:—

'മന്ദാരം മധുമത്തയാ ജയതിതേ
വാണീ ഗുണേനാദ്ഭുതാ
വിദ്വന്മാനദ മൌഖരീച ഭവതഃ
കാഭാരതീ ഭാസതേ
ഏതാം താമരസേന യത്നഘടിതാം
മാലാമിവാത്യാദരാൽ
ലോകഃ കോവിദമാനനീയ ശിരസാ
മാത്രംഗിക ശ്ലാഘതേ'

എന്ന പ്രശംസാപത്രം നൽകിയതായും കേട്ടിട്ടുള്ള ഐതിഹ്യത്തെ അപലപിക്കേണ്ട കാരണം കാണുന്നില്ല. രാമപാണിവാദന്റേതെന്ന് നിസ്സംശയം പറയാവുന്ന 'വിലാസിനി' കാണുന്നതു്, ഇവർ രണ്ടുപേരും ഒരാളായിരിക്കണമെന്നുള്ള പ്രതീതിയെയാണ് ഉളവാക്കുന്നതു്. പരിഹാസപ്രിയനല്ലാത്ത ഒരു മഹാ കവിയാണ് വ്യാഖ്യാനം പണ്ഡിതകേസരിയായിരുന്ന കൂടല്ലൂർ നമ്പൂതിരിപ്പാട്ടിലെ കാണിച്ചിരുന്നതെങ്കിൽ അർത്ഥദ്വയത്തോടു കൂടിയ പ്രശംസാപത്രം നൽകുന്നതിൽ ഔചിത്യക്കുറവുമുണ്ടല്ലോ. കുഞ്ചൻ നമ്പ്യാരുടെ പേരു രാമൻ എന്നല്ലായിരുന്നുവെന്നു തെളിയുന്നതുവരെ ഈ ഐതിഹ്യവും വിലാസിനി നിർമ്മാതാവു് രാമപാണിവാദനാണെന്നുള്ളതും പരസ്പരവിരുദ്ധങ്ങളായി തീരുന്നില്ല. എന്നു തന്നെയുമല്ല, കാർത്തികതിരുനാൾ മഹാരാജാവു് കുഞ്ചൻ നമ്പ്യാർക്കു പാരിതോഷികമായി കൊടുത്ത ആയിരം പണം കൊണ്ടു് കിള്ളിക്കുറിശ്ശിമംഗലത്തെ ക്ഷേത്രത്തിൽ ജീർണ്ണോദ്ധാരണം ചെയ്യിച്ചതായി പ്രബലമായ ഐതിഹ്യമുണ്ടു്. അവിടത്തെ ബലിക്കൽപ്പുരയിലുള്ള:—

'ശ്രീബലിപ്രസ്തരഃ ശംഭോഃ
ശ്രീ ശുകാലയവാസിനഃ
രാമേണ പാണിവാദേന
കാരിതോ ഭൂതയേധ്രുവം'

എന്ന ശ്ലോകം ഇതിനെ സൂചിപ്പിച്ചായിരിക്കണം. പാലപ്പുറത്തു് രാമൻ നമ്പിയാരെപ്പററിയാണെന്നു ചിലർ പറയുന്നതിന് ഇതര തെളിവുകളൊന്നും ആവിർഭവിപ്പിച്ചിട്ടില്ല. എന്നു തന്നേയുമല്ല, ൯൩൬-ൽ ദിവംഗതനായ കൃഷ്ണൻനമ്പ്യാരാണ് കുഞ്ചനെന്നു വിചാരിക്കുന്നതിന് നിവൃത്തിയില്ല. ൯൪൭-ൽ മഹാരാജാവും തെക്കേടത്തു ഭട്ടതിരിയും മററും കൂടിയിരുന്നു് വ്യവസ്ഥപ്പെടുത്തിയ അമ്പലപ്പുഴക്ഷേത്രത്തിലെ പാപ്പായസക്കണക്കിൽ നമ്പ്യാരുടെ ഇനം കൊള്ളിച്ചുകാണുന്നില്ല. നമ്പ്യാർ അതിനുമുമ്പു് മരിച്ചുപോകുകയും ഏതാനും കാലമായി ആ വക അനുഭവം ആരും അവകാശപ്പെടാതെയിരിക്കുകയും ചെയ്തു കൊണ്ടായിരിക്കണം ൯൪൭-ലെ വ്യവസ്ഥയിൽ ഇതിനെപ്പററി പ്രസ്താവമില്ലാതെ വന്നതു്. ഇതിൽ നിന്നെല്ലാം കുഞ്ചന്റെ സാക്ഷാൽ പേരു് രാമനെന്നായിരുന്നുവെന്ന് അനുമാനിക്കരുതെന്നില്ല.

തുള്ളൽക്കഥകളിൽ ഒരിടത്തും നാരായണഭട്ടപാദരെപ്പററി സൂചനപോലും നൽകിയിട്ടില്ലെന്നും രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാളെന്നു സമർത്ഥി

ക്കുവാൻ സാഹസപ്പെടുന്ന പരമേശ്വരയ്യരവർകൾക്ക് ഇതു് അസംഗതമായി തോന്നാതെ പോയതിൽ ആരും അത്ഭുതപ്പെടുമെന്നും ഗോദവർമ്മ അവർകൾ പറഞ്ഞു കാണുന്നു. തുള്ളൽക്കഥകളിൽ *പേരു പറഞ്ഞും പറയാതേയും നമ്പ്യാർ തൻെറ ബ്രാഹ്മണഗുരുക്കന്മാരെ വന്ദിച്ചു കാണുന്നുണ്ടു്. ബ്രാഹ്മണ ഗുരുവിനെപ്പററിക്കാണുന്ന സകല പ്രസ്താവനകളും ദ്രോണമ്പള്ളിയെക്കുറിച്ചായിരിക്കാനിടയില്ല. തെക്കേടത്തുഭട്ടതിരിയെപ്പററിയാണെന്നു് സ്ഥാപിക്കുവാൻ തക്ക തെളിവുകളുമില്ല. എന്നാൽ ലങ്കാമർദ്ദനത്തിൻെറ ചില മാതൃകാഗ്രന്ഥങ്ങളിലുള്ള

'മോദത്തോടനുവാസരമെന്നുടെ
ചേതസ്സിൽ കുടികൊണ്ടരുളീടിന
ശ്രീതതപാഞ്ചിതമുഖ്യമഹീസുര
പാദദ്വയമിന്നാശ്രയമായി'

എന്ന ഭാഗത്തിൽ 'ശ്രീതതപാഞ്ചിതമുഖ്യമഹീസുരൻ' എന്നു് പറഞ്ഞിരിക്കുന്നതു് ആരെക്കുറിച്ചാണെന്നു് പ്രത്യേകം ആലോചിക്കേണ്ടതുണ്ടു്. കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിലെ ഊരാണ്മ അവിടെയുള്ള 'തൃക്കാര' 'തൃക്കാരണ' 'തൃക്കാരിയ' എന്നൊക്കെപ്പറയാറുള്ള നമ്പൂതിരികുടുംബത്തേക്കും ഉണ്ടായിരുന്നതായി അറിയുന്നു. ഈ കുടുംബത്തിലെ പാവനചരിത്രനും പണ്ഡിതകേസരിയുമായിരുന്ന നാരായണഭട്ടപാദരെപ്പററിയായിരിക്കണം $'ശ്രീതതപാഞ്ചിതമുഖ്യമഹീസുരനെന്നു അനുകീർത്തനം ചെയ്തിട്ടുള്ളതു്. ഈ ഭാഗത്തിൽ 'ശ്രീതതപാഞ്ചിതമാഖ്യമഹീവരനെന്നു റെയ്സ്സിയാരുടെ പതിപ്പിലുള്ളതു് ലേഖകപ്രമാദവിലസിതമാകാനേ തരമുള്ളു. തെക്കേടത്തു ഭട്ടതിരിക്കു 'മറവഞ്ചേരി' എന്നുകൂടി പേരുണ്ടെന്നും അദ്ദേഹത്തെയാണു് ഇവിടെ സ്മരിച്ചിരിക്കുന്നതെന്നും ഈയിടെ 'മാതൃഭൂമി'യിൽ ഒരാൾ എഴുതിക്കണ്ടു. എന്നാൽ കലക്കത്തു ഭവനത്തിൻെറ സമീപത്തുള്ളതും കിള്ളിക്കുറിശ്ശി ക്ഷേത്രത്തിലെ ഊരാണ്മസ്ഥാനമുള്ളതുമായ 'തൃക്കാരിയ'കുടുംബത്തിലെ മഹീസുരനെപ്പററിയാണു് ഈ പ്രസ്താവമെന്നു് കരുതുന്നതാണു് കൂടുതൽ സംഗതമായിരിക്കുന്നതു്. രാമപാണിവാദൻെറ ഗുരുവും കിള്ളിക്കുറിശ്ശിമംഗലത്തുള്ളയാളായിരിക്കണമെന്നു് മുമ്പു് പറഞ്ഞുവല്ലോ. രാമപാണിവാദൻ സ്വഗുരുവിനെപ്പററി പ്രസ്താവിക്കുന്നതും തുള്ളൽക്കഥകളിൽ ബ്രാഹ്മണ ഗുരുവിനെക്കുറിച്ചു് പ്രസ്താവിക്കുന്നതും തമ്മിൽ ഏറക്കുറെ സാദൃശ്യം കാണുന്നുവെന്നതും പ്രത്യേകം ചിന്താർഹമാണു്. പ്രദോഷമാഹാത്മ്യത്തിൽ:—

'ധരണീസുരവരമകുടമഹാമണി
കരണീയങ്ങളിലമലമഹാമതി
തരണിസമാനൻ ദുരിതമഹാർണ്ണവ
തരണത്തിന്നൊരു തരണീഭൃത്തൻ
കരുണാഗുണഗണവരുണാലയനാം
ഗുരുനാഥൻ മമ വരമരുളേണം'

എന്നുള്ളതും 'മദനകേതുചരിതത്തിൽ,

ഗുരുതരദുരിതതൈലവർണ്ണാഗ്നീ
ഗുരുചരണാവരുണാംബുജന്മശോണൌ
പ്രണമതി വിനയാവനമ്രമൂർദ്ധ്നാ
പ്രതിദിനമേഷ ഹി രാമപാണിവാദഃ'

* ശകാരിച്ചും അല്ലാതെയും എന്നോ? — Ed.

$ തൃക്കാരമണ്ണ—കാരച്ചെടികൾ മാത്രം ഉണ്ടാകുന്ന ഭൂമി. അവിടെ ഇല്ലമുണ്ടായപ്പോൾ തൃക്കാരമണ്ണായി; ഇതെങ്ങനെ തതപാഞ്ചിതമായി?— Ed.

എന്നുള്ളതും, നോക്കുക. കീചകവധം, സ്യമന്തകം, സഭാപ്രവേശം, എന്നിങ്ങനെ പല തുള്ളലുകളിലും വന്ദിതനായ 'ക്ഷോണീദേവതാ ചൂഡാമണിയാകും ഗുരുനാഥൻ' തീർച്ചയായും 'പ്രാണപഞ്ചകത്തിന്റെ ത്രാണനത്തിന്നനുകൂലനാ'യ *ദ്രോണമ്പള്ളിയൊ ദേവനാരായണരാജാവിന്റെ മന്ത്രിയും കാര്യ്യസ്ഥനുമായിരുന്ന തെക്കേടത്തു ഭട്ടതിരിയൊ ആയിരിക്കാനിടയില്ല.

ധ്രുവചരിതം തുള്ളലിൽ കുറെ പുസ്തകങ്ങളുടെ പേരു പരിഗണനം ചെയ്തിരിക്കുന്നതുകൊണ്ടുമാത്രം കവി അവയെല്ലാം പരിചയിച്ചിട്ടുണ്ടെന്നൊ അവയിൽ നിഷ്ണാതനാണെന്നൊ അഭ്യൂഹിക്കുന്നതു് കേവലം ബാലിശമാണെന്നു ഗോദവർമ്മ അവർകൾ അഭിപ്രായപ്പെടുന്നു. അതിൽ പറഞ്ഞിരിക്കുന്ന ഗ്രന്ഥങ്ങൾ നമ്പ്യാർ പരിശീലനം ചെയ്തിട്ടുള്ളവയാണെന്നു വിചാരിക്കുവാൻ തുള്ളൽ കഥകൾ തന്നെ മതിയായ ലക്ഷ്യമാണു്. †ഇവയിൽ മിക്ക കൃതികളിൽ നിന്നു് ആശയങ്ങൾ തുള്ളൽ കഥകളിൽ അങ്ങിങ്ങായി ആവിഷ്കരിച്ചിട്ടുണ്ടു്. തുള്ളൽ കഥകൾ ശ്രദ്ധയോടു നോക്കുന്ന ഏതൊരാൾക്കും, കുഞ്ചൻ നമ്പ്യർ സംസ്കൃതപാണ്ഡിത്യം കുറഞ്ഞയാളാണെന്നും സംസ്കൃതത്തിൽ കാവ്യരചന പോലും നിർവ്വഹിക്കുവാൻ അസമർത്ഥനാണെന്നുമല്ല നേരെ മറിച്ചാണു് തോന്നുന്നതു്. കുഞ്ചൻ നമ്പ്യാർ ഉഭയകവീശ്വരനായിരുന്നുവെന്നു് —

ഭാഷയായു് പറവാനുമടിയനു സംസ്കൃതത്തിനുമൊന്നുപോൽ
ദോഷഹീനപടുത്വമല്പമുദിപ്പതുണ്ടിവിടുന്നതിൽ.
(കീചകവധം)

സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൌതുകമെങ്കിലും
ദുർജ്ജനത്തിലതിങ്കലൊരു രസമേതുമില്ലതുകാരണം
ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരു കേരള ഭാഷ തന്നെ ഹിതം വരൂ.
(സഭാപ്രവേശം)

എന്നു തുടങ്ങിയുള്ള ഭാഗങ്ങളാൽ സ്പഷ്ടമാണു്. സംസ്കൃതത്തിൽ കവനസാമർത്ഥ്യമില്ലാത്ത ഒരാൾ— അതും അക്കാലത്ത്- ഇങ്ങനെ ഭോഷ്കു പറയുമെന്നു് വിചാരിക്കുവാൻ പ്രയാസമാണു്. ദേവനാരായണ രാജാവിന്റേയും പാലിയത്തച്ചന്റേയും വഞ്ചിമഹാരാജാക്കന്മാരുടേയും ആദരത്തിനും ബഹുമാനത്തിനും പാത്രമാകുന്നതിനു് അക്കാലത്ത് അങ്ങനെയുള്ള ഒരാൾക്കു സാധിച്ചുവെന്നു് വരുന്നതല്ല. തുള്ളൽക്കഥാപ്രപഞ്ചവുമായി അടുത്തു പരിചയിക്കുന്ന ഒരു യഥാർത്ഥസഹൃദയനും നമ്പ്യാരുടെ നാനാമുഖമായ പാണ്ഡിത്യവിലാസത്തേയോ കവിതാചാതുര്യ്യത്തേയോ പററി സംശയം ജനിക്കുന്നതുമല്ല. കുഞ്ചൻ നമ്പ്യാരുടെ സംസ്കൃതപ്രയോഗത്തിലുള്ള പോരായ്മയെ വിശദമാക്കുവാൻ നാളായണീചരിതം, കാർത്തവീര്യ്യാർജ്ജുനവിജയം എന്നിവയിൽ നിന്നു് ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങൾ അതിനു ഒട്ടും തന്നെ പര്യ്യാപ്തങ്ങളല്ല. നാളായണീചരിതത്തിൽ നിന്നുമെടുത്തിട്ടുള്ള ഭാഗം ആഢ്യബ്രാഹ്മണനായിച്ചമഞ്ഞ മാമ

* 'പ്രാണപഞ്ചകത്തിന്റെ ത്രാണനം' ദ്രോണമ്പള്ളിക്കല്ലെ യോജിക്കുന്നതു്? — Ed,

† ഇതെല്ലാം ചാക്യാർക്കൂത്തുമായുള്ള പരിചയത്തിന്റെ ഫലമല്ലോ? — Ed.

നിശ്രേഷ്ഠൻ അനംജ്ജനമായ ഇന്ദ്രസേനയോടുപറയുന്നതാണ്. പരിഹാസപ്രിയനായ നമ്പ്യാർ അക്കാലത്ത് സംസ്കൃതാനഭിജ്ഞന്മാരായ കേരളീയബ്രാഹ്മണരുടെ സംസ്കൃതഭാഷണഭ്രപേണയുള്ള ആഢ്യതാനടനങ്ങളെ അപഹസിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളതെന്ന് കുററവും കുറവും തേടുന്നതിരക്കിൽ ഡാക്ടർ ഗോദവർമ്മ വിസ്മരിച്ചതായി കാണുന്നു. മാമൂൽപ്രിയന്മാരായ ബ്രാഹ്മണഗൃഹസ്ഥന്മാരുടെ ഭാഷയെ അനുകരിച്ച് തന്മയത്വത്തോടു പ്രതിഫലിപ്പിക്കുകയാണ് നമ്പ്യാർ ഈ ഭാഗത്തിൽ സാധിച്ചിട്ടുള്ളത്. യാഥാർത്ഥ്യപ്രതീതി വരണമെങ്കിൽ ആഢ്യബ്രാഹ്മണൻെറ സംസ്കൃതപ്രയോഗം ഏറെക്കുറെ പ്രമാദജടിലവുമായിരിക്കണമെല്ലോ. പ്രസ്തുതഭാഗം കുഞ്ചൻനമ്പ്യാരുടെ സംസ്കൃതപാണ്ഡിത്യവും കവനപാടവവും നിർണ്ണയിക്കുവാനുള്ള മാനദണ്ഡമായി കരുതുന്നത് ശരിയല്ല. പാത്രങ്ങൾക്ക് അനുരൂപമായ ഭാഷയും ആശയങ്ങളും നിബന്ധിച്ചാൽ മാത്രമേ കവിയ്ക്കു് ഔചിത്യം ദീക്ഷിക്കുവാൻ സാധിക്കുകയുള്ളു. എന്നുതന്നെയുമല്ല, ഏതാനും മാതൃകാഗ്രന്ഥങ്ങൾ ശേഖരിച്ച് ശുദ്ധപാഠങ്ങൾ കണ്ടുപിടിക്കുന്നതിനോ ഉള്ളതിനെ തന്നെ പ്രത്യക്ഷ വൈകല്യങ്ങൾ നീക്കി ശുചിയാക്കി എടുക്കുന്നതിനോ പരിശ്രമിക്കാതെ തുള്ളൽക്കാരും കമ്പോസിററന്മാരും വരുത്തിവെച്ചിട്ടുള്ള അപപാഠങ്ങളെ ആശ്രയിച്ച് ഭാഷാസംബന്ധമായ ഇത്തരം യുക്തിപ്രദർശനങ്ങൾ നടത്തുന്നത് ഒരു പണ്ഡിതനും അത്ര അഭിമാനകരമാണെന്ന് തോന്നുന്നില്ല. പ്രസ്തുതഭാഗത്തിൽ ഇല്ലാത്ത വൈകല്യങ്ങൾ ഉണ്ടെന്നുഭാവിച്ച് പുറപ്പെടുവിച്ചിട്ടുള്ള ചില അഭിപ്രായങ്ങൾ വിചിത്രങ്ങളാണ്. 'ഗേഹം പ്രോക്ഷിതം നാസ്തി' എന്നതിന 'മുറിതൂത്തു തളിച്ചിട്ടില്ല.' എന്നാണ് അർത്ഥമെന്നത്രേ ഗോദവർമ്മ അവർകൾ പറയുന്നത്. ഗൃഹം അടിച്ചുകഴിഞ്ഞു് തളിക്കാതെയിരുന്നാൽ രാവിലെ കുളിയും കഴിഞ്ഞു വരുന്ന ആഢ്യബ്രാഹ്മണൻ ആ സ്ഥലത്ത് ചവിട്ടിയാൽ വീണ്ടും കുളിക്കണമെന്നാണ് അദ്ദേഹത്തിൻെറ ആവലാതിയുടേയും ദാസിയെക്കുറിച്ചുള്ള അന്വേഷണത്തിൻേറയും കാരണം. ദീപം, കോപം എന്നിവ പുല്ലിംഗങ്ങളാണെന്നിരിക്കെ ഇവിടെ നപുംസകങ്ങളായികാണപ്പെടുന്നുവെന്നും ലേഖകപ്രമാദമാണെന്ന് വിചാരിപ്പാൻ വഴികാണുന്നില്ലെന്നും ഗോദവർമ്മ അവർകൾ പറയുന്നു. കുഞ്ചൻനമ്പ്യാർ സംസ്കൃതഭാഷയിൽ 'അതീവ പരിചയം നേടിയിരിക്കു'മെന്ന് ഒററ ശ്വാസത്തിൽ പറയുന്ന മി. തമ്പുരാൻ പണ്ടത്തെ വിദ്യാഭ്യാസത്തിൻെറ പ്രഥമപാഠങ്ങളായ അമരകോശവും സിദ്ധരൂപവുമെങ്കിലും പഠിച്ചിട്ടുള്ള ഒരാൾക്കു ഒരിക്കലും സാധാരണമായി പററാത്ത പ്രമാദം നമ്പ്യാക്കിവിടെ പററിയെന്ന് അഭിപ്രായപ്പെടുന്നുവല്ലോ എന്ന് ആരും അത്ഭുതപ്പെടും.

മി. തമ്പുരാൻ എടുത്തുകാണിച്ചിട്ടുള്ള വൈകല്യങ്ങൾ എല്ലാമുണ്ടെന്നുവന്നാലും പ്രസ്തുതഭാഗം നമ്പ്യാരുടെ സംസ്കൃതകവനപാടവത്തേയോ പാണ്ഡിത്യത്തേയോ ഒരുവിധത്തിലും ബാധിക്കുന്നതല്ല. കാർത്തവീര്യാർജ്ജുനവിജയത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ള ഭാഗം രാവണൻ ചിത്രയോധിയോടു പറയുന്ന ഘട്ടമാണ്. കേരളീയ ബ്രാഹ്മണരുടെ ഭാഷയിൽ തന്നെയാണ് ദശാസ്യനെക്കൊണ്ട് നമ്പ്യാർ പറയിപ്പിച്ചിട്ടുള്ളത്. 'കോ ബഹുമാനഃ'

എന്ന് വേണമെന്ന് തമ്പുരാനവർകൾ പറയുന്നതു് 'കിം' ശബ്ദം ബഹുമാനവിശേഷണമാണെന്ന് ഭ്രമിച്ചാണ്. 'തസ്യ ആജ്ഞനസ്യമയി ബഹുമാനഃകിം നാസ്തി' എന്നാണ് അന്വയിക്കേണ്ടതെന്ന് സ്പഷ്ടമാണല്ലൊ. 'അസ്തു' എന്നത് നിരർത്ഥകപദമാണെന്നു പറയുന്നതും ശരിയല്ല. 'പാകശാസനമുഖം നാകവാസിനിഖിലാസുരവൃന്ദം' എന്ന ഭാഗത്തിൽ 'നാകവാസി നിഖിലം സുരവൃന്ദം' എന്ന് വേണമെന്നുള്ളതും പ്രത്യക്ഷമാണല്ലൊ. വൃത്തമൊപ്പിക്കുന്നതിന് ദീർഘമാക്കിയതാണെന്നുള്ള അഭ്യൂഹവും സംഗതമല്ല. 'ചന്ദ്രഹാസഭുജഗാമിഷമേനാം കല്പയാമി' എന്ന ഭാഗത്തിൽ പദപ്രയോജനത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നും അതിനു സ്വീകാര്യമായ അർത്ഥമില്ലെന്നുംകൂടി മി. തമ്പുരാൻ പറഞ്ഞുകാണുന്നു. ഉദ്ധാരണാർഹങ്ങളല്ലാത്ത ഭാഗങ്ങളെ ഉദ്ധരിച്ച് അവയെ അവധാനപൂർവ്വം പരിശോധിക്കാതെ തൽകർത്താവ് കാരകജ്ഞാനവും ലിംഗനിശ്ചയവും പദപ്രയോജന ചിന്തയും വേണ്ടുവോളമില്ലാത്ത ആളാണെന്നും മറ്റും കല്പിച്ചാൽ അത് അംഗീകരിക്കുന്നതിന് അധികമാരും കാണുകയില്ല.

തുള്ളൽക്കഥാകർത്താവിന്റെ പ്രാകൃതകവനങ്ങൾക്കും രാമപാണിവാദന്റെ പ്രാകൃത കവനങ്ങൾക്കും 'സാജാത്യമുണ്ടോ എന്ന് പരിശോധിക്കുന്നതു് ഏകകർത്തൃകത്വ ശങ്കാനിവാരണത്തിന് തുലോം ഉപകാരകമായിരിക്കുമെന്ന് ഡാക്ടർ ഗോദവർമ്മ വിചാരിച്ചതു് മിഥ്യാഭ്രമംമൂലമാണ്. ഇവരുടെ പ്രാകൃതകവനങ്ങളുടെ, മി. തമ്പുരാൻ പറയുന്നതുപോലെയുള്ള, സാജാത്യമോ വൈജാത്യമോ പ്രസ്തുത കാര്യത്തിൽ സാധകമോ ബാധകമോ ആകുന്നതല്ല. നാടകങ്ങളിൽ ഭിന്നരീതിയിലുള്ള പ്രാകൃതങ്ങൾ പ്രയോഗിക്കുന്നതിന് അടിസ്ഥാനമായി ഏതാനും സാമാന്യതത്വങ്ങൾ ഭരതനാട്യ ശാസ്ത്രകാരനും അതിനെത്തുടർന്നു മററു പ്രാമാണികന്മാരും നിർദ്ദേശിച്ചിട്ടുണ്ടല്ലൊ—

'യേ നീചാഃ കർമ്മണാ ജാത്യാ
  തേഷാംപ്രാകൃതമുച്യതേ
ഛത്മലിംഗവതാം തദ്വജ്ഞനാനാ
  മിതി കേചന.
അധമേ മദ്ധ്യമേ ചാപി
  ശൌരസേനീ പ്രയുജ്യതേ
ധീവരാദ്യതിനീചേഷു
  മാഗധീച നിയുജ്യതേ
രക്ഷഃപിശാചനീചേഷു പൈശാ
  ചീദ്വിതയം ഭവേത്'

എന്നും മററും കഥാപാത്രങ്ങളുടെ നില, സ്വഭാവം, മാന്യത മുതലായ ഉപാധികളെആസ്പദിച്ച് നാടകകർത്താക്കൾ ഭിന്നവിധത്തിലുള്ള പ്രാകൃതങ്ങൾ ഉപയോഗിക്കുന്നു. കഥാപാത്രങ്ങളുടെ നിലയും വിലയും സ്വഭാവവും സംസ്കാരവുമനുസരിച്ച് അവർ പ്രയോഗിക്കേണ്ട പ്രാകൃതം വ്യത്യാസപ്പെട്ടു വരുന്നതായി കാണാം. മൃച്ഛകടികം നാടകത്തിൽത്തന്നെ ഇരുപത്തേഴോളം പാത്രങ്ങൾ ഉള്ളതിനാൽ പല പ്രാകൃതവിധങ്ങളുടെ ഒരു പ്രദർശനമായി അതിനെ കരുതാം. സൂത്രധാരൻ, നടീ, വസന്തസേന, കർണ്ണപൂരക എന്നിങ്ങനെയുള്ളവർ 'ശൌരസേനി'യും ചന്ദനകൻ 'ആവന്തിക'യും വിദൂഷകൻ 'പ്രാച്യ'യും സംവാഹകൻ, കുംഭീലകൻ മുതലായവർ 'മാഗധി'യും 'ചണ്ഡാലന്മാർ 'ചണ്ഡാലി'യും മററും പ്രയോഗിച്ചിട്ടുണ്ടല്ലോ.

പ്രാകൃതങ്ങളുടെ ഈ രീതിയിലുള്ള വ്യത്യാസങ്ങൾ ഭിന്നകർത്തൃത്വദ്യോതകങ്ങളല്ലെന്നു സ്പഷ്ടമാണ്. ഇതിനും പുറമെ, കേരളത്തിലെ താളിയോലഗ്രന്ഥമെഴുത്തുകാരുടെ അനവധാനതകൊണ്ടോ നാടകകർത്താക്കളുടെ അനാസ്ഥകൊണ്ടോ ഭിന്നപ്രാകൃതരീതികളുടെ സൂക്ഷ്മസ്വഭാവങ്ങളെ മാതൃകാഗ്രന്ഥങ്ങളിൽ പരിപാലിച്ചുകാണാതിരിക്കുന്നതു് ഒട്ടും അസാധാരണമല്ല. സീതാരാഘവനാടകത്തിന്റെ പകർപ്പുകളിൽ തന്നെ ഈ കുഴപ്പം ഏററക്കുറെ അനുഭവപ്പെട്ടിട്ടുണ്ടു്.

ഒരു പ്രാകൃതവ്യാകരണവും കാവ്യവും നിർമ്മിച്ചിട്ടുള്ള രാമപാണിവാദന്റെ പ്രാകൃതകവനമെല്ലാം മഹാരാഷ്ട്രിയിലും ശൌരസേനിയിലും ഉൾപ്പെടുമെന്ന് ഗോദവർമ്മ അവർകൾ പറഞ്ഞതു് മുഴുവനും ശരിയാകുവാൻ വഴിയില്ല. സംസ്കൃതത്തിലെ ശ, ഷ, സ, എന്നീ വർണ്ണങ്ങൾ മഹാരാഷ്ട്രിയിലും ശൌരസേനിയിലും 'സ' എന്ന ഒരേ രൂപത്തിൽ തന്നെ കാണുന്നുവെന്നതു, പ്രായേണ മാത്രമാണ്. മി. തമ്പുരാൻ ചന്ദ്രികാവീഥിയിൽ നിന്നുദ്ധരിച്ചിട്ടുള്ള 'സന്ദേശലേഖോ' എന്നതുതന്നെ ആ വിധിയെ നിഷേധിക്കുന്നു. മഹാരാഷ്ട്രിയിലും ശൌരസേനിയിലും രേഫത്തിന് മാററമൊന്നും വരുന്നില്ലെന്നുപറയുന്നതും അത്ര ശരിയല്ല' 'ഹരിദ്രാദീനാം രോചഃ' എന്ന സൂത്രപ്രകാരം രേഫം ലകാരമായി മാറുന്നുണ്ടല്ലോ. കുഞ്ചൻനമ്പ്യാരുടെ പ്രാകൃതം മാഗധിയാണെന്ന് പറയുന്നതിനും ഉപപത്തിയില്ല. രേഫം ലകാരമായി മാറുന്നത് മാഗധിയുടെ ഒരു വ്യാവർത്തക ധർമ്മമാണെന്നിരിക്കെ ത്രിപുരദഹനത്തിൽ 'പുനരണ്ണയം ഝണരെണ്ണയം' എന്നു തന്നെ കാണുന്നു. അതുപോലെ, സംസ്കൃതത്തിലെ 'ക്ഷ, മാഗധിയിൽ 'സ്ക' ആകേണ്ടതാണെങ്കിലും സഭാപ്രവേശത്തിൽ 'പങ്കയക്ക' എന്നാണ് കാണുന്നതു്. മാഗധിയുടെ വ്യാവർത്തക ധർമ്മങ്ങളായി വരരുചിയുടെ പ്രാകൃതപ്രകാശത്തിലും സിംഹരാജന്റെ പ്രാകൃതരൂപാവതാരത്തിലും പറഞ്ഞിട്ടുള്ള സൂത്രങ്ങളെ കുഞ്ചൻ നമ്പ്യാരുടെ പ്രാകൃതകവന ഭാഗങ്ങളിൽ വേണ്ടപോലെ ആദരിച്ചുകാണുന്നില്ല. ഒരു പ്രാകൃതവ്യാകരണം നിർമ്മിച്ച രാമപാണിവാദൻ മാഗധിയിലും കവനം ചെയ്യുവാൻ അസമർത്ഥനായിയെന്നു വരുന്നതല്ലല്ലോ. ഏതായാലും ഒന്നു തീർച്ചയാണ്. സംസ്കൃത കാവ്യനാടകങ്ങളുമായി ചിരപരിചയമില്ലാത്ത ഒരാൾക്കും പ്രാകൃതകവനം ശരിയായി നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. പ്രാകൃതങ്ങളുടെ വൈജാത്യംതന്നെ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും അഭിന്നരാണെന്നുള്ള വാദത്തെ സമൂലച്ഛേദംചെയ്യുന്നുവെന്ന് ആരും വെറുതേ ദിവാസ്വപ്നം കാണേണ്ടതില്ല.

# * വീരരാഘവപ്പട്ടയം.

പി. അനന്തൻപിള്ള എം. എ.

വീരരാഘവപ്പട്ടയം എന്ന പേരിൽ ഇപ്പോൾ നാം കാണുന്ന ഒരു ചെമ്പുതകിടാധാരം കോട്ടയത്തു് പഴയ സിമ്മനാരിയിൽ സൂക്ഷിച്ചുവരുന്നുണ്ടു്. അതിന്റെ ഛായാപടം എടുത്തിട്ടുള്ളതു് ഞാൻ നാലഞ്ചുതവണ സൂക്ഷിച്ചുവായിച്ചു നോക്കി. ശ്രീവീരരാഘവചക്രവത്തി ഉൽകൃഷ്ടമായ രാജ്യഭാരം നടത്തിവരവെ പെരുമാക്കന്മാരുടെ പഴയ രാജധാനിയായ തിരുവഞ്ചിക്കുളത്തെ പെരുങ്കോവിലകത്തെഴുന്നെള്ളിയിരുന്നാണു പട്ടയം എഴുതികൊടുത്തിട്ടുള്ളതെന്നു വ്യക്തമാകുന്നു. അദ്ദേഹം ശ്രീവീരകേരളചക്രവത്തിയുടെ വംശജനാണെന്നും സ്പഷ്ടമാണു്. ഈ ശ്രീവീരകേരളൻ ആദ്യത്തെ പെരുമാൾ ആയിരുന്നിരിക്കണം. അല്ലെങ്കിൽ "ശ്രീഭൂപാലനരപതി ശ്രീവീരകേരളചക്രവത്തി മുതൽ മുറമുറയായി പല നൂറായിരത്താണ്ടും ചെങ്കോൽ നടത്തി" വന്നിരുന്ന വസ്തുത ഇങ്ങനെ പറഞ്ഞിട്ടാവശ്യമില്ലായിരുന്നു. പെരുമാക്കന്മാരുടെ തലസ്ഥാനം അവരുടെ ഭരണകാലം തുടങ്ങുന്നതു മുതൽ തിരുവഞ്ചിക്കുളമായിരുന്നു എന്നു പല തെളിവുകളെക്കൊണ്ടും തീച്ചപ്പെടുത്താം. അതു കൊണ്ടു് ചെപ്പേടെഴുതിക്കൊടുത്ത 'ശ്രീവീരരാഘവൻ' എവിടെ താമസിച്ചിരുന്നാലും, ആ സമയത്തു തിരുവഞ്ചിക്കുളത്തേക്കു ചെന്നു എന്നുള്ളതിനു സംശയമില്ല. ഇങ്ങനെ ഇവിടെ പറവാൻ കാരണം ചെപ്പേടിന്റെ കാലം പെരുമാക്കന്മാരുടെ കാലം കഴിഞ്ഞിട്ടാണെന്നു വാദിച്ചാൽ തന്നെയും അസംഗതമാകയില്ലെന്നു ചിലർ പറയുന്നതാണു്. കൊല്ലവഷാരംഭത്തോടുകൂടി അവരുടെ ഭരണം അവസാനിച്ചു എന്നാണു് ഈ വിഷയത്തെപ്പറ്റി ചച്ച ചെയ്തിട്ടുള്ള മിക്ക പണ്ഡിതന്മാരുടേയും അഭിപ്രായം. ആ സ്ഥിതിക്കു് വീരരാഘവൻ ഒരു പെരുമാളായിരുന്നു എന്നു തെളിയുന്ന പക്ഷം ഈ ചെപ്പേടു് കൊല്ലാരംഭത്തിനിപ്പുറമാണെന്നു വാദിക്കാവുന്നതല്ല. എന്നാൽ പെരുമാക്കന്മാരുടെ പ്രതാപത്തോടുകൂടിയുള്ള കേരളഭരണം എ. ഡി ൮൨൫–ാമാണ്ടോടുകൂടി അവസാനിച്ചു എങ്കിലും പിന്നേയും നാമമാത്രമായുള്ള ഏകശാസന ഭരണം തുടന്നിരുന്നു എന്നുള്ളതു് എളുപ്പത്തിൽ ഖണ്ഡിക്കാവുന്നതല്ല. പെരുമ്പടപ്പു്, വള്ളുവനാടു്, ഏറനാടു്, ഓടനാടു്, വേണാടു് മുതലായ രാജവംശങ്ങൾ സ്വാതന്ത്ര്യസ്ഥാപനത്തിനു മുതിന്നു, എന്നാൽ പെരുമാളുടെ മേൽക്കോയ്മയെ ഒരു വിധം സമ്മതിച്ചും വന്ന ഒരു പരിവത്തനകാലം നിശ്ചയമായും ഉണ്ടായിരുന്നു. അക്കാലത്തെ നാമമാത്രമായ മേൽക്കോയ്മയോടുകൂടി തിരുവഞ്ചിക്കുളത്തോ അല്ലെങ്കിൽ ഇപ്പോൾ കൊച്ചിസംസ്ഥാനം എന്നു പറഞ്ഞു വരുന്ന പ്രദേശത്തെവിടെയെങ്കിലുമൊ

* ആർട്ട്സ് കാളേജ് മലയാളം ആണേഴ്സ് സമാജത്തിന്റെ ദ്വിതീയ യോഗത്തിൽ വീരരാഘവപ്പട്ടയം സംബന്ധിച്ചുള്ള വാദം അവതരിപ്പിച്ചുകൊണ്ടു് ശ്രീമാൻ പി. അനന്തൻപിള്ള അവർകൾ എം. എ. ചെയ്ത പ്രസംഗം.

വാണിരുന്ന ഒരു രാജാവായിരുന്നു വീരരാഘവൻ എന്നു കാണിക്കാനാണ് പട്ടയക്കാലത്തു് തിരുവഞ്ചിക്കുളത്തു എഴുന്നെള്ളിത്താമസിച്ചതായിരിക്കാം എന്നു് ഞാൻ പറഞ്ഞതു്.

അതിനുമുമ്പുള്ള തിരുവഞ്ചിക്കുളത്തിൻെറയും തുറമുഖമായ കൊടുങ്ങല്ലൂരിൻെറയും പ്രശസ്തിപരമായ ഒരു ദീർഘവർണ്ണന ചിലപ്പതിയാരത്തിൽ കാണാവുന്നതാണ്. അതനുസരിച്ചു ചെപ്പേടിൽ കാണുന്ന എല്ലുക ശരിയെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അതായതു് കൊടുങ്ങല്ലൂരഴിമുതൽ ഗോപുരം വരെയുള്ള സ്ഥലത്തു് വിശേഷാൽ നാലുതളിക്കും തളിക്കുടുത്ത ഗ്രാമത്തിനും ഇടയിലുള്ള സ്ഥലത്തെ അവകാശങ്ങളാണു ചെപ്പേടുപ്രകാരം നൾകി കാണുന്നതു്. പെരുമാൾതലസ്ഥാനത്തു തന്നെ നാലുതളിയാതിരിമാരും, അവരവക്കു നിയോഗിച്ചിട്ടുള്ള ഭവനങ്ങളിൽ വസിച്ചുകൊള്ളണമെന്നായിരിന്നു ഏൎപ്പാടു്. തളിയാതിരിമാർ നമ്പൂതിരിമാരാകയാൽ അവക്കോരോ ക്ഷേത്രവും ഇടയ്ക്കു ഗ്രാമവും ഉണ്ടായിരുന്നു. കൂടിയാട്ടം കൂത്തുമുതലായ വിനോദങ്ങൾ കൊണ്ടും സാഹിത്യരസാസ്വാദനത്താലും ഈ നമ്പൂതിരിമാർ സമാധാനപരമായ അവരുടെ ജീവിതം നയിച്ചുവന്നു. തപതീസംവരണം, സുഭദ്രാധനഞ്ജയം, വിച്ഛിന്നാഭിഷേകം എന്ന നാടകത്രയം കൂടിയാട്ടത്തിൻെറ പ്രത്യേകാവശ്യത്തിലേയ്ക്കായി ഇവിടെ വാണിരുന്ന ഭാസ്കരരവിവൎമ്മപ്പെരുമാൾ രചിച്ചതാണെന്നു വിദ്വന്മണിയായ കൊ. കുഞ്ഞുക്കുട്ടൻ തമ്പുരാനും, പണ്ഡിതാഗ്രേസരനായ ഗണപതിശാസ്ത്രികളും അഭിപ്രായപ്പെട്ടിരിക്കുന്നു. വാസുദേവയമകകവിയും, തോലനും ഈ നഗരത്തിൽ താമസിച്ചിരുന്നവരാണ്. ബുദ്ധസന്യാസിമാക്കു സുഖമായി വസിക്കുവാൻ ഒരു ചൈത്യം ഇവിടെ പണികഴിപ്പിച്ചിരുന്നു. കൂടാതെ തമിഴപണ്ഡിതന്മാരും കവികളും ഈ രാജധാനി കൂടക്കൂടെ സന്ദശിക്കുകയും, അവരിൽ ചിലരവിടെ സ്ഥിരവാസം ഉറപ്പിക്കുകയും ചെയ്തിരുന്നു.

വീരരാഘവൻ ഇവിടെ വാണിരുന്ന പെരുമാളായാലും ശരി, കൊച്ചിയിലെ ആദിരാജാക്കന്മാരിലൊരാളായിരുന്നാലും ശരി, അദ്ദേഹമാണ് ഈ ചെപ്പോടെഴുതികൊടുത്തതു് എന്നുള്ളതിനു സംശയമില്ല. കൊച്ചിരാജാക്കന്മാരുടെ നാമപരമ്പരയിൽ ഇങ്ങനെ ഒരു പേരുകാണുന്നില്ലെന്നു് മി. പത്മനാഭമേനോൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. കൊല്ലവഷാരംഭത്തോടുകൂടി പെരുമാക്കന്മാരുടെ ഭരണത്തിൻെറ ശക്തിയെല്ലാം ക്ഷയിക്കയാൽ ഒടുവിലത്തെ പെരുമാക്കന്മാരെ സാക്ഷാൽ പെരുമാക്കന്മാരായിട്ടോ, കൊച്ചിരാജാക്കന്മാരായിട്ടോ ഗണിച്ചുവന്നതെന്നു തീൎച്ചപറവാൻ നിവൃത്തിയില്ല. പെരുമാൾ ഭരണത്തിനുശേഷവും, കൊച്ചിരാജവംശം വ്യവസ്ഥാപിതമായിത്തീരുന്നതിനു മുമ്പും, ഉള്ള പരിവൎത്തന കാലഘട്ടത്തിലെ ഒരു രാജാവായിരുന്നിരിക്കണം ടി വീരരാഘവചക്രവൎത്തി. ആ കാലം ക്രിസ്ത്വാബ്ദം ൮൨൫ മുതൽ ൧൩൨൫ വരെയുള്ള അഞ്ഞൂറുവഷമായി കണക്കാക്കാവുന്നതുമാണ്. കൊച്ചിരാജവംശത്തിലെ പഴയരേഖകളിൽ നിന്നും മൂന്നു രാജാക്കന്മാരുടെ പേരുകൾ കിട്ടുന്നു എന്നും, അവ യഥാക്രമം ഭാസ്കര രവിവൎമ്മൻ, വീരരാഘവൻ, ഗോദരവിവൎമ്മൻ ആണെന്നും കൊച്ചിസ്റ്റേറ്റു മാനുവലിൽ കാണുന്നു. നല്ലൊരു സാഹിത്യകാരനും ചരിത്രതത്വാന്വേഷിയുമായ മി. സി. അച്ചുതമേനവൻ പറഞ്ഞിട്ടുള്ളതു് അബദ്ധമാ

ണെന്നു മി. പത്മനാഭമേനവൻ തെളി
യിച്ചിട്ടില്ല. ആകയാൽ മേല്പറഞ്ഞകാല
ത്തു് അതായതു് കൊല്ലം ൧—൭൦൦ വരെയു
ള്ള കാലത്തു് നാമമാത്രമായിട്ടെങ്കിലും
പെരുമാൾ പദം അംഗീകരിച്ച 'വീരരാ
ഘവൻ' തന്നെ ആയിരിക്കണം പട്ടയം
എഴുതിക്കൊടുത്തതു്.

ഇദ്ദേഹം മുമ്പുജീവിച്ചിരുന്ന ഏതെങ്കി
ലും പെരുമാളായിരിക്കാൻ പാടില്ലേ എ
ന്നൊരു ചോദ്യമുണ്ടായേക്കാം. അദ്ദേഹ
ത്തെ കൊച്ചിരാജാവായി ചിലർ വിചാ
രിച്ചിട്ടുള്ളതു കൊണ്ടുതന്നെ പെരുമാൾ
ഭരണം ക്ഷയോന്മുഖമാവുകയും, പെരുമ്പ
ടപ്പു്, വള്ളുവനാടു, വേണാടു മുതലായ രാ
ജ്യങ്ങൾ സ്വതന്ത്രങ്ങളായിത്തീരുകയും
ചെയ്ത കാലം ആണെന്നു ഊഹിക്കേണ്ടി
യിരിക്കുന്നു. കൂടാതെ പെരുമാൾനഗരി
യായിരുന്ന തിരുവഞ്ചിക്കുളത്തിന്റെ പ്രശ
സ്തിയെല്ലാം അസ്തമിതപ്രായമായിരിക്കുന്നു.
അവിടെയുള്ള ക്ഷേത്രസങ്കേതം ചെപ്പേടി
ന്റെ കാലത്തു് നാനാജാതി മതസ്ഥരുടെ
അധിവാസഭൂമിയായിത്തീൎന്നിരിക്കുന്നു. എ
ന്നുമാത്രമല്ല, ബ്രാഹ്മണൎക്കു മാത്രം നൽകി
വന്ന സങ്കേതാവകാശങ്ങൾ ഇവിടെ അ
ന്യജാതിക്കാൎക്കു നൽകി എന്നാണു കാണു
ന്നതു്. അന്യജാതിക്കാർ എന്നാൽ ക്രി
സ്ത്യാനികളെന്നും മറവും ഞാൻ അൎത്ഥമാ
ക്കുന്നില്ല. ബ്രാഹ്മണരൊ, ദേവസ്വാധി
കാരികളൊ അല്ലാത്തവർ എന്നുമാത്രമെ
വിവക്ഷയുള്ളു. കേരളത്തിൽ രണ്ടുവിധം
സങ്കേതങ്ങളാണു് ഉണ്ടായിരുന്നതു്.

1. ബ്രാഹ്മണരുടെ ആധിപത്യകാലത്തു്
അവരാൽ ഏൎപ്പെടുത്തപ്പെട്ടതു്.

2. രാജാക്കന്മാർ ക്ഷേത്രങ്ങളിലേയ്ക്കു വി
ട്ടുകൊടുത്തിട്ടുള്ളതു്.

ഈ സങ്കേതങ്ങൾക്കുള്ളിൽ രാജാവിനു
അധികാരമുണ്ടായിരുന്നില്ല. കുറ്റം ചെയ്ത
വർ സങ്കേതങ്ങളെ അഭയം പ്രാപിച്ചാ
ൽ സങ്കേതാധികാരിയുടെ സമ്മതപ്രകാ
രമെ അവരെ പിടിച്ചുകൊണ്ടുവരുവാൻ
പാടുള്ളു. ക്രിസ്ത്വാബ്ദം ൧൫൦൪-ാമാണ്ടു സാ
മൂതിരി കൊച്ചിയെ ആക്രമിച്ചപ്പോൾ വ
ലിയതമ്പുരാനും കുറെ പരിചാരകന്മാരും
കൂടി വൈപ്പിൽ സങ്കേതത്തിൽ കയറിയി
രുന്നതായും സാമൂതിരിക്കു അവരെ പിടി
ക്കുവാൻ സാധിക്കാതെ പോയതായും ച
രിത്രത്തിൽ കാണുന്നു. കടക്കാരും കുറ്റക്കാ
രും അന്യദിക്കുകളിൽ നിന്നും ഇടപ്പള്ളി
സ്സങ്കേതത്തെ അഭയം പ്രാപിച്ചിരുന്നതാ
യും അവരെ പുറത്തുകൊണ്ടുവരുവാൻ നി
വൃത്തിയില്ലാതിരുന്നതായും മോൻസ്
(Moens) എന്ന ഡച്ചുഗവർണ്ണർ എഴുതി
യിരിക്കുന്നു. ഇങ്ങനെയുള്ള ക്ഷേത്രസങ്കേ
തങ്ങളും ഗ്രാമസങ്കേതങ്ങളും പെരുമാൾ
വാഴ്ചക്കാലത്തു ധാരാളമുണ്ടായിരുന്നു. എ
ന്നാൽ ബ്രഹ്മസ്വമൊ ദേവസ്വമൊ അല്ലാ
തെ കാണുന്നതല്ല. പെരുമാൾ ഭരണം ക്ഷ
യിച്ചപ്പോൾ അവിടവിടെ സ്വതന്ത്രന്മാ
രായിത്തീൎന്ന നാടുവാഴികൾ ഈ സങ്കേത
ങ്ങളിൽ പലതും കൈവശപ്പെടുത്തി എ
ന്നുള്ളതും പ്രസ്താവയോഗ്യമാണു്. ബ്രാഹ്മ
ണേതരൎക്കും സങ്കേതങ്ങൾ എഴുതി കൊടു
ക്കുന്നതിനും രാജാക്കന്മാർ തയാറായിരു
ന്നു. അങ്ങനെ എഴുതികൊടുത്ത ഒരു സ
ങ്കേതമാണു് കൊടുങ്ങല്ലൂരെ 'മണിഗ്രാമം'
എന്നാണു് പ്രസ്തുത ചെപ്പേടിൽ നിന്നു
നാം ഗ്രഹിക്കുന്നതു്. 'മണിഗ്രാമം' എന്ന
പേരു പെരുമാക്കന്മാരുടെ ഭരണം തുടങ്ങി
അധികകാലം കഴിയുന്നതിനുമുമ്പു് ഉണ്ടാ
യതായി വിചാരിക്കേണ്ടിയിരിക്കുന്നു. ശ്രീ
മാൻ അപ്പൻതമ്പുരാൻ 'ഭൂതരായ' രെന്ന
ആഖ്യായികയിൽ മണിഗ്രാമത്തേയും തദ

ധിപനായ ഇരവിക്കൊത്തനേയും പററി പലടത്തും വണ്ണിച്ചിട്ടുണ്ടു്. പക്ഷെ ചെപ്പേടിലെ ഇരവിക്കൊത്തൻ അയോദ്ധ്യയിലെ വസിഷ്ഠനെപ്പോലെ അത്രവളരെക്കാലം ജീവിച്ചിരുന്നതായി വിചാരിക്കുവാൻ നിവൃത്തി കാണുന്നില്ല. പള്ളിബാണപ്പെരുമാളിൻെറ കാലത്തും കൊല്ലവഷാരംഭത്തിനുശേഷം ജീവിച്ചിരുന്ന വീരരാഘവൻെറ കാലത്തും ഒരേ ഇരവിക്കൊത്തൻ ഉണ്ടായിരിക്കുവാൻ പാടില്ല. ഒന്നുകിൽ ചെപ്പേടിൻെറ കാലം വളരെ പുറകോട്ടു കൊണ്ടുപോകണം; അല്ലെങ്കിൽ ഇരവിക്കൊത്തൻ വീരരാഘവൻെറ കാലത്തു അതായതു് നിശ്ചയമായും കൊല്ലവഷം തുടങ്ങിയതിനുശേഷം ജീവിച്ചിരുന്നതായി പറയണം. 'പല നൂറായിരത്താണ്ടും എ'ന്നു ചെപ്പേടിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു പെരുമാൾ ഭരണകാലത്തിൻെറ ആദിയൊ മദ്ധ്യമൊ ഗണിക്കുന്നതിലും അതിൻെറ അവസാനം ഗണിക്കുന്നതാണല്ലോ ഉത്തമം. ആകയാൽ മുഹമ്മദീയരേയും മററും പ്രവേശിപ്പിച്ചിരിക്കുന്നതു പോലെ ഇരവിക്കൊത്തനേയും കഥകൊഴുപ്പിക്കുവാൻവേണ്ടി തമ്പുരാൻ തിരുമനസ്സുകൊണ്ടു ആഖ്യായികയിൽ ഘടിപ്പിച്ചിട്ടുള്ളതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അഥവാ അതിപ്രാചീനമായ മണിഗ്രാമത്തിൽ ഇരവിക്കൊത്തനെന്നു പേരോടുകൂടി ഒന്നിലധികം പേരുണ്ടായിരുന്നു എന്നും വീരരാഘവപ്പെരുമാളിൻെറ കാലത്തുണ്ടായിരുന്ന ഇരവിക്കൊത്തനാണു ചെപ്പേടെഴുതിവാങ്ങിച്ചതെന്നും വരാവുന്നതുമാണു്.

ഇരവിക്കൊത്തൻ ഒരു വലിയവത്തകനായ ചെട്ടിയായിരുന്നു. അയാൾക്കു കിഴക്കും പടിഞ്ഞാറും സമുദ്രതീരങ്ങളിൽ സഞ്ചരിച്ചിരുന്ന കപ്പലുകൾ ഉണ്ടായിരുന്നു. പടിഞ്ഞാറെ സമുദ്രത്തിൽ പെർസ്യാരാജ്യം വരെയും കിഴക്കെസമുദ്രത്തിൽ സയാം വരെയും ഈ കപ്പലുകൾ പോയി കച്ചവടം ചെയ്തിരുന്നതായിട്ടാണു പഴയ ചരിത്രരേഖകളിൽ നിന്നും ഗ്രഹിക്കാവുന്നതു്. ഇരവിക്കൊത്തൻ ഒരു രത്നവ്യാപാരിയും കൂടിയായിരുന്നു. പെരുമാൾനഗരിയിലെ ഒരു ഭാഗത്തു അവൻ രത്നവ്യാപാരം നടത്തിയിരുന്നു. അതിനു 'മണിഗ്രാമം' എന്നാളുകൾ പേരുകൊടുത്തതായിരിക്കണം. വൈരം, പുഷ്യരാഗം, മുതലായ പലതരത്തിലുള്ള വിലപിടിച്ചരത്നങ്ങൾ കൊടുങ്ങല്ലൂർ കൊണ്ടുവന്നു കച്ചവടം ചെയ്തിരുന്നതായി കൊച്ചിരാജ്യചരിത്രത്തിൽ കാണുന്നു. സംസ്കൃതാഭിജ്ഞരായ നമ്പൂരിമാർ രത്നവ്യാപാരം നടത്തിയിരുന്ന ആസ്ഥലത്തിനു *മണിഗ്രാമം എന്ന സംസ്കൃതസംജ്ഞ നൽകി എങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. കച്ചവടപ്രമാണിയും മണിഗ്രാമാധിപതിയും ആയ ചേരമാൻ ലോകപ്പെരും ചെട്ടിക്കു ആണു് മേല്പടി ആധാരം ചെമ്പുതകിടിൽ എഴുതികൊടുത്തിട്ടുള്ളതു്. ഇരവിക്കൊത്തനെ നഗരാധിപതിയായിട്ടും ചെപ്പേടിൽ സൂചിപ്പി

* 'വണിക് ഗ്രാമം' ആണു് 'മണിഗ്രാമ' മായിത്തീൎന്നതെന്നു ചിലർപറയുന്നു. എന്നാൽ മണിഗ്രാമം എന്നു് പെർസ്യയിലും ബമ്മയിലും കാണുന്നസ്ഥിതിയ്ക്കു് ഇവിടെ മാത്രം വകാരം മകാരമായിപ്പരിണമിച്ചു എന്നു പറയുന്നതിൽ വലിയ യുക്തിയൊന്നും കാണുന്നില്ല. അങ്ങനെ മാററം വരുന്നതു് അക്ഷരാഭ്യാസമില്ലാത്തവരുടെ ഇടയിലാണു് എന്നുള്ളതും ഓൎമ്മിക്കണം.

ച്ചുകാണുന്നു. അക്കാലത്തു ഈ വണിക്ശ്രേഷ്ഠനെ അങ്ങനെപറയുവാൻ ധാരാളം ന്യായമുണ്ടല്ലോ. ഈ ചെട്ടി മക്കത്തായിആയിരുന്നു എന്ന് "മക്കൾ മക്കൾക്കെ വഴിവഴിയേ പോകക്കൂട്ടത്തോം" എന്ന ആധാരത്തിലെ വാക്കുകൾ ധ്വനിപ്പിക്കുന്നു. ഇരവിക്കൊത്തൻ ചെട്ടി വർഗ്ഗത്തിലുൾപ്പെട്ടവൻ തന്നെ എന്നതിനു സംശയമില്ല. ഈ വർഗ്ഗക്കാർ കേരളത്തിൽതന്നെ ഉണ്ടായിരുന്നവരൊ ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ നിന്നും തുറമുഖത്തു കച്ചവടത്തിനായി വന്നുചേർന്നവരൊ എന്നു തീർച്ചപറവാൻ നിവൃത്തിയില്ല. എന്നാൽ ശങ്കരാചാര്യസ്വാമിയുടെ 'ജാതിനിർണ്ണയം' എന്നഗ്രന്ഥത്തിൽ നായന്മാരിൽ പതിനെട്ടുവിഭാഗക്കാരുണ്ടെന്നും അവരിൽ ഒടുവിലത്തെ നാലുവിഭാഗക്കാർ ചെട്ടി, ചാലിയൻ, വെള്ളത്തേടൻ, വെളക്കത്തലവൻ എന്നിവർ ആണെന്നും അവരെ ആദ്യത്തെ പതിന്നാലുവിഭാഗക്കാരും തൊട്ടാൽകുളിക്കണമെന്നും പറഞ്ഞു കാണുന്നുണ്ട്. ആചാര്യന്റെകാലം വൃ ൮-ാമാണ്ടോടുകൂടി അവസാനിച്ചതായിട്ടാണല്ലോ ഇപ്പോൾ തീർച്ചപ്പെടുത്തിയിട്ടുള്ളതു്. ആകയാൽ ഞാൻ ആദ്യം പറഞ്ഞ പരിവർത്തനകാലത്തിനു മുമ്പുതന്നെ കേരളത്തിൽ ചെട്ടികളുണ്ടായിരുന്നു എന്നു വന്നുകൂടുന്നു. വൈശ്യരുടെ കുലധർമ്മമായ വ്യാപാരവും നായർ കുലത്തിലുള്ളവരിൽ ചില താഴ്ന്നതരക്കാർ തന്നെ നടത്തിവരികയും അവരെ 'യാപാരി' അല്ലെങ്കിൽ 'വ്യാപാരി' എന്നുവിളിച്ചുവരികയും ചെയ്തിരുന്നു എന്നു ജാതിനിർണ്ണയത്തെ നിരൂപണം ചെയ്തിട്ടുള്ള മിസ്റ്റർ പത്മനാഭമേനോൻ അദ്ദേഹത്തിന്റെ കൊച്ചിരാജ്യചരിത്രത്തിൽ പറഞ്ഞിട്ടുണ്ട്. ചെട്ടി കച്ചവടം എന്നർത്ഥമുള്ള 'ചെട്ടു്' എന്ന പ്രാചീന ദ്രാവിഡപദത്തിൽ നിന്നും ഉണ്ടായതാണ്. സംസ്കൃത ഭാഷയിലേയ്ക്കെടുത്തപ്പോൾ ശ്രേഷ്ഠി എന്നായി. ശ്രേഷ്ഠശബ്ദവുമായി അതിനൊരു ബന്ധവുമില്ല. ഹിന്ദുക്കൾ പാശ്ചാത്യരെപ്പോലെ കച്ചവടം ഉൽകൃഷ്ടവൃത്തിയായി ഗണിച്ചിരുന്നില്ല. ഇക്കാരണങ്ങളാൽ മാകോതപട്ടണത്തിലെ ഇരവിക്കൊത്തൻ നായർ വർഗ്ഗത്തിലുൾപ്പെട്ട ഒരു ചെട്ടിയായിരുന്നു എന്നും, മക്കത്തായം അനുസരിച്ചിരുന്നു എന്നും വ്യക്തമാകുന്നു. ഇയ്യാളുടെ പേരിലെ കൊത്തൻ, കത്തനാക്കി 'കത്തനാർ' എന്ന ലത്തീൻ ശബ്ദത്തിൽ നിന്നും ഉണ്ടായതാണെന്നു വ്യാഖ്യാനിക്കുന്ന ഡാനിയൽ പ്രഭൃതികൾക്കു ഒരു ദൂരനമസ്കാരം ചെയ്യുകയല്ലാതെ അതിനെപ്പററി അധികം പറയണമെന്നുദ്ദേശിക്കുന്നില്ല. ചെപ്പേടിൽ മൂന്നിടത്തു ഇയ്യാളുടെ പേരു പറഞ്ഞിട്ടുണ്ട്. രേഫം ചേർന്ന 'ത്ത'കാരം രണ്ടിടത്തു അവ്യക്തമായ ബിന്ദുകൊണ്ടു രേഖപ്പെടുത്തീട്ടുണ്ടെന്നു പറയാം. ഈ കുത്തുകൾ കേട്ടുകൊണ്ടു വന്നതുമായിരിക്കാം. ആദ്യമായി ഇരവിക്കൊത്തനൻ എന്നാണു കാണുന്നതു്. 'ത്ത'യ്ക്കു കുത്തു കാണുന്നില്ല. ദീർഘം രകാരമാണെന്നു ചിലർപറയുന്നു. എന്നാൽ കൊരത്തന്നൻ എന്നാകും. രേഫം ചേർന്ന സംയുക്താക്ഷരങ്ങൾ ദ്രാവിഡശബ്ദങ്ങളിൽ കാണുകയില്ലെന്ന് ആർക്കും അറിയാമല്ലൊ. അക്കാരണത്താൽ അതു് പരകീയ ശബ്ദമായിത്തീരണമെന്നില്ല. ചെപ്പേടിൽ മൂന്നിടത്തും കൊത്തൻ എന്നുതന്നെ ഉപയോഗിച്ചിരുന്നിരിക്കണം എന്നാണ് എന്റെ അഭിപ്രാ

യം. കൊത്തൻ തൊഴിൽ നിർദ്ദേശിക്കുന്ന പദമൊ, രാജാൎത്ഥസൂചകമോ എന്ന് ശബ്ദവിജ്ഞാനീയത്തിൽ നിന്നും ഗ്രഹിക്കേണ്ടതാണ്. എന്തായാലും അതു് ദ്രാവിഡഭാഷയിൽ ജനിച്ചുവളൎന്നുണ്ടായ ഒരു ശബ്ദമാണ്. അതിനൊരു തിലകം തൊടീച്ചോ അല്ലെങ്കിൽ തൊപ്പിധരിപ്പിച്ചോ പ്രകാശിപ്പിയ്ക്കേണ്ട ആവശ്യമില്ല. രവിയെപ്പററി സംശയിക്കാനില്ല. സംസ്കൃതത്തിലെ 'രവി' ദ്രാവിഡശബ്ദനിയമമനുസരിച്ച് ഇരവിയായിത്തീൎന്നതാണ്. ഞാൻ നിൎണ്ണയിക്കാൻ പോകുന്നകാലത്തു് അതായതു് കൊല്ലം ൧ മുതൽ ൫൦൦ വരെ സംസ്കൃതത്തിനു മലയാളത്തിന്മേൽ വളരെ അധികം പ്രേരണ ചെലുത്തുന്നതിനു സാധിച്ചിട്ടുണ്ട്. മണിപ്രവാളം ജനിച്ചു വളൎന്നു പുഷ്ടിപ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ചെപ്പേടിൽ രാഘവൻ, രോഹിണി, പഞ്ചവാദ്യം, ശംഖ്, ശക്കര, കസ്തൂരി, വിശേഷാൽ, ചന്ദ്രാദിത്യകം ഇത്രയും സംസ്കൃതവാക്കുകൾതത്സമങ്ങളായിട്ടുതന്നെ പ്രയോഗിച്ചിരിക്കുന്നു. ആകയാൽ രവിഗുപ്തൻ എന്നുപ്രയോഗിച്ചിരുന്നാൽ തന്നെയും ക്ഷന്തവ്യമാണ്. എന്നാൽ കഴിന്നതു തത്ഭവങ്ങൾ പ്രയോഗിക്കയാണല്ലോ ഏ. ഡി. പതിന്നാലും പതിനഞ്ചും ശതകളിലുണ്ടായിട്ടുള്ള ഉണ്ണുനീലിസന്ദേശത്തിലും, നിരണം പാട്ടുകളിലും കാണുന്നതു്. അവയെല്ലാക്കെ മാൎഗ്ഗദർശകമായിരുന്ന തോലൻെറ പദ്യങ്ങളിൽപോലും തത്സമങ്ങളും തത്ഭവങ്ങളും ഇടകലത്തി ഉപയോഗിച്ചിരിക്കുന്നതു കാണാം. അകയാൽ ഏതു പ്രകാരത്തിലുണ്ടായതായാലും * 'ഇരവിക്കൊത്തൻ' ഒരു മലയാള സംജ്ഞതന്നെ എന്നുള്ളതിനു സംശയമില്ല.

ഇരവിക്കൊത്തൻ ഒരു ക്രസ്ത്യാനി ആയിരുന്നു എന്ന് എത്ര എളുപ്പം മി: ഡാനിയലും, മി: ടി. കെ. ജോസപ്പും തെളിയിച്ചിരിക്കുന്നു. ഒന്നാമതായിട്ടു പറയുന്നകാരണം ജൂതന്മാരും ക്രസ്ത്യാനികളുമല്ലാതെ ആരും തന്നെ ചെപ്പേടിൽ നിൎദ്ദേശിച്ചിരിക്കുന്ന അവകാശങ്ങൾ ഒരു കാലത്തും കേരളക്കരയിൽ അനുഭവിച്ചിട്ടില്ലെന്നുള്ളതാണ്. കേരളത്തിലെ നാട്ടുവാഴികൾ അനുഭവിച്ചിരുന്നില്ലെന്നു പറയുന്നതായാൽ അതൊരു അക്ഷന്തവ്യമായ അപരാധമായി ഗണിക്കേണ്ടതാണ്. അവൎക്കീയവകാശങ്ങൾ രാജാക്കന്മാർ കൊടുക്കാതെതന്നെ അവരനുഭവിച്ചിരുന്നു എന്നേയുള്ളൂ. എന്നാൽ രാജാക്കന്മാർ സ്വമേധയാ അവൎക്കു ഇതുപോലെയുള്ള പലഅവകാശങ്ങളും നൽകിയിരുന്നു എന്നുള്ളതിലേയ്ക്കു അനവധി ലക്ഷ്യങ്ങളുണ്ട്. വിവാഹംമുതലായ ചടങ്ങുകളിൽ വെള്ളയും കരിമ്പടവും വിരിക്കുക, വഴിയിൽ വെള്ളവിരിക്കുക, പഞ്ചവാദ്യം, ശംഖ്, ഇങ്ങനെ ഈ ചെപ്പേടിൽ പറഞ്ഞിരിക്കുന്നതുമാത്രമല്ല, കൂടാതെയും അനവധി അവകാശങ്ങൾ നായന്മാരില്പൽകൃഷ്ണവൎഗ്ഗക്കാരനുഭവിച്ചിരുന്നു. അവരിൽചിലൎക്കു കററംചെയ്യുവരെ ശിക്ഷിക്കുന്നതിനും, ജാതിബ്ഭ്രഷ്ട കല്പിക്കുന്ന

* ഈപേരു രവിഗോവൎദ്ധനൻ എന്നതിൽനിന്നും ഉണ്ടായതാണത്രേ! കാലംകൊണ്ടു അധികം അന്തരമില്ലാത്ത കൊല്ലം ചെപ്പേടിൽ കോവൎത്തനമാൎത്താണ്ഡൻ എന്നുകാണുന്നു. അതുകൊണ്ടു കോവൎത്തനൻ ചുരുങ്ങിയതായി വരാൻ തരമില്ല. പിന്നെ അതു കൊത്തൻ എന്നായി എന്നു പറയുന്നതു കുറെക്കൂടി വിചിത്രമായിരിക്കുന്നു!

തിനും കൂടി അധികാരമുണ്ടായിരുന്നു. ഈ സ്ഥിതിക്ക് ഇങ്ങനെ ചെപ്പേടെഴുതിക്കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു ചോദിക്കുന്നതായാൽ ഇരവിക്കൊത്തൻ വളരെ താഴ്ന്നാപടിയിൽ ഗണിക്കപ്പെട്ടിരുന്ന ചെട്ടി നായരായിരുന്നു എന്നും, പ്രഭുക്കന്മാരായ നായന്മാരവനെ ഉപദ്രവിക്കരുതെന്നു വിചാരിച്ച് പെരുമാൾ ഈ അവകാശങ്ങൾ അവനും അവന്റെ സന്തതികൾക്കും കൊടുത്തതായിരിക്കണം എന്നും വിചാരിക്കാം.

ഇനി ഈ ചെപ്പേടിന്റെ കാലത്തെപ്പററി പറയുകയാണെങ്കിൽ ആദ്യമായി പെരുമാൾഭരണം ക്ഷയോന്മുഖമായിരിക്കുമ്പോൾ ആണ് അതെഴുതിക്കൊടുത്തിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. ഒടുവിലത്തെ പെരുമാൾ ഭാസ്കരരവിവൎമ്മൻ ആയിരുന്നസ്ഥിതിയ്ക്കും, കൊല്ലവൎഷം അദ്ദേഹത്തിന്റെ പ്രശസ്തഭരണസ്മാരകമായി ഏൎപ്പെടുത്തീട്ടുള്ളതാണെന്ന ഐതിഹ്യത്താലും, ഒമ്പതാംശതകത്തിനുശേഷമാണ് ഇതുണ്ടായിട്ടുള്ളതെന്ന് സാമാന്യമായി വ്യവഹരിക്കാവുന്നതാണ്. ഈ ഭാസ്കരരവിവൎമ്മൻ കൊച്ചിയിലെ ജൂതന്മാൎക്കു ഒരു ചെപ്പേടെഴുതിക്കൊടുത്തിട്ടുണ്ട്. ഇരവിക്കൊത്തനെപ്പോലെതന്നെ ഒരു കച്ചവടസംഘനേതാവായ 'ഇസ്സപ്പ് ഇരപ്പാൻ' എന്ന ജൂതപ്രമാണിക്കാണ് അതു കൊടുത്തിട്ടുള്ളതു്. ഈ കച്ചവടസംഘത്തിന്റെ പേരു് 'അഞ്ചുവണ്ണ'മെന്നായിരുന്നു. ഈ സംഘവും പ്രാബല്യത്തിലിരുന്നിരിക്കണം. കേരളക്കരയിൽ കൊടുങ്ങല്ലൂരാണ് അതു് ആദ്യം സ്ഥാപിച്ചുകാണുന്നതു്. പിന്നീടു കൊല്ലത്തു പോയതായിരിക്കണം. കൊല്ലത്തൊരു പള്ളി സ്ഥാപിക്കുന്നതിന് ക്രിസ്ത്യാനികൾക്ക് എഴുതിക്കൊടുത്തിട്ടുള്ള ചെപ്പേട്ടിൽ മണിഗ്രാമം, അഞ്ചുവണ്ണം, എന്ന രണ്ടു സംഘങ്ങളേയും പററി പറഞ്ഞുകാണുന്നുണ്ട്. ആ ചെപ്പേടിന്റെ കാലവും വാദവിഷയമാണ്. എങ്കിലും ഒരു തിരുവിതാംകൂർ രാജാവിന് സ്വാതന്ത്ര്യമായി വിദേശിയരായ ക്രിസ്ത്രീയവൎഗ്ഗക്കാൎക്ക് ഒരു പള്ളിപണിയുവാൻ ഒരുസ്ഥലം എഴുതിക്കൊടുക്കാമെന്നുള്ളിടത്തോളമായ കാലമാണിതു് എന്നും ൧൩൨൦ നുശേഷം അടുത്തകാലത്തുതന്നെ ആയിരിക്കണം അതിന്റെ തീയതി എന്നും പ്രസംഗവശാൽ പറയേണ്ടിയിരിക്കുന്നു. ഭാസ്കരരവിവൎമ്മൻ ജൂതന്മാൎക്കു ചെപ്പേടെഴുതിക്കൊടുത്തതു് അവരുടെ സഹായം ആസന്നമായ യുദ്ധത്തിൽ തനിക്കുണ്ടാകാൻവേണ്ടിയാണെന്നു തോന്നുന്നു. ധനസഹായവും സൈന്യസഹായവും വേണ്ടിയിരുന്നു. 'അഞ്ചുവണ്ണം' എന്ന കച്ചവടസംഘത്തിൽ ജൂതന്മാരെക്കൂടാതെ ചെട്ടികൾ, ക്രിസ്ത്യാനികൾ മുതലായവരും ഉൾപ്പെട്ടിരിക്കണം. എന്നാൽ പെരുമാൾ ഭയപ്പെട്ടതുപോലെയുള്ള വിദേശീയാക്രമണം അദ്ദേഹത്തിന്റെ കാലത്തുണ്ടായില്ല. അതു ൯൮൫-ാമാണ്ടാണുണ്ടായതു്. 'രാജരാജൻ' എന്ന ചോളരാജാവിന്റെ ആക്രമണം തുടൎന്ന് ഇടവിടാതെ യുദ്ധം ഉണ്ടായിക്കൊണ്ടിരുന്നു എന്ന് ദക്ഷിണഇൻഡ്യാചരിത്രം വെളിപ്പെടുത്തുന്നു. രാജേന്ദ്രചോളൻ തിരുവഞ്ചിക്കുളം കീഴടക്കുകയും സുവൎണ്ണകിരീടം മുതലായതു കൊണ്ടുപോവുകയും ചെയ്തതായികാണുന്നു. ഇതു ക്രിസ്താബ്ദം പതിനൊന്നാം ശതകത്തിലാണു സംഭവിച്ചതു്. പിന്നെയും പതിമൂന്നാം നൂററാണ്ടിൽ പാണ്ഡ്യരാജാവു കേരളത്തെ ആക്രമിക്കുകയുണ്ടായിട്ടുണ്ട്. ഈ ആക്രമണങ്ങൾ ഏററിയക്കുറവും പെരുമാ

ളിൻെറ രാജധാനിയെ ലക്ഷ്യമാക്കിത്തന്നെ ആയിരുന്നു എന്നുള്ളതിനു സംശയമില്ല. അക്കാരണത്താൽ കൊടുങ്ങല്ലൂർ മുതലായ തുറമുഖങ്ങളിൽ പാർത്തിരുന്ന വിദേശീയരേയും ധനവാന്മാരായ നാട്ടുകച്ചവടക്കാരേയും സന്തോഷിപ്പിക്കുന്നതിന് പെരുമാൾപിൻവാഴ്ചക്കാരായ വീരരാഘവാദികൾ എന്തുംചെയ്യാൻ സന്നദ്ധരായിരുന്നു. വിദേശീയരുടെ തുടരെത്തുടരെയുള്ള ആക്രമണങ്ങൾക്കു അധീനമായിരുന്ന തലസ്ഥാനം മുഴുവനും ഒന്നായൊ സങ്കേതങ്ങളാക്കിത്തിരിച്ചോ ചെപ്പേടെഴുതിക്കൊടുത്തു ധനവും സേനയും ലഭിക്കുന്നതിനും ഈ പെരുമാൾ പിൻവാഴ്ചക്കാർ ഉറപ്പുശ്രമിച്ചിരുന്നു. ആകയാൽ ക്രിസ്താബ്ദം ൧൦൦൦-നു ൧൩൨൦-നും മദ്ധ്യേ ആയിരിക്കണം പ്രസ്തുത ചെപ്പേടിൻെറ കാലം എന്നു സാമാന്യമായി പറയാവുന്നതാണ്. മകരവ്യാഴം മീനഞായറ് ഇരുപത്തൊന്നുചെന്ന ശനിരോഹണിനാളിൽ ചെപ്പേടെഴുതിയതായി കാണുന്നു. ശുഭമുഹൂത്തം നോക്കുന്ന സമ്പ്രദായം വളരെ നിഷ്കൃഷ്ടമായി പ്രാചീനകേരളത്തിൽ നിർവ്വഹിച്ചിരുന്നതായും പെരുമാൾ നഗരിയിൽ അതിലേയ്ക്കു ഒരു ജ്യോതിഷസഭ സ്ഥാപിച്ചിരുന്നതായും ചിലപ്പതിയാരത്തിൽ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ശുഭമുഹൂത്തം നിദ്ദേശിച്ചിരുന്നതിൽ നിന്നും ആധാരമെഴുതിയ കൊല്ലം നിർണ്ണയിച്ചാൽ അതു ശരിയായിരിക്കുമൊ എന്നു സംശയമാണ്. എങ്കിലും ഉണ്ണുനീലിസന്ദേശത്തെപ്പോലെ ഇതു നിസ്സാരമായി ഗണിക്കാവുന്ന ഒരു സംഗതിയല്ലെന്നു പറഞ്ഞേതീരൂ. ഈ മുഹൂത്തം നോക്കി കാലം ഗണിച്ചിട്ടുള്ളവരുടെ അഭിപ്രായത്തിൽ ക്രിസ്താബ്ദം ൨൩൦, ൬൮൦, ൭൭൫,

൧൩൨൦ എന്നീകാലങ്ങൾ യോജിക്കുന്നുണ്ടത്രെ! ക്രിസ്താബ്ദത്തിനുമുമ്പുള്ള കാലം ഇതൊരു ക്രിസ്തീയചെപ്പേടാണെന്നുള്ള അഭ്യൂഹത്താൽ ഡനിയൽപ്രഭൃതികളുപേക്ഷിച്ചിരിക്കുന്നു. വേറെ പലകാരണങ്ങളാലും ഈ അഭിപ്രായം സ്വീകരിക്കാമെന്നല്ലാതെ ക്രൈസ്തീയപ്രമാണം മാത്രം ഒരു തെളിവാക്കാൻ നിവൃത്തിയില്ല. ഏ. ഡി ൨൩൦-ഓളംപ്രാചീനമാണ് ഈ ചെപ്പേടെന്നുപറവാൻ മറെറാരുതെളിവായി സ്വീകരിച്ചിരിക്കുന്നതു് "പറകൊണ്ടളന്നു നിറകൊണ്ടുതൂക്കി നൂൽകൊണ്ടുപാകി" എന്നുകാണുന്നതാണത്രേ! ഈ അളവും തൂക്കവും മററും റോമാക്കാരെ അനുസരിച്ചാണു ഇവിടെയുണ്ടായതെന്നും, ആകയാൽ റോമാക്കാരുമായുള്ള കച്ചവടം പ്രബലമായിരുന്നപ്പോൾ ആണ് ചെപ്പേടെഴുതിയതെന്നുംപറയുന്നതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല, റോമാക്കാരുമായുള്ള കച്ചവടം വീണ്ടും ദീർഘകാലം നിലനിന്നിരുന്നില്ലെന്നു തെളിയിച്ചിട്ടുമില്ല. തരിസാപ്പള്ളിയുടെ ചെപ്പേടിൽ 'അഞ്ചുവണ്ണം' 'മണിഗ്രാമം' മുതലായ കച്ചവടസംഘങ്ങൾ അതിൻെറ കാലത്തു് അഭിവൃദ്ധിയിലിരുന്നതായി പറഞ്ഞിട്ടുള്ളതു് ഇതിനു വിരുദ്ധമായിത്തീരുകരും ചെയ്യും. ൬൮൦, ൭൭൫ ഈ രണ്ടു കൊല്ലങ്ങൾ സ്വീകരിക്കണമെങ്കിൽ പെരുമാക്കന്മാരുടെ ഭരണകാലത്തെപ്പററി തീർച്ചയായ ഒരഭിപ്രായമുണ്ടാകണം. ഒട്ടു വിലത്തെ പെരുമാളായ ഭാസ്കരരവിവർമ്മൻ ൯൭൮-ാമാണ്ടിടയ്ക്കു് വാണിരുന്നതായി പല തെളിവുകളും ഉള്ള സ്ഥിതിയ്ക്കു് ആ രാജാവു് ജൂതന്മാൎക്കു കൊടുത്ത ചെപ്പേടിനു പിമ്പാകയാൽ പ്രസ്തുത ശാസനം ഈ ആണ്ടുകളിലാവാൻ തരമില്ലെന്നാണു വന്നുകൂടുന്നതു്.

വീരരാഘവപ്പട്ടയത്തിൽ വെമ്പലനാട്ടു രാജാക്കന്മാരെ സാക്ഷി നിർത്തീട്ടില്ലെന്നും, ആകയാൽ ആ രാജവംശം ഉണ്ടാകുന്നതിനുമുമ്പാണ് ചെപ്പേടെഴുതിക്കൊടുത്തിട്ടുള്ളതെന്നും മിസ്റ്റർ ഡാനിയൽ പറയുന്നു. വെൺപൊലിനാട്ട് എന്ന ഒരു പേരു പറഞ്ഞിരിക്കുന്നതു വൻപൊലിയായി ഗണിക്കണം. വെൺമലനാട്ടുരാജാക്കന്മാർ അതായതു തെക്കുംകൂറും വടക്കുംകൂറും സാക്ഷികളായിട്ടില്ലെന്നു വാദിക്കുന്നതുതന്നെ എന്തിനെന്നു മനസ്സിലാകുന്നില്ല. ക്രിസ്ത്യാനികൾക്കു കൊടുത്ത ചെപ്പേടെന്നു നേരത്തെ തീർച്ചപ്പെടുത്തിക്കൊണ്ട് വെമ്പലനാട്ടിൽ ധാരാളം ക്രിസ്ത്യാനികളുണ്ടായിരുന്നതുകൊണ്ട് ആ രാജ്യം അന്നുണ്ടായിരുന്നു എങ്കിൽ അതിനെ സാക്ഷിനിർത്താതിരിക്കുന്നതല്ല എന്നാണ് നമ്മുടെ ക്രിസ്തീയ വിമർശകന്മാരിൽ ഒരാൾ അഭിപ്രായപ്പെടുന്നതു്. ഏ. ഡി. ൨൩൦—ൽ ഇത്ര വളരെ ക്രിസ്ത്യാനികൾ ഉണ്ടെന്നു പറഞ്ഞതു് നിശ്ചയമായും ഇപ്പോൾ ആ പ്രദേശം ഒരു ക്രിസ്തീയകേന്ദ്രമാണെന്നുള്ള സ്മരണയാലാണ്. അഥവാ ഇതൊരു ക്രിസ്തീയ കരണമാണെന്നു വന്നാൽ തന്നെയും പന്നിയൂർ ഗ്രാമവും, ചൊവ്വരഗ്രാമവും, വേണാടും, ഓടനാടും, ഏറനാടും, വള്ളുവനാടും സാക്ഷികളായി പറഞ്ഞിരിക്കുന്നല്ലോ. ഇവിടെയൊക്കെ ക്രിസ്ത്യാനികൾ ധാരാളമുണ്ടായിരുന്നുവോ? ഇതിൽ ചിലതെല്ലാം അന്നു ക്രിസ്ത്യാനികൾക്കു പ്രവേശിക്കാൻ പാടില്ലാതിരുന്ന ബ്രാഹ്മണ സങ്കേതങ്ങളായിരുന്നു എന്നാണ് അറിവ്. ആകയാൽ വെമ്പലനാട്ടു രാജാക്കന്മാരെ സാക്ഷികളായി ചെപ്പേടിൽ കല്പിച്ചില്ലെങ്കിൽ അവരുണ്ടാകുന്നതിനു മുമ്പാണു ചെപ്പേടെഴുതിക്കൊടുത്തതെന്നു പറഞ്ഞിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. ചെപ്പേടിന്റെ കാലമെന്ന് 'കീൽഹോൺ' 'വെങ്കയ്യ' മുതലായവർ സകാരണം നിർദ്ദേശിച്ചുകാണുന്ന ൧൩൨൦—ൽ വെമ്പലനാട്ടു രാജാക്കന്മാർ ഒരുവിധം ഉൽക്കർഷത്തോടുകൂടിത്തന്നെയാണു വർത്തിച്ചതെങ്കിലും അവരെ അതായതു് വടക്കുംകൂർ രാജാക്കന്മാരെ, വൈക്കം ക്ഷേത്രത്തിലെ മേല്ക്കോയ്മസ്ഥാനത്തുനിന്നും നീക്കിനിർത്തിയിരുന്നകാലമാണ്. ഉണ്ണുനീലിസന്ദേശത്തിലെ നമ്മുടെ പഴെ ആദിത്യവർമ്മയെ പിന്നെയും ഇവിടെ വലിച്ചുകൊണ്ടുവരേണ്ടതായിരിക്കുന്നു. ഈ മേൽക്കോയ്മസ്ഥാനം നഷ്ടമായതിൽപ്പിന്നെ വടക്കുംകൂർ രാജാക്കന്മാർക്കു ശേഷിച്ചതു് ഒരു ഉണ്ണുനീലി മാത്രമാണ്. വേണാട്ട് ചെപ്പേടിൽ സാക്ഷിയാണ്. കടുത്തുരുത്തി വഴിയല്ലാതെ അന്നു തിരുവഞ്ചിക്കുളത്തേയ്ക്കു പോകാൻ സാധിക്കുന്നതല്ല. എന്നാൽ വഴിയ്ക്കു ഒരു സന്ദേശവുംകൂടി നിർവ്വഹിച്ചേക്കാം എന്നു ആദിത്യവർമ്മ വിചാരിച്ചു എന്നുമാത്രമേയുള്ളു. ഏതായാലും ഈ വ്യതയാനം ഇവിടെ നില്ക്കട്ടെ.

ഓടനാട്ടുരാജവംശം ചെപ്പേടിന്റെകാലത്തു സ്വതന്ത്രമായിരുന്നിരിക്കണം. അടുത്തപിൽക്കാലത്തായിരിക്കാം അതു ചിറവാസ്വരൂപവുമായി സംഘടിപ്പിക്കപ്പെട്ടതു്. പിന്നീടു വേണാടുമായിച്ചേർന്നു അതിൽ ലയിച്ചു. അതുകൊണ്ട് ൧൩൨൦-ൽ വീരരാഘവപ്പെരുമാളെഴുതിക്കൊടുത്ത ചെപ്പേടിൽ ആ രാജ്യം സാക്ഷിനിന്നു എന്നുള്ളതു യുക്തം തന്നെ. ഏറനാടും വള്ളുവനാടും ചെപ്പേടുകാലത്തു പ്രത്യേകമായിരുന്നു. പിന്നീടു സാമൂതിരിക്കധീനമായി. വടക്കുള്ള രണ്ടു പ്രധാന സം

9851

സ്ഥാനങ്ങളാകയാൽ ആ രാജാക്കന്മാരെ ക്രൂടി സാക്ഷിനിൎത്തി എന്നേയുള്ളു. ഇങ്ങിനെ നോക്കുമ്പോൾ പെരുമാളിന്റെ നാട്ടിൽ ഒരററം മുതൽ മറെറ അററം വരെ ഉണ്ടായിരുന്ന പ്രധാനപ്പെട്ട ഗ്രാമക്കാരേയും നാടുവാഴികളായ തമ്പുരാക്കന്മാരേയും ചെപ്പേടിൽ സാക്ഷികളായി ചേൎത്തു എന്നു വരാം. ഭാസ്കരരവിവൎമ്മന്റെ കാലംവരെ ഒരു ചെപ്പേടെഴുതിക്കൊടുക്കുന്നപക്ഷം ഈ സാമന്തന്മാരെ സാക്ഷികളായി നിൎത്തേണ്ടയാവശ്യമുണ്ടോ എന്നു സംശയമാണ്. എന്നാൽ ഭാസ്കരരവിവൎമ്മന്റെ ഭരണാവസാനത്തോടുകൂടി മേല്പറഞ്ഞ നാടുവാഴികൾ സ്വാതന്ത്ര്യം സ്ഥാപിച്ചുതുടങ്ങി. വിദേശീയാക്രമണത്താലും, നാടുവാഴികളുടെ ഈ സ്വാതന്ത്ര്യസ്ഥാപനത്താലും ഭാസ്കരരവിവൎമ്മനും അദ്ദേഹത്തിനു ശേഷമുള്ള പെരുമാളും നാമമാത്രമായ ഏകശാസനഭരണം നടത്തി, ഒടുവിൽ കൊച്ചി രാജവംശത്തിൽ ലയിച്ചു. പതിന്നാലാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി ഈ നാമമാത്രമായിരുന്ന മേൽക്കോയ്മ പോലും അവസാനിച്ചു. അതുകൊണ്ടു വീരരാഘവന്റേയും ഇരവിക്കൊത്തനു നൽകിയ ചെപ്പേടിന്റേയും കാലം ൧൪-ാം ശതകത്തിന്റെ ആദിദശകങ്ങൾ ആയിരുന്നിരിക്കണം. ചുരുക്കത്തിൽ കീൽഹോറന്റെ ൧൩൨൦-എ. ഡി. എന്നുള്ള കാലനിൎണ്ണയം സ്വീകാൎയ്യമായിരിക്കുന്നു.

ചെപ്പേടിലെ ഭാഷ പരിശോധിച്ചു നോക്കുകയാണെങ്കിൽ പതിന്നാലാംശതാബ്ദത്തിലെ ഭാഷയിൽ നിന്നും ഭിന്നമല്ലെന്നു കാണാവുന്നതാണ്. നാലഞ്ചുശതാബ്ദകാലം ഭാഷ ഒരേ രീതിയിലിരിക്കാമെന്നുള്ളതുകൊണ്ടു് ഈ തെളിവു് ചെപ്പേടിന്റെ കാലം നിഷ്കൃഷ്ടമായി നിൎദ്ദേശിക്കുവാൻ സഹായിക്കുമോ എന്നു സംശയമാണ്. എ. ഡി. ൧൩൨൦—ലെ ഭാഷയാണ് ചെപ്പേടിൽ കാണുന്നതെന്നു മി. ഡാനിയൽ മൎക്കടമുഷ്ടിപിടിക്കുന്നു. ലീലാതിലകം കൊണ്ടു് ൧൪-ാം ശതകത്തിനു വളരെ മുമ്പുള്ള ഒരു ഭാഷയാണു ചെപ്പേടിൽ ഉപയോഗിച്ചിരിക്കുന്നതെന്നു സമൎത്ഥിച്ചിട്ടുള്ളതു് തീരെ ശരിയല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഒരു വ്യാകരണം എഴുതിയുണ്ടാക്കുന്നതു് അപ്പോഴപ്പോൾ നടപ്പുള്ള ഭാഷയെ മാത്രം ലക്ഷ്യമാക്കിയാണോ? വളരെ കാലം മുമ്പു മുതൽക്കുള്ള ഭാഷാചരിത്രം പരിശോധിക്കാതെ ഒരു വ്യാകരണം എഴുതിയുണ്ടാക്കി എന്നു വരുന്നതല്ലാ. ചുരുങ്ങിയ പക്ഷം കൊല്ലവൎഷാരംഭം മുതൽക്കുള്ള ഭാഷയുടെ സ്ഥിതിയെങ്കിലും സാമാന്യമായി ചൎച്ച ചെയ്തുകൊണ്ടാണ് ലീലാതിലകകാരന്റെ പോക്കു് എന്നാണ് ആ ഗ്രന്ഥം വായിച്ചു നോക്കീട്ടു് എനിക്കു തോന്നീട്ടുള്ളതു്. അഥവാ തന്റെ ചുററും താൻ കണ്ട ഭാഷയെ മാത്രമേ അദ്ദേഹം നിരൂപണം ചെയ്യുന്നുള്ളു എങ്കിൽ അദ്ദേഹം ഒരു മണിപ്രവാളപക്ഷപാതി ആയിരുന്നു എന്നു പറവാതിരിക്കുവാൻ നിവൃത്തിയില്ല. മലയാളത്തിലെ സ്വതന്ത്രകവിതയായ പാട്ടിനെപ്പററി അദ്ദേഹത്തിനു പറവാനുള്ളതു്.

"ദ്രമിഡസംഘാതാക്ഷരനിബദ്ധം എതുകമോനാവൃത്തവിശേഷയുക്തം പാട്ടു്'' എന്നുമാത്രമാണ്. ഇങ്ങനെയുള്ള ഒരു വ്യാകരണത്തെ അടിസ്ഥാനപ്പെടുത്തി ൧൪-ാം ശതകത്തിലേയും മൂന്നാം ശതകത്തിലേയും ഭാഷാരീതി താരതമ്യപ്പെടുത്തുന്നതു എത്രമാത്രം ശരിയായിരിക്കുമെന്ന് സഹൃദയർ തന്നെ തീൎച്ചപ്പെടുത്തട്ടെ. എന്നാൽ ലീലാതിലകകാരനെ കുററം

പറയുന്നതിനെക്കാൾ ഉദ്ധാരകൻെറ ഭാഷാനഭിജ്ഞതയെ പ്പററി സഹതപിക്കയാണെന്നല്ലാതെന്നു തോന്നിപ്പോകുന്നു. അദ്ദേഹം സ്വവാദം നേടുന്നതിന് ഉദ്ധരിക്കുന്ന ഭാഗം ഇതാണ്.

"പഴയതൊ പുതിയതോ നിങ്ങൾ തന്നെ ഉണ്ടാക്കിയതോ ഉണ്ടാക്കുന്നതോ ആയ മണിപ്രവാളത്തിൽ ഏതിലെങ്കിലും വന്താൻ, ഇരുന്താൻ എന്നാണൊ കണ്ടിട്ടുള്ളതു്? വന്നാൻ, ഇരുന്നാൻ എന്നല്ലെ? തേങ്കാ, മാങ്കാ, കഞ്ചി, പഞ്ചി എന്നൊക്കെയൊ കണ്ടിരിക്കുന്നതു്, തേങ്ങ, മാങ്ങ, കഞ്ഞി, പഞ്ഞി എന്നെല്ലാമൊ?" ഇത്യാദി ലീലാതിലകം പരിഭാഷ പുറം 11.

ഇതു കവിതയെ സംബന്ധിച്ചിടത്തോളം വിശേഷിച്ചും മണിപ്രവാളകവിതയെപ്പററി മാത്രം ശരിയായിരിക്കുന്നു എന്നല്ലാതെ മലയാളഗദ്യത്തിൻെറ കാര്യത്തിൽ ഇതിനു തീരെ പ്രസക്തിയില്ല. നിരൂപകനു തന്നെ ഇക്കാര്യം അറിയാമായിരുന്നു എങ്കിലും, അതു ഗോപനം ചെയ്തു എന്നുള്ളതിലേയ്ക്കു് ലീലാതിലകകാരൻ അർത്ഥാലങ്കാരങ്ങൾക്കു നൾകി കാണുന്ന ചില ഗദ്യശകലങ്ങളെ ഉദ്ധരിച്ചു വാദം നേടാൻ യത്നിക്കുന്നതു കൊണ്ടു മനസ്സിലാക്കാം.

"വിരിഞ്ഞ കുവളപ്പൂപോലെയും, മറിഞ്ഞ കയൽ പോലെയും, തളന്ന മാൻ കൺപോലെയും, കൂന്ത വേല് പോലെയും ശോഭിക്കുന്നലോചനം. ഇങ്ങനെയുള്ളതുമാലോപമ. ഉദ്യാനത്തിൽ ചൂതലത പോലെയും പൂന്തൊത്തിൽ വണ്ടിൻചാർത്തിൽ മാരഗീതിപോലെയും, ഇവ്വുത്സവത്തിലതീവരാജത്യേഷാ." ലീലാതിലകം പരിഭാഷ. പുറം 71.

നമ്പ്യാർ തമിഴെന്ന പേരോടു കൂട്ടി ആദിപെരുമാക്കന്മാരുടെ കാലത്തു പ്രചരിച്ചിരുന്ന പാഠകത്തിലുപയോഗിച്ചിരുന്ന ഗദ്യരീതിയായിരുന്നു ഇതു്. ലീലാതിലകകാരൻെറ കാലത്തും അതു അസ്തമിച്ചിട്ടില്ലാ. പക്ഷെ ചമ്പുകാരന്മാർ അതിന് വൃത്തനിബന്ധന വരുത്തി പ്രയോഗിച്ചു എന്നുമാത്രമേയുള്ളു. പിൽക്കാലത്തു ചങ്ങനാശേരി രവിവർമ്മ കോയിൽതമ്പുരാൻ ഉഷാകല്യണം ചമ്പുവിലും വലിയ കോയിൽ തമ്പുരാൻ അക്ബറെന്ന ആഖ്യായികയുടെ ആരംഭത്തിലും ഈ ഗദ്യം പ്രയോഗിച്ചു നോക്കി. അതിൻെറ കഥയും കഴിഞ്ഞു.

ചെപ്പേടിലെ ഗദ്യമാകട്ടെ നാടോടിയാണ്. അതാണ് നമ്പ്യാർ തമിഴിൽ നിന്നും ഭിന്നമായിരിക്കുന്നതു്. അനുനാസികാതിപ്രസരം, താലവ്യാദേശം അല്ലെങ്കിൽ തവർഗ്ഗോപമർദ്ദം, സ്വരസംവരണം. പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം, എന്നിങ്ങനെയുള്ള ഏതാനും നിയമങ്ങളനുസരിച്ചു് ഭാഷ ഭേദിച്ചു തുടങ്ങി എന്നുമാത്രമല്ലാ, ആ ഭേദങ്ങൾ ഭാഷാ സാഹിത്യത്തിൽ കടന്നു കൂടുകയും ചെയ്തിരുന്ന കാലത്താണ് ചെപ്പേടെഴുതിയതെന്നു തെളിയിക്കുവാൻ പ്രയാസമില്ല. ഭാഷയുടെ ഈ പരിവർത്തനം ഏതാണ്ടു കൃഷ്ണഗാഥയുടെ കാലം വരെ നിലനിന്നു പോന്നു. പരിവർത്തനഘട്ടത്തിലെ അതായതു് കൊല്ലവർഷാരംഭം മുതൽ ൫൪-ാംശതകം വരെയുള്ള കാലത്തെ കൃതികളിൽ മേല്പറഞ്ഞ ഭാഷാനിയമങ്ങൾ പ്രവർത്തിച്ചും, പ്രവർത്തിക്കാതെയും കാണുന്നുണ്ടു്. ഈ ചെപ്പേടിലും അങ്ങനെ തന്നെയാണു കാണുന്നതു്. ഈ ഒരു സംഗതിയെ പുരസ്കരിച്ചു് ചർച്ചചെയ്യുമ്പോൾ ഭാസ്കരരവിവർമ്മൻെറ ചെപ്പേടിനു ശേഷമാണ് വീരരാഘവപ്പട്ടയം ഉണ്ടായതെന്നു സംശയം കൂടാതെ പറയാവുന്നതാണ്.

(൧) അനുനാസികാതിപ്രസരവും താലവ്യാദേശവും.

ഇരുന്തരുള = ഇരുന്നരുള

അളന്തു = അളന്നു

എന്നാൽ 'ൻറ' ന്ന യായിട്ടില്ല.

ആയിനിൻറ, ഒൻറു, ചെൻറ, എണ്ണിൻറ, എട്ടക്കിൻറ പൻറിയൂരു്—എന്നിത്രയും ചെപ്പേടിലുള്ളതാണു്. ഈ ഒരു ഭാഷാഭേദം സംബന്ധിച്ചിടത്തോളം ഉണ്ണുനീലിസന്ദേശത്തിലും, രാമചരിതത്തിലും ഒട്ടുമുക്കാലും ഇങ്ങനെ മാറിയും അല്ലാതേയും കാണുന്നുണ്ടു്.

(൨) സ്വരസംവരണം അനുസരിച്ചു് സംവൃത ഉകാരത്തിൻെറ ധ്വനി 'ഉള്ളത്' എന്നിടത്തു് കാണാവുന്നതാണു്. ഇടയിലുള്ളത് എപ്പേർപ്പെട്ടതിനും എന്നാണു് എഴുത്തിൽ കാണുന്നതെങ്കിലും സംവൃതം ചേർത്തുച്ചരിക്കണമെന്നു വിശദമാകുന്നുണ്ടു്. മററുപലയിടത്തും തമിഴിലെപ്പോലെ പൂർണ്ണ 'ഉ' കാരം തന്നെയാണു് കാണുന്നതു്. ഉദാ: ചക്രവർത്തികൾ, ഇരുപത്തൊൻറു, ഇരവിക്കൊത്തനുകൾ, അളന്നു, ഇത്യാദി. പതിനേഴാം ശതകത്തോടുകൂടി മാത്രമെ സംവൃത വിവൃതഭേദങ്ങൾ ഉകാരത്തിനു് വ്യവസ്ഥാപിതമായി കാണുന്നുള്ളു. എന്തായാലും ഉകാരം സംവൃതമായിത്തീരുന്നതിന് ഭാവിക്കുന്നതായിട്ടെങ്കിലും നാം ചെപ്പേടിൽ കാണുന്നുണ്ടു്.

(൩) പാവാട, കുട, അടിമ, പറ, നിറ, ശക്കര, എണ്ണ, ഇട, ഇത്രയും പദങ്ങളിൽ തമിഴിലെ ഐക്കു പകരം അ യാണു് കാണുന്നതു്. മുറൈ, ഐന്തോളം എന്നു ചുരുക്കം ചിലടത്തു ഐ ആയും കാണുന്നുണ്ടു്. കൃഷ്ണഗാഥയോടുകൂടി ഈ സമ്പ്രദായം നിശ്ശേഷം നിലച്ചു എന്നു പറയാം.

(൪) കുടുത്തോം എന്ന ക്രിയ പുരുഷപ്രത്യയത്തോടുകൂടി കാണുന്നുണ്ടു്. എന്നാൽ ചെപ്പേടിൽ വേറെ ക്രിയാപദങ്ങൾ ഉപയോഗിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ലാത്തതിനാൽ പ്രത്യയനിരാസത്തിനു ഉദാഹരണമില്ലായിരിക്കാം. ൧൪-ാം ശതകത്തിലുള്ള വേറെ ചില കരണങ്ങളിൽ വെറും ക്രിയാ പദവും പ്രത്യയംകൂടാതെ ആഖ്യാതമായി പ്രയോഗിച്ചിട്ടുണ്ടു്. പക്ഷെ ഈ ഭാഷാഭേദം പരിണാമദശയെ പ്രാപിച്ചതു് വളരെക്കാലം കഴിഞ്ഞിട്ടാണു്. ഇന്നും കവിതയിൽ നിലച്ചിട്ടില്ല. എന്നാൽ ഗദ്യത്തിൽ നിശ്ശേഷം വർജ്ജിച്ചുകാണുന്നുണ്ടു്.

(൫) കോവിലകം, ഇട, എന്നീപദങ്ങൾ, ഇരുന്നരുളുക എന്നതിലെ അനുപ്രയോഗം, 'കു' എന്ന ചതുർത്ഥി പ്രത്യയത്തിനുപകരം നു, തത്സമങ്ങളായ നാലഞ്ചു സംസ്കൃതപദങ്ങൾ, ഇതെല്ലാം നോക്കുമ്പോൾ മേല് കാണിച്ച നയങ്ങൾ മൂലം ഉണ്ടായിട്ടുള്ള വികാരങ്ങൾക്കു പുറമേ സംസ്കൃതത്തിലെ അക്ഷരമാലയും സ്വീകരിച്ചു കാണുന്നതുകൊണ്ടു ഭാഷയുടെ പരിണാമദശയിൽ, എന്നു പറഞ്ഞാൽ ആദ്യദശയുടെ മദ്ധ്യകാലം കഴിഞ്ഞതിനുശേഷം, ഉണ്ണുനീലിസന്ദേശം, രാമചരിതം, ലീലാതിലകം, കണ്ണശ്ശരാമായണം മുതലായ കൃതികൾ പരിശോധിച്ചു നോക്കിയാൽ കാണാവുന്നഭാഷ പ്രചരിച്ചിരുന്നകാലത്തു്, ചുരുക്കിപ്പറയുന്നതായാൽ ക്രിസ്ത്വാബ്ദം ൧൪-ാം ശതകത്തിൻെറ ആദിദശകങ്ങളിൽ ഉണ്ടായതാണു് ഈ ചെപ്പേടു് എന്നു തീർച്ചപ്പെടുത്താവുന്നതാണു്.

ലിപിസമ്പ്രദായം നോക്കുകയാണെങ്കിലും ഈ അഭിപ്രായത്തിൽ നിന്നും വ്യതിചലിച്ചിട്ടാവശ്യമില്ലെന്നാണു തോന്നുന്ന

ള്. കേരളത്തിൽ പ്രാചീനകാലത്തു നടപ്പിലായിരുന്ന വട്ടെഴുത്താണ് ഇതിൽ അധികവും ഉപയോഗിച്ചുകാണുന്നത്. ഈ വട്ടെഴുത്തിന്റെ വടിവ് മാറിമാറിവരുന്നതായി ഓരോകാലത്തും ഉള്ള രേഖകൾ പരിശോധിച്ചു നോക്കിയാൽ അറിയാവുന്നതാണ്. കൊല്ലവഷാരംഭത്തിനുമുമ്പുള്ള ലേഖനങ്ങൾ കിട്ടായ്കയാൽ അന്നത്തെ വട്ടെഴുത്തിന്റെ യഥാത്ഥരൂപം ഗ്രഹിക്കാൻ സാധിക്കുന്നില്ല. ചെപ്പേട്ടിലെ പല അക്ഷരങ്ങളും ഇപ്പോൾ നാം കാണുന്ന വടിവുകളിൽ തന്നെയാണു കൊത്തിയിരിക്കുന്നത്. വട്ടെഴുത്തിനെ സംബന്ധിച്ചിടത്തോളം റ, ഴ എന്നീ രണ്ടക്ഷരങ്ങൾക്കേ ആധുനികലിപികളുമായി സാമ്യം കാണുന്നുള്ളു. എന്നാൽ ആയ്യഎഴുത്ത് അല്ലെങ്കിൽ ഗ്രന്ഥാക്ഷരത്തെ സംബന്ധിച്ചിടത്തോളം, അ, ആ, ഇ, എ, ഐ, ക, കു, ഖ, ഗ, ഘ, ച, ഞ, ട, ണ, ത, ഥ, ന, ന്ത, പ, പൃ, മ, യ, ല, ല്ല, വ, ശ, ശ്രു, ഷ, ഹ, ള ഇത്രയും അക്ഷരങ്ങളുമായി ആധുനിക മലയാള വണ്ണങ്ങളോടു ചെപ്പേട്ടു സാമ്യം വഹിക്കുന്നുണ്ട്. ഈ ഒടുവിൽ പറഞ്ഞ അക്ഷരങ്ങൾ വട്ടെഴുത്തിന്റെ ആകൃതിഭേദിച്ചുണ്ടായവയാണെന്നു പറവാൻ നിവൃത്തിയില്ല. നേരെ ഗ്രന്ഥത്തിൽ നിന്നും എടുത്തതുതന്നെ ആയിരിക്കണം. ഇങ്ങനെ ഗ്രന്ഥാക്ഷരം പ്രബലമായിത്തീന്നതു എ. ഡി. പത്താം ശതകത്തിനു മുമ്പായിരിക്കാൻ തരമില്ല. ഇക്കാലത്തിനുമുമ്പ് വട്ടെഴുത്തുകൾക്ക് ഈ വടിവുണ്ടായി എന്നു കാണിപ്പാൻ സാധിക്കുന്നതുമല്ല. അവയിൽ ഒട്ടുമുക്കാലും എ. ഡി. ൩-ാം ശതകത്തിൽ വട്ടെഴുത്തിൽതന്നെ ഉണ്ടായിരുന്നു എന്നു മിസ്റ്റർ ഡാനിയൽ വാദിക്കുന്നതു വേണ്ടതെളിവുകളോടുകൂടിയല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ ചെപ്പേട്ട് എ. ഡി. മൂന്നാം ശതകത്തിലേതാണെന്നു പറഞ്ഞാൽ അന്നത്തെ വട്ടെഴുത്തിൽ ഈ വടിവുകളെല്ലാമുണ്ടായിരുന്നു എന്നു തെളിയിക്കണം. അങ്ങനെയാണെങ്കിൽ ലിപിപരിഷ്കാരം മുന്നോട്ടല്ല പുറകോട്ടുതന്നെ ആയിരുന്നു എന്നു പറയേണ്ടിവരും. എന്നുമാത്രമല്ല മലയാളരാജ്യത്തു ഉപയോഗിച്ച് കാലക്രമത്തിൽ വടിവുകൾ മാറിവീണപ്രകാരം ഒരൊററ ആയ്യഎഴുത്തുപോലും ക്രിസ്ത്വാബ്ദം എട്ടാം ശതകത്തിനു മുമ്പുണ്ടായിരുന്നതായി നിദ്ദേശിക്കുവാൻ മിസ്റ്റർ ഡാനിയലിനും സാധിച്ചിട്ടില്ല.

എന്നാൽ ഞാൻ പറഞ്ഞ ചരിത്ര പരിവത്തനകാലം അതായതു് കൊല്ലം ഒന്നു മുതൽ അഞ്ഞൂറുവരെയുള്ള കാലം ഭാഷാലിപികളുടേയും ഒരു പരിവത്തനകാലമായിരുന്നു. വട്ടെഴുത്തിലെ പല അക്ഷരങ്ങൾക്കും ആയ്യ എഴുത്തുകൾ ഉപയോഗിച്ചുതുടങ്ങി. സംസ്കൃതാക്ഷരങ്ങളായ അതിഖരങ്ങൾ, മൃദുക്കൾ, ഘോഷങ്ങൾ, ഊഷ്മാക്കൾ എന്നിവയ്ക്കു് ഗ്രന്ഥാക്ഷരങ്ങൾ വടിവുമാററി ഉപയോഗിച്ചുതുടങ്ങി. ഇങ്ങനെ പലവ്യത്യാസങ്ങളോടുകൂടി വട്ടെഴുത്തും ആയ്യഎഴുത്തും കൂടിക്കലന്ന് ആധുനിക ലിപികൾ പൂണ്ണമായി ഭാഷയിലാവിർഭവിച്ചതു് എഴുത്തച്ഛന്റെ കാലത്തോടുകൂടിയാണെന്നു പറയുകയല്ലാതെ അവയെല്ലാം ആ മഹാകവിയുടെ സൃഷ്ടിയാണെന്നു പറയുന്നതു പരമാബദ്ധമാകുന്നു. ആകയാൽ ചെപ്പേട്ടിന്റെ കാലമായ പതിന്നാലാം നൂററാണ്ടിൽ അവ്യവസ്ഥിതമായിട്ടെങ്കിലും മലയാളത്തിലെ മിക്കലിപികളും ഉണ്ടായിരുന്നതായി വിചാരിക്കണം. അവയെ

നിയതമായി ഉപയോഗിച്ച ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവോ എന്നുള്ളതു വളരെ സംശയമാണ്. അങ്ങനെ ഒരു നിയതത്വം അക്ഷരങ്ങൾക്കു വന്നിട്ടില്ലെന്ന് ഒരേ അക്ഷരത്തിനുതന്നെ പല ലിപികളും ഈ ചെപ്പേടിൽ കാണുന്നതുകൊണ്ടു മനസ്സിലാക്കാം. ആരെങ്കിലും രാമചരിതത്തിന്റെയോ ഉണ്ണുനീലി സന്ദേശത്തിന്റെയോ, എന്നുവേണ്ട കണ്ണശ്ശരാമായണത്തിന്റെയോ, രചനാകാലത്തെ ഒരു കൈയെഴുത്തു പ്രതി കാണിച്ചുതരികയാണെങ്കിൽ ഈ ചെപ്പേടിലെപ്പോലെതന്നെയുള്ള അവ്യവസ്ഥകൾ അവയിലും ഞാൻ നിർദ്ദേശിക്കാമെന്നു ധൈര്യമായി പറഞ്ഞുകൊള്ളുന്നു. ഇതെല്ലാം രചനാകാലത്തുലിഖിതവും കൂടി ആയിരുന്നുവോ എന്നുവളരെ സംശയമാണ്. രാമചരിതത്തിലേയും കണ്ണശ്ശരാമായണത്തിലേയും നിഷ്കൃഷ്ടമായ അന്താദിപ്രാസപ്രയോഗം ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. നമ്പ്യാർഗദ്യം കേട്ടുപഠിക്കയാണു ചെയ്തിരുന്നതു്. ഉത്തരതിരുവിതാംകൂറിലെ ഒരു ചാക്യാർ പഠിച്ചിട്ടുള്ള ഒരു ഗദ്യം എന്നെ ചൊല്ലിക്കേൾപ്പിക്കയുണ്ടായി. കേട്ടുപഠിച്ചതാണ്. ഒരു മണിക്കൂർ നേരം ഒരുതടവും കൂടാതെ അയാൾ ചൊല്ലിയപ്പോൾ ഞാൻ മതി എന്നു പറഞ്ഞു. ഇങ്ങനെ അന്നു കൃതികളെല്ലാം വേണ്ടവർ ഹൃദിസ്ഥങ്ങളാക്കിയ കാരണത്താലാണ് ഗ്രന്ഥകർത്താക്കൾ എഴുതിയ ഒരു താളിയോലയും ലഭിക്കാത്തതു്. കൃഷ്ണഗാഥയുടെ പോലും കിട്ടുന്നില്ല. പിന്നെയാണോ അതിനു മുമ്പുള്ളതു്. ഈ സ്ഥിതിയ്ക്കു് ഗ്രന്ഥങ്ങൾ മൂലം സാർവ്വത്രികമായ പ്രചാരം സിദ്ധിയ്ക്കാത്ത ലിപിവിന്യാസക്രമത്തിൽ ഇങ്ങനെയെങ്കിലും ഒരു ചെപ്പേടെഴുതിയുണ്ടാക്കിയ ചേരമാൻലോകപ്പെരുന്തട്ടാനായ നമ്പിച്ചെടയനെ നാം എത്രമാത്രം ബഹുമാനിക്കേണ്ടതാണ്! ചെപ്പേടിലെ ശംഖമുദ്ര തലതിരിഞ്ഞു പോയി എന്നൊരു വിമർശകൻ പറഞ്ഞു കേട്ടു. നമ്പിച്ചെടയൻ അറിയാതെ ചെപ്പേടു തിരിച്ചു വച്ചതായിരിക്കണം. ഇത്രവളരെ ഉപകാരം ചെയ്ത ഈ നമ്പിച്ചടയനെ ഇങ്ങനെ അധിക്ഷേപിക്കുന്നതു ബാലിശമായിപ്പോയിഎന്നാണ് എനിക്കുതോന്നുന്നതു്. ചെപ്പേടെഴുതണമെന്നു തീർച്ചപ്പെടുത്തിയപ്പോൾ തന്നെ ലിപികൾ പരിശോധിച്ചു വേണ്ടതെല്ലാം തെരഞ്ഞെടുത്തിരിക്കണം. ഗ്രന്ഥങ്ങളില്ല, പിന്നെ എന്തു ചെയ്യും? ശിലാശാസനങ്ങളും പാക്കരരവിവർമ്മന്റെ ചെപ്പേടും നോക്കിവളരെ ക്ലേശിച്ചാണ് ലിപികൾ രൂപവൽക്കരിച്ചിട്ടുള്ളതു്. ലിപിവിഷയമായിക്കാണുന്ന അസാംഗത്യങ്ങളും, അസാരസ്യങ്ങളും, പൂർവ്വാപരവൈരുദ്ധ്യങ്ങളും ഈ സമാധാനത്താൽ സാധൂകരിക്കേണ്ടതാണ്.

ഇങ്ങനെ ക്രിസ്താബ്ദം ൧൩൨൦—ാമാണ്ടു മാർച്ചുമാസം ൧൫—ാനു- തിരുവഞ്ചികുളത്തു വച്ചു വീരരാഘവപ്പെരുമാൾ ഇരവികൊത്തനു മണിഗ്രാമം എഴുതിക്കൊടുത്ത ഈ ചെപ്പേട്ട് വ്യാജനിർമ്മിതമായിരിക്കാൻ വഴിയുണ്ടെന്ന് ഇന്നത്തെ അദ്ധ്യക്ഷനവർകൾ ഊഹിച്ചചിലകാരണങ്ങൾ സംഭാഷണമദ്ധ്യേഞാൻ അറിഞ്ഞപ്പോൾ അവയെനിസ്സാരമായി ഗണിക്കാൻ പാടില്ലെന്നു എനിക്കു തോന്നി. അങ്ങനെആയാൽ എനിക്കൊരു നഷ്ടവും വരാനില്ല. ഒരു സാഹിത്യനിരൂപകന്റെ നിലയിൽ കൈയ്യിൽ കിട്ടിയ ഒരുശാസനം എങ്ങനെയിരിക്കുന്നു എന്നുപരീക്ഷിച്ചു നോക്കുകമാത്രമാണുചെ തു. ഇങ്ങനെയൊക്കെയിരിക്ക

യാണെങ്കിൽ ഇങ്ങനെയൊക്കെവരും, ഇല്ലെങ്കിലൊന്നുമില്ല. ഇരവിക്കൊത്തന്റെ മക്കൾക്കു നഷ്ടം. എങ്കിലും വല്ലവരും ഇങ്ങനെ ഒരു ചെപ്പേടില്ലെന്നു തീർച്ചപ്പെടുത്തി മണിഗ്രാമം കൈയേററം ചെയ്യുകയാണെങ്കിൽ ഇരവിക്കൊത്തന്റെ സന്തതികൾ കേസുകൊടുത്തു Exparte യായി ഒരു വിധിസമ്പാദിച്ചാൽ കാര്യം കുഴപ്പത്തിലാകും. സാക്ഷികളിൽ അധികം പേരും മരിച്ചുപോയെങ്കിലും ഒടുവിൽ പറഞ്ഞിരിക്കുന്ന ചന്ദ്രാദിത്യകൾ ഇന്നും ഉള്ളവരാണ്. നല്ലപടി കിട്ടിയാൽ ചന്ദ്രാദിത്യർപോലും വന്നു മൊഴികൊടുക്കുന്നകാലമാണിത്. അഥവാ വന്നില്ലെങ്കിലും സാക്ഷിപ്പട്ടികയിൽ ഉൾപ്പെട്ടതാതിരിക്കയില്ല. എന്തായാലും ഈ ചേപ്പേട് വ്യാജമാണെന്നു തെളിയുന്നപക്ഷം അതുപറിയ്ക്കേണ്ടിവരികയില്ലല്ലോ എന്നു വിചാരിച്ച് ഈയോഗം നടത്തുന്ന ആണേഴ്സ് വിദ്യാർത്ഥികളുടെ നയം ആഭിനന്ദനീയം തന്നെ എന്നു പറഞ്ഞുകൊണ്ട് ഇതിവിടെ അവസാനിപ്പിച്ചു കൊള്ളുന്നു.

ശുഭം.

---

ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള എം. എ.

വീരരാഘവ ചക്രവർത്തിയെപ്പററിയും, അദ്ദേഹം ഇരവികൊത്തൻചേരമാൻ ലോകപ്പെരുംചെട്ടിക്കു കൊടുത്ത ഒരു താമ്രശാസനത്തെപ്പററിയും, കേരളത്തിന്റെ പ്രാചീനചരിത്രത്തെപ്പററി എഴുതിയിട്ടുള്ള പല പണ്ഡിതന്മാരും പ്രസ്താവിച്ചു കണ്ടിട്ടുണ്ട്. എങ്കിലും, 'മലങ്കരനസ്രാണികളുടെ നാലു ചെപ്പേടുകൾ' എന്നപേരിൽ ശ്രീമാൻ ററീ. കേ. ജോസഫ് അവർകൾ രചിച്ചിട്ടുള്ള ഗ്രന്ഥം വായിച്ചതിനുശേഷമെ, ഈ ചക്രവർത്തിയേപ്പററിയും ഇരവികൊത്തനെപ്പററിയും ഗാഢമായി ചിന്തിക്കാൻ സംഗതിയായുള്ളു. മി. ജോസഫിന്റെ ഗവേഷണശീലം ഈ ഗ്രന്ഥത്തിൽ തെളിഞ്ഞുകാണുന്നുണ്ട്. എന്നാൽ, ഒരു കാര്യം പറയാതെ തരമില്ല. അദ്ദേഹം കേരളചരിത്രത്തിനല്ല പ്രാധാന്യം കല്പിക്കുന്നത്; ക്രിസ്ത്യാനികളുടെ പണ്ടത്തെ സ്ഥാനമാനങ്ങൾക്കാണ്. ചിലപ്പോൾ അദ്ദേഹം ഈ അബദ്ധത്തിൽപ്പെട്ട് ഔചിത്യത്തെ ബലികഴിക്കുന്നുണ്ടെന്നു പറയാതെതരവുമില്ല. 'മലങ്കരനസ്രാണികളുടെ നാലു ചെപ്പേടുകൾ' എന്നു പുസ്തകത്തിനു പേരിട്ടതു പോകട്ടെ. അദ്ദേഹത്തിന്റെ ഉദ്ദേശത്തെ സ്പഷ്ടമാക്കാൻ പര്യാപ്തമായ ഒരു പേരിട്ടു എന്നേ കരുതേണ്ടതുള്ളു. അതിൽ നമുക്കു ചോദ്യത്തിന് അവകാശില്ല. പക്ഷെ, ഓരോ പ്രത്യേകം ചെമ്പുപട്ടയത്തിനും പേരിടുമ്പോൾ ദാതാക്കളായ മഹാരാജാക്കന്മാരുടേയും ചക്രവർത്തിമാരുടേയും പേരു വിസ്മരിച്ച്, തരിസാപ്പള്ളിക്കുകൊടുത്ത ചെപ്പേട്, 'ഇരവികോത്തന്റെ ചെപ്പേട്' എന്നൊക്കെപ്പറഞ്ഞിരിക്കുന്നതു വളരെ ഉചിതമായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതും പോകട്ടെ. ഇരവികൊത്തൻ ഒരു ക്രിസ്ത്യ

നായിരുന്നു എന്നു അദ്ദേഹം സ്ഥാപിക്കുന്നും ഉണ്ട്. സ്പഷ്ടമായി വിരോധം തോന്നിയ ഈ സംഗതികളാണ്, മി: ജോസഫിൻെറ അഭിപ്രായങ്ങളെ ഗാഢമായി പരിശോധിക്കാനും, വീരരാഘവ ചക്രവത്തിയേപ്പററി മററുള്ളവരുടെ അഭിപ്രായങ്ങളെല്ലാം തിരഞ്ഞു പിടിക്കാനും എന്നേ പ്രേരിപ്പിച്ചതു്.

ഒരു ഗ്രന്ഥത്തിൽ അപ്രധാനാംഗമായിട്ടുപോലും ഒരു മഹാരാജാവുണ്ടെങ്കിൽ അദ്ദേഹത്തിൻെറ പേരെ അതിന്ന് ഇടാറുള്ളു. മാത്താണ്ഡവമ്മ തുടങ്ങിയുള്ള പേരുകൾ അതിന്ന് ഉദാഹരണവും ആണ്. പിന്നെ എന്താണ്, ശ്രീമാൻ ജോസഫ് അവർകൾ, ദാതാവായ ശ്രീ വീരരാഘവ ചക്രവത്തിയുടെ തിരുനാമത്തെ വിസ്മരിച്ചു്, പ്രതിഗ്രഹീതാവായ മകോതയർ പട്ടണത്തു് ഇരവികൊത്തൻെറ പേരു പട്ടയത്തിൻെറ തലക്കെട്ടായി കല്പിച്ചതു്? ഇതിന്ന് ഉത്തരം എന്തുതന്നെയായാലും തൃപ്തികരമായിരിക്കുമെന്നു തോന്നുന്നില്ല. ചക്രവത്തിയിൽനിന്നു പകൽവിളക്കും, പാവാടയും, ശംഖും, ഐന്തോളവും ആദിയായിഅനവധി സ്ഥാനമാനങ്ങൾ കിട്ടിയ ഇരവികൊത്തൻ സ്വവഗ്ഗീയനായ ഒരു മഹാധന്യനായിരുന്നു എന്നു് ഓത്തപ്പോൾ, അദ്ദേഹത്തെ വീരരാഘവ ചക്രവത്തിയെക്കാളും വമ്പനെന്നു മി. ജോസഫ് അവർകൾ സംഭാവനം ചെയ്തുപോയതു ക്ഷന്തവ്യമാണ്. അയ്യനടികൾ തിരുവടികൾ കൊടുത്ത ചെപ്പേടും, ഭാസ്കരരവിവമ്മ പ്രസാദിച്ചുകൊടുത്ത ചെപ്പേടും പ്രതിഗ്രഹീതാക്കന്മാരുടെ ധന്യനാമങ്ങളാൽ അങ്കിതമായിരിക്കുന്നതിനും സമാധാനം ഏതാണ്ട് ഇതുതന്നെ എന്നുപറയണം— അതിരിക്കട്ടെ. മി. ജോസഫിൻെറ കുററം പറയുന്നതിനല്ല നാം ഇവിടെ ശ്രമിക്കുന്നതു്. ഈ വീരരാഘവനും, ഇരവികൊത്തനും ആരായിരുന്നു, അവർ എന്നു ജീവിച്ചിരുന്നു, എന്ന വിഷയങ്ങളേപ്പററി വല്ലതും അറിയാൻ നിവൃത്തിയുണ്ടോ എന്നു പരിശോധിക്കാം.

കേരളം പണ്ടു് ഏതെല്ലാം മഹാരാജാക്കന്മാർ ഭരിച്ചിരുന്നു എന്നു് ആരായാൻ തുടങ്ങിയാൽ, അടിക്കടി, പല വിഷമങ്ങളിൽപെട്ടു് മനസ്സ് കുഴങ്ങാൻ ഇടയാകും. ഒട്ടേറേ ചെമ്പുതകിടു് ആധാരങ്ങളും ശിലാശാസനങ്ങളും ഇന്നു പ്രസിദ്ധപ്പെട്ടുത്തിയിട്ടുള്ളതുകൊണ്ടു്, ദാനകത്താക്കന്മാരായ പല മഹാ രാജാക്കന്മാരുടെ തിരുനാമങ്ങളുമായി നമുക്കു പരിചയപ്പെടാൻ സംഗതിയായിട്ടുണ്ടു്. അവരിൽ മുഖ്യന്മാർ ഭാസ്കരരവിവമ്മയും, വീരരാഘവ ചക്രവത്തിയുംതന്നെ. അയ്യനടികൾ തിരുവടികളും മററും അവരുടെ കീഴിൽ പ്രാദേശിക ഭരണകത്താക്കന്മാരായിരുന്നു. ശ്രീവല്ലഭൻ കോത, സ്ഥാണുരവിഗുപ്തൻ തുടങ്ങിയുള്ള പേരുകൾ പ്രകൃതത്തിൽ ആവശ്യമില്ലാത്തതുകൊണ്ടു് വിട്ടിരിക്കുന്നെന്നേ ഉള്ളു. ഇവരെല്ലാം എന്നെന്നു കേരളം ഭരിച്ചിരുന്നു, അവരുടെ തലസ്ഥാനങ്ങൾ എവിടെവിടെയായിരുന്നു, എന്നൊന്നും അറിയാൻ യാതൊരു നിവൃത്തിയുമില്ലാതെയാണ് ഇരിക്കുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഭാസ്കരരവിവമ്മ ഒരു പെരുമാളായിരുന്നെന്നാണ് എനിക്കു തോന്നുന്നതു്. മററു പണ്ഡിതന്മാരും ഈ അഭിപ്രായം തന്നെയാണു പറഞ്ഞിട്ടുള്ളതു്. ഭാസ്കരരവിവമ്മയുടെകാലം ഏതാണ്ടു തീച്ചപ്പെ

ട്ടിട്ടുള്ളതാണെന്നു പറയാം. ഏ. ഡി. ൻറ്വെ-തൊട്ട ഫറമ്പ്മ-ാമാണ്ടുവരെയായിരുന്നു ഭാസ്കരരവിവമ്മ ഭരിച്ചിരുന്നതെന്നാണൊരഭിപ്രായം. ഈ കണക്കനുസരിച്ച്, അദ്ദേഹം അമ്പത്തെട്ടുവഷം ഭരിച്ചിരുന്നതായിവരുന്നു. ഒരു രാജാവിന്ന് ഇത്ര ദീർഘമായ ഒരു ഭരണകാലം കല്പിക്കുന്നതിൽ മനസ്സില്ലാതെ, മററു ചിലർ ഭാസ്കരരവിവമ്മ എന്നപേരിൽ രണ്ടു ചക്രവത്തിമാരുണ്ടായിരുന്നെന്നു വാദിക്കുന്നു. അതിവിടെ പ്രതിപാദ്യമല്ല. ഭാസ്കരരവിവമ്മ പെരുമാളായിരുന്നോ എന്നുള്ള അംശത്തിൽ മാത്രമെ നമുക്കു വിചാരണം ആവശ്യമുള്ളൂ. എന്തുകൊണ്ടെന്നാൽ, ഭാസ്കരരവിവമ്മയുടെ കാലത്തിനുശേഷം ജീവിച്ചിരുന്ന ആളായിരിക്കണം വീരരാഘവർ എന്നുള്ളതു് തീച്ചയാണ്. ആ സ്ഥിതിക്കു വീരരാഘവനും പെരുമാൾതന്നെ ആയിരുന്നോ എന്നുള്ള ചിന്ത പ്രകൃതത്തിൽ സമാഗതമാകുന്നതാണ്. വീരരാഘവ ചക്രവത്തി പെരുമാൾ തന്നെ ആയിരുന്നോ?

ആയിരുന്നു എന്നുതന്നെയാണ് എനിക്കുതോന്നുന്നതു്. അദ്ദേഹം പേരിനു മാത്രം പെരുമാളായിരുന്നു. എങ്കിലും, കൊച്ചിയിലെ ഒരു രാജാവെന്ന നിലയിലെ അദ്ദേഹത്തിനു ഭരണാധികാരം ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഭാസ്കരരവിവമ്മാദികളെപ്പോലെ ഒരു പെരുമാളായിരുന്നു എന്നു വാദിക്കുന്നപക്ഷം, പെരുമാൾ വാഴ്ചയുടെ കാലം വളരെ ഇങ്ങോട്ടു പിടിച്ചുകൊണ്ടു വരേണ്ടിയിരിക്കും. അല്ലെങ്കിൽ, മി. കെ. എൻ. ഡാനിയൽ തുടങ്ങിയുള്ളവർ വാദിക്കുന്നതു പോലെ, വീരരാഘവാദികളേ ഏ. ഡി. മൂന്നാംശതകത്തിലേക്ക് ആയയ്ക്കേണ്ടിവരും. ഇതു രണ്ടും ഒക്കുന്ന വിദ്യയല്ലെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. ഒന്നാമതു്, മലയാളഭാഷയ്ക്കു്, ഏ. ഡി. മൂന്നാംശതകത്തിൽ സിദ്ധിച്ചിരുന്ന വളച്ചയേപ്പററി പരിഗണിക്കുമ്പോൾ, താഴെ ഉദ്ധരിക്കുന്ന ഭാഷാരീതി എത്രയൊ വിദൂരത്തിലായിരിക്കുന്നെന്നു പറയേണ്ട ആവശ്യമില്ലെന്നു കാണാം. താമ്രശാസനം ഇവിടെ ഉദ്ധരിക്കാം :—

"ഹരി ശ്രീമഹാഗണപതേ നമ. ശ്രീ പൂപാലനരപതി ശ്രീവീരകേരള ശക്രവത്തി ആതിയായി മുറമുറയേ പലനൂറായിരത്താണ്ടു ചെങ്കോൽ നടത്തായി നിൻറ ശ്രീവീരരാഘവശക്രവത്തിക്കു തിരുവീരാച്യം ചെല്ലായിനിൻറ മകരഞ്ഞായറുവിയാഴം മീനഞ്ഞായറു ഇരുപത്തൊൻറു ചെൻറ ചനിരോഹണിനാൾ പെരുങ്കോയിലകത്തിരുന്നരുള മകോതൈയർ പട്ടിണത്തു ഇരവികൊത്തനനായ ചേരമാൻ ലോകപ്പെരും ചെട്ടിക്കു് മണിക്കിരാമപട്ടം കുടുത്തോം. വിളാവാടെയും, പവനത്താങ്കും വെറു പേറും കട്ടുത്തുവളെഞ്ചിയമും, വളെഞ്ചിയത്തിൽ തനിച്ചെട്ടും മുർച്ചൊല്ലും, മുന്നടെയും, പഞ്ചവാദ്യമും, ശംഖും, പകൽവിളക്കും, പാവാടയും, ഐന്തോളമും, കൊററക്കുടയും, വട്ടകപ്പറെയും, ഇട്ടപിടി തോരണമും, നാലുചേരിക്കും തനിച്ചെട്ടും കുടുത്തോം. വാണിയരും ഐംകമ്മാളരെയും അടിമ കുടുത്തോം. നകരത്തുക്കു കത്താവായ ഇരവികൊത്തനക്കു് പറകൊണ്ടളന്നു, നിറകൊണ്ടു തൂക്കി, നൂൽകൊണ്ടു പാകി, എണ്ണിൻറതിലും എടുക്കിൻറതിലും, ഉപ്പിനോടു ശക്കരയോടു കസ്തൂരിയോടു വളക്കെണ്ണയോടു ഇടയിൽ ഉള്ളതു് എപ്പേർപ്പട്ടതിനും തരകും, അതിനടുത്ത ചുങ്കമും ക്രട കൊടുങ്ങല്ലൂർ അഴിവിയോടു കോ

പുരത്തോടു വിശേഷാൽ നാലു തളിയും, തളിക്കുടുത്ത കിരാമത്തോടിടയിൽ നീർമ്മതലായി ചെപ്പേടു എഴുതിക്കുടുത്തോം. ചേരമാൻ ലോകപ്പെരും ചെട്ടിയാന ഇരവികൊത്തനുക്കു്. ഇവൻ മക്കൾ മക്കൾക്കേ വഴി വഴിയേ പേറാകക്കുടുത്തോം. ഇതറിയും പൻറിയൂർക്കിരാമവും ചൊകിരക്കിരാമവും അറിയക്കുടുത്തോം. വേണാടും ഓടനാടും അറിയക്കുടുത്തോം. ഏറനാടും വള്ളുവനാടും അറിയക്കുടുത്തോം. ചന്ദ്രാദിത്യകളുള്ള നാളെക്കു കുടുത്തോം. ഇവർ കളറിയ ചെപ്പേടെഴുതിയ ചേരമാൻ ലോകപ്പെരും തട്ടാൻ നംപിചടെയൻ കൈയെഴുത്തു.''

ഇതിലെ ഭാഷ ഉണ്ണുനീലിസന്ദേശകാലത്തെ ഭാഷാരീതിയോടു് അടുത്തിരിക്കുന്നെന്നു കല്പിക്കേണ്ടിയിരിക്കുന്നു. സംസ്കൃതപദങ്ങൾ വളരെ ധാരാളമായി ഉപയോഗിച്ചിരിക്കുന്നതു തന്നെ അതിനു ലക്ഷ്യമാണു്. ശക്കര, കസ്തൂരി, വിശേഷാൽ തുടങ്ങിയുള്ള പദങ്ങൾ ഇന്നത്തെപ്പോലെ തന്നെ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. ഏ. ഡി. മൂന്നാം ശതകത്തിലെ ഭാഷാരീതി ഇതായിരുന്നു എന്നു കല്പിക്കേണ്ടിവന്നാൽ, മലയാളഭാഷാവികാസത്തെപ്പററി നമുക്കു് ഇപ്പോഴുള്ള സകലധാരണകളും മാറേറണ്ടിവരും. പക്ഷെ, മററുശിലാരേഖകളിൽ നിന്നും മററും കിട്ടുന്നതെളിവുകൾ കൊണ്ടു നമുക്കുള്ള ധാരണ ശരിയായിരിക്കുന്നു എന്നു തീച്ചപ്പെടുത്താവുന്ന സ്ഥിതിക്കു്, ഏ. ഡി. ൨൩൦-ാമാണ്ടായിരിക്കണം വീരരാഘവപ്പട്ടയത്തിന്റെ കാലമെന്നുള്ള മി: ഡാനിയലിന്റെയും മററും വാദം സ്വീകാൎയ്യമായിവരുന്നില്ല. ഭാസ്കരരവിവൎമ്മയും, വീരരാഘവനും * മാകോതയർ പട്ടണത്തിൽവച്ചു എഴുതിയിട്ടുള്ള രണ്ടു് ചെമ്പുപട്ടയങ്ങൾ നമുക്കു കിട്ടിയിട്ടുണ്ടു്. അതുകൊണ്ടു് ദേശവിഷയകമായി ഭാഷാഭേദം അവയിൽ കടന്നുകൂടിയിരിക്കാൻ നിവൃത്തിയില്ല. പിന്നെ, ആ പട്ടയങ്ങളിൽ—ഈസ്സപ്പു ഇരപ്പാനു ഭാസ്കരരവിവൎമ്മകൊടുത്തതും, ഇരവികൊത്തനു വീരരാഘവൻ കൊടുത്തതുമായ പട്ടയങ്ങളാണു് ഇവിടെ സൂചിപ്പിക്കുന്നതു്—വല്ല വ്യത്യാസവും ഉണ്ടെങ്കിൽ, അതു കാലം കൊണ്ടു ഭാഷയ്ക്കുവന്നിള്ള വികാസത്തിൽ നിന്നു ഉണ്ടായിട്ടുള്ളതായിരിക്കണം. ഭാസ്കര രവിവൎമ്മയുടെ പട്ടയത്തിൽ സംസ്കൃതപദങ്ങൾ —ആദ്യമുള്ള സ്വസ്തിശ്രീ ഒഴിച്ചാൽ— ആകെ നാലോ അഞ്ചോ ആണു്. ആ പദങ്ങളേയും തത്ഭവങ്ങളാക്കിയാണു് ഉപയോഗിച്ചിട്ടുള്ളതു്; തത്സമങ്ങളായല്ല. ഭാസ്കരരവിവൎമ്മ എന്ന പേരുതന്നെ 'ശ്രീപാക്കരൻഇരവിവൎമ്മർ' എന്നാക്കിയിരിക്കുന്നതു നോക്കുക. 'പ്രസാദിച്ചരുളിയ പ്രസാദം', എന്നതിനു 'പിരസാതിച്ചെഴുതിയ പിരസാതം' എന്നാണു കാണുന്നതു്. പിന്നെയുള്ള സംസ്കൃതപദങ്ങൾ സന്തതി എന്നും, ചന്തിരൻ എന്നുമാണു്. ഈ ഭാഷാരീതിയെ വീരരാഘവന്റെ സംസ്കൃതപ്രധാനമായ ഭാഷാരീതിയോടു താരതമ്യപ്പെടുത്തിയാൽ, ഞാൻ മുമ്പുപറഞ്ഞകാൎയ്യം വ്യക്തമാകുന്നതാണു്. ഭാഷമാത്രം ആധാരമാ

* ഭാസ്കര രവിവൎമ്മ ഈസ്സപ്പു് ഇരപ്പാനു ചെമ്പുപ്പട്ടയം കൊടുക്കുന്നതു മുയിരിക്കോട്ടു വച്ചാണു്.

ക്കികൊണ്ടു കാലനിൎണ്ണയം ചെയ്യുന്നതു സാഹസമാണെന്നു പറയുന്നവരുടെ വാദം എനിക്കു മനസ്സിലാകുന്നില്ല. അല്ലെങ്കിലും ഭാഷ മാത്രം ആസ്പദമാക്കിയല്ല കാലത്തെപററി വാദിക്കുന്നതെന്നും, ഭാഷവച്ചുകൊണ്ടു ഇന്നകാലമാണെന്നു ഖണ്ഡിച്ചു പറയുന്നില്ലെന്നും കൂടെ പറയാനുണ്ട്. ചുരുക്കത്തിൽ, ഭാഷകൊണ്ട് ഇത്രയെ ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശമുള്ളു. ഭാസ്കരരവിവൎമ്മയ്ക്കുശേഷമായിരിക്കണം വീരരാഘവൻ ജീവിച്ചിരുന്നതു്. അക്കാൎയ്യത്തിൽ എനിക്കു സംശയമില്ല.

ഇനിയും ചിലകാൎയ്യങ്ങൾകൂടെ പരിശോധിക്കാം. സാധാരണ ചെമ്പുപട്ടയങ്ങൾ തുടങ്ങുന്നരീതിയിലല്ല വീരരാഘവപ്പട്ടയം തുടങ്ങുന്നതെന്നുള്ളതു ശ്രദ്ധേയമാണ്. വീരരാഘവചക്രവൎത്തി തന്റെ വംശസ്ഥാപകനായ വീരകേരളചക്രവൎത്തിയെ സ്മരിച്ചുകൊണ്ടാണു ദാനപ്രമാണം തുടങ്ങുന്നതു്. ഭാസ്കരരവിവൎമ്മയാകട്ടെ, സ്ഥാണുരവിയാകട്ടെ ഇങ്ങനെ ചെയ്യുന്നില്ല, നോക്കുക — ചിലപ്രമാണങ്ങളുടെ ആരംഭവാചകങ്ങൾ കാണിക്കാം. ''കോത്താണു ഇരവിക്കു ചെല്ലായിനിന്റെ യാണ്ടുപതിനേഴ''--(തിരുവല്ലാ മൂവിടത്തു മേച്ചേരിഇല്ലംവക ചെപ്പേട് — പുറം ൮൭—Travancore Arch-Series Vol-II. Part 1). ''സ്വസ്തി-കൊത്താണു ഇരവിക്കുതൻ പലന്തുറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പട്ടത്താളാനിന്റെ യാണ്ടുൾച്ചെല്ലാനിന്റെയാണ്ടെണ്ണു— ഇവ്വാണ്ടു''— സ്വപിരീശോപള്ളിയുടെ കൊട്ടത്തചെപ്പേട്-. ''സ്വസ്തിശ്രീകോപാക്കരനിരവിവന്മർ തിരുവടിക്കു ച്ചെല്ലാനിന്റെയാണ്ടു ഐമ്പത്തെട്ടാമാണ്ടു ചിങ്ങത്തിൽ വിയാഴംനിന്റയാണ്ട്—''.

ഭാസ്കരരവിവൎമ്മയുടെ മററു ശിലാശാസനങ്ങളുടെ കഥയും ഇതുതന്നെ. ഇവിടെ സ്ഥാണുരവിയുടെയും ഭാസ്കരരവിവൎമ്മയുടെയും ശാസനങ്ങൾ പരിശോധിച്ചാൽമതി. എന്തുകൊണ്ടെന്നാൽ, പെരുമാക്കന്മാരായി കരുതുന്നതു ഇവരെയും വീരരാഘവചക്രവൎത്തിയെയും മാത്രമാണല്ലോ. ഇതിൽനിന്നുതെളിയുന്നതു, വീരരാഘവൻ സ്വവംശസ്ഥാപകനായ വീരകേരളനെ സ്മരിച്ചിരിക്കുന്നതു്—വിശേഷിച്ചും, ഭാസ്കരരവിവൎമ്മതൊട്ടുള്ളവരുടെ ശാസനശൈലിയിൽ നിന്നു വ്യത്യസ്തമായവിധത്തിൽ അപ്രകാരം ചെയ്തിട്ടുള്ളതു് —സകാരണമായിത്തന്നെയാണെന്നാണ്. ഈ കാരണം എന്തെന്നുനോക്കാം.

ഭാസ്കരരവിവൎമ്മയുടെ ശാസനങ്ങളിൽനിന്ന്, ചങ്ങനാശ്ശേരിതൊട്ടു വടക്കു വയനാട്ടുവരെയുള്ള സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ അധികാരം നടന്നുപോന്നിരുന്നു എന്നു തീൎച്ചയാണ്. സ്ഥാണുരവിഗുപ്തചക്രവൎത്തിയുടെ കഥയും വ്യത്യസ്തമല്ല. വേണാട്ട് അയ്യനടികൾ തിരുവടികൾ തരിസാപ്പള്ളിക്കു ചെപ്പേട് എഴുതിക്കൊടുക്കുമ്പോൾ, ''കോത്താണു ഇരവിക്കുതൻ പലന്തുറായിരത്താണ്ടു മറുകുതലൈച്ചിറന്തടിപ്പടുത്താളാ നിന്റെയാണ്ടുൾചെല്ലായിനിന്റയാണ്ടെണ്ണു'' എന്നു പ്രക്രമിച്ചിരിക്കുന്നതിൽനിന്ന്, സ്ഥാണുരവി അന്നത്തേ കേരളചക്രവൎത്തിയായിരുന്നെന്നും, അദ്ദേഹത്തിന്റെ അധികാരം തെക്കു വേണാട്ടുവരെ വ്യാപിച്ചിരുന്നെന്നും കരുതേണ്ടിയിരിക്കുന്നു. ഈ രണ്ടുചക്രവൎത്തികളുടെയും കാലനിൎണ്ണയത്തിൽ അഭിപ്രായവ്യത്യാസത്തിനു വകയുണ്ടാക്കിയിരിക്കാം. പക്ഷെ, ഇവരുടെ കാലം ഏ. ഡി. പതിനൊന്നാം

ശതകത്തിനു മുമ്പായിരിക്കണമെന്നു പറയുമ്പോൾ ആരും സമ്മതിക്കുമെന്നു തീർച്ചയാണ്. അത്രമാത്രമെ ഇവിടെ ആവശ്യമുള്ളു. ഇവർ രണ്ടുപേരും പലകാലമായി ഭരിച്ചുവന്ന പെരുമാൾപരമ്പരയിൽപ്പെട്ട അവസാനചക്രവത്തിമാരായിരിക്കണം. അവരുടെകാലമായപ്പോഴേക്കുതന്നെയും, കേരളത്തിന്റെ നാനാഭാഗങ്ങളിലും, ഒട്ടേറെസ്വതന്ത്രമായും, എന്നാൽ പേരുമാൾകോയ്മയേ ഏതാണ്ടു വകവച്ചും, അനവധി രാജാക്കന്മാർ ഭരിച്ചുപോന്നു എന്നു സംശയംകൂടാതെ പറയാവുന്നതാണ്. ഭാസ്കരരവിവമ്മ ജൂതന്മാക്കു കൊടുത്ത ചെമ്പുപട്ടയത്തിന്റെ അവസാനം, "ഇപ്പരി അറിവേൻ വെണാട്ടുടെയ കോവർത്തനമാത്താണ്ടൻ. ഇപ്പരി അറിവേൻ വെൺപലിനാട്ടുടെയ കോതൈചിരികണ്ടൻ. ഇപ്പരി അറിവേൻ ഏറാൾനാട്ടുടൈയ മാനവെപലമാനവിയൻ. ഇപ്പരി അറിവേൻ വള്ളുവനാട്ടുടൈയ ഇരായിരഞ്ചാത്തൻ. ഇപ്പരി അറിവേൻ നെടുമ്പുറൈയൂരുനാട്ടുടൈയ കോതൈയിരവി;" എന്നു കാണുന്നതിൽനിന്ന്, ഭാസ്കരരവിവമ്മയുടെ കാലത്തു് വേണാട്ട്, വെൺപലനാട്ട്, ഏറാൾനാട്ട്, വള്ളുവനാട്ട്, നെടുമ്പുറയൂർ എന്നദേശങ്ങളെല്ലാം മിക്കവാറും സ്വതന്ത്രമായിത്തന്നെ വത്തിച്ചിരുന്നു എന്നു കാണാവുന്നതാണല്ലോ. 'നാട്ടുടൈയ' എന്നെഴുതിയിരിക്കുന്നതു് ശ്രദ്ധേയമാണ്. ഇങ്ങനെ, കാലക്രമേണ സ്വതന്ത്രമായിവന്ന വേണാട്ടു തൊട്ടുള്ളരാജ്യങ്ങൾ പ്രത്യേകം രാജാക്കന്മാരാൽ ഭരിക്കപ്പെട്ടുവരുമ്പോഴും, പേരിനുമാത്രം ഒരു പെരുമാൾ മകോതയർ പട്ടണത്തിൽ കുടികൊണ്ടുപോന്നിരിക്കണം എന്നു ഊഹിക്കാനാണു ന്യായം കാണുന്നതു്. പെരുമാക്കന്മാരുടെ നേരേ പിന്തുടച്ചക്കാരായിട്ടാണ്, പലപണ്ഡിതന്മാരും, കൊച്ചിരാജവംശത്തെപ്പററി പറഞ്ഞു കാണുന്നതു്. ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്, വീരരാഘവചക്രവത്തി, ഇപ്രകാരം നാമമാത്രമായി കേരളാധിപത്യം വഹിച്ചിരുന്ന അവസാനത്തെ ഒരു പെരുമാളും, കൊച്ചിരാജ്യം നേരിട്ടുഭരിച്ചുപോന്ന തമ്പുരാനും ആയിരുന്നിരിക്കണം എന്നാണ്. കൊച്ചിരാജ്യത്തെ സാക്ഷിപട്ടികയിൽ ഒരിടത്തും ഉൾപ്പെടുത്തിക്കാണുന്നില്ലെന്നുള്ളതിനു സമാധാനം, കൊച്ചി, പെരുമാളുടെ സ്വന്തംവംശംതന്നെയാണെന്നുള്ളതാണ്. അതിരിക്കട്ടെ. വീരരാഘവചക്രവത്തി ബലഹീനനായ ഒരു പെരുമാളായിരുന്നിരിക്കണം എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ അധികാരം സാമന്തരാജാക്കന്മാർ തീരെ വകവെച്ചിരുന്നില്ലെന്നും വിചാരിക്കാം. അന്നു മകോതെയർപട്ടണം വലിയ ഒരു വ്യാപാരകേന്ദ്രമായിരുന്നിരിക്കണം. അതിനു സാക്ഷ്യമായി മററു ചരിത്രരേഖകളും സുലഭമാണ്. ഇരവികൊത്തൻ അന്നു് അവിടെയുണ്ടായിരുന്ന വലിയ ലക്ഷപ്രഭുക്കളായ വ്യാപ്യാരികളിൽ തലവനായിരുന്നിരിക്കണം. കൊത്തൻ മഹാരാജാവിന്നു് അനവധി ധനം കാഴ്ചവച്ചുംമററും പ്രസാദിപ്പിച്ചതിന്റെ ഫലമായിട്ടായിരിക്കണം ഇത്രവലിയ പദവികളെല്ലാം ലഭിച്ചതു്. ഭാസ്കരരവിവമ്മ ജൂതന്മാക്കു കൊടുത്ത ദാനപത്രത്തിൽ, "മയിരികോട്ട് ഇരുന്തരുളിയ നാൾ പിരസാദിച്ച് അരുളിയ പിരസാദമാവതു്," എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ, വീരരാഘവചക്രവത്തിയുടെ പട്ടയത്തിൽ

പ്രസാദകാര്യത്തെപ്പററിയൊന്നും പ്രസ്താവിച്ചുകാണുന്നില്ല. എന്നുതന്നെയുമല്ല, വീരരാഘവന്, ഭാസ്കരരവിവമ്മയെക്കാളും വ്യാപാരികളിൽനിന്നു പണം കിട്ടേണ്ട ആവശ്യമുണ്ടായിരുന്നെന്ന്, അദ്ദേഹം കൊടുത്തിട്ടുള്ള അവകാശങ്ങളുടെ സ്വഭാവം പരിശോധിച്ചാൽ മനസ്സിലാകും. ഇരവികൊത്തന് 'മണിക്കിരാമപട്ടം' കൊടുത്തതോടുകൂടി, 'വിളാവാട' 'പവനത്താങ്കു തുടങ്ങിയുള്ള പദവികളും, കടത്തുവളഞ്ചിയവും, വളഞ്ചിയത്തിൽ തന്നിച്ചെട്ടും കൊടുക്കുന്നു. പല സാധനങ്ങൾക്കും ചുങ്കം പിരിക്കാനുള്ള അവകാശങ്ങൾ കൊടുക്കുന്നു. കൊടുങ്ങല്ലൂർ അഴിതൊട്ടു ഗോപുരംവരെയുള്ള സ്ഥലങ്ങളിൽ സവ്വാവകാശവും കൊടുക്കുന്നു. ഇതിൽനിന്നു പലകാര്യങ്ങളും തെളിയും. ഇത്രയും അവകാശങ്ങളും അധികാരങ്ങളും അനുവദിച്ചുകൊടുത്തിട്ടുള്ളതുകൊണ്ട്, ഇരവികൊത്തനോടു ചക്രവത്തിക്ക് അത്യന്തമായ കടപ്പാടുണ്ടായിരുന്നിരിക്കും എന്നു വിചാരിക്കാം. പെരുമാക്കന്മാരുടെ പ്രധാനനഗരമായ കൊടുങ്ങല്ലൂർ തന്നെ ഇരവികൊത്തനു വിട്ടുകൊടുത്തതു സവ്വോപരി ശ്രദ്ധേയമാണ്. അന്നു ചക്രവത്തി ആ നഗരത്തിലല്ല വാണിരുന്നതെന്നു വിചാരിക്കാനും ന്യായമുണ്ട്. ഈ ദാനപത്രം കൊടുക്കാനായി പെരുംകോയിലകത്തു എഴുന്നള്ളിഇരുന്നതായിരിക്കണം. പൂവ്വന്മാരായ പെരുമാക്കന്മാരുടെ വാസസ്ഥാനമായിരുന്ന ആ മഹാനഗരം മിക്കവാറുംപരിത്യക്തമായ അവസ്ഥയിലായിരിക്കണം ഇരവികൊത്തനു ദാനംചെയ്തതെന്നും വിചാരിക്കാം.

ഇനിയും മുമ്പുസൂചിപ്പിച്ച ഒരുകാര്യം വ്യക്തമാക്കാം. വീരരാഘവൻ എന്തിനാണു തന്റെ വംശസ്ഥാപകനായ വീരകേരളനെ ദാനപ്രമാണത്തിന്റെ പ്രാരംഭത്തിൽ സ്മരിച്ചിരിക്കുന്നത്? ഞാൻ മുമ്പുപറഞ്ഞ വിധമാണെങ്കിൽ അതിന് ഒരു കാരണം ഉണ്ട്. അദ്ദേഹത്തിനു സ്വന്തമായി അപദാനങ്ങൾ ഒന്നും ഇല്ല. അധികാരവും അസ്തമിച്ചെന്ന മട്ടായി. ആ സ്ഥിതിക്ക്, തന്റെ പ്രാബല്ല്യം കുടുംബമാഹാത്മ്യത്തെ ആസ്പദമാക്കി മാത്രമാണല്ലോ കണക്കാക്കുന്നതു്. ഇരവിക്കൊത്തനോ, മററുവല്ലവക്കുമോ, ഈദാനം ചെയ്യാൻ തനിക്കുള്ള അധികാരത്തെപ്പററി സംശയമുണ്ടായാൽ, അതു നിവാരണം ചെയ്യാനായിട്ടാണ്, "വീരകേരളചക്രവത്തി ആതിയായി മുറമുറെയെ ഭരിച്ചുവരുന്ന" രാജാക്കന്മാരുടെ അനന്തരവനാണു താൻ എന്നു എടുത്തുപറഞ്ഞിരിക്കുന്നതു്. വീരരാഘവൻ എന്ന് കൊച്ചിയിലെ രാജാക്കന്മാരിൽ ആക്കും തിരുനാമമുണ്ടായിരുന്നതായി അറിയുന്നില്ലെന്നു കൊച്ചിരാജ്യചരിത്രകത്താവായ മി: കെ. പി. പത്മനാഭമേനോൻ പറഞ്ഞിട്ടുണ്ട്. പക്ഷെ, കൊച്ചി പണ്ടു ഭരിച്ചിരുന്ന എല്ലാ മഹാരാജാക്കന്മാരുടെ പേരും നമുക്ക് അറിയാൻ പാടില്ല എന്നുള്ളതുകൊണ്ട്, വീരരാഘവൻ എന്നൊരു ചക്രവത്തി അവിടെ ഭരിച്ചിരുന്നില്ല എന്നു വാദിക്കാൻ വഴിയും ഇല്ല. അതുകൊണ്ട്, നമ്മുടെ ചക്രവത്തി, പെരുമാക്കന്മാരിൽ അവസാനത്തെ ആളും, പേരിനുമാത്രം ചക്രവത്തിയും, കൊച്ചിരാജ്യത്തിനുമാത്രം ഭരണകത്താവും, ആയിരുന്നിരിക്കണം എന്നുതന്നെ വാദിക്കേണ്ടിയിരിക്കുന്നു.

ശ്രീവീരരാഘവനെപ്പററി വേറെ യാതൊരു രേഖയും നമുക്ക് ഇതുവരേയും കിട്ടിയിട്ടില്ല. അദ്ദേഹത്തെപ്പററി കേട്ടുകേഴ്‌വിയുമില്ല. അദ്ദേഹത്തിൻെറ ഇപ്പോഴത്തെ സ്ഥിതി മുഴുവൻ ഈ ചെമ്പുതകിടിനെ ആധാരമാക്കിയാണ്. എന്നുതന്നെയല്ല, വീരരാഘവൻ എന്ന പേരുതന്നെ കേരളത്തിലെ പൂർവ്വരാജാക്കന്മാരിൽ ആൎക്കെങ്കിലും ഉണ്ടായിരുന്നോ എന്ന് പണ്ഡിതന്മാർ ബലമായി സംശയിക്കുന്നും ഉണ്ട്. പേരുകൊണ്ട് വൈഷ്ണവനാണെന്നു തോന്നും; വൈഷ്ണവമതം പ്രചാരത്തിലിരുന്ന കാലത്തായിരിക്കണം ഇദ്ദേഹത്തിൻെറ ജനനം എന്നു തീൎച്ചയാണ്. അല്ലെങ്കിൽ, ഇങ്ങനെയൊരു പേരിടാൻ നിവൃത്തിയില്ല. —പേരിൻെറ കഥയെപ്പററി പറയുമ്പോൾ ഭാസ്കരരവിവൎമ്മയുടേയും, സ്ഥാണുരവിഗുപ്തൻേറയും കാൎയ്യവും ഓൎമ്മയിൽ വരുന്നു. ഈ പേരുകളും കേരളത്തിൽ അധികം പ്രചാരമുള്ളവയല്ലല്ലോ.

M-961

ഇനിയും, വീരരാഘവൻെറയും, ഈ ചെമ്പുതകിടാധാരത്തിൻേറയും, കാലം ഏതാണെന്നുകൂടെ നിൎണ്ണയിച്ചിട്ടു മററു കാൎയ്യങ്ങളിലേക്കു തിരിയാം. നിൎണ്ണയിച്ചിട്ട് എന്നു പറയുന്നതു ഔപചാരികമായി മാത്രമാണ്—എന്തുകൊണ്ടെന്നാൽ, നിൎണ്ണയിക്കാൻ സാധിക്കാത്ത ഒന്നിനെപ്പററിയാണ് നാം അങ്ങനെ പറയുന്നതു്. ഏ. ഡി. മൂന്നാം ശതകംതൊട്ട് പതിനാലാം ശതകം വരെയുള്ള ഓരോ നൂററാണ്ടിനേയും ഈ ആധാരത്തിൻെറ കാലമായി പണ്ഡിതന്മാർ കല്പിച്ചിട്ടുണ്ട്. മി. കെ. എൻ. ഡാനിയലാണ് ൨൩൨൦-ാമാണ്ടാണ് ഈ ദാനപ്രമാണം ചമച്ചതെന്നു വാദിക്കുന്നവരിൽ പ്രമാണി. അദ്ദേഹം പലതെളിവുകളും ഹാജരാക്കുന്നുണ്ട്. ഡാക്ടർ ബർണൽ കല്പിക്കുന്നതു് ഏ. ഡി. ൭൭൪-ാമാണ്ടെന്നാണ്. കേരള ചരിത്രകാരനായ മി. കെ. പി. പത്മനാഭമേനോൻ ബർണലിൻെറ അഭിപ്രായത്തോടു യോജിക്കുന്നു. (Hist-of Kerala—P. 273). വെങ്കയ്യാ അവർകൾ, ഭാഷാവിഷയകമായ പരിശോധന ചെയ്തു ശേഷം, പതിമൂന്നോ പതിനാലോ ശതകങ്ങളിലായിരിക്കണം ഇതിൻെറ കാലം എന്നു തീൎച്ചപ്പെടുത്തുന്നു. കീൽഹോൺ ജ്യോതിശ്ശാസ്ത്രപരമായ പരിശോധന നടത്തിയിട്ട്, ൧൩൨൦—മാൎച്ച് മാസം ൧൫-ാംതീയതി ശനിയാഴ്ചയാണ് ഈ ആധാരം ചമച്ചിട്ടുള്ളതെന്നു സംശയംകൂടാതെ ക്ലിപ്തപ്പെടുത്തുന്നു. മി. ഡാനിയലിൻെറ അഭിപ്രായത്തിൽ, വീരരാഘവൻ, ഭാസ്കരരവിവൎമ്മയെക്കാളും പ്രാചീനനാണ്. മി. ടി. കെ. ജോസഫ്, ഡാനിയലിൻെറ അഭിപ്രായത്തോടു തീരെ യോജിക്കുന്നില്ല. ഭാഷാസംബന്ധമായി നോക്കിയാൽ, ൧൩൨൦—നോടു യോജിക്കാനേ തരമുള്ളു എന്നു മി. ജോസഫ് അഭിപ്രായപ്പെടുന്നു. മി. കെ. പി. പത്മനാഭമേനോൻെറ അഭിപ്രായം, ഭാസ്കരരവിവൎമ്മയുടെ ശാസനം ൭൦൦—ാമാണ്ടും, വീരരാഘവപ്പട്ടയം ൭൭൪—ാമാണ്ടും, സ്ഥാണുരവിയുടെ കാലത്തു അയ്യനടികൾ തരിസാപ്പള്ളിക്കു കൊടുത്ത ചെപ്പേട് ൮൨൪—ാമാണ്ടും ഉണ്ടായിട്ടുള്ളതെന്നാണ്. ഭാസ്കരരവിവൎമ്മയുടേയും വീരരാഘവൻേറയും പട്ടയങ്ങൾ മുമ്പുതന്നെ പരിശോധിച്ച്, വീരരാഘവൻ ഭാസ്കരരവിവൎമ്മയേക്കാൾ അൎവ്വാചീനനായിരിക്കണമെന്നു കാണിച്ചിട്ടുണ്ടല്ലോ.

രണ്ടിലും ഉപയോഗിച്ചിട്ടുള്ള സംസ്കൃത പദങ്ങൾ നോക്കുക:—

(൧) ഭാസ്കരരവിവര്‍മ്മ:—
സ്വസ്തിശ്രീ
പാക്കരൻ ഇരവിവര്‍മ്മൻ
പിരാസാതിച്ച്
ചന്തിരനും
സന്തതിപ്പിരകിരുതി

(൨) വീരരാഘവൻ:—
ഹരിശ്രീമഹാഗണപതേ നമ
ശ്രീപൂപാലനരപതി
ശ്രീവീരകേരള ശക്രവര്‍ത്തി
ചനിരോഹണി
പവനത്താങ്ക്
പഞ്ചവാദ്യം — ശംഖം
ശക്കര—കസ്തൂരി
കോപുരം — വിശേഷാൽ
കിരാമം—ചന്ദ്രാതിത്യകൾ.

ഒരേ സ്ഥലത്തുവച്ച് എഴുതിയിട്ടുള്ള ഈ രണ്ടു പട്ടയങ്ങളിൽ, രണ്ടാമത്തെതിൽ ഇത്ര വളരെ തത്സമങ്ങളായ സംസ്കൃതപദങ്ങൾ കടന്നു കൂടിയിരിക്കുന്നതു് അതിന്റെ കാലഗണനയിൽ നമുക്കു സഹായകമാണു്. അധികം വിവരിക്കേണ്ട ആവശ്യമില്ല; എന്റെ അഭിപ്രായം മാത്രം പറഞ്ഞു വിരമിക്കാം. ഇതുവരെ ഈ പട്ടയത്തിന്റെ കാലഗണനാവിഷയകമായി പണ്ഡിതന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ഏററവും സ്വീകാര്യമായി എനിക്കുതോന്നീട്ടുള്ളതു് ൧൩൨൦—ാം—വര്‍ഷമാണു്. അതിനു് എന്റെ യുക്തികൾ ചിലതെല്ലാം മേൽ സൂചിപ്പിച്ചു കഴിഞ്ഞു. അവയെ സമാഹരിച്ചു് അടിയിൽ കാണിക്കാം. ഒന്നാമതു്, ക്രിസ്ത്വാബ്ദം പതിന്നാലാം ശതകത്തിനുമുമ്പു മലയാള ശൈലി ഈ ചെമ്പുപട്ടയത്തിൽ കാണുന്നപ്രകാരത്തിൽ ആയിത്തീര്‍ന്നിരുന്നു എന്നു വിചാരിക്കുക പ്രയാസമാണു്. ശൈലി മാത്രം നോക്കിയാൽ പോരാ, ജ്യോതിഷസംബന്ധമായി പ്രമാണത്തിൽ പറഞ്ഞിട്ടുള്ളതും നോക്കേണ്ടതുണ്ടു്. അതുകൊണ്ടു്, പന്ത്രണ്ടു്, പതിമൂന്നു്, പതിന്നാലു്, ഈ ശതകങ്ങളിൽ എന്നെങ്കിലും ഈ പ്രമാണത്തിൽ പറയുന്ന "മകരത്തുൾ വിയാഴം മീനഞായറു ഇരുപത്തൊൻറു ചൻറചനിരോഹണിനാൾ" ഒത്തുവരുന്നെങ്കിൽ ആ തീയതി സ്വീകാര്യമാകും. ഞാൻ ജ്യോതിശ്ശാസ്ത്രപരമായ പരിശോധന നടത്തിയില്ല. ൧൩൨൦— ഒത്തുവരും എന്നു് മററുള്ളവർ പറയുന്നതു ജ്യോതിഷസംബന്ധമായി അബദ്ധമല്ലെങ്കിൽ സ്വീകാര്യമെന്നാണു എനിക്കുതോന്നുന്നതു്. രണ്ടാമതു്, ഇരവികൊര്‍ത്തനു കൊടുങ്ങല്ലൂർ അഴിതൊട്ടുഗോപുരം വരെയും നാലുതളിക്കകത്തുള്ള സ്ഥലമാണുവിട്ടുകൊടുക്കുന്നതു്. ആ നഗരം ക്ഷയോന്മുഖമാകുന്നതിനു മുമ്പു് ഇപ്രകാരം ചെയ്തിരിക്കാൻ നിവൃത്തിയില്ല. പെരുമാൾ വാഴ്ച്ചക്കാലവും കഴിഞ്ഞു, പേരിനു മാത്രം ഒരു പെരുമാൾ എങ്ങാണ്ടു വാഴുന്ന ഒരു കാലത്തുമാത്രമേ ഇതു സംഭവിച്ചിരിക്കാൻ ഇടയുള്ളു. ക്രിസ്ത്വാബ്ദം ൫൧൬—ാമാണ്ടോടു് പെരുമാൾ വാഴ്ച്ച അവസാനിച്ചു എന്നാണു സാധാരണ വിശ്വാസം. പ്രകൃതത്തിൽ ഒരു വ്യാഖ്യാനം ആവശ്യമാകുന്നു. ൫൧൬—ാമാണ്ടോടെ പ്രബലന്മാരായ പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചിരിക്കണം. അതിനു ശേഷം വേണാടുതുടങ്ങിയുള്ള നാടുകൾ പ്രബലങ്ങളും സ്വതന്ത്രങ്ങളും ആയിത്തീര്‍ന്നു.

എന്നാൽ, അപ്പോഴും പെരുമാൾ എന്ന പേരു വഹിക്കുന്ന ഒരു ചക്രവർത്തി കൊച്ചിയിൽ അസ്തപ്രഭാവനായി കഴിച്ചിരിക്കണം. അങ്ങനെയുള്ള പെരുമാക്കന്മാരിൽ ഒരാളായിരിക്കണം — മിക്കവാറും അവസാനത്തെ ആൾ തന്നെയായിരിക്കണം — നമ്മുടെ വീരരാഘവചക്രവർത്തി. മൂന്നാമതു്, വൈഷ്ണവരുടെ രീതിയനുസരിച്ചുള്ള 'രാഘവനാമം' തന്നെയാണു്. വൈഷ്ണവമതം തെക്കേ ഇൻഡ്യയിൽ പ്രചരിച്ചതു് കൃസ്ത്വബ്ദം പന്ത്രണ്ടാംശതകത്തിലായിരുന്നല്ലോ. ആ മതം കേരളത്തിലും ഏതാണ്ടു പ്രചരിച്ചതിനുശേഷമായിരിക്കണം വീരരാഘവന്റെ ജന്മം എന്നു് ഊഹിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. പക്ഷെ, ഇതൊരു ഊഹം മാത്രമെ ആകുന്നുള്ളു. നാലാമതു്, ഈ ചെമ്പുപട്ടയത്തിലെ ലിപി പരിശോധിച്ചാൽ കിട്ടുന്ന തെളിവാണു്. ഏതദ്വിഷയകമായി എനിക്കു ചില സംശയങ്ങളുമുണ്ടു്. ഈ താമ്രശാസനത്തെപ്പററി എനിക്കുള്ള മററു സംശയങ്ങളുടെകൂടെ അതും ഉപന്യാസത്തിന്റെ അവസാനഭാഗത്തിൽ പറഞ്ഞുകൊള്ളാം— പട്ടയത്തിൽ കൊത്തിയിട്ടുള്ള ലിപികൾ വളരെ സമ്മിശ്രമായിരിക്കുന്നു. വട്ടെഴുത്തും ആര്യ എഴുത്തും നല്ലപോലെ കലർന്നിട്ടുണ്ടു്. ഇന്നു നാം എഴുതുന്നപോലെ പല വാക്കുകളും എഴുതിയിട്ടുണ്ടു്. കസ്തൂരി, വിളക്കെണ്ണ, ചെല്ല, വിശേഷാൽ തുടങ്ങിയുള്ള പദങ്ങളെല്ലാം ഇന്നു നാം എഴുതുന്ന അക്ഷരങ്ങൾക്കു് അണുപോലും മാററം വരാതെയാണു എഴുതിയിരിക്കുന്നതെന്നുള്ളതു് ശ്രദ്ധേയമാണു്. ഇതും പതിമൂന്നോ പതിന്നാലോ ശതകത്തിനു മുമ്പു പ്രമാണത്തെ വലിച്ചുകൊണ്ടുപോകാൻ തീരെ സമ്മതിക്കയില്ല. ഒന്നുകൂടെ; ഭാസ്കരരവിവർമ്മയുടെ ശാസനങ്ങളിലാകട്ടെ, സ്ഥാണുരവിഗുപ്തന്റെ ശാസനങ്ങളിലാകട്ടെ സാക്ഷിസ്ഥാനത്തു ഓടനാടു പറഞ്ഞുകാണുന്നില്ല. "വേണാടും ഓടനാടും അറിയക്കൂടുത്തോം", എന്നു വീരരാഘവപ്പട്ടയത്തിൽ അവസാനം പറഞ്ഞിട്ടുണ്ടു്. ഓടനാട്ടു് മററുള്ളവർ പറഞ്ഞിട്ടില്ലാത്തതു കൊണ്ടു് അന്നു പ്രത്യേകമായി ഉണ്ടായിരുന്നില്ല എന്നു വാദിക്കാൻ ന്യായമില്ല*. എന്നാൽ, വീരരാഘവൻ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ കാലത്തു ഓണാടു പ്രത്യേകം ശക്തിയുള്ള ഒരു നാടായിത്തീർന്നിരിക്കണം എന്നു വിചാരിക്കുന്നതു യുക്തിക്കു ചേർന്നതാണു്. വീരരാഘവപ്പട്ടയം ഫമവ൦—ലോ, അതിനടുത്തോ ഉണ്ടായതാണെന്നു കല്പിക്കുന്ന പക്ഷം, ആ ശതകത്തിൽ തന്നെ ഉണ്ടായതെന്നു കല്പിക്കേണ്ട ഉണ്ണുനീലിസന്ദേശത്തിൽ, ഓടനാടിന്റെ സമൃദ്ധിയെപ്പററിയും അവിടത്തെ മഹാരാജാവിനെപ്പററിയും പുകഴ്ത്തിയിട്ടുള്ളതുകൊണ്ടും അന്നു ഓടനാട്ടു് മിക്കവാറും സ്വതന്ത്രമായിരുന്നെന്നും കാണാവുന്നതാണു്. നോക്കുക:—

"കാണാം പിന്നെ ക്കമലവനിതാ-
മാനനേ വാചിവാണീം
വാൾമേൽ വീരശ്രിയമപി വഹി-
ക്കിൻറ വിഖ്യാതകീർത്തിം

* വേണാടിന്റെ ശാഖയായി ഓടനാട്ടു് പുരാതനകാലത്തേ ഉണ്ടായിരുന്നു. എന്നാൽ, അതിനു സ്വാതന്ത്ര്യം കിട്ടിയതു് വളരെ താമസിച്ചായിരുന്നു എന്നേ വിവക്ഷയുള്ളു.

തുൺ മേലുണ്ടാം നരഹരി നിഭം
ചെൻറതിപ്പ്വോക്കു നിത്യം
കാണ്മോർ കണ്ണിന്നമൃതകരനാ
മോടവന്നാടർ കോനേ."

ഇങ്ങനെയുള്ള മഹാരാജാക്കന്മാർ ഭരിച്ചിരുന്നതു കൊണ്ടാണ് വീരരാഘവൻ ഓടനാട്ട് അറിയെക്കൊട്ടത്തത്. വേണാട്ടും ഓടനാട്ടും അന്നും വീരരാഘവചക്രവത്തിയോട്ട് ആദരവു് പ്രകടിപ്പിച്ചു പോന്നിരിക്കണം; അല്ലെങ്കിൽ, അവരെ സാക്ഷികളായി വയ്ക്കയില്ലെന്നു വിചാരിക്കാം.— വെൺവലി നാടിനെ സാക്ഷി ചേക്കാത്തതിനെപ്പററി, മി. കെ. എൻ ഡാനിയൽ വളരെ വാദങ്ങൾ പുറപ്പെടുവിക്കുന്നുണ്ടു്. പട്ടയം ൨൩൦-ാമാണ്ടിടയ്ക്കാണ് എഴുതിയിട്ടുള്ളതെന്നും, അന്നു വെൺപലനാട്ട് പ്രത്യേകമായി ഉണ്ടായിട്ടില്ലെന്നും, അല്ലെങ്കിൽ ക്രിസ്ത്യാനികൾക്കു സവ്വപ്രധാനമായ ആ നാട്ട് സാക്ഷിസ്ഥാനത്തിൽ ചേക്കാതെ ഇരിക്കയില്ലെന്നും, അദ്ദേഹം സ്വപക്ഷസ്ഥാപനത്തിനുവേണ്ടി പറയുന്നു. പക്ഷെ, ഇതെല്ലാം പാടെ തെററിപ്പോയി. ഒന്നാമതു്, ഇരവി കൊത്തൻ ക്രിസ്ത്യാനിയല്ല. അതു മേൽ തെളിയിക്കും. പിന്നെ, ഓടനാട്ട് പട്ടയത്തിൽ സ്മരിച്ചിരിക്കുന്നതു ശ്രദ്ധിക്കണം. വെൺപലനാടിനെക്കാൾ മുമ്പു് ഓടനാട്ടുണ്ടായി എന്നു മി. ഡാനിയലിനു് സമ്മതിക്കേണ്ടിവരും; അതായതു് ൨൩൦-ാമാണ്ടു് ഓടനാട്ടുണ്ടായിരുന്നെന്നും, അന്നു വെൺപലനാട്ട് ഉണ്ടായിരുന്നില്ലെന്നും പറയേണ്ടിവരും. ഇതു ചരിത്രദൃഷ്ട്യാ ശരിയായിരിക്കുമെന്നു തോന്നുന്നില്ല. വെൺപലനാടിനെ സാക്ഷിയായി ചേക്കാത്തതിനു പലകാരണങ്ങൾ പറയാവുന്നതാണ്. ഒന്നാമതു് എല്ലാനാട്ടുകാരെയും സാക്ഷിയായി വച്ചു കൊള്ളണം എന്നു നിർബന്ധമില്ല. സൗകര്യവും ഇഷ്ടവും അനുസരിച്ചു ഏതാനും പേരെ ചേത്തു എന്നു വിചാരിക്കാം. വേറൊന്നു ഉള്ളതു്, അന്നു വെൺപലനാട്ടു വീരരാഘവപ്പെരുമാളിനെ ആദരിച്ചുവത്തിച്ചിരുന്നില്ലായിരിക്കാം എന്നാണ്. ഇതിൽ കൂട്ടതലൊന്നും വെൺപലനാടിനെപ്പററി പ്രത്യേകം പറയാത്തതിനെപ്പററി പറയേണ്ടതായിട്ടില്ല.

ഈ കാരണങ്ങളെല്ലാമാണ്, ഈ പട്ടയത്തിൻെറ കാലനിണ്ണയ വിഷയത്തിൽ എനിക്കു പറയാനുള്ളതു്. ഇനിയും ചിന്തിക്കാനുള്ളതു് ഇരവികൊത്തൻ ആരായിരുന്നു എന്നാണ്.

ചക്രവത്തിയിൽനിന്നും മണിഗ്രാമപട്ടവും, പല പദവികളും, അധികാരങ്ങളും കൈയ്ക്കലാക്കിയ അയാൾ സാമാന്യനല്ലായിരുന്നു. മണിഗ്രാമം എന്നുവച്ചാൽ എന്താണ്? സ്ഥാണുരവിഗുപ്തൻെറ കാലത്തു് അയ്യനടികൾ തിരുവടികൾ തരിസാപ്പള്ളിക്കു കൊടുത്ത ദാനപ്രമാണത്തിലും അറുന്നൂററുവരെപ്പററിയും, അഞ്ചുവണ്ണത്തെപ്പററിയും മണിക്കിരാമത്തെപ്പററിയും പറഞ്ഞിട്ടുണ്ടു്. മണിഗ്രാമക്കാർ ലോകത്തിൻെറ പല ഭാഗങ്ങളിലും ഉള്ളതായിട്ടു ചരിത്രത്തിൽ നിന്നു് അറിയാവുന്നതാണ്. മണിഗ്രാമം എന്തുതന്നെയായാലും, ഇരവികൊത്തൻ വലിയ ഒരു വ്യാപാരിയായിരുന്നു എന്നുള്ളതിനു സംശയമില്ല. വാണിജ്യത്തിനുവേണ്ട സൗകര്യങ്ങളും, ചുങ്കങ്ങൾ പിരിക്കാനുള്ള അവകാശങ്ങളുമാണു ചക്രവത്തി അയാൾക്കുകൊടുത്ത

അവകാശങ്ങളിൽ മുഖ്യമെന്നുള്ളതു് ഇതിനു് ഉപോദ്ബലകമായിരിക്കുന്നു. മണിക്കിരാമപട്ടം എന്നതിനു് അർത്ഥം മണിക്കിരാമം എന്ന സ്ഥാനം എന്നാണോ, മണിക്കിരാമത്തിന്റെ ആധിപത്യം എന്നാണോ, എന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. രണ്ടാമത്തെ അർത്ഥമാണു് ഒന്നുകൂടെ യോജിക്കുന്നതെന്നു തോന്നുന്നു. ഇരവികൊത്തനെപ്പററി പട്ടയത്തിൽ നിന്നു നമുക്കു് കിട്ടുന്ന അറിവു് എന്തെല്ലാം എന്നു നോക്കാം. ഒന്നാമതു്, അയാളുടെ പൂർണ്ണമായ പേരു മകോതയർ പട്ടണത്തു ഇരവികൊത്തനനായ ചേരമാൻ ലോകപ്പെരുംചെട്ടിയെന്നാണു്. ഇതുകൊണ്ടു് അയാൾ സ്വദേശിയായിരുന്നെന്നും, മകോതയ പട്ടണത്തു വളരെക്കാലമായി താമസിച്ചു പോന്ന ആളായിരുന്നെന്നും, ചേരമാൻ ലോകപ്പെരും ചെട്ടിയാകത്തക്ക പ്രഭാവം അയാൾക്കുണ്ടായിരുന്നെന്നും തെളിയുന്നു. പിന്നെ കാണുന്നതു് 'നഗരത്തുക്കു കർത്താവായ ഇരവികൊത്തനുക്കു്' എന്നാണു്. ഇതുകൊണ്ടു മകോതർപട്ടണം അയാൾ പുതുക്കിപ്പണികഴിച്ചിരിക്കണം എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. പെരുമാൾ വാഴ്ചയുടെ അവസാനത്തോടുകൂടി നശിച്ചുതുടങ്ങിയ ഈ നഗരത്തെ ഈ ശ്രേഷ്ഠിശ്രേഷ്ഠൻ പുതുക്കിപ്പണികഴിപ്പിച്ചെന്നു വിചാരിക്കുന്നതിൽ അസാംഗത്യം ഇല്ല. 'നഗരത്തുക്കു കർത്താ'വെന്നു വൃഥാ പ്രയോഗിച്ചിരിക്കയാണെന്നു പറവാൻ നിവൃത്തിയില്ല. നഗരം പുതുക്കിയതുകൊണ്ടുതന്നെയായിരിക്കണം ആ നഗരത്തിൽ കച്ചവടം ചെയ്യുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യവും, അവിടെനിന്നു ചുങ്കം പിരിക്കാനുള്ള അധികാരവും ഇയാൾക്കു് ചക്രവർത്തി കൊടുത്തതെന്നുംകൂടെ ഊഹിക്കാവുന്നതാണു്. മൂന്നാമതായി, പട്ടയത്തിൽ ചെട്ടിയെപ്പററി കാണുന്നതു്, "ഇവൻ മക്കൾക്കു വഴിവഴിയായി പേറാകക്കുടുത്തോം" എന്നാണു്. ഇതുകൊണ്ടു്, അയാൾ മക്കൾവഴിക്കാരനായിരുന്നു എന്നു തീർച്ചപ്പെടുത്താം. ചെട്ടികൾ ഇന്നും മക്കൾവഴിക്കാരാണല്ലോ.

ഇത്രയും കാര്യമേ ശാസനത്തിൽ നിന്നു ഇരവികൊത്തനെപ്പററി അറിയാൻ നിവൃത്തിയുള്ളൂ. മൂന്നുപ്രാവശ്യം അയാളുടെ പേരു കാണുന്നുണ്ടു്. ആദ്യം "ഇരവികൊത്തനനായ ചേരമാൻ ലോകപ്പെരും ചെട്ടി" എന്നും, പിന്നെ രണ്ടുവട്ടം 'ഇരവികൊത്തനുക്കു്' എന്നും ആണു കാണുന്നതു്. ആദ്യത്തെ 'കൊത്തനനായ' എന്നതിലെ ഒരു 'ന' ലേഖകപ്രമാദം കൊണ്ടുവന്നതാണെന്നു് ഊഹിക്കാവുന്നതാണു്. ഒരേനാമം രണ്ടുപ്രകാരത്തിൽ എഴുതുന്നതു ശരിയല്ലല്ലോ. മൂന്നുപ്രാവശ്യം എഴുതിയിട്ടുള്ളതിൽ, ഒരിക്കലും, ഇരവികൊത്തൻ എന്നതിലെ 'ക' ഇരട്ടിക്കുന്നില്ല എന്നതും ശ്രദ്ധിക്കണം. അന്നത്തെ ഭാഷാനയം അനുസരിച്ചു 'ഇരവിക്കൊത്തൻ' എന്നു 'ക' ഇരട്ടിച്ചുതന്നെനിൽക്കണം. പക്ഷെ, കവർഗ്ഗമൃദുവിനു പകരം ആദേശമായി വന്ന 'ക' യാണെങ്കിൽ ആ 'ക' പിന്നെ ഇരട്ടിക്കയില്ല. ഇക്കാര്യങ്ങളെപ്പററിയൊന്നും യാതൊരു തീർച്ചയായ അഭിപ്രായവും പറവാൻ സാദ്ധ്യമല്ല. ചില ഊഹങ്ങൾക്കു് അവകാശം ഇല്ലെന്നും ഇല്ല. രവിഗുപ്തൻചെട്ടിയല്ലേ 'ഇരവികൊത്തൻ' ചെട്ടിയായതെന്നു സംശയിക്കണം. രേഫം പലപദങ്ങളിലും വെറുതേതന്നെ മലയാളത്തിൽ കടന്നുകൂടുന്നുണ്ടല്ലോ. ചിന്താ

മണിയും, കാത്ത്യായനിയും ഉദാഹരണമാണ്. പോരെങ്കിൽ കോത്തു എന്നപദത്തിലെ രേഫവും ലക്ഷ്യമാണ്. കൊത്തനിലേരേഫവും അതുപോലെ വന്നതെന്ന് വിചാരിക്കാമെന്നാണ് സംശയിക്കേണ്ടതു്. ഏതായാലും, മി. കേ. എൻ. ഡാനിയലും, ററീ. കെ. ജോസഫ് അവർകളും പറയുന്നതുപോലെ ഈ ചെട്ടിയാരു് ഒരു ക്രിസ്ത്യാനിയായിരുന്നു എന്നു വിചാരിക്കാൻ യാതൊരു ന്യായവുമില്ല. ഇവരുടെ വൃഥാവാദങ്ങൾ കേൾക്കുമ്പോൾ എനിക്കു ഒരു നേരമ്പോക്കു കഥയാണ് ഓർമ്മയിൽ വരുന്നതു്. പണ്ടൊരു വഴിപോക്കൻ നടന്നു ക്ഷീണിച്ചു കുറേ വെള്ളം കുടിക്കാനായി ഒരു വീട്ടിൽ കയറിച്ചെന്നു. അവിടെ അപ്പോൾ വളരെ സംഭ്രമം തന്നെ. ഗൃഹനായൻ മരിക്കാറായിരിക്കുന്ന സമയം. രണ്ടു മൂന്നു ഭൃത്യന്മാർ മാത്രമേ വീട്ടിലുള്ളു. അവരുടെ സംഭ്രമം കണ്ടു വഴിപോക്കൻ കാര്യം ചോദിച്ചു. മരിക്കാൻ പോകുന്നയാളിന്ന് അവകാശികളാരും ഇല്ലെന്നും അറിഞ്ഞു. വഴിക്കാരൻ 'മൂപ്പിലേ' അടുക്കൽ കടന്നുകൂടി ശുശ്രൂഷയും തുടങ്ങി. കാലുതിരുമ്മലും, അമ്മാവൻവിളിയും കണ്ണീരൊഴുക്കും, കണ്ടു് എല്ലാവരും വിസ്മയിച്ചു. താക്കോൽ കൂട്ടവും കൈയ്യിലാക്കി. വൃദ്ധൻ ദിവംഗതനായി. വഴിക്കാരൻ നിലവിളിയും തുടങ്ങി. അയാൾ മരിച്ചയാളിൻെറ സ്വന്തം ശേഷക്കാരനമായി. ശവദാഹകർമ്മങ്ങളെല്ലാം കഴിച്ചിട്ടു വീട്ടുഭരണവും തുടങ്ങി. ഇങ്ങനെയാണ്, അവകാശികളില്ലാതായിച്ചമഞ്ഞ ചെട്ടിയാരുടെ പ്രമാണത്തിൻെറ കൈവശാവകാശത്തെ ആധാരമാക്കി, അദ്ദേഹം തങ്ങളുടെ പൂർവ്വികനായ ഒരു ക്രിസ്ത്യാനിയായിരുന്നു എന്നു ഡാനിയൽ പ്രഭൃതികൾ വാദബഹളം കൂട്ടുന്നതു്. ഇരവികൊത്തൻ ക്രിസ്ത്യാനിയായാലെന്തു്? അല്ലെങ്കിലെന്തു്? ക്രിസ്ത്യാനികളുടെ മഹത്വത്തിന്ന് അതുകൊണ്ടു് എന്തു ക്ഷയം പററാൻ പോകുന്നു? പണ്ടൊരു രാജാവു ഒരു ചെമ്പുതകിടിൽ എന്തെങ്കിലും എഴുതിക്കൊടുത്തെങ്കിൽ മാത്രമേ സമ്പത്തുകൊണ്ടും വിദ്യകൊണ്ടും അത്യുത്കൃഷ്ടന്മാരായ ഇന്നത്തെ ക്രിസ്ത്യാനികൾക്കു ശ്രേഷ്ഠതയുള്ളു എന്നുവരുമോ? അങ്ങനെയാണെങ്കിൽത്തന്നെ, അതിന്ന്, അയ്യനടികൾ തിരുവടികൾ കൊടുത്ത തരിസാപ്പള്ളിചെപ്പേടും അവർക്കുണ്ടു്. അതുകൊണ്ടു്, ഞാൻ മി. ജോസഫിനോടും മററും അപേക്ഷിക്കുന്നതു്, സത്യത്തെ മറയ്ക്കാൻ ഇത്തരം വാദങ്ങൾ കൊണ്ടു വരരുതെന്നുമാത്രമാണ്.

വീരരാഘവ ചക്രവത്തിയെപ്പററിയും, ഇരവികൊത്തനെപ്പററിയും, പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞു. ഇനിയും ചില സംശയങ്ങൾ കൂടെ.

ഈ പ്രമാണം ശരിയായ ഒരു പ്രമാണം തന്നെയാണോ? ദാതാവായ ചക്രവത്തിയുടെ തിരുവടയാളം ഇതിൽ ഇല്ല. പോകട്ടെ അതിനുപകരം ഒരു ശംഖമുദ്രയുണ്ടു്. അതിൻെറ വാച്യ മേൽപ്പോട്ടാക്കിയാണു കൊത്തിട്ടുള്ളതു്. അതുസാധുവാണോ? പിന്നെ, ഒരേ അക്ഷരത്തിനു രണ്ടും മൂന്നും പ്രകാരത്തിലുള്ള എഴുത്തു യാതൊരു നിയമവുമനുസരിക്കാതെ കലത്തിയാണു ഈ തകിടു എഴുതിയിരിക്കുന്നതു്. ഒന്നിലധികം തരത്തിലുള്ള ലിപികൾ അപൂർവ്വമായികലത്തി എഴുതിയ മററു പ്രമാണങ്ങൾ കണ്ടി

ട്ടുണ്ടു്. പക്ഷെ, ഇത്രധാരാളമായി യാതൊരു നിയമവും അനുസരിക്കാതെ ലിപികൾ കലൎത്തി മററെങ്ങും എഴുതിയിട്ടുള്ളതു കണ്ടിട്ടില്ല.

പട്ടയത്തെപ്പററി അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ള മാന്യന്മാരിൽ രണ്ടു പേർ തമ്മിൽ യോജിച്ചു കാണുക പ്രയാസമാണു്. അത്രത്തോളം സംശയപൂൎണ്ണമാണു് ഇതിലെ ഓരോകാൎയ്യവും.

വീരരാഘവനെപ്പററിയാകട്ടെ, ഇരവികൊൎത്തനെപ്പററിയാകട്ടെ നമുക്കു വേറെ യാതൊരു അറിവിനും നിവൃത്തിയില്ല.

പട്ടയത്തെ വ്യാഖ്യാനിച്ചുകൊണ്ടു മററു പണ്ഡിതന്മാർ സവിസ്തരം ഉപന്യസിച്ചിട്ടുള്ളതുകൊണ്ടു ആ ഭാഗം ഉപേക്ഷിക്കുന്നു. വീരരാഘവന്റേയും ഇരവികൊൎത്തന്റെയും യശസ്സു നീണാൾ നില്ക്കട്ടെ.

---

(വി. വെങ്കടരാമശൎമ്മ.)

## (ക) മൂന്നു പെരുമാക്കന്മാർ.

മദ്ധ്യകാലത്തിനു മുമ്പു് കേരളേശ്വരന്മാരായി ഭരണം നടത്തിവന്ന മൂന്നു പെരുമാക്കന്മാരുണ്ടായിരുന്നുവെന്നുള്ളതിനു പ്രമാണങ്ങൾ സിദ്ധിച്ചിട്ടുണ്ടു്. ഈ പ്രമാണങ്ങൾ കൊച്ചി ചെപ്പേട്ടുകൾ എന്നും കോട്ടയം ചെപ്പേട്ടുകൾ എന്നും പ്രസിദ്ധങ്ങളാണു്. ഇവയുടെ കണ്ടുപിടിത്തത്തെപ്പററി രസാവഹങ്ങളായ കഥകളുണ്ടു്. ഇവയെല്ലാം കൃത്രിമമായി ഉണ്ടായവയാണെന്നും വളരെക്കാലമായി പരക്കെ ഒരു ശ്രുതിയുണ്ടു്. ഇവയിൽ കോട്ടയം ചെപ്പേട്ടുകൾ ചെറുതരം എന്നും വലിയതരം എന്നും രണ്ടിനത്തിൽ പെടുന്നു. ചെറുതരം ഏട്ടുകളിൽ കോത്താണുരവിയുടെ രണ്ടും, വലിയതരം ഏടിൽ ശ്രീവീരരാഘവചക്രവൎത്തിയുടെ ഒന്നും, കൊച്ചി ചെപ്പേട്ടുകളിൽ 'കോശ്രീപാക്കര ഇരവിവന്മൻ തിരുവടി'യുടെ ഒന്നും, ഇങ്ങനെ ആകെ നാലു ദാനശാസനങ്ങളടങ്ങിയിരിക്കുന്നു. താമ്രപത്രങ്ങളിൽ എഴുതീട്ടുള്ള ഭാഷ തമിഴും ലിപി വട്ടെഴുത്തും ആകുന്നു. എന്നാൽ ഒന്നു രണ്ടു പത്രങ്ങളിൽ മാത്രം (വീരരാഘവപ്പട്ടയത്തിൽ) ചില സ്ഥലത്തു വട്ടെഴുത്തോടു കലൎന്നു ഗ്രന്ഥാക്ഷരവടിവും കോലെഴുത്തും ധാരാളമായി കാണപ്പെടുന്നതു വട്ടെഴുത്തു സമ്പ്രദായത്തിന്റെ (നാനമോനം) ആവിൎഭാവദശയെ സൂചിപ്പിക്കുന്നതായിരിക്കാം. പത്രങ്ങളിലെ ലിപിയും ഭാഷയും എന്നപോലെ പ്രതിപാദ്യമായ പ്രമേയവും ഒരേ മാതിരിയിൽ തന്നെ. അതായതു മൂന്നുപെരുമാക്കന്മാരും തങ്ങളുടെ അഭിമാനപാത്രമായ ചില പ്രത്യേക വ്യക്തികൾക്കു് ഭൂസ്വത്തുക്കളും ചില സ്ഥാനമാനങ്ങളും അധികാരങ്ങളും സഹായങ്ങളും എന്നെന്നേയ്ക്കും അവകാശപ്പെടത്തക്കതായി നല്കിയിരിക്കുന്നു.

ഈ ദാനശാസനങ്ങളെല്ലാം വളരെക്കാലമായി സുഗൃഹീതനാമധേയന്മാരായ ഡാക്റ്റർ ഗുണ്ടർട്ടു, ഹൂംട്ഷു, ഇല്ലീസു, കീൽഹാരൻ, ബൎന്നൽ, ക്രൂക്കൽകേളുനായർ, ലോഗൻ, നാഗമയ്യ, വെങ്കയ്യ, ഗോപീനാ

ഢരായർ, കെ. പി. പത്മനാഭമേനോൻ തുടങ്ങിയുള്ള മാന്യന്മാരായ പുരാവൃത്തവിമർശകന്മാരുടെ വിചിന്തനത്തിനും തർജ്ജിമയ്ക്കും പാത്രമായിട്ടുണ്ട്. പ്രചാരലോപം സംഭവിച്ചുപോയ വാക്കുകൾ അധികമുള്ള ശാസനവാക്യങ്ങൾക്കു ഓരോരുത്തരും അവരവൎക്കു യുക്തമെന്നു തോന്നുന്നതു പോലെയെല്ലാം അൎത്ഥം സങ്കല്പിക്കുകയും അതിനു അനുസരണമായി തൎജ്ജിമയുണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി—'കോത്താണു ഇരവിക്കുത് തൻ' എന്നു പട്ടയത്തിൽ കാണുന്നതിനെ ഒരാൾ 'സ്ഥാണുരവിഗുപ്തൻ' എന്നും, മറെറാരാൾ 'സ്ഥാണുരവിക്കുട്ടൻ' എന്നും വേറൊരാൾ'സ്ഥാണുരവിക്കുത്തൻ'എന്നും മനസ്സിലാക്കിയിരിക്കുന്നു. ഇതിൽ മൂന്നാമത്തെ അഭിപ്രായമാണു് ശരിയായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ തിരുവല്ലാമുവിടത്തു മേർച്ചേരി ഇല്ലത്തുനിന്നു ലഭിച്ചിട്ടുള്ള കോത്താണുരവിയുടെ മറെറാരു താമ്രശാസനത്തിൽ അദ്ദേഹത്തിനു 'കുട്ടൻ' എന്നോ 'ഗുപ്തൻ' എന്നോ പേരുഗ്രഹിക്കത്തക്കവിധത്തിൽ യാതൊന്നും ഇല്ല. അതുപോലെ തില്ലൈസ്ഥാനത്തുള്ള ശിവക്ഷേത്രത്തിൽനിന്നു കണ്ടെഴുതപ്പെട്ടതും തൊണ്ടൈനാട്ടുവരെ രാജ്യം വിസ്തൃതമാക്കിയ രാജകേസരിവൎമ്മൻ എന്ന ചോളരാജാവിൻെറതും ആയ ഒരു തമിഴ് ശിലാലേഖത്തിൽ രാജകേസരിവൎമ്മൻെറ സമകാലികനായി 'ചേരമാൻ കോത്താണുരവി'യെ സ്മരിച്ചിരിക്കുന്നതിലും 'ഗുപ്ത' എന്നൊ 'കുട്ട' എന്നൊ അതിൻെറ തദ്ഭവതത്സമ ദേശ്യനാമങ്ങളൊ ഇല്ല.

(ഖ) കാലം.

സ്ഥാണുരവിയുടെ കോട്ടയം ചെപ്പേട്ടുകളിൽ നിന്നു അദ്ദേഹത്തിൻെറ ഭരണവൎഷമല്ലാതെ ജീവിതസമയം നിശ്ചയിക്കാൻ വഴിയില്ല. ലിഖിതത്തിൽ ചില വൈജാത്യങ്ങളുണ്ടു്. പദാന്ത്യമകാരങ്ങൾ ആവശ്യമില്ലാതെ ഇരട്ടിച്ചുകാണുന്നു. ഉദാഹരണം—'തിരുവടിയുമ്മ് അധികാരരും','കുടിയുമ്മ് ഇവനൈവർ'ഇത്യാദി. തമിഴ വ്യാകരണപ്രകാരമുള്ള പുണൎച്ചി അല്ലെങ്കിൽ സന്ധി ധാരാളം കാണുന്നു. ഉദാഹരണം—'അയ്യനടികൾ തിരുവടി =അയ്യനടിഗഡിരുവടി', 'മദിൽ നായൻ മദിനായൻ' ഇത്യാദി. ഇങ്ങനെയെല്ലാമായാലും താമ്രപത്രപ്രമാണസ്വഭാവം നോക്കുമ്പോൾ അതിൻെറ കാലം എ. ഡി. ൮൦൦-നും ൯൦൦-നും മദ്ധ്യേ ആയിരിക്കണമെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ കൂടുതൽ വിവരമൊന്നും കാലനിൎണ്ണയോപയിക്കമായി ഇല്ലാത്തതുകൊണ്ടും വേറെഗതിയില്ലാത്തതുകൊണ്ടും അതേകാലം സ്വീകരിക്കുക തന്നെ.

കൊച്ചി ചെപ്പേട്ടുകളല്ലാതെ ഭാസ്കരരവിവൎമ്മൻ തിരുവടികളുടേതായി ഹമ്പശിലാലിഖിതങ്ങൾ ഇതേവരെ കണ്ടെഴുതപ്പെട്ടിട്ടുണ്ടു്. ഇവയിൽ തിരുക്കടിത്താനത്തു അഞ്ചും പെരുന്നയിൽ രണ്ടും തിരുക്കാക്കരയിൽ അഞ്ചും തിരുമൂഴിക്കുളത്തു ഒന്നും കാണുന്നു. ഇങ്ങിനെ ഭാസ്കരരവിവൎമ്മൻ തിരുവടികളുടേതായി അനേകം പ്രമാണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും അവയിൽ യാതൊന്നിലും അദ്ദേഹത്തിൻെറ കാലം കണ്ടുപിടിക്കത്തക്ക സൂചനകൾ ഇല്ല. അദ്ദേഹം രാജ്യഭരണം കയ്യേററതിൽ പിന്നീട്ടുള്ള ആണ്ടുകളാണു പറഞ്ഞിട്ടുള്ളതു്. അതു മാത്രം അദ്ദേഹത്തിൻെറ കാലനിൎണ്ണയത്തിനു ഒത്താശയായി തീരുന്നവയല്ല. എന്നാൽ തിരുനല്ലി അമ്പലത്തിലെ ദാനശാസനത്തിൽ ഭാസ്കരരവിവൎമ്മൻെറ ഭരണകാലം ഉൗഹ്യമായ

വിധത്തിൽ പ്രസ്താവിച്ചിരിക്കുന്നതിനെക്കൂടി വെച്ചു നോക്കിയാൽ അദ്ദേഹം എ. ഡി. ൯൭൮ മുതൽ ൧൦൩൬ വരെ ൫൮ കൊല്ലം ഭരിച്ചിരുന്നതായി നിശ്ചയിക്കാം. ഭാസ്കരരവിവർമ്മൻ ലിഖിതങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ സ്ഥിതി ആലോചിക്കുമ്പോൾ അദ്ദേഹത്തിൻെറ സാമ്രാജ്യം വടക്കു വയനാട്ടുമുതൽ തെക്കു ചങ്ങനാശ്ശേരിവരെ വ്യാപിച്ചിരുന്നതായി തീരുമാനിക്കാം. ഈ സാമ്രാജ്യത്തിൽ ബ്രിട്ടീഷു മലബാർ ജില്ലകളും കൊച്ചിയും ഇപ്പൊഴത്തെ തിരുവിതാംകോടിൻെറ പകുതിഭാഗവും ഉൾപ്പെട്ടിരുന്നു. ഭാസ്കരരവിവർമ്മൻെറ കീഴിൽ അനേകം നാടുവാഴികൾ ഉണ്ടായിരുന്നു. ഇത്രയും പ്രസ്താവിച്ചതുകൊണ്ടു ഭാസ്കരരവിവർമ്മൻ തിരുവടികൾ രാജരാജചോളൻ ഒന്നാമൻെറയും അദ്ദേഹത്തിൻെറ മകനായ രാജേന്ദ്ര ചോളൻെറയും സമകാലികനാണെന്നു സിദ്ധിച്ചു. രാജരാജൻ തഞ്ചാവൂർ ലിഖിതങ്ങൾ പലതിൽ താൻ 'മലൈനാട്ടുച്ചേരമാനെ' ആക്രമിച്ചതായി പ്രഖ്യാപനം ചെയ്യുന്നുമുണ്ടു്. രാജേന്ദ്ര ചോളനൊടുള്ള യുദ്ധത്തിൽ ഭാസ്കരരവിവർമ്മൻ മരണം പ്രാപിച്ചിരിക്കാനും അതിൽപിന്നെ അദ്ദേഹത്തിൻെറ സാമ്രാജ്യം വടക്കുംകൂർ തെക്കുംകൂർ വേണാട്ടു് എന്നെല്ലാം പല പ്രത്യേക സ്വതന്ത്രരാജ്യങ്ങളായി പിരിഞ്ഞിരിക്കാനും ഇടയുണ്ടു്.

കോട്ടയം വലിയതരം താമ്രശാസനത്തിൻെറ ദാതാവായ വീരരാഘവ ചക്രവർത്തിയുടെയും കാലം നിർണ്ണയിക്കുന്നതു സാധ്യമല്ലാതെ തന്നെ ഇരിക്കുന്നു. ആധാരത്തിൽ 'മകരത്തുൾ വിയാഴം മീനഞായിർ ഇരുപത്തൊൻപതു ചെൻറ ശനി രോഹിണിനാൾ' എന്നല്ലാതെ ആണ്ടു പറഞ്ഞിട്ടില്ല. എങ്കിലും ഇപ്പറഞ്ഞ രാശിനക്ഷത്രാദികളെ പുരസ്കരിച്ചു പലരും പലവിധമായി കാലം തീരുമാനിച്ചിരിക്കുന്നു. ഡാക്ടർ ബർണ്ണലും ലോഗനും ഈ ആധാരത്തിൻെറ കാലം എ. ഡി. എട്ടാംശതകത്തിലാണെന്നു, അതായതു സൂക്ഷ്മമായി ൭൭൪ൽ ആണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരവർകളും തിരുവിതാംകോട്ടു സ്റ്റേറ്റ്മാനുവൽ എഴുതിയ നാഗമയ്യായും മററു ചിലരും ഇതിൻെറ കാലം എ. ഡി. ൨൩൦ ആണെന്നു പ്രസ്താവിച്ചിരിക്കുന്നു. കീൽഹാരൻ ഈ പട്ടയമുണ്ടായതു എ. ഡി. ൧൩൨൦ മാർച്ച് ൧൫-ാം തീയതി ശനിയാഴ്ചയാണെന്നു നിശ്ചയിച്ചിരിക്കുന്നു. മി: വെങ്കയ്യ എ. ഡി. പതിമ്മൂന്നാം ശതാബ്ദത്തിലൊ പതിന്നാലാം ശതാബ്ദത്തിലൊ ആയിരിക്കണം ഈ പട്ടയത്തിൻെറ ഉദ്ഭവമെന്നു തീർച്ചചെയ്തിരിക്കുന്നു. പട്ടയത്തിൻെറ പഴക്കവും ഭാഷാശൈലിയും ലിപികാലവും ചിന്തിക്കുമ്പോൾ മി. വെങ്കയ്യായുടെ അഭിപ്രായത്തോടു യോജിക്കുന്നതുതന്നെ യുക്തതരമായി തോന്നുന്നു.

'ഏതാവതാ പ്രബന്ധേന' ഈ ദാനശാസനങ്ങളെല്ലാം എ. ഡി. ൭൦൦-നും ൧൩൦൦-നും ഇടയ്ക്കു ആവിർഭവിച്ചതാണെന്നും, മൂന്നു പെരുമാക്കന്മാരിലും വച്ചു കോത്താണുരവി ഏററവും പ്രാചീനനാണെന്നും, ഭാസ്കരരവിവർമ്മൻ തിരുവടി അതിൽ പിന്നീടുള്ള പെരുമാളാണെന്നും, വീരരാഘവ ചക്രവർത്തി മററു രണ്ടുപേരെ അപേക്ഷിച്ചു അർവ്വാചീനനാണെന്നും സിദ്ധമായി.

പെരുമാക്കന്മാർ മൂവരും അവരുടെ കാലത്തിൽ കച്ചവടത്തിനായി വിദേശങ്ങളിൽ നിന്നുവന്ന സുറിയാനികൾക്കും ജൂതന്മാക്കും കൊച്ചി കോട്ടയം ചെപ്പേടുകൾ നൽകിയതു പ്രത്യേകസൌജന്യം നിമിത്തമാണെന്നും ആയതുകൊണ്ടു വളരെ പുരാതനകാലം മുതൽക്കുതന്നെ സുറിയാനികൾക്കും ജൂതന്മാക്കും കേരളത്തിൽ ചില പ്രത്യേകാവകാശങ്ങളും സ്ഥാനമാനങ്ങളും ഉള്ളതാണെന്നുമുള്ള സംഗതി കരതലാമലകമത്രേ. ഈ ധാരണയോടുകൂടിയാകുന്നു മുൻപ്രസ്താവിച്ച പുരാവൃത്തവിമർശകന്മാർ ഈ പട്ടയങ്ങളെ കൈകാര്യം ചെയ്തിട്ടുള്ളതു്. ഈ ധാരണയെ പ്രബലമാക്കാനുള്ള ഉൽക്കണ്ഠയുടെ വശംവദരായിത്തീൎന്ന ചിലർ വീരരാഘവപ്പട്ടയത്തിൽ വൈശ്യവാചകമായി കാണുന്ന ചെട്ടിശബ്ദത്തെ നസ്രാണികൾക്കു ചെട്ടി എന്നു പേരുണ്ടായിരുന്നതായി അന്യഥാ വ്യാഖ്യാനിക്കുന്നു. അതുപോലെ തന്നെ മണിഗ്രാമം എന്നുള്ളതു നസ്രാണികളുടെ ഒരു വിഭാഗത്തിന്റെ പേരാണെന്നും, അങ്ങിനെ ഒരു വിഭാഗത്തിലുൾപ്പെട്ട ഏതാനും ജനങ്ങൾ കൊല്ലത്തിനു സമീപം കാണപ്പെട്ടിട്ടുണ്ടെന്നും, അവർ ഓരോരുത്തരെയും ഓരോ മണി (രത്നം) ആയി ഭാഷാപുസ്തകങ്ങളിൽ പറയപ്പെട്ടിട്ടുണ്ടെന്നും, ഇപ്പോൾ ആ ജനങ്ങളെല്ലാം ശൂദ്രരുടെ ഉപവിഭാഗമായി ചേൎന്നു ജീവിച്ചുവരികയാണെന്നും, മണിഗ്രാമപദം ആ ജനവൎഗ്ഗത്തെ മാത്രം സൂചിപ്പിക്കുന്ന ഒരു വാക്കാണെന്നും, മാണിക്യവാചകർ എന്ന ക്ഷുദ്രക്കാരനാണു ഇടക്കാലത്തിൽ മണിഗ്രാമക്കാരായ നസ്രാണികളെ ഹിന്ദുക്കളായിത്തീൎത്തതെന്നും പ്രസ്താവിച്ചിരിക്കുന്നു. മററു ചിലർ മണിഗ്രാമം എന്നുള്ളതു നസ്രാണികളുടെ സംഘത്തിനു പേരാണെന്നും ഈ സംഘത്തിലുള്ള നസ്രാണികൾ സാധാരണ കച്ചവടത്തിലും കപ്പൽകച്ചവടത്തിലും കേൾവികേട്ടവരായിരുന്നതായും പറഞ്ഞിരിക്കുന്നു. അതിപ്രാചീനകാലംമുതൽക്കു തന്നെ വിദേശീയരായ വാണിഭക്കാർ പശ്ചിമസമുദ്രതീരങ്ങളിൽ കച്ചവടത്തിനായി വന്നു താമസമുറപ്പിച്ചിരുന്നതും പ്രശസ്തമായ നിലയിൽ കച്ചവടം നടത്തിപ്പോന്നതും മററും വാസ്തവം തന്നെ. പക്ഷെ അവരെ മാത്രം മണിഗ്രാമക്കാരായി നിരൂപണം ചെയ്യുന്നതു ശരിയല്ല. ഗവേഷണം ചെയ്തിടത്തോളം മണി എന്നും ചെട്ടി എന്നും നസ്രാണികൾക്കു ഒരിക്കലും പേരുണ്ടായിരുന്നതായി അറിയുന്നില്ല. മാത്രമല്ല, അഭിജ്ഞന്മാർ ആരും തന്നെ അങ്ങിനെ പേരുണ്ടായിരുന്നതായി തീൎത്തു പറഞ്ഞിട്ടുമില്ല. ആയതുകൊണ്ടു അങ്ങിനെയൊരു അഭ്യൂഹത്തിനു സാധകമായി യാതൊരു പ്രമാണവുമില്ലെന്നു മാത്രം തല്ക്കാലം പറഞ്ഞുകൊള്ളുന്നു.

(ഗ) വീരരാഘവപ്പട്ടയം.

മററു രണ്ടു പെരുമാക്കന്മാക്കും നസ്രാണികൾക്കും തമ്മിലുള്ള ദാതൃ-ദാനീയഭാവം എങ്ങിനെ ആയിരുന്നാലും ഇന്നത്തെ ചൎച്ചക്കു ആസ്പദമായ വീരരാഘവപ്പട്ടയം ക്രിസ്ത്യാനികളുടെ കൈവശത്തിലിരിക്കുന്നുവെന്നല്ലാതെ അതു അവരെ സംബന്ധിച്ചതായിരിക്കാൻ വഴിയില്ലെന്നു മാത്രം പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിലേയ്ക്കു പ്രവേശിച്ചുകൊള്ളുന്നു. ഇക്കാൎയ്യം മേൽവിവരിക്കുന്ന വിഷയങ്ങളിൽ നിന്നു പ്രസ്പഷ്ടമാവുന്നതാണു്.

വീരരാഘവപ്പട്ടയം രാജാധിരാജനായ മഹിമയേറിയ വീരരാഘവചക്രവൎത്തി

യുടെ ഒരു പിൻഭരണക്കാരനായ വീരരാഘവചക്രവൎത്തിയാൽ മകോതയർ പട്ടണത്തു രവിഗുപ്പൻ എന്നു പേരായ പെരുമാളുടെ സ്വന്താം വിധേയത്വമുള്ള ലോകപെരുഞ്ചെട്ടിക്കു നൾകപ്പെട്ടതാണു്. മണിഗ്രാമവും മററു ചില സ്ഥാനമാനങ്ങളും ചില പ്രത്യേക സ്ഥലങ്ങളിൽ നിന്നുമുള്ള തരകും ചുങ്കവും ആണു പട്ടയംകൊണ്ടു കൊടുക്കപ്പെട്ടിരിക്കുന്നതു്. മണിഗ്രാമപ്പട്ടം കൊടുത്തതു ആദ്യമായി ഒരു പ്രത്യേകവാക്യത്തിലും, രണ്ടാമതായി സ്ഥാനമാനങ്ങൾ കൊടുത്തതു അടുത്തൊരു പ്രത്യേകവാക്യത്തിലും പറഞ്ഞിരിക്കുന്നു. ചില അടിമകളെ കൊടുത്തതായി മൂന്നാമത്തെ വാചകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അടുത്ത നാലാമത്തെ വാക്യാരംഭത്തിൽ ഒന്നാമതായി കൊടുക്കപ്പെട്ട പട്ടത്തൊടുകൂടിയവനായി ഇരവിക്കൊത്തനെ അല്ലെങ്കിൽ രവിഗുപ്പനെ വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ടു മണിഗ്രാമപ്പട്ടം എന്നുള്ളതു നഗരനായകത്വം അല്ലെങ്കിൽ നഗരകൎത്തൃത്വം അല്ലെങ്കിൽ നഗരവിധായകത്വം ഉള്ള ഒരു സ്ഥാനമാണു എന്നു തന്നെ നിശ്ചയിക്കാൻ വഴി കാണുന്നു. വീരരാഘവചക്രവൎത്തികളുണ്ടായിരുന്ന ആ നഗരനായകത്വത്തെ അദ്ദേഹം മകോതയർ പട്ടണത്തു കച്ചവടപ്രഭുവായ ശ്രേഷ്ഠിശ്രേഷ്ഠനു കൊടുത്തു എന്നത്രേ സാരം. കച്ചവടക്കാരായ ചെട്ടിമാരുടെ നായകത്വം ഒരു ചെട്ടിപ്രഭുവിനെ ഏൾപ്പിക്കുക എന്നുള്ളതു വളരെ ശരിയാണല്ലോ. ഈ നാലാം വാക്യത്തിൽ ചില സ്ഥലവിശേഷങ്ങളിൽ ചില പ്രത്യേക വസ്തുക്കളിലുള്ള തരകും ചുങ്കവും ഇരവിക്കൊത്തനു കൊടുത്തതായി പറയുന്നു. അടുത്ത വാക്യത്തിൽ ഇതെല്ലാം മക്കളും മക്കളുടെ മക്കളും സന്തതിപരമ്പരയാ അനുഭവിച്ചുകൊള്ളുന്നതിനു കൊടുത്തതായി പറഞ്ഞിരിക്കുന്നു. അടുത്ത മൂന്നു വാചകങ്ങൾ ദാനത്തിൻെറ സാക്ഷ്യം വഹിക്കുന്നു. ഒമ്പതാം വാക്യത്തിൽ ചന്ദ്രാദിത്യന്മാരുടെ സ്ഥിതിപൎയ്യന്തം ഇതെല്ലാം കൊടുത്തിരിക്കുന്നതായും അടുത്തതായ ശാസനസമാപ്തിവാക്യത്തിൽ മുൻപറഞ്ഞവരുടെ അറിവോടുകൂടി ചെപ്പേടെഴുതിയ ആളിൻെറ പേരും കൈയ്യെഴുത്തും പറഞ്ഞിരിക്കുന്നു. ഇങ്ങിനെ ഈ പട്ടയത്തിൽ 'ഹരിശ്രീഗണപതേ നമഃ' എന്ന ആദ്യഭാഗത്തിലുള്ള വിഘ്നേശ്വരവന്ദനം നീക്കി പത്തു വാക്യങ്ങൾ ഉണ്ടു്.

ഈ പട്ടയത്തിൽ നിന്നു നമുക്കു മനസ്സിലാക്കാവുന്ന സംഗതികൾ—

(൧) അക്കാലത്തു ചക്രവൎത്തിയുടെ വാസസ്ഥലത്തിനു പെർ പെരുങ്കോയിലകം എന്നായിരുന്നു. അതു സ്ഥിതിചെയ്തിരുന്നതു കൊടുങ്ങല്ലൂർ അഴിമുഖത്തിനു സമീപത്തായിരുന്നു. രാജധാനിയെ ചുററി കോട്ടമതിലുകൾ ഉണ്ടായിരുന്നു. അവയിൽ ഗോപുരവാതിലുകളും ഉണ്ടായിരുന്നു.

(൨) ത്രാസുകൊണ്ടു തൂക്കിയും പറകൊണ്ടളന്നും നൂൽകൊണ്ടു നീളംപിടിച്ചും എണ്ണിയും പരിമേയങ്ങളായ ഉപ്പു ശൎക്കര തുടങ്ങിയുള്ള സാധനങ്ങൾക്കു തരകും ചുങ്കവും ചുമത്തിയിരുന്നതുകൊണ്ടു രാജ്യത്തിനു മുതലെടുപ്പുണ്ടായിക്കൊണ്ടിരുന്നു.

(൩) വിദേശങ്ങളുമായി കടൽവഴിയും കരവഴിയും കയററുമതി ഇറക്കുമതി കച്ചവടം നടന്നിരുന്നു. ഇക്കാൎയ്യം പയ്യന്നൂർ പട്ടോലയിലും വിശദമാകുന്നുണ്ടു്.

(ർ) മണിക്കിരാമം കച്ചവടക്കാരായ ചെട്ടികളുടെ വാസസ്ഥലവും സങ്കേതസ്ഥലവും വ്യാപാരസംഘസ്ഥലവും ആയിരുന്നു. ഇക്കാൎയ്യവും പയ്യന്നൂർ പട്ടോലയിലും വിശദമാക്കിയിരിക്കുന്നു. മണിക്കിരാമത്തിന്റെ തലവൻ എന്ന നിലയിലാണു വീരരാഘവചക്രവൎത്തിയും മററു രണ്ടു പെരുമാക്കന്മാരും ദാനശാസനങ്ങളാൽ നല്കപ്പെട്ട അവകാശങ്ങൾ കൊടുത്തതു.

(ഠ) വാണിയരെയും ഐങ്കമ്മാളരെയും കൊടുത്തതായി പറഞ്ഞിരിക്കുന്നതുകൊണ്ടു മനുഷ്യരെ അടിമകൊടുക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നു.

(ന) തിരുവെഴുത്തുക്കളും ദാനശാസനങ്ങളും തീട്ടൂരങ്ങളും താമ്രപത്രങ്ങളിൽ എഴുതുവാൻ 'ചേരമാൻലോകപെരുന്തട്ടാൻ' എന്നൊരാളെ ദാനീയനായിത്തീൎന്ന 'ഇരവികൊൎത്തൻ ചേരമാൻ ലോകപെരുഞ്ചെട്ടി'ക്കു തുല്യമായി ബഹുമാനിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടു, ഈ തട്ടാൻ ചക്രവൎത്തിയുടെ വിധേയനും സ്വന്തവും ആയ നമ്പിച്ചെടയൻ എന്ന ഒരു ഉദ്യോഗസ്ഥനായിരുന്നിരിക്കാമെന്നൂഹിക്കുന്നതു തെററാവാൻ തരമില്ല.

ശ്രീമാൻ ഗോവിന്ദപ്പിള്ള സർവ്വാധികാൎയ്യക്കാരവർകൾ തന്റെ ഭാഷാചരിത്രത്തിൽ വീരരാഘവപ്പട്ടയത്തെപ്പററി ഇങ്ങിനെ പ്രസ്താവിക്കുന്നു— "ഇതിന്റെ ആദ്യം 'ഹരി ശ്രീഗണപതേ നമഃ' എന്നു ഇപ്പൊഴത്തെ ആൎയ്യ എഴുത്തിൽ ഉണ്ടു്. അനന്തരം വട്ടെഴുത്തും കോലെഴുത്തും കൂടികലൎന്നതാണു്. ശ്രീവീരരാഘവചക്രവൎത്തിരാജാവു് കൎക്കടകവ്യാഴം മീനം ഞായറു ശനിയാഴ്ച രോഹിണീനക്ഷത്രത്തിൽ മഹാദേവർ പട്ടണത്തു ഇരവിക്കുത്തനു മണിഗ്രാമത്തിൽ നാലുചേരികളിലെ രാജത്വവും അടിമകളായിട്ടു അഞ്ചുകുടി കമ്മാളരെയും ചക്കാലകളെയും പഞ്ചവാദ്യം ശംഖ പകൽവിളക്കു പാവാട ആന്ദോളം കൊററക്കുട വട്ടകപ്പുറ തോരണം പീലിവട പവണത്തുങ്ഗം കടത്ത മുതലായ സ്ഥാനമാനങ്ങളും കൊടുങ്ങല്ലൂർ തുറമുഖത്തിലെ തരകും ചുങ്കവും കൊടുത്തിരിക്കുന്നു എന്നുള്ള തീട്ടാകുന്നു. സാക്ഷികൾ പന്നിയൂർ ചൊവ്വർ ഗ്രാമങ്ങളിലെ ബ്രാഹ്മണരും വേണാടു ഓണാടു ഏറനാടു വള്ളുവനാടു ഈ പ്രഭുക്കന്മാരും ആകുന്നു. എഴുതിയ മൂത്താശാരി നമ്പിച്ചെടയൻ ആണു്."

പട്ടയസ്വരൂപം—

ഹരി ശ്രീ ഗണപതേ നമഃ ||

(ക) ശ്രീ ഭൂപാലനരപതി വീരകേരള ചക്രവൎത്തി ആദിയായി മുറമുറെയ പല നൂററായിരത്താണ്ടു ചെങ്കൊൽ നടത്തായി നിൻറ ശ്രീ വീരരാഘവ ചക്രവൎത്തിക്കു തിരുവിരാച്യം ചെല്ലായിനിൻറ മകരത്തുൾ വിയാഴം മീനഞായറു ഇരുപത്തൊൻറു ചെൻറ ചനി രോഹണിനാൾ പെരുംകൊയിലകത്തിരുന്നരുളെ മകൊതൈയർപട്ടിണത്തു ഇരവികൊൎത്തനായ ചെരമാൻ ലൊകപെരുംചെട്ടിക്കു മണിഗ്രാമപ്പട്ടം കുടുത്തോം.

(ഖ) വിളാവാടൈയും പവണത്താങ്കുംപെറപെരും കടത്തുവളഞ്ചിയമും വളഞ്ചിയത്തിൽ തനിച്ചെട്ടും മു (ൻ) ച്ചൊല്ലും മുന്നാടൈയും പഞ്ചവാദ്യമും ശംഖും പകൽവിളക്കും പാവാടയും ഐന്തൊളവും കൊററക്കുടയും വട്ടകപ്പറയും ഇടപിടിത്തൊരണവും നാലുചെരിക്കും തനിച്ചെട്ടും കുടുത്തൊം.

(ഗ) വാണിയരും ഐങ്കമ്മാളരെയും കുടുത്തോം.

(ഘ) നഗരത്തുക്ക കത്താവാകിയ ഇരവികൊത്തനുക്ക പറകൊണ്ടളന്തു നിറകൊണ്ടട്ടുതുക്കി നൂൽകൊണ്ടു പാകിയെണ്ണിൻറതിലും എടുക്കിൻറതിലും ഉവി (പ്പി)നൊടു ശക്കരയൊടു കസ്തൂരിയൊടു വിളക്കെണ്ണയൊടു ഇടയിലുള്ളതു എപ്പേർ പെട്ടതിനും തരകും അതനടുത്ത ചുങ്കവും കൂട കൊടുങ്കല്ലൂർ അഴിയൊട്ടും ഗോപുരത്തൊട്ടും വിശേഷാൽ നാലു തളിയും തളിക്കടുത്ത ഗ്രാമത്തൊടിടയിൽ നീർമുതലായി ചെപ്പെട്ടു എഴുതിക്കുടുത്തൊം.

(ങ) ചെരമാൻ ലൊകപെരും ചെട്ടിയാന ഇരവികൊത്തനുക്ക ഇവൻ മക്കൾ മക്കൾക്കേ വഴിവഴിയേ പെരാകക്കുടുത്തൊം.

(ച) ഇതറിയും പൻറിയൂർ കിരാമമും ചൊകിരഗ്രാമവും അറിയക്കുടുത്തൊം.

(ഛ) വേണാട്ടും ഓടനാട്ടുമറിയക്കുടുത്തൊം.

(ജ) ഏറനാട്ടും വള്ളുനാട്ടും അറിയക്കുടുത്തൊം.

(ഝ) ചന്ദ്രാദിത്യകളുള്ള നാളെക്ക കുടുത്തൊം.

(ഞ) ഇവർകളറിയ ചെപ്പെടെഴുതിയ ചെരമാൻ ലൊകപെരുന്തട്ടാൻ നമ്പിചെടയൻ കയ്യെഴുത്തു.

പദവൃത്തി—

(1) മകോതയർ പട്ടണം=കൊടുങ്ങല്ലൂർ നഗരം.

(2) ഇരവികൊത്തനായ ചേരമാൻ ലോകപെരുംചെട്ടി=ഇതു പട്ടയം കൊടുത്ത ആളിൻെറ പേർ. ചെട്ടി എന്ന പദം വൈശ്യജാതിപരം. അതിനു അനുഗുണമായി ഇരവികൊത്തൻ എന്നുള്ളതു് 'രവിഗുപ്ത' എന്നതിൻെറ തദ്ഭവം. ഗുപ്ത എന്നതു വൈശ്യരുടെ പേരാണു്. ബ്രാഹ്മണക്കു 'ശമ്മ'യെന്നും ക്ഷത്രിയക്കു 'വമ്മ' എന്നും വൈശ്യക്കു 'ഗുപ്ത' അല്ലെങ്കിൽ 'പാലിത' എന്നും പേരുകൾ സുപ്രസിദ്ധം. ഇങ്ങിനെയല്ലാതെ നസ്രാണികൾക്കു ചെട്ടി എന്ന പേർ ഉണ്ടായിരുന്നാലും അതനുസരിച്ചു 'ഇരവികൊത്ത്' എന്നതിനെ 'റബികൊത്തൻ' എന്നു സങ്കല്പിക്കുന്നതു ശരിയല്ല. 'രവിഗുപ്തൻ' എന്നതു ദാനീയൻെറ പേരും 'ചേരമാൻ ലോകപെരുഞ്ചെട്ടി' എന്നുള്ളതു് അയാളുടെ സങ്ഗ്രഹമായ വിവരണവും ആകുന്നു.

(3) മണിഗ്രാമപ്പട്ടം=മണിഗ്രാമസ്ഥാനം. മണിഗ്രാമം എന്നുള്ളതു ഒരു ജനസമൂഹത്തിൻെറ പേർ. ഈ ജനങ്ങൾ ക്ഷുദ്രക്കാരനായ മാണിക്യവാചകരുടെ പിൻഗാമികൾ എന്നു ചിലർ പറയുന്നു. നസ്രാണികളായിരുന്നഇവർ ഇടക്കാലത്തു ഹിന്ദുക്കളായതായും പറയുന്നു. മണിഗ്രാമപദം 'അഞ്ചുവണ്ണം' എന്ന മറെറാരുപദസമഭിവ്യാഹൃതമായി മററു പട്ടയങ്ങളിലും ഉപയോഗിച്ചിരിക്കുന്നു. രത്നവ്യാപാരികളായ ചെട്ടിമാരുടെ വാസസ്ഥാനമാണു് മണിഗ്രാമം. ഈ പട്ടയങ്ങൾ ദാനം ചെയ്തകാലത്തു മണിഗ്രാമത്തിൽ കടൽവഴിയും കരവഴിയും കച്ചവടം നടത്തിവന്ന ചെട്ടികൾ മാത്ര

മേ ഉണ്ടായിരുന്നുള്ളു. ആ ഗ്രാമത്തിന്റെ കോയ്മയാണു പെരുമാക്കന്മാർ ചെട്ടികൾക്കും അന്യർക്കും നൾകിയിരിക്കുന്നതു. മണിഗ്രാമക്കാരുടെ വിവാഹക്രിയയിൽ 'മുളയിടുക' ഉണ്ടായിരുന്നതുകൊണ്ടു അവർ ത്രൈവർണ്ണികന്മാരിൽ ഒരുവരായ ചെട്ടിമാർ തന്നെ. നസ്രാണികളല്ല. പയ്യന്നൂർപട്ടോലയിൽ നിന്നു കാച്ചിൽപട്ടണവും മണിഗ്രാമവും അഞ്ചുവണ്ണവും ചെട്ടിമാരുടെ കേന്ദ്രസ്ഥാനമായിരുന്നതായി വ്യക്തമാകുന്നു. പിന്നെ കാലാന്തരത്തിൽ ചെട്ടിതരന്മാരായ മണിഗ്രാമനായകന്മാരുടെ ആശ്രയബലംകൊണ്ടു ചെട്ടീതരന്മാരും മണിഗ്രാമക്കാരായിത്തീരാനും അവരെല്ലാം കൊല്ലം മാവേലിക്കര എന്നല്ല വിദേശങ്ങളിൽ പലയിടത്തും പല ആചാരങ്ങളോടും പല തൊഴിലുകളോടും വർത്തിക്കുന്നതിനും ഇടയായി. മണിഗ്രാമം എന്നു പേരുള്ള സ്ഥലവിശേഷങ്ങൾ ഇൻഡ്യയിൽ പല സ്ഥലത്തുള്ളതും അതുപോലെ പല വിദേശശാസനങ്ങളിൽ മണിഗ്രാമപദം ഉപയോഗിച്ചിരിക്കുന്നതും നസ്രാണികളുടെ സംബന്ധമില്ലാതെയാണെന്നുള്ളതു പ്രത്യേകം ഓർമ്മിക്കണം. ആയതുകൊണ്ടു പട്ടയത്തിലുള്ള മണിഗ്രാമപ്പട്ടം എന്നതിനു 'മണിഗ്രാമക്കാർ എന്ന നസ്രാണിപ്പെരുഞ്ചെട്ടികളുടെ തലവൻ എന്ന സ്ഥാനം' എന്ന അർത്ഥകല്പന അത്ര യോജിച്ചതായി തോന്നുന്നില്ല. അതുപൊലെ അഞ്ചുവണ്ണം എന്നതു ഈഴവർ, തച്ചർ, വെള്ളാളർ, വണ്ണാർ, (മറെറാന്നു അസ്പഷ്ടം) എന്നിങ്ങനെ അഞ്ചുജാതിക്കാരെ കുറിക്കുന്നതായി കോട്ടയം ചെപ്പേടുകളിൽ ലക്ഷ്യമുള്ളപ്പോൾ പലരും ആ പദത്തിന്റെ അർത്ഥഗവേഷണത്തിനായി കോലാഹലംകൂട്ടിയിരിക്കുന്നതു അദ്ഭുതമായിരിക്കുന്നു. അഞ്ചുവണ്ണവും മണിഗ്രാമമെന്നപോലെ കാലക്രമത്തിൽ ഒരു കച്ചവടസങ്ഘസ്ഥാനമായി പരിണമിച്ചിട്ടുണ്ട്.

(4) വിളാവാട (വിഴാവാട)=വിഴാ ഉത്സവം, ആട=ധരിക്കുന്ന വസ്ത്രം. ഉത്സവം തുടങ്ങിയുള്ള വിശേഷദിവസങ്ങളിൽ ധരിക്കുന്ന വസ്ത്രം.

(5) പവണത്താങ്ങു=കൊത്തുപണിയോടുകൂടിയ ഭിത്തികളും തൂണുകളും.

(6) പെറുപെറു= പെറുന്നതിൽനിന്നും പെറുന്നതു് എന്നർത്ഥം. അതായതു ലഭിക്കുന്ന ആദായത്തിൽനിന്നു അംശം ലഭിക്കുന്നതു്. "in these compounds is the substantive from of the verb *Peru*, to obtain, and therefore means what has been obtained or got possession of". *Travancore Archaeological Series*. Vol. II. p. 65) ഇതു പേറു പേറു അല്ല. ആയതുകൊണ്ടു് അനിർദ്ദിഷ്ടപ്രവക്തൃകമായ പ്രവാദപാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തി ചേരമാൻ പെരുമാൾ തമ്പുരാൻ നസ്രാണികൾക്കു നൾകീട്ടുള്ളതായി ഊഹിക്കപ്പെടുന്ന ൭൨ പദവികളെ സൂചിപ്പിക്കാൻ ഈ വാക്കു ഒരു വിധത്തിലും യോഗ്യമല്ല. മാത്രമല്ല, അഭ്യുപഗമസിദ്ധാന്തമായി ൭൨ പദവികൾ ഉണ്ടായിരുന്നാൽതന്നെയും അവ

യുഌം പട്ടയത്തിൽ പ്രസ്താവിക്കുന്ന സ്ഥാനമാനങ്ങൾക്കുംതമ്മിൽ ബന്ധമുള്ളതായി യാതൊരു ലക്ഷ്യവുമില്ല.

(7) കടത്തുവളഞ്ചിയം=കടത്തു വാണിജ്യം. ദേശാന്തരങ്ങളിൽ കയററുമതി ചെയ്യാനുള്ള അവകാശം. ചിലർ ഇതിൻെറ അൎത്ഥം 'വളഞ്ഞ വാൾ' അല്ലെങ്കിൽ 'കടകൻ കത്തി' എന്നും അതു നായന്മാൎക്കു ഉണ്ടായിരുന്നപ്രത്യേകായുധമാണെന്നും, ഈ ആയുധം ധരിച്ചു യുദ്ധം ചെയ്യാനുള്ള അവകാശമാണു കൊടുത്തിട്ടുള്ളതു എന്നും അഭിപ്രായപ്പെടുന്നതു അടുത്ത വാക്കിൻെറ അൎത്ഥവൎണ്ണനയുമായി യോജിക്കുന്നില്ല.

(8) വളഞ്ചിയത്തിൽ തനിച്ചെട്ടും=വാണിഭത്തിൽ എട്ടുതരം സാമാനങ്ങളുടെ കയററുമതിക്കുള്ള അവകാശവും. തനിക്കുത്തക എന്നും ചിലർ അൎത്ഥം പറയുന്നു.

(9) മു(ൻ)ച്ചൊല്ല്=പുറത്തു സഞ്ചരിക്കുമ്പോൾ ഭൃതന്മാർ മുമ്പിൽ നടന്നു വിളിയാട്ടുക. ഇതു എല്ലാജാതിയിലും ശ്രേഷ്ഠന്മാരായ ആളുകൾക്കുള്ള ഏൎപ്പാടാണത്രെ.

(10) മുൻനട =അകമ്പടിക്കാർ മുമ്പിൽ നടക്കുക.

(11) പഞ്ചവാദ്യവും, ശംഖും, പകൽ വിളക്കും പ്രസിദ്ധം.

(12) പാവാട=നടപാവാട. നടക്കാനുള്ള തുണിവിരിപ്പ്.

(13) അയ്ന്തോളം=മേനാവ്.

(14) കൊററക്കുട=പട്ടുക്കുട.

(15) വട്ടകപ്പറ= വട്ടകരെക്കൊണ്ടു പറ കൊട്ടിക്കുക. അല്ലെങ്കിൽ നകരാവ്.

(16) ഇട്ടപടി= ഗൃഹത്തിൻെറ വാതിലതിൎത്തിയിൽ പടിപ്പുറവെയ്ക്കുക. 'ഇട്ടപടി' അല്ലെങ്കിൽ 'കിട്ടപടി' എന്ന വാദ്യമായിരിക്കാമെന്നു ചിലർ സംശയിക്കുന്നു.

(17) തോരണം= തോരണം കെട്ടിക്കുക.

(18) നാലുചേരിക്കും തനിച്ചെട്ട്= നാലുചേരിയിലും ഭാഗത്തിലും എട്ടുതരം സാമാനങ്ങൾക്കുള്ള കുത്തക.

(19) വാണിയർ— എണ്ണയാട്ടി എടുക്കുന്ന ചക്കാലകൾ.

(20) ഐങ്കമ്മാളർ= ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ചെമ്പൊട്ടി.

(21) തരകും ചുങ്കവും പ്രസിദ്ധം. ഉപ്പു ശൎക്കര കസ്തൂരി വിളക്കെണ്ണ തുടങ്ങിയുള്ള പറകൊണ്ടും ത്രാസുകൊണ്ടും നൂൽ കൊണ്ടു നീളം പിടിച്ചും എണ്ണിയും തിട്ടപ്പെടുത്തേണ്ട സാധനങ്ങളിലുള്ള തരകും ചുങ്കവും നൾകപ്പെട്ടിരിക്കുന്നു. ഇവിടെ "ഉപ്പൊടു ശൎക്കരയൊടു കസ്തൂരിയൊട് വിളക്കെണ്ണയൊടു ഇടയിലുള്ളതിനു എപ്പെർപ്പെട്ടതിനും" എന്നുള്ളതിനു 'ഉപ്പുശൎക്കര വിളക്കെണ്ണതൊട്ടു കസ്തൂരിവരെയുള്ള എല്ലാററിനും' എന്നു ചിലർ പരിഭാഷ ചെയ്തിരിക്കുന്നതു എങ്ങിനെ എന്നു മനസ്സിലാകുന്നില്ല. സാമാനങ്ങളെ തുല്യപ്രധാനങ്ങളായി പറഞ്ഞിരിക്കുമ്പോൾ 'തൊട്ടു—വരെ' എന്നുള്ള അൎത്ഥം എവിടെ നിന്നു കിട്ടും? കൊടുങ്ങ

ല്ലൂർ അഴിമുതൽ ഗോപുരം വരെയും ഉള്ള സ്ഥലത്തും നാലുതളികളിലും അതൊട്ടുചേൎന്ന ഗ്രാമങ്ങളിലും ചുങ്കവും വാങ്ങിച്ചുകൊള്ളുന്നതിന്ന് അനുവാദം കൊടുത്തിരിക്കുന്നു. നാലുതളിയെപ്പററി കേരളോല്പത്തിയിലും മററു പ്രാചീന ഗ്രന്ഥങ്ങളിലും വിശദമായ നിരൂപണം ഉണ്ട്.

കുറിപ്പ് - പട്ടയത്തിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാനമാനങ്ങളെല്ലാം ആൎയ്യദ്രാവിഡവൎഗ്ഗത്തിലുൾപ്പെട്ട രാജാക്കന്മാൎക്കും ഇടപ്രഭുക്കളായ നാട്ടുവാഴികൾക്കും പടത്തലവന്മാൎക്കും അനാദികാലം തൊട്ടുള്ളവതന്നെ.

പദപ്രയോഗം—

പദാദിപദാന്ത്യങ്ങളുടെ സന്ധിയിൽ ഉത്തരപദാദിയിൽ അവശ്യമുള്ള ഇരട്ടിപ്പു ചില സ്ഥലത്തു കാണുന്നു— ലോകപ്പെരുഞ്ചെട്ടി; പേറാകക്കടുത്തൊം ഇത്യാദി. ചില സ്ഥലത്തു കാണുന്നില്ല — ഇരവികൊൎത്തൻ; നഗരത്തുക്കു കൎത്താ; ചക്രവൎത്തികു തിരുവിരാച്ച്യം; ഇത്യാദി. ഇരവികൊൎത്തൻ എന്ന പദം പട്ടയത്തിൽ മൂന്നു സ്ഥലങ്ങളിൽ കാണുന്നു. മൂന്നു സ്ഥലങ്ങളിലും ഒന്നുപോലെ ഉത്തരപദാദി ഇരട്ടിക്കാതെതന്നെ എഴുതിയിരിക്കുന്നതുകൊണ്ടു ഉത്തരപദാദിയായ കകാരം ഗകാരസ്ഥാനീയമാണെന്നു വ്യക്തമാകുന്നു. ആയതിനാൽ ഇരവികൊൎത്തൻ രവിഗുപ്തൻതന്നെ. ആണ്ടു, ശക്രവൎത്തികു, ഞായറു, പട്ടണത്തു, ചെട്ടികു, ഉപ്പൊട്ടു, ശക്കരയൊടു, ഇത്യാദി ധാരാളമായി 'കുററിയലുകരം' ഉപയോഗപ്പെടുത്തിയിരിക്കുന്നു. പക്ഷെ ഉള്ള എന്ന അൎത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന 'ഇടയിൽ ഉള്ളത്' എന്ന പ്രയോഗത്തിൽ മാത്രം 'തു' എന്ന 'കുററുകരം' എഴുതാതെ 'ത്' എഴുതിപ്പോയതു എങ്ങനെ നടപ്പുവിട്ടു പിശകായിത്തീരുന്നുവോ അതുപോലെ 'കൊൎത്തൻ' എന്നതിൽ രേഫവും പിശകായി കൊത്തിപ്പോയതാണ്. ഇങ്ങനെ രേഫം പിശകായി പല ശാസന പദങ്ങളിലും മററു പദങ്ങളിലും എഴുതിക്കാണുന്നു. ഉദാഹരണമായി 'അട്ടിപ്പേർ' എന്നുള്ളതിനെ 'അട്ടിർപ്പേർ' ആയും, (*Mamballi Plate of Srivallavankodai*. line 8.) 'ചിന്താമണി'യെ 'ചിന്താൎമണി' എന്നും പലസ്ഥലത്തും പ്രയോഗിച്ചിരിക്കുന്നു.

ചക്രവൎത്തി എന്ന പദം നടപ്പിന്നു വിപരീതമായി 'ശൿക്രവൎത്തി' എന്നു കകാരാഭ്യാസം വച്ചെഴുതിക്കാണുന്നു. 'ഗണപതയേ നമഃ' എന്നു നമശ്ശബ്ദയോഗത്തിൽ ചതുൎത്ഥീ വിഭക്തി പ്രയോഗിക്കാതെ 'ഗണപതേ' എന്നു എഴുതിക്കാണുന്നു. 'ഉള്ളത്' 'കൊരത്ത്' എന്ന സ്ഥലങ്ങളിൽ പിശകുണ്ടായതുപോലെ 'മകോതയർ പട്ടിണത്തു ഇരവികൊൎത്തന്നായ' എന്ന വാക്യത്തിൽ 'ന്ന' എന്ന ഇരട്ടിപ്പും പിശകായിരിയ്ക്കാനിടയുണ്ട്. അതുപോലെതന്നെ 'വടകപ്പറെയും', 'മുറമുറെയായി' എന്നീസ്ഥലങ്ങളിൽ രേഫത്തിനുമുമ്പുള്ള എകാരവും, ഇത്യാദി. 'ന്ന' എന്നുള്ളതിന്റെ പൂൎവ്വരൂപമായ 'ൻറ' ധാരാളം പ്രയോഗിച്ചിരിക്കുന്നു—നിൻറ, ചെൻറ, എണ്ണിൻറ, എട്ടുക്കിൻറ, പൻറിയൂർ ഇത്യാദി. ചന്ദ്രാദിത്യകൾ എന്ന സ്ഥലത്തു വേണ്ടതായ ലിങ്ഗപ്രത്യയം ഉപയോഗിച്ചിട്ടില്ല.

പരാവൎത്തനം—

ഹരി: ശ്രീഗണപതയേ നമഃ.

(a) ശ്രീഭൂപാലനരപതി വീരകേരള ചക്രവൎത്തിതുടങ്ങി ക്രമമായി അനേക നൂറായിരം കൊല്ലം രാജ്യഭാരം നടത്താനുള്ള ശ്രീ വീരരാഘവചക്രവൎത്തിയായ നമ്മുടെ ശ്രീകരമായ ഭരണം നടക്കുമ്പോൾ മകരത്തിൽ വ്യാഴനും മീനത്തിൽ ഞായറും ഇരുപത്തൊന്നുകഴിഞ്ഞിരിക്കുന്നതും ശനിയാഴ്ചയും ആയ രോഹിണിനാൾ നാം വലിയകോവിലകത്തിരുന്നരുള മഹോദയർപട്ടണത്തിൽ രവിഗുപ്തനെന്ന പേരുള്ള നമ്മുടെ ആളായ ലോകപെരുഞ്ചെട്ടിക്കു മണിഗ്രാമസ്ഥാനം കൊടുത്തിരിക്കുന്നു.

(b) ഉത്സവാദി വിശേഷദിവസങ്ങളിൽ ധരിക്കത്തക്ക വിശേഷവസ്ത്രങ്ങളും, കൊത്തുപണിയുള്ള ഭിത്തികളും തൂണുകളും, ആദായത്തിൽനിന്നുള്ള അംശാവകാശവും, കയററുമതിചെയ്യുവാനുള്ള അവകാശവും, എട്ടുവിധ സാമാനങ്ങളുടെ കച്ചവടത്തിലുള്ള പ്രത്യേകാവകാശവും, പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ ദൂതന്മാർ മുമ്പിൽനടന്നു ഉത്സാരണംചെയ്യാനുള്ള അവകാശവും, അകമ്പടിക്കാരെ മുമ്പിൽനടത്താനുള്ള അവകാശവും, പഞ്ചവാദ്യവും ശംഖം പകൽവിളക്കു പരവതാനിയും മേനാവും പട്ടുകുടയും നകരാവും, പടിപ്പുറവെച്ചുകൊള്ളാനുള്ള അവകാശവും, തോരണവും എട്ടുതരം സാമാനങ്ങൾക്കു നാലുചേരിയിലും കുത്തകയും, എന്നിങ്ങനെയുള്ള അനുഭവങ്ങൾ നാം കൊടുത്തിരിക്കുന്നു.

(c) വാണിയരെയും ഐങ്കമ്മാളരെയും നാം കൊടുത്തിരിക്കുന്നു.

(d) നഗരനായകനായ രവിഗുപ്തനു, പറകൊണ്ടളന്നും ത്രാസുകൊണ്ടു തൂക്കിയും നൂലുകൊണ്ടു നീളംപിടിച്ചും എണ്ണിയും എടുക്കപ്പെടുന്ന ഉപ്പു ശക്കര കസ്തൂരി വിളക്കെണ്ണ തുടങ്ങിയുള്ള സാമാനങ്ങളുടെയിടയിലുള്ള എങ്ങനെയുള്ളതിനും തരകും അതിനടുത്ത ചുങ്കവും കൂടി കൊടുങ്ങല്ലൂരഴിതൊട്ടു ഗോപുരംവരെയും വിശേഷിച്ചു നാലുതളിയിലും തളിക്കടുത്തിരിക്കുന്ന ഗ്രാമത്തോടു ഇടയിലുള്ള പ്രദേശങ്ങളിലും നാം ഉദകപൂർവ്വം ചെമ്പുപട്ടയം എഴുതികൊടുത്തിരിക്കുന്നു.

(e) നമ്മുടെ സ്വന്തആളും ലോകത്തിൽ ശ്രേഷ്ഠിശ്രേഷ്ഠനുമായ രവിഗുപ്തനു, മക്കൾക്കും മക്കളുടെ മക്കൾക്കും പരമ്പരയായി അവകാശം സിദ്ധിക്കുമാറാക നാം കൊടുത്തിരിക്കുന്നു.

(f) പന്നിയൂർഗ്രാമവും ഇതറിയുന്നതായി നാം കൊടുത്തിരിക്കുന്നു.

(g) വേണാടും ഓടനാടും ഇതറിയുന്നതായി നാം കൊടുത്തിരിക്കുന്നു.

(h) ഏറനാടും വള്ളുവനാടും ഇതറിയുന്നതായി നാം കൊടുത്തിരിക്കുന്നു.

(i) ചന്ദ്രസൂര്യന്മാരുടെ സ്ഥിതിപര്യന്തം നാം കൊടുത്തിരിക്കുന്നു.

(j) ഇവരെല്ലാം അറിഞ്ഞു ഈ ചെമ്പുപട്ടയം എഴുതിയ ചേരമാൻ ലോകപെരുന്തട്ടാൻ നമ്പിച്ചെടയൻ കൈയ്യൊപ്പ്.

(4) പയ്യന്നൂർ പട്ടോല.

ഉത്തരകേരളത്തിൽ നിന്നുദ്ഭവിച്ച ഒരു പഴയമലയാളകൃതിയാണു് പയ്യന്നൂർ

പട്ടോല. കവിതാശൈലി നോക്കുമ്പോൾ ഇതു രാമചരിതത്തിനു മുമ്പുണ്ടായതാണെന്നു പ്രാജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതിൽ കാച്ചിൽപട്ടണത്തിലെയും അഞ്ചുവണ്ണത്തിലെയും മണിഗ്രാമത്തിലെയും കച്ചവടപ്രഭുക്കളായ ചെട്ടിമാരെപ്പററിയും അവരുടെ കപ്പൽകച്ചവടത്തെപ്പററിയും വർണ്ണിച്ചിരിക്കുന്നതിനാൽ ഇതിന്റെ കാലം വീരരാഘവപ്പട്ടയത്തിന്റെ കാലത്തോടടുപ്പിച്ചു്, കച്ചവടപ്രഭുക്കളായ ചെട്ടിമാരുടെ പ്രാഭവം ഈ സ്ഥലങ്ങളിൽ കുറയാതെ ഇരുന്ന കാലത്തു, അതായതു ഏകദേശം കൊല്ലവർഷം നാലാം ശതകത്തിൽ ആയിരിക്കാൻ എളുപ്പമുണ്ടു്. പയ്യന്നൂർ പട്ടോലയുടെ കാലത്തും മണിഗ്രാമക്കാരായ ചെട്ടിമാർക്കു പ്രാധാന്യം ഒട്ടും കുറഞ്ഞിട്ടില്ല. ഡാക്ടർ ഗുണ്ടർട്ടുസായിപ്പും ഇങ്ങിനെതന്നെ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിലെ ഇതിവൃത്തം സഹൃദയന്മാരായ എല്ലാവരും വായിച്ചുമനസ്സിലാക്കിയിരിക്കുമെങ്കിലും തൽകാലസ്മരണയ്ക്കായി ചുരുക്കി എഴുതുന്നു—

സ്ത്രീസൗന്ദര്യത്തിനു കേഴ്‌വികേട്ട തൃശ്ശൂരിലെ ഒരു മാന്യകുഡുംബത്തിൽ നീലകേശി എന്ന സ്ത്രീക്കു ഭർത്താവായി അനേകം പുരുഷന്മാർ ഇരുന്നും സന്തതിയില്ലാതെ വീതരാഗയായിത്തീർന്ന അവൾ ഭിക്ഷുകിയായി ദേശസഞ്ചാരം തുടങ്ങി. ഏഴിമലയ്ക്കുസമീപം പ്രസിദ്ധകച്ചവടസ്ഥലമായ കാച്ചിൽപട്ടണത്തിൽ നമ്പുചെട്ടി അല്ലെങ്കിൽ ചൊമ്പുചെട്ടി എന്ന വ്യാപാരിയോടു പരിചയപ്പെടാൻ സങ്ഗതിയായി. അവൾ അയാളുടെ ഭാര്യയായി. അവൾക്കു നമ്പാശാരിച്ചെട്ടി എന്നൊരു പുത്രൻ ജനിക്കുകയും ആ സന്തോഷംകൊണ്ടു പുത്രൻ ജനിച്ചു ൪൧-ം ദിവസംപയ്യന്നൂർ മൈതാനത്തിൽവെച്ചു ചൊമ്പുചെട്ടി കേമമായിഒരു സദ്യ നടത്തി. അതിൽ പങ്കുകൊള്ളുവാൻ നീലകേശിയുടെ സഹോദരന്മാർ വന്നിരുന്നു. സദ്ധിസ്ഥലത്തു ഒരു അടിപിടി ഉണ്ടാവുകയും അതിൽ സഹോദരന്മാർ മൃത്യു പ്രാപിക്കയും ചെയ്തു. വിഷണ്ണയായ നീലകേശി ഭർത്താവിനെയും മകനെയും ഉപേക്ഷിച്ചു പിന്നെയും ഭിക്ഷുകിയായി സഞ്ചാരം തുടങ്ങി. കൊച്ചുചെട്ടി കച്ചവടത്തിലും കപ്പൽയാത്രയിലും തുറമുഖപരിചയത്തിലും കാലക്രമത്തിൽ പ്രാപ്തനായിത്തീർന്നു. ചില വർഷങ്ങൾ കഴിഞ്ഞു ഒരു ദിവസം മകന്റെ കച്ചവടസാമർത്ഥ്യം കൊണ്ടു ഐശ്വൎയ്യവൃദ്ധനായിത്തീർന്ന ചെട്ടി മകനോടു കൂടി ചതുരങ്ഗം വെച്ചുകൊണ്ടിരുന്നു. അപ്പോൾ ഭിക്ഷുകി കൊച്ചു ചെട്ടിയെ കാണാൻ വരികയും അയാളോടു രഹസ്യമായി കുറെ നേരം സംഭാഷണം ചെയ്തിട്ടു അയാളെ അകലെ നടക്കാൻ പോകുന്ന ഒരു സദ്യയ്ക്കു വരണമെന്നനിർബന്ധിക്കയും ചെയ്തു. കൊച്ചുചെട്ടി സമ്മതിച്ചു അമ്മയെ യാത്രയാക്കുകയും ചെയ്തു. പിന്നെ അച്ഛനോടു സദ്യയ്ക്കു പോകാൻ യാത്ര ചോദിച്ചപ്പോൾ അച്ഛൻ മകനെ തനിച്ചയയ്ക്കാൻ ഇഷ്ടമില്ലാതെ അഞ്ചുവണ്ണത്തിൽ ഒരു ചെട്ടിയുടെ പുത്രന്മാരെയും മണിഗ്രാമ ച്ചെട്ടികളെയും കച്ചവടത്തിനായി ചില സാമാനങ്ങളെയും കൊണ്ടുപോകുന്നതിനു സമ്മതിച്ചു.

ഇങ്ങിനെ ൧൮-ാമത്തെ ശ്ലോകത്തിൽ കവനം അവസാനിക്കുന്നു. 'നീലകേശി, കുണ്ഡലകേശി' തുടങ്ങിയുള്ള പേരുകൾ അക്കാലത്തു തെക്കൻദിക്കിലെ ദ്രാവിഡസ്ത്രീകൾക്കു ഉണ്ടായിരുന്നു. മണിഗ്രാമം,

കാച്ചിൽ പട്ടണം, അഞ്ചുവണ്ണം ഇവിടങ്ങളിൽ ഉണ്ടായിരുന്ന ചെട്ടികൾ നസ്രാണിപ്പെരുഞ്ചെട്ടികളായിരിക്കണമെന്നു ചിലർ വ്യാഖ്യാനിക്കുന്നതിനെ സ്വീകരിച്ചാൽ നായികയായ നീലകേശി ഒരു നസ്രാണിയുടെ ഭാര്യാപദം സ്വീകരിച്ചതായിട്ടാണു പയ്യന്നൂർ പട്ടോലയിൽ വർണ്ണിക്കപ്പെടുന്നതു എന്നു വരും. ആയതുകൊണ്ടു നസ്രാണികൾക്കു ചെട്ടി എന്നപേരു ഉണ്ടായിരുന്നതായി അനുമാനിക്കുന്നതു വെറും പക്ഷാഭാസമാണെന്നേ പറയാനുള്ളു. അതെല്ലാം ഓരോരുത്തരുടെ സ്വനിർമ്മിതതത്വപ്രണയാവലുണ്ഠിതമായ വിജൃംഭണവിലാസമത്രേ.

കേരളചരിത്രത്തിൽ ഏതെങ്കിലും ഒരു വിഷയത്തെപ്പററി കൈകാര്യം ചെയ്യുമ്പോൾ അതിലേയ്ക്കായി ജീവിതം നയിച്ച യശശ്ശേഷനായ കേ. പി. പത്മനാഭമേനവനവർകളെ സ്മരിക്കുക എന്നുള്ളതു സന്ദർഭസമുചിതമായ കൃത്യമാകയാൽ അതുമാത്രം നിർവ്വഹിച്ചുകൊണ്ടു ഈ നിബന്ധം ഉപസംഹരിച്ചുകൊള്ളുന്നു.

---

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

(സംക്ഷേപം.)

വീരരാഘവപ്പട്ടയത്തെപ്പററി ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ വിവാദവിഷയത്തിൽ നല്ലപോലെ ഗാഹകങ്ങളായിരുന്നതു കൊണ്ടു ഞാൻ സന്തോഷിക്കുന്നു. കേരളാധിപതിമാരാൽ ദത്തമായ പദവികൾക്കു പ്രമാണമായി സുറിയാനി കൃസ്ത്യാനികൾ ആശ്രയിക്കാറുള്ള താമ്രശാസനങ്ങളിലൊന്നാണു വീരരാഘവപ്പട്ടയം. ഇതുകൂടാതെ കനായിത്തൊമ്മനു "കോക്കരങ്കൻ" ("കോ—ചേരകോൻ" എന്നു മി. ടി. കേ. ജോസഫ്) കൊടുത്തതായിപറയുന്ന രണ്ടു പട്ടയങ്ങളും സ്ഥാണുരവിപ്പെരുമാളിന്റെ കാലത്തു വേണാട്ടു രാജാവായിരുന്ന അയ്യനടികൾ തിരുവടി കൊല്ലത്തു തരിസാപ്പള്ളിയ്ക്കു കൊടുത്തതായി പറയുന്ന പട്ടയവുംകൂടി സുറിയാനികളുടെ പ്രമാണങ്ങളായി പറയപ്പെടുന്നു. ഇവ സർവ്വസന്ദേഹമുക്തങ്ങളാണെന്നു പറയാവുന്നതല്ല. കനായിത്തൊമ്മന്റെ പട്ടയക്കാലം ക്രി. വ. 345-ആണെന്നു പറയുന്നു. ദാതാവിന്റെ പേർ അതിലില്ല. ചേരമാൻപെരുമാൾ എന്നേ ഉള്ളു. ഈ പട്ടയങ്ങളുടെ കഥ പോർത്തുഗീസ്കാർ കേരളത്തിൽ വന്നശേഷമേ കേൾക്കുവാനിടയായിട്ടുള്ളു. വാസ്കോ ടിഗാമാ വന്നുചേർന്നപ്പോൾ ചില സുറിയാനികൾ സ്വജാതീയനായിരുന്ന ഒരു രാജാവിന്റെ വക എന്നു പറഞ്ഞു് ഒരു വാൾ അദ്ദേഹത്തെക്കാണിക്കയും പോർത്തുഗൽ രാജാവിന്റെ ആധിപത്യം വരിക്കയും ചെയ്തു. അപ്പോൾ ചെപ്പേടിന്റെ പ്രസ്താവന ഒന്നുമുണ്ടായില്ല. ക്രി. വ. 1544-ൽ മാർജേക്കബ്ബ് എന്നൊരു നാടൻ കത്തനാർ കനായിത്തൊമ്മന്റെ പട്ടയങ്ങൾ പണയം വച്ചിരിക്കുന്നതായി പറങ്കികളോടു പറഞ്ഞു. അവർ ആ പണ

യമെടപ്പിച്ചു. പത്തുമപ്പത്തു കൊല്ലം അവ അവരുടെ പക്കൽ ഉണ്ടായിരുന്നതായി ചിലർ രേഖപ്പെടുത്തിക്കാണുന്നു. അതിനുശേഷം അവ അന്തർദ്ധാനം ചെയ്തു. അതിന്റെ വിവർത്തങ്ങൾ ബ്രിട്ടീഷുമ്യൂസിയത്തിലും ലിസ്ബൺ ഗ്രന്ഥശാലയിലും ഉള്ളതായി പലരും പറഞ്ഞിരുന്നു. പക്ഷേ അന്വേഷണത്തിൽ രണ്ടു ദിക്കിലും ഇപ്പോൾ ഒന്നുമില്ലെന്നു മി. ടി. കെ. ജോസഫ് പറയുന്നു. ഇങ്ങനെ അതിന്റെ അസ്സലോ പകർപ്പുകളോ അപ്രാപ്യമാകയാൽ അതിന്റെ യാഥാർത്ഥ്യം പരിശോധിക്കുവാൻ പ്രയാസമാകുന്നു.

തരിസാ പള്ളിപ്പട്ടയത്തിന്റെ കാലം ക്രി-വ- 880 ഇടയ്ക്കാണെന്നു കാണുന്നു. അക്കാലത്തു കൊല്ലം ദേശിങ്ങനാട്ടുരാജാക്കന്മാരുടെ ആധിപത്യത്തിലായിരുന്നു. വേണാട്ടുരാജാക്കന്മാർക്കു് അതിന്റെ വല്ല ഭാഗവും കൈവശമുണ്ടായിരുന്നിരിക്കാം—അങ്ങനെയുള്ള രാജാക്കന്മാർ കൊല്ലത്തു സ്ഥലവും സ്ഥാനമാനവും പ്രദാനം ചെയ്യാൻ മുതിർന്നതു കുറെ ശ്രമപ്പെട്ടു വിശ്വസിക്കേണ്ടിയിരിക്കുന്നു. അതു് എങ്ങനെയുമിരിക്കട്ടെ. അടുത്ത പട്ടയമാണു നമ്മുടെ വാദവിഷയം—അതിന്റെ കാലം ക്രി-വ-1320 എന്നു ഡാക്ടർ കീൽഹാറൻ പറയുന്നു. ദാതാവു കൊടുങ്ങല്ലൂർ വാണിരുന്ന വീരരാഘവചക്രവർത്തിയും പ്രതിഗ്രഹീതാവു് ഇരവി കോർത്തനൻ അഥവാ കോർത്തനും ആണു്. കൊടുങ്ങല്ലൂർ നഗരവും പരിസരവനങ്ങളും കനായിത്തൊമ്മനു കൊടുത്തു പോയതായി പട്ടയം ഉള്ള സ്ഥിതിക്കു് അവിടെ ഒരു ചക്രവർത്തി വാഴുന്നതിനു് ഇടയായതെങ്ങനെ എന്നു വ്യക്തമല്ല. കനായിത്തൊമ്മന്റെ പട്ടയത്തെപ്പററി വീരരാഘവപ്പട്ടയത്തിൽ ഒന്നും പറഞ്ഞു കാണുന്നില്ല. ക്രി-വ- 1806-ഇൽ ആണെന്നു തോന്നുന്നു, തിരുവിതാംകോട്ടും കൊച്ചിയിലും റസിഡണ്ടായിരുന്നു വിശ്വവിശ്രുതി നേടിയ കർണ്ണൽ മക്കാളി കൊച്ചിയിൽ കോട്ടയിൽ നിന്നു വീരരാഘവപ്പട്ടയവും മററും തപ്പിയെടുത്തതു്. ഇതവിടെ ചെന്നു ചേർന്നതെങ്ങനെയെന്നറിവില്ല. ആ കോട്ട ആദ്യം പറങ്കികളുടെയും പിന്നെ ലന്തക്കാരുടെയും അധീനതയിലായിരുന്നു. അവരാരും ഈ പട്ടയത്തെപ്പററി ഒന്നും പറഞ്ഞു കാണുന്നില്ല. ഇംഗ്ലീഷുകാരോടു തോററു ലന്തക്കാർ കോട്ടവിട്ടു പോകയും ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കയും ചെയ്ത അന്തരാള കാലത്താണു പട്ടയത്തിന്റെ അജ്ഞാതവാസം അവസാനിച്ചതു്. നാട്ടുകാരുണ്ടാക്കിയ കേരള ചരിത്രങ്ങളിലെങ്ങും ഈ പട്ടയത്തെപ്പററി ഒന്നും കാണുന്നില്ല. നേരെ മറിച്ചു് ഒരു ചേരമാൻ പെരുമാൾ രാജ്യം പകുത്തു കൊടുത്ത ശേഷം മക്കത്തു പോയ കഥ പ്രസിദ്ധവുമാണു്. കനായിത്തൊമ്മനു കൊടുത്ത ഭൂപ്രദേശം അന്യർക്കു വീതിച്ചതെങ്ങനെയെന്നും വ്യക്തമല്ല. ഇങ്ങനെ ബഹുവിധദുർഘടഗ്രസ്തമാണു് ഈ പട്ടയങ്ങളുടെ ചരിത്രം.

അന്യഥാ തെളിയുന്നതുവരെ മനുഷ്യരുടെ സത്യവാദിതയെ വിശ്വസിക്കയേ തരമുള്ളു. ആ സ്ഥിതിക്കും വാദത്തിന്റെ ആവശ്യത്തിലേക്കും വീരരാഘവപ്പട്ടയം വാസ്തവമെന്നു വയ്ക്കേണ്ടിയിരിക്കുന്നു. ഈ പട്ടയം സമ്പാദിച്ച ആൾ അതായതു് ഇരവി കൊർത്തൻ അഥവാ കോർത്തനൻ (രണ്ടു രൂപവും പട്ടയത്തിൽ കാണുന്നുണ്ടു്) ഒരു കൃസ്ത്യാനി എന്നു ക്രൈസ്തവന്മാർ പറയുന്നു. ഇരവി

എന്ന പേർ ഒരു ഹിന്ദുവിന്റെ ഇരട്ടപ്പേരാണെന്നേ തോന്നുകയുള്ളു. റബി എന്ന വാക്കു ഇരവി എന്നായതാണെന്ന് ഒരു എതിർ വ്യാഖ്യാനം ഉള്ളതു ഞാൻ മറക്കുന്നില്ല. അതു സാധുവായി തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ഇരവി എന്ന ഹിന്ദുസംജ്ഞയുടെ രൂപത്തിലാക്കി റബിശബ്ദത്തിനു കുഴപ്പമുണ്ടാക്കാൻ ഒരു ക്രിസ്ത്യാനിക്കോ ഹിന്ദുവിനോ തോന്നുകയില്ല. കോത്തൻ, കോത്തനൻ ഈ സംജ്ഞകൾ ഗോവർദ്ധനൻ എന്നതിന്റെ വികൃതിയാണെന്നു ഡാക്ടർ ഗോദവർമ്മ പറയുന്നതു യുക്തമാണെന്നു എനിക്കു തോന്നുന്നു. "ഗോവിന്ദൻ" "കോന്തൻ" എന്നാകാറുണ്ടല്ലോ— അതുപോലെ "ഗോവർദ്ധനൻ" അഥവാ "ഗോവർദ്ധൻ" "കോത്തനൻ", "കോത്തൻ" ഇങ്ങനെ ആകാവുന്നതാണു്. ഈ ആളിന്റെ പേരു് ഒന്നുകിൽ ഗോവർദ്ധൻ അല്ലെങ്കിൽ ഗോവർദ്ധനൻ എന്നായിരുന്നിരിക്കണം. പട്ടയത്തിൽ രണ്ടും കാണുന്നു. അതിലൊന്നു പ്രമാദമാണു്. ക്രിസ്ത്യാനികൾക്കു കോത്തൻ, കോത്തനൻ എന്നു പേരുള്ളതായി അറിവില്ല. ഒരു പള്ളിയുടെ ഭിത്തിയിൽ ഇരവികോട്ടൻ എന്നു പേരു കണ്ടിട്ടുണ്ടെന്നു മി. ടി. കെ. ജോസഫ് പറയുന്നു. ആ ലേഖ കാണേണ്ടിയിരിക്കുന്നു. അതു ശരിയാണെങ്കിലും ആ ആൾ ക്രിസ്ത്യാനിയാകണമെന്നില്ല. ഗോവർദ്ധനശബ്ദവും ഒരു വിദേശനാമധേയമായിട്ടാണു തോന്നുന്നതു്. അതു് ഒരു ചെട്ടിയുടേയോ വെള്ളാളന്റെയോ പേരായിരിക്കാം. വാണിജ്യാഭിവൃദ്ധിക്കു ചേരമാൻ പെരുമാൾ പരദേശത്തു നിന്നു പല വർത്തകരേയും ജോനകരേയും വരുത്തുകയും പതിനെട്ടു തുറമുഖം സ്ഥാപിക്കയും ചെയ്തതായി കേരളചരിത്രത്തിൽ (തിരുവനന്തപുരം പ്രാചീനഗ്രന്ഥാവലി) കാണുന്നു. എന്നാൽ കോത്തനു മണിഗ്രാമപ്പട്ടം കൊടുത്തിരിക്കകൊണ്ടു് അയാൾ ഹിന്ദുവായിരിക്കയില്ലെന്നാണു മറെറാരു വാദം. മണിഗ്രാമശബ്ദം ഗുണ്ടർട്ടു്, ഗോപിനാഥറാവു മുതലായ വിദ്വജ്ജനങ്ങളെ വിഷമിപ്പിച്ചിട്ടുള്ളതാണു്. അതു "വണിഗ്ഗ്രാമ" ശബ്ദമാണെന്നു ഈ യോഗത്തിനു് വരും വഴിക്കു മി. എൻ. ഗോപാലപിള്ള എം. ഏ യോടു ഞാൻ പറഞ്ഞു. ആ അഭിപ്രായം തന്നെ ഡാക്ടർ ഗോദവർമ്മ പറഞ്ഞു കേട്ടതിൽ ഞാൻ അദ്ഭുതപ്പെട്ടു സന്തോഷിക്കുന്നു. "മത്തകാരങ്ങൾക്കു വററകാരങ്ങൾ ബഹുലം" എന്നു കേരളപാണിനിയുടെ സൂത്രം നോക്കുക. മസൂരി, വസൂരി; മാനം, വാനം; മഞ്ചി, വഞ്ചി; പുതുമന, പുതുവന; ഇത്യാദികൾ അതിനുദാഹരണങ്ങൾ ആകുന്നു. വണിഗ്ഗ്രാമം എന്നാൽ, കച്ചവടക്കാരുടെ സംഘം എന്നാണർത്ഥം. സമൂഹാർത്ഥത്തിൽ ഗ്രാമച് എന്നൊരു പ്രത്യയമുണ്ടെന്നു വാർത്തികകാരൻ പറയുന്നു. സ്വരഗ്രാമം, ഇന്ദ്രിയഗ്രാമം, ഗുണഗ്രാമം ഇത്യാദി പ്രയോഗങ്ങൾ ദൃഷ്ടാന്തങ്ങൾ. ഇതു് ആകൃതിഗണമാകയാൽ വണിഗ്ഗ്രാമം സർവ്വഥാ സാധു തന്നേ. അതുകൊണ്ടു് മണിഗ്രാമത്തിനു വർത്തകസംഘം എന്നു് അർത്ഥം പറയേണ്ടതാകുന്നു. "മണിഗ്രാമം" എന്ന വാക്കു് അയ്യനടികളുടെ താമ്രശാസനത്തിലും കാണുന്നുണ്ടു്. കൂടാതെ തൃച്ചിനാപ്പള്ളിക്കു സമീപം തിരുവെള്ളറ എന്നിടത്തു രാജ കേസരിവർമ്മന്റെ ഒരു ശാസനത്തിലും ആ പദം പ്രയുക്തമാണു്. "ഉറയൂർ മണിഗ്രാമത്തു നാരായണൻ നാച്ചൻ" എന്നു് അതിൽ കാണുന്ന സ്ഥിതിക്കു മണിഗ്രാമപദംകൊണ്ടു ക്രൈസ്തവത്വം പ്രതീയമാനമാണെന്നുള്ള വാദത്തി

ൻെറ വേർ അററുപോകയും ചെയ്യും. നാരായണൻ നാച്ചൻ എന്നതു് ഒരു കൃസ്ത്യാനിയുടെ പേരാണെന്നു ഒരിക്കലും വരികയില്ലല്ലൊ.

മേൽപ്രകാരം വീരരാഘവപ്പട്ടയം ഒരു കൃസ്ത്യാനിക്കു കൊടുത്തതാണെന്നുള്ള വാദം നിരാലംബമാകുന്നു. ഇതു പറങ്കികളുടെയും ലന്തക്കാരുടെയും അധിവാസദുർഗ്ഗത്തിൽ നിന്നു കണ്ടെടുത്തു എന്നൊരു സംഗതിയുണ്ടു്. അതിനു വളരെ സമാധാനങ്ങൾ പറയാവുന്നതാകയാൽ അതു കൃസ്ത്രീയവാദം സ്ഥാപിക്കുവാൻ അനൈകാന്തികം (inconclusive) ആകുന്നു.

ഇവിടെ നടന്ന വാദപ്രതിവാദത്തെപ്പററി ക്ലുപ്തമായി ഒന്നും ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല.

# കിമപി കാവ്യം.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

[തുടർച്ച]

(30) സമ്പൽപരമ്പര പരം
പരിപുഷ്ടമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു
ധരാനിലിമ്പൻ
തുമ്പയ്ക്കു തുമ്പമെഴുമമ്പിളി
കമ്പിളിക്കും
കമ്പിക്കുമാരുമിതി
ചെമ്പകശേരിരാജാ

സമ്പൽപരമ്പര=തുടർച്ചയായ സമ്പത്തുകൾ. പരം=വളരെ. പരിപുഷ്ടമാക്കി=അഭിവൃദ്ധമാക്കി. ധരാനിലിമ്പൻ=ഭൂദേവൻ. തുമ്പയ്ക്കു തുമ്പമെഴും=തുമ്പയ്ക്കു ദുഃഖമുണ്ടാകും. അമ്പിളി =ചന്ദ്രൻ. കമ്പിളിക്കും=നിസ്സാരമാകും. കമ്പിക്കുമാരും=ആരും വിറയ്ക്കും. ഇതി=ഇപ്രകാരം. ഐശ്വര്യം തുടർച്ചയായി പരിപോഷിപ്പിച്ചു് യശോധാവള്യംകൊണ്ടു് തുമ്പപ്പൂവിനും ചന്ദ്രനും ദുഃഖവും നിസ്സാരതയും ഉണ്ടാകത്തക്ക വിധത്തിലും പ്രതാപംകൊണ്ടു് ആരും വിറയ്ക്കത്തക്ക വിധത്തിലും ബ്രാഹ്മണനായ ചെമ്പകശ്ശേരി രാജാവു് മുമ്പു് അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജ്യം ഭരിച്ചിരുന്നു എന്നു താൽപര്യം.

(31) ഗോപീമനോവനകലാപി
ജഗൽകലാപ
വ്യാപീ വിലാപിജന
താപവിലോപവാപീ
ശ്രീപീഠമിന്ദ്രസുതസാരഥി
പീതവാസഃ—
സ്സാപീഡമായ് നൃപതി
മൂർദ്ധയിലുല്ലസിച്ചു.

ഗോപീമനോവനകലാപി=ഗോപികളുടെ മനസ്സാകുന്ന വനത്തിലെ കലാപി (മയിൽ). കലാപം=മയിൽപീലി. പീലിയുള്ളതുകൊണ്ടു് കലാപി എന്നു മയിലിനു പേർ. "കലാപോ ഭൂഷണേ ബർഹേ തൂണീരേ സംഹതാവപി" എന്നമരം. ജഗൽകലാപവ്യാപീ=ജഗത്തിൻെറ (ലോകത്തിൻെറ) സമൂഹത്തിൽ വ്യാപിച്ചിട്ടുള്ളവൻ; സർവ്വലോകവ്യാപി എന്നു സാരം. വിലാപിജനതാപ വിലോപവാപീ=വിലപിക്കുന്നവരായ ജനങ്ങളുടെ താപത്തെ നശി

പ്പിക്കുന്നതിനുള്ള തടാകമായിട്ടുള്ളവൻ. രൂപകാലങ്കാരം ഇവിടെ എത്ര ഭംഗിയായി ചേർത്തിരിക്കുന്നു എന്നു നോക്കുക. ശ്രീപീഠം= ലക്ഷ്മീഭഗവതിയുടെ ഇരിപ്പിടം. ഇന്ദ്രസുതസാരഥി=പാർത്ഥസാരഥി. അമ്പലപ്പുഴപ്രതിഷ്ഠ പാർത്ഥസാരഥിരൂപത്തിലാണ്. പീതവാസസ്സ്= പീതാംബരൻ; മഞ്ഞച്ചേലയോടുകൂടിയവൻ. ആപീഡം=ശിരോലങ്കാരം. "ആപീഡ ശേഖരൌ" എന്ന് അമരം. ചൂഡ=മൌലി. ഗോപികളുടെ മനസ്സിൽ മയിലിനെപ്പോലെ നൃത്തം ചെയ്യുന്നവനും ലോകമാകെ വ്യാപിച്ചിരിക്കുന്നവനും യാവനൊരുത്തനിൽ മുഴുകുന്നതുകൊണ്ട് ദുഃഖികളുടെ ഖേദം നശിച്ചുപോകുന്നുവോ അങ്ങനെയുള്ളവനും ലക്ഷ്മീനിവാസനും പീതാംബരനും ആയ പാർത്ഥസാരഥി രാജാവിന്റെ ശിരസ്സിൽ കിരീടം പോലെ ശോഭിച്ചു എന്നർത്ഥം. 'കലാപി' ശബ്ദത്താൽ സൂചിതമായ വിവിധവർണ്ണത്വം കിരീടത്തിലെ വിവിധരത്നങ്ങളുടെ വർണ്ണത്തിനു യോജിപ്പായിരിക്കുന്നു. ലോകവ്യാപിയാണെങ്കിലും ഗോപികളുടെ മനസ്സിൽ അവരുടെ പ്രാർത്ഥനാനുരൂപമായി മയിലായിട്ടു വിളയാടുന്നവനാണെന്നു ഭാവം. ഗോപീഹൃദയം അസംസ്കൃതമാകയാൽ പ്രകൃതിരാമണീയകം 'വന' ശബ്ദംകൊണ്ടു സൂചിതം. രാജാവ് ശ്രീകൃഷ്ണഭക്തനായിരുന്നു എന്നു സാരം. എന്നാൽ കൃഷ്ണൻ ചൂഡയിലല്ലാതെ ഹൃദയത്തിൽ ഉല്ലസിച്ചു എന്നു പറയാത്തതുകൊണ്ട് ഭക്തിയുടെ ബാഹ്യാഡംബരം ഗമ്യം.

(32) പമ്പാതരംഗമദചോര
രമാകടാക്ഷ
സമ്പാതരംഗമിവ നാടതു
മോടി തേടി
ശമ്പാതരസ്സെഴുമൊരന്നൃപ
സൈന്യമോർക്കിൽ
വെമ്പാതരങ്ങഹിതബുദ്ധി
നടിക്കലഭ്യം

പമ്പാതരംഗ...............സമ്പാതരംഗമിവ= പമ്പാനദിയിലെ തിരമാലകളുടെ മദത്തെ കവർന്നിട്ടുള്ള രമാകടാക്ഷങ്ങളുടെ സമ്പാതരംഗം (സമ്പതിക്കുന്ന അതായതു വീഴുന്ന രംഗം സ്ഥലം)പോലെ. ലക്ഷ്മീകടാക്ഷങ്ങൾ പമ്പാനദിയിലെ തിരമാലകൾപോലെ പരമ്പരയായി ഈ നാട്ടിൽ ഉണ്ടായിക്കൊണ്ടിരുന്നു എന്നു താൽപര്യം. 'ശ്രീ പീഠം' എന്നു മുൻശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതിന്റെ ഫലമായിട്ട് സമ്പൽസമൃദ്ധി ഉണ്ടായി എന്നു സാരം. പമ്പാനദി കായലിൽ സമ്പതിക്കുന്നതും അമ്പലപ്പുഴ വച്ചാണെന്ന് ഓർത്തിരിക്കേണ്ടതാണ്. ശമ്പാതരസ്സ്= ശമ്പയുടെ (മിന്നലിന്റെ) തരസ്സ് (ബലവത്തായ വേഗം). "ശമ്പാശതഹ്രദാഹ്രാദിന്യൈരാവത്യഃ ക്ഷണപ്രഭാ" എന്ന് അമരം. നൃപസൈന്യമോർക്കിൽ= നൃപസൈന്യത്തെ സ്മരിച്ചാൽ. അഹിതബുദ്ധിനടിയ്ക്ക്=അഹിതന്മാരുടെ (ശത്രുക്കളുടെ) ബുദ്ധിയാകുന്ന നടിക്ക് (നർത്തകിക്ക്). വെമ്പാതെ= സംഭ്രമിക്കാതെ. അരങ്ങലഭ്യം=അരങ്ങ് (അഭിനയസ്ഥാനം) ലഭിക്കുന്നതല്ല. ചെമ്പകശ്ശേരി രാജാവിന്റെ സൈന്യത്തെക്കുറിച്ചുള്ള സ്മരണ ഉണ്ടാകുമ്പോൾ ശത്രുക്കളുടെ ബുദ്ധിനാട്യങ്ങളെല്ലാം സംഭ്രമമയമായി തീരാതിരിക്കയില്ല എന്നു താൽപര്യം. നാട്യത്തിനുവേണ്ടി എന്തെല്ലാം ഭാവിച്ചാലും ശത്രുക്കൾക്കു സംഭ്രമം ഒഴിയുന്നതല്ല എന്നു സാരം.

(33) ചാലേ തുലാക്കളി കഴിഞ്ഞു
ധരിത്രി ബാല—
ശാലിച്ഛടാഹരിതകഞ്ചുക
മിട്ടു കാണാം
കാലേന നെന്മണികൾ
പൊന്മണിജാലമാല
പോലേ ചമഞ്ഞവനി
പിംഗളചേലയാകും

ചാലേ=ഭംഗിയായി. ധരിത്രി=ഭൂമി. ബാലശാലിച്ഛടാഹരിതകഞ്ചുകം = ഇളംനെല്ലിന്റെ കൂട്ടമാകുന്ന പച്ചക്കഞ്ചുകം (മുലപ്പടം). ഇട്ടു

കാണാം=അണിഞ്ഞുകാണാം. കലേന=ക്രമേണ. പൊന്മണിജാലമാല=പൊന്മണികൾകൊണ്ടുള്ള മാല. ചമഞ്ഞ്=സംഭവിച്ചിട്ട്. അവനി=ഭൂമി. പിംഗളചോളയാകും=പിംഗളവർണ്ണത്തിൽഉള്ള ചോളത്തോടു (കഞ്ചുകത്തോട്) കൂടിയവളാകും. പിംഗളം=സ്വർണ്ണവർണ്ണം. തുലാക്കുളി കേരളസ്ത്രീകൾ അനുഷ്ഠിച്ചുവരുന്ന ഒരു ചടങ്ങാണ്. അമ്പലപ്പുഴദിക്കിൽ തുലാവർഷത്തിൽ ഭൂമി മുഴകിയതിനു ശേഷമാണ് നെൽകൃഷി ആരംഭിക്കുന്നത്. ഇളംനെല്ലു വാച്ചു വരുന്ന കാഴ്ച കുളി കഴിഞ്ഞ് പച്ചക്കഞ്ചുകം അണിയുന്നതുപോലെ തോന്നും. പിന്നെ ക്രമേണ കൊയ്ത്ത് അടുക്കാറാകുമ്പോൾ നെന്മണികൾ പൊന്മണികൾപോലെ ആകുകയും വയലുകൾ പിംഗളവർണ്ണമായിത്തീരുകയും ചെയ്യും. അപ്പോൾ പച്ചക്കഞ്ചുകം മാറി ഭൂമി പിംഗളവർണ്ണമായ കഞ്ചുകം ധരിച്ചതുപോലെയും തോന്നും എന്നു വിവക്ഷ. നെന്മണികൾ പൊന്മണികൾപോലെയാകും എന്നു പറഞ്ഞതുകൊണ്ട് അമ്പലപ്പുഴദേശത്തെ മുഖ്യമായ ധനാഗമമാർഗ്ഗം നെൽകൃഷിയാണെന്നു ധ്വനിപ്പിച്ചിരിക്കുന്നു.

(34) അമ്പാടിപോലെവിടവും
പശുവൃന്ദകണ്ഠ
ഹംബാരവേണ മുഖരീ
കൃതമന്തിനേരം
ലംബാളകാജനകരാംഗുലി
ദോഹദക്ഷം
പുംബാധയാം കുസൃതിതൻ
വയനത്തിലജ്ഞം

പശുവൃന്ദകണ്ഠഹംബാരവേണ = പശുവൃന്ദങ്ങളുടെ കണ്ഠത്തിൽനിന്നുള്ള ഹംബാരവം കൊണ്ട്. ഹംബാരവം=പശുവിന്റെ ശബ്ദം. മുഖരീകൃതം=മുഖരമാക്കപ്പെട്ടത്. മുഖരം=ശബ്ദായമാനം. ലംബാളകാജനകരാംഗുലി=സുന്ദരീജനങ്ങളുടെ കൈവിരൽ. ലംബാളകാ=ധാരാളം കുറുനിരകളോടു കൂടിയവൾ; സുന്ദരീ. ദോഹദക്ഷം=ദോഹത്തിൽ (പശുക്കറവയിൽ) ദക്ഷം=സമർത്ഥം. പുംബാധയാം കുസൃതിതൻ വയനത്തിലജ്ഞം=പുരുഷന്മാർക്കു ബാധയായ (ഉപദ്രവമായ) കുസൃതിയുടെ (കൃത്രിമത്തിന്റെ) വയനത്തിൽ (നെയ്ത്തിൽ) അജ്ഞം (അറിവില്ലാത്തത്). അമ്പാടിയിൽ എന്നതുപോലെ അമ്പലപ്പുഴയും പശുവൃന്ദങ്ങളുടെ ശബ്ദംകൊണ്ട് സന്ധ്യാകാലം ശബ്ദായമാനമായിരുന്നു. സ്ത്രീകൾ പശുക്കറവ മുതലായ ഗൃഹജോലികളിൽ സമർത്ഥകളായിരുന്നു എന്നല്ലാതെ കൃത്രിമങ്ങൾ പ്രയോഗിച്ച് പുരുഷന്മാർക്ക് അനർത്ഥം ഉണ്ടാക്കുന്നതിന് അറിവില്ലാത്തവരായിരുന്നു എന്നു സാരം.

(35) സാഹിത്യമോഹലഹരീ
പരതന്ത്രനായി
സൗഹിത്യമേതുമിയലാതെ
വിളങ്ങി ഭൂപൻ
രാഹിത്യമെന്നതൊരു വസ്തു
വിനില്ല കാവ്യോ-
ത്സാഹിക്കു കല്പതരു ചെമ്പക
നാട്ടിനീശൻ

സാഹിത്യമോഹലഹരീപരതന്ത്രനായി = സാഹിത്യസന്തോഷതരംഗങ്ങൾക്കു പരതന്ത്രനായിട്ട് (വശീഭവിച്ചവനായിട്ട്) സൗഹിത്യം=തൃപ്തി. രാഹിത്യം=രഹിതത്വം; ഇല്ലായ്മ. കാവ്യോത്സാഹിക്കു=കവിതാവിഷയത്തിൽ ശ്രമിക്കുന്നവന്. കല്പതരു=കല്പവൃക്ഷം; അഭീഷ്ടപ്രദൻ എന്നർത്ഥം. ചെമ്പകനാട്ട്=അമ്പലപ്പുഴ രാജ്യം. മേല്പത്തൂർ ഭട്ടതിരി കുഞ്ചൻനമ്പ്യാർ മുതലായ കവികൾ ചെമ്പകശ്ശേരിരാജാവിനെ ആശ്രയിച്ച് കഴിഞ്ഞുവന്നവരാണെന്നുള്ള സംഗതി ഇവിടെ സൂചിതമാകുന്നു.

(36) നെയ്യും നദിക്കു സമമുണ്ടഥ
ശാലികന്മാർ
നെയ്യുന്ന ദിക്കുമുളവായി-
തരാനപേക്ഷം

കൊയ്യുന്ന കൈകൾ വള
ബാധകമല്ല വേല
ചെയ്യുന്ന മാനസമമല്ല
വിമാനയാനം

നെയ്യും നദികൾസമമുണ്ട് = നദികൾസമം നെയ്യും ഉണ്ട്; ധാരാളമായി നെയ്യുണ്ടെന്നു സാരം. പശുക്കറവ ധാരാളം ഉള്ളപ്പോൾ നെയ്യും ധാരാളം ഉണ്ടാകണമല്ലോ. ശാലികന്മാർ = ചാലിയന്മാർ. നെയ്യുന്ന ദിക്ക് = നെയ്ത്തുവേല നടത്തുന്ന പ്രദേശം. ഇതരാനപേക്ഷം = വസ്ത്രാദികൾക്ക് അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടാത്ത വിധത്തിൽ എന്നു താൽപര്യം. ബാധകമല്ല = തടസ്സമല്ല. വേല ചെയ്യുന്ന മാനം = വേല ചെയ്യുന്നതു കൊണ്ടുള്ള ബഹുമതി. വിമാനയാനം = വിമാനസഞ്ചാരം. ചെമ്പകശേരിരാജ്യത്തെ കൃഷി, പാശുപാല്യം നെയ്ത്തു മുതലായ വ്യവസായരീതികൾ ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. നാട്ടിൽ സമ്പൽസമൃദ്ധി ഉണ്ടായിരുന്നതു് ജനങ്ങളുടെ പരിശ്രമവും വ്യവസായതൽപരതയും കൊണ്ടായിരുന്നു എന്നു ധ്വനി.

(37) അക്ഷോണിപാലമണി
തന്നുടെ നാട്ടിലുണ്ടാ-
യക്ഷോഭ്യമായ് വിലസി
പണ്ടു കുടുംബമേകം
തക്ഷോപജീവനകലാ
ജയലക്ഷ്മി പോലെ
വൃക്ഷോപലക്ഷ്യമതിരു
ന്നൊരു വാസ്തുവിപ്പോൾ

ക്ഷോണിപാലൻ = രാജാവ്. അക്ഷോഭ്യമായ് = ഇളക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ. തക്ഷോപജീവനകലാജയലക്ഷ്മി = തച്ചന്മാരുടെ ഉപജീവന കലയുടെ ജയലക്ഷ്മി. തച്ചുശാസ്ത്രത്തിന്റെ ജയലക്ഷ്മിപോലെ, മുൻപാദത്തിലെ 'വിലസി' എന്നതിനോടു ചേർത്തന്വയിക്കണം. വൃക്ഷോപലക്ഷ്യമതിരുന്നൊരു വാസ്തുവിപ്പോൾ = ഇപ്പോൾ അതിരുന്നതായ വാസ്തു (തറപ്പാടു്) വൃക്ഷത്തിനാൽ ഉപലക്ഷ്യം (അനുമാനിക്കത്തക്കതു്.) മുമ്പു വീടിരുന്ന ദിക്കിൽ ഇപ്പോൾ ഒരു വൃക്ഷം നിൽക്കുന്നു എന്നു താൽപര്യം. പ്രശസ്തമായ കുടുംബഭവനം ഒരു കാലത്തു നിന്നിരുന്നിടത്തു ഇപ്പോൾ ഒരു വൃക്ഷംമാത്രം അടയാളമായി നില്ക്കുന്നു എന്നു സാരം.

(38) ആലൊന്നു തത്ര വിലസു
ന്നതു പന്തലിച്ചു
കാലം കരണ്ടു ബഹു
കോടരവക്ത്രയുക്തം
മൂലം മുരണ്ട തരുവൃദ്ധനു
വിശ്രമിപ്പാൻ
ബാലാനിലന്റെ കളികൊ-
ണ്ടു നിവൃത്തിയില്ല

ബഹുകോടരവക്ത്രയുക്തം = വളരെ പോടുകളാകുന്ന വായ്കളോടുകൂടിയതാണ്. മൂലം = ചുവട്. ബാലാനിലൻ = ഇളംകാററു. വയോധികതയിൽ വൃക്ഷത്തിനു വിശ്രമം ആവശ്യമാണെങ്കിലും ഇളംകാററുചെന്ന് ഇലകളും മററും ഇളക്കുന്നതുകൊണ്ടു വിശ്രമം സാദ്ധ്യമല്ലാതെ തീർന്നിരിക്കുന്നു എന്നു താൽപര്യം.

(39) ആലിന്നടിയ്ക്കു കുളമുണ്ട
തിൽ വന്നിറങ്ങി
മേളിച്ചു വേരുവഴി
യാലിനു നീരപാനം
ഫാലത്തിലക്കരപീഡ
പെടാതെ നിത്യം
പാലിച്ചിടുന്നു പകരം
ദ്രുമമക്കുളത്തെ.

മേളിച്ചു = ചേർന്നു. ഫാലം = നെററി; പുരോഭാഗം എന്നു വിവക്ഷ. ദ്രുമം = വൃക്ഷം. ആലിനു കുളത്തിൽ നിന്നു വേരുവഴി വെള്ളം കിട്ടുന്നതിനു പകരം കുളക്കടവിൽ വെയിൽ തട്ടാതെ മരം രക്ഷിക്കുന്നു എന്നു താൽപര്യം. ആലും മരവും തമ്മിലുള്ള പരസ്പരബന്ധവും സാഹായ്യസഹകരണങ്ങളും ഏററവും ഹൃദയംഗമമായി വർണ്ണിച്ചിരിക്കുന്നു.

(40) ആ വാപി ചാരുജല പണ്ടൊരു
പെൺകിടാവിൻ
ലാവണ്യശുദ്ധി ദിവസംപ്രതി
ചെയ്തതത്രേ
ആവാസമിപ്പൊളതിലാക്കി
വിഷാണഭീഷ്മ-
മാവാസരാന്തമതിഭൈരവ
സൈരിഭൌഘം

ചാരുജല=മനോഹരമായ ജലത്തോടുകൂടിയതു്. വാപീശബ്ദം സ്ത്രീലിംഗമായതുകൊണ്ടു വിശേഷണവും സ്ത്രീലിംഗരൂപത്തിലാക്കിയിരിക്കുന്നു. വിഷാണഭീഷ്മം=വിഷാണം (കൊമ്പു്) ഹേതുവായിട്ടു് ഭീഷ്മം (ഭയങ്കരം). ആവാസമിപ്പൊളതിലാക്കി.........സൈരിഭൌഘം = വിഷാണഭീഷ്മങ്ങളായ അതിഭൈരവങ്ങളായ (ഭയങ്കരങ്ങളായ)സൈരിഭങ്ങളുടെ (പോത്തുകളുടെ) ഓഘം (കൂട്ടം) ഇപ്പോൾ ആവാസരാന്തം (സന്ധ്യവരെ) ആവാസം (അധിവാസം) അതിലാലാക്കി (ആ കുളത്തിലാക്കി.) അതായതു് മുമ്പു് ഈ കുളം ഒരു പെൺകിടാവിൻെറ സ്നാനാദിശുദ്ധികരണത്തിന്ന് ഉപകരിച്ചിരുന്നതാണെങ്കിലും ഇപ്പോൾ അതിൽ ഭയങ്കരങ്ങളായ പോത്തുകൾ ഇറങ്ങി കിടക്കുന്നു എന്നു താൽപര്യം.

(41) സ്ത്രീസാരസാധുസുഷമാ
ദൃത കാസരാളീ
കാസാരമായ കഥയോർത്തു
വിചാരതപ്താ
പ്രാസാദവാസമതു വിട്ടൊരു
പക്കണത്തിൽ
ശ്വാസാവശേഷ രമണീവ
വരാകി വാപീ

സ്ത്രീസാരസാധുസുഷമാദൃത=സ്ത്രീകളുടെ സാരമായി സാധുവായിരിക്കുന്ന സുഷമയാൽ ആദൃത (ആദരിക്കപ്പെട്ടതു്). ഇതു വാപീശബ്ദത്തിൻെറ വിശേഷണം. കാസരാളീകാസാരം = കാസരങ്ങളുടെ (പോത്തുകളുടെ) ആളിയുടെ (സംഘത്തിന്റെ) കാസാരം (പൊയ്ക). വിചാരതപ്താ=വിചാരം കൊണ്ടു തപിച്ചവൾ (വ്യസനിച്ചവൾ). ഇതും വാപീശബ്ദവിശേഷണം. പ്രാസാദവാസം=മാളികയിലുള്ള നിവാസം. പക്കണം=ഹീനജാതികളുടെ കുടിൽ. ശ്വാസാവശേഷ=ശ്വാസം മാത്രം ഉള്ളവൾ; അന്യഥാ ചേതന കെട്ടുപോയവൾ എന്നാർത്ഥം. ഇതു രമണീശബ്ദത്തിൻെറ വിശേഷണം. രമണീവ = രമണീ ഇവ = രമണിയെപ്പോലെ. “സുന്ദരീ രമണീ രാമാ” എന്നു് അമരം വരാകീ=ശോചനീയ. വാപീ=കുളം. ഒരു കാലത്തു സ്ത്രീകളുടെ വിശിഷ്ടലക്ഷണമായ സൌന്ദര്യംകൊണ്ടു് ആദരിക്കപ്പെടുകയും ഇപ്പോൾ പോത്തുകൾ ഇറങ്ങി കിടക്കാൻ ഇടയാവുകയും ചെയ്ത എന്ന വിചാരം കൊണ്ടു് തപ്തയായ ആ കുളം, പണ്ടു് മാളികമേൽ സമ്പന്നമായി വസിച്ചിട്ടു് പിന്നെ കുടിലിൽ ചെന്നു ക്ലിഷ്ടമായി താമസിക്കേണ്ടിവന്ന രമണിയെപ്പോലെ ശോചനീയയായിരിക്കുന്നു എന്നു താൽപര്യം.

(42) ഇത്യാദിയാൽ സ്മരണചോദന
മായ വീട്ടി-
ലത്യാദരേണ കരമേൽ
യജമാനനായി
ഭൃത്യാദിസർവ്വവിഭവത്തോടു
വാണു വാക്കിൽ
വ്യത്യാസഹീനനൊരു
നായരുദാരശീലൻ

സ്മരണചോദനം = സ്മണത്തെ ചോദനം ചെയ്യുന്നതു്; ഓർമ്മയെ പ്രേരിപ്പിക്കുന്നതു്. അത്യാദരേണ=അത്യാദരവോടുകൂടി; അതായതു്, അത്യാദരവിനു പാത്രമായി.

(43) ഉൾപ്പൂവനപ്പമിളകീട്ടു
ചെറുപ്പകാല-
ത്തപ്പൂരുഷന്നൊരു വധൂമണി
പത്നിയായി
കപ്പൂരഹൃദ്യമനുരാഗ
മുദീർണ്ണമായി
സുഭ്രൂ പ്രകൃഷ്ടസുഷമാം
സുഷുവേ കുമാരീം.

അനല്പം=അല്പമല്ലാതെ; അധികമായി. കർപ്പൂരഹൃദ്യം=കർപ്പൂരംപോലെ ഹൃദ്യം. അനുരാഗമുദീർണ്ണമായി=അനുരാഗം ഉദിച്ചു. സുഭ്രൂ=നല്ല പുരികത്തോടുകൂടിയവൾ; സുന്ദരി. പ്രകൃഷ്ടസുഷമാം=പ്രകൃഷ്ടമായ സുഷമയുള്ള പ്രകൃഷ്ടം=പ്രകർഷം (ഉൽകർഷം) ഉള്ളത്, അധികമായ ശോഭയുള്ള എന്നാർത്ഥം. കുമാരീം=കുമാരിയെ. സുഷുവേ=സവിച്ചു; അതായതു് പ്രസവിച്ചു. "ഷൂങ് പ്രാണിഗർഭവിമോചനേ" എന്ന ധാതുവിന്റെ ലിട് പ്രഥമപുരുഷൈകവചന രൂപം.

(44) പിന്നീടവൾക്കു ശിശുജന്മ
വിലോകഭാഗ്യം
വന്നീല ദൈവമസമഗ്ര
ഗുണപ്രസന്നം
അന്നീലവേണി മകളേക
ലസിച്ചു പിത്രോർ
ഹൃന്നീരജങ്ങളവ രണ്ടിലു
മൊന്നുപോലെ

ശിശുജന്മവിലോകഭാഗ്യം=ശിശുജന്മം കാണാനുള്ള ഭാഗ്യം. ദൈവമസമഗ്രഗുണപ്രസന്നം=ദൈവം സമഗ്രഗുണപ്രസന്നമല്ല; അതായതു് സകല ഗുണങ്ങളും പരിപൂർണ്ണമായിക്കൊടുക്കുന്ന കാര്യത്തിൽ വിധി വിമുഖനാണ്. സന്താനസമൃദ്ധിയില്ലാതെ പോയതുകൊണ്ടു് ദൈവത്തിന്റെ അസമഗ്രഗുണപ്രസന്നത്വം വ്യക്തം. മകളേക=മകൾ ഏകയായിട്ടു്. പിത്രോർഹൃന്നീരജങ്ങൾ=പിതാക്കളുടെ (മാതാപിതാക്കന്മാരുടെ) ഹൃത്തുകളാകുന്ന (ഹൃദയങ്ങളാകുന്ന) നീരജങ്ങൾ (താമരപ്പൂക്കൾ). ഏക ലസിച്ചു എന്നു പറഞ്ഞതുകൊണ്ടു് ഒരു മകളേ ഉണ്ടായിരുന്നുള്ളു എങ്കിലും രണ്ടു ഹൃദയത്തിലും ഒരുപോലെ ശോഭിച്ചു എന്നും ആ രണ്ടു ഹൃദയങ്ങളും വേറെ ആരിലും ആസക്തങ്ങളായിരുന്നില്ല എന്നും സാരം. അത്ര മാത്രം മാതാപിതാക്കന്മാർക്കു മകളെപ്പററി വാത്സല്യം ഉണ്ടായിരുന്നു.

(45) കാലക്രമേണ തനയയ്ക്കു
വയസ്സു വാച്ചു
ബാലത്വശീലപരിപാടി
കൾ വിട്ടുമാറി
സ്ഥൂലിച്ചു തൻകടി മുഖ
ത്തിനു കാന്തി കൂടി।
മേളിച്ചു ലജ്ജ യുവപൂരുഷ
ദർശനത്തിൽ

വയസ്സു വാച്ചു=വയസ്സു വർദ്ധിച്ചു. സ്ഥൂലിച്ചു തൻ കടി=ജഘനപ്രദേശം സ്ഥൂലിച്ചു (തടിച്ചു). യൌവനാരംഭമായി എന്നു സൂചന. മേളിച്ചു ലജ്ജ യുവപൂരുഷദർശനത്തിൽ=ലജ്ജ മേളിച്ചു എന്നന്വയം.

(46) ധൂർത്തന്നിയേ ശിശുത തന്നി
ലിളംകരിക്കു
ചോത്തുള്ള വെള്ളമതുപോൽ
വിഗളിച്ച ശബ്ദം
താർത്തേൻകുഴമ്പിവ
കൊഴുത്തു ചമഞ്ഞു യൂനാം
ശ്രോത്രേന്ദ്രിയം വഴി മനസ്സി
നൊരാസവം പോൽ

ധൂർത്തന്നിയേ......വിഗളിച്ച ശബ്ദം=ഇളംകരിക്കു ചോത്തുള്ള വെള്ളംപോലെ ധൂർത്തന്നിയേ (കുടിലത്വമില്ലാതെ) ശിശുതയിൽ (ശൈശവത്തിൽ) വിഗളിച്ചതായ (പുറപ്പെട്ടുകൊണ്ടിരുന്ന) ശബ്ദം. താർത്തേൻ കുഴമ്പിവ=താർത്തേൻ കുഴമ്പു (പൂവിന്റെ മധുവാകുന്ന കുഴമ്പു) പോലെ. കൊഴുത്തു ചമഞ്ഞു=ഘനീഭവിച്ചു. യൂനാം=യുവാക്കന്മാരുടെ. ശ്രോത്രേന്ദ്രിയംവഴി=കാതുവഴി. ആസവം=മദ്യം. കുട്ടിക്കാലത്തു നേത്തും കപടമില്ലാതേയും പുറപ്പെട്ടുകൊണ്ടിരുന്ന ശബ്ദം യൌവനാരംഭത്തിൽ മാധുര്യംകൊണ്ടു തേൻപോലെ കൊഴുത്തു. ഫലംകൊണ്ടു് യുവഹൃദയത്തിനു മദ്യംപോലെയും ഭവിച്ചു എന്നു സാരം. ഇതിൽ ശബ്ദപ്രകൃതിയെ സൂക്ഷ്മമായി നിരിക്ഷണം ചെയ്തു വർണ്ണിച്ചിരിക്കുന്നു.

(47) ജല്പാകതയ്ക്കുറവു കുന്നി
നടിക്കുമെന്നു
നിഷ്പായപോൽ ശിശുത-
യോടവസാനമായി
അല്പാല്പമായ മൊഴിയാൽ
തെളിവായി ചിത്ര
ശില്പാസമഗ്രപരികല്പന
ദർശനേർഷ്യ

ജല്പാകത = ജല്പിക്കുന്ന ശീലം; സംബന്ധാസംബന്ധങ്ങളും അർത്ഥനിരർത്ഥതകളും ഗണ്യമാക്കാതെ സംസാരിക്കുന്ന ശീലം. 'ജല്പ' ധാതുവിൽ 'ഷാകൻ' പ്രത്യയം ചേർക്കുമ്പോൾ 'ജല്പാക' ശബ്ദം സിദ്ധിക്കുന്നു: അവന്റെ ഭാവം 'ജല്പാകത'. ഉറവു് = ഊറൽ. കുന്നിനടിയ്ക്കു നീരുറവകൾ വന്നുചേർന്നാൽ കുന്നിന്റെ മർദ്ദംകൊണ്ടു് പ്രവാഹം തടയുന്നതുപോലെ ജല്പാകതയുടെ ഉറവ വക്ഷോജങ്ങളുടെ ഉന്നതിയ്ക്കടിപ്പെട്ടു് ബാല്യത്തോടു് ഒരുമിച്ചു് അവസാനിച്ചുപോയി എന്നു പൂർവ്വാർദ്ധത്തിനു പൊതുവിൽ അർത്ഥം. ബാല്യവും നിന്നുപോയി അതോടുകൂടി അമിതഭാഷിത്വവും നിന്നുപോയി എന്നുസാരം. ചിത്രശില്പാസമഗ്രപരികല്പന ദർശനേർഷ്യ = ചിത്രത്തിൽ നിർമ്മിതങ്ങളായ ശില്പങ്ങളുടെ (പണികളുടെ) അസമഗ്രമായ (അപൂർണ്ണമായ) പരികല്പനത്തിന്റെ (നിർമ്മാണത്തിന്റെ) ദർശനത്തിൽ (കാഴ്ചയിൽ ഉള്ള ഈർഷ്യ). ചിത്രശില്പാസമഗ്രപരികല്പനദർശനേർഷ്യ അല്പാല്പമായ മൊഴിയാൽ തെളിവായി എന്നന്വയിക്കണം. വീടു മുതലായതു കെട്ടുമ്പോൾ പണി പൂർത്തിയാകുന്നതിനു മുമ്പു് ആളുകൾ കാണുന്നതിൽ ഉള്ള വൈമുഖ്യംപോലെ പ്രസ്തുത തരുണിയ്ക്കു ഹൃദയത്തിൽ മനോവൃത്തിരൂപമായിട്ടുണ്ടായ ശില്പങ്ങൾ അപൂർണ്ണാവസ്ഥയിൽ ഇരുന്നതുകൊണ്ടു് അന്യന്മാർ അതു് അറിയാതിരിക്കാനോ എന്നു തോന്നുമാറു് മൊഴികൾ (വാക്കുകൾ) അല്പാല്പമായി ഭവിച്ചു എന്നു താല്പര്യം. വളരെ മിതമായിട്ടുമാത്രമേ സംഭാഷണം ഉണ്ടായുള്ളൂ എന്നു സാരം.

(48) ചാപം കണക്കു നിബിഡ
സ്ഫുടരോമ ഗുല്മം
വ്യാപിച്ചെഴുന്ന പുരിക-
ക്കൊടിതന്നടിയ്ക്കായ്
ദീപിച്ചു ശബ്ദരസസിദ്ധി-
കൾ കാതിനോടു
പാപഠ്യമാനമിവ നീലിമ
പൂണ്ട നേത്രം

ചാപം കണക്കു = വില്ലുപോലെ. നിബിഡസ്ഫുടരോമഗുല്മം = നിബിഡവും സ്ഫുടവും ആയ രോമഗുല്മം. നിബിഡം = തിങ്ങിയതു്. സ്ഫുടം = വ്യക്തം. ഗുല്മം = കുററിക്കാടു്. കാടുപോലെ പടർന്നുപിടിച്ചിട്ടുള്ള രോമസമൂഹം എന്നു സാരം. ദീപിച്ചു = ശോഭിച്ചു. നേത്രശബ്ദത്തിൽ അന്വയം. ശബ്ദരസസിദ്ധികൾ കാതിനോടു പാപഠ്യമാനമിവ = കാതിനോടു (ചെവിയോടു) ശബ്ദരസസിദ്ധികൾ (ശബ്ദരസത്തിന്റെ സിദ്ധികൾ — ഫലപ്രാപ്തികൾ) പാപഠ്യമാനം ഇവ (വീണ്ടും വീണ്ടും പഠിച്ചുകൊണ്ടിരുന്നതുപോലെ). നീലിമ = കറുപ്പു്. "കൃഷ്ണേ നീലാസിതശ്യാമ" എന്നു് അമരം. 'പഠ' ധാതുവിന്റെ യങന്തരൂപം 'പാപഠ്യതേ' എന്നു്. അതിനു പുനഃ പുനഃ പഠനം എന്നു് അർത്ഥവും ആകുന്നു. 'പാപഠ്യതേ' എന്ന ക്രിയയിൽനിന്നു 'പാപഠ്യമാനം' എന്നു 'ശാനച്' പ്രത്യയസിദ്ധം. ശബ്ദരസം ഗ്രഹിക്കുന്നതു് കാതാണു്. അങ്ങനെയുള്ള കാതിനോടു ശബ്ദരസത്തിന്റെ സിദ്ധികൾ കരസ്ഥമാക്കുവാൻ കണ്ണു് വീണ്ടും വീണ്ടും പഠിക്കുവാൻ ഉത്സാഹിക്കുന്നതുപോലെ നിബിഡരോമമായ പുരികക്കൊടിക്കു താഴെയായി ശോഭിച്ചു എന്നു പൊതുവിൽ അർത്ഥം, അതായതു് കാതുവരെ കടാക്ഷങ്ങൾ നീണ്ടിരുന്നു എന്നു സൂചന. മഹർഷിമാരും മററും വനാന്തരങ്ങളിൽ വസിക്കയും അവിടെ ശിഷ്യഗണങ്ങൾ ചെന്നാഭ്യസിക്കയും ചെയ്യുന്നതുപോലെ ഇവിടെ പുരികമാകുന്ന രോമഗുല്മത്തിന്റെ അടിയിൽ ഇരുന്നു് കാതിനോടു കണ്ണു് അഭ്യാ

സം · നടത്തുകയാണോ എന്ന ഭാവവും കൂടി ധ്വനിപ്പിച്ചിരിക്കുന്നു.

(49) ഗ്രാഹ്യങ്ങളിൽ ഭ്രമമൊഴി
ഞ്ഞഥ പക്ഷ്മലക്ഷ്മീ
ലേഹ്യങ്ങളായ് മിഴികൾ
മന്ഥരമായ് ലസിച്ചു
ബാഹ്യപ്രപഞ്ചമതിൽ
നിന്നു മറഞ്ഞിരുന്നി
ട്ടൂഹ്യം മനോരഥമതിൻ
കിളിവാതിൽപോലെ

ഗ്രാഹ്യം=ഗ്രഹിക്കേണ്ടതു്, ഭ്രമം = ഔത്സുക്യം; താൽപര്യം. പക്ഷ്മലക്ഷ്മീലേഹ്യങ്ങൾ=പക്ഷ്മങ്ങളുടെ (കൺപീലികളുടെ) ലക്ഷ്മിയാൽ (ശോഭയാൽ) ലേഹ്യങ്ങൾ (വ്യാപ്തങ്ങൾ). ലേഹ്യം=നക്കാവുന്നതു്. മന്ഥരമായ് ലസിച്ചു= മന്ദഗതിയായി ശോഭിച്ചു. ബാഹ്യപ്രപഞ്ചം= പുറമേയുള്ള ലോകം. ഊഹ്യം മനോരഥം = ഊഹ്യമായിരിക്കുന്ന മനോരഥം (മനോവൃത്തി). കിളിവാതിൽപോലെ ലസിച്ചു എന്നന്വയിക്കണം. യൌവനാരംഭത്തിൽ ഉണ്ടാകുന്ന തന്റേടംകൊണ്ടു് മററു സംഗതികൾ അറിയേണമെന്നുള്ള കാൎയ്യത്തിൽ അലസത നേരിട്ടു. ബാഹ്യപ്രപഞ്ചത്തിന്നു് അപ്രത്യക്ഷവുംഎന്നാൽ ഊഹവിഷയവും ആയ മനോരഥത്തിന്റെ കിളിവാതിൽ പോലെ പക്ഷ്മലക്ഷ്മീലേഹ്യങ്ങളായ മിഴികൾ ലസിച്ചു എന്നു താൽപര്യം. കിളിവാതൽ എന്നു പറഞ്ഞതുകൊണ്ടു കണ്ണുകളുടെ വ്യാപാരം കണ്ടാൽ മനോരഥം ഏതാണ്ടു് അസ്പഷ്ടമായി ഊഹിച്ചറിയാം എന്നു സാരം.

(50) രാജീവവും രജനിരാജനു
മൊത്തു ചെയ്തോ-
രാജിക്കു പററിയ പരാ-
ജയരാജിമൂലം
രാജിക്കു രാപ്പകലിരപ്പതു
പോൽ മുഖശ്രീ
രാജിച്ചതോൎത്തുചിതവാച
കയാചകൻ ഞാൻ

രാജീവം=താമരപ്പൂവ് രജനിരാജൻ = ചന്ദ്രൻ ഒത്തുചെയ്തോരാജി=ഒത്തു ചേൎന്നു ചെയ്തോരു് ആജി (യുദ്ധം) പരാജയരാജി=തോൽവികളുടെ പരമ്പര. രാജിക്കു്=സന്ധിക്കു്. രാപ്പകലിരപ്പതുപോലെ=രാവും പകലും യാചിക്കുന്നതുപോലെ. മുഖശ്രീ=മുഖകാന്തി. രാജിച്ചതോൎത്തു്=ശോഭിച്ചതു ചിന്തിച്ചു്. ഉചിതവാചകയാചകൻ ഞാൻ=ഞാൻ ഉചിതവാചകയാചകനാണു്; ഉചിതമായ വാക്യം ഇല്ലാത്തവനാണെന്നൎത്ഥം. താമരപ്പൂവും ചന്ദ്രനും അന്യോന്യ വിരോധികളാണു്. എങ്കിലും നായികയുടെ മുഖശ്രീയെ എതിൎക്കുവാൻ യോജിച്ചു പടവെട്ടി. പക്ഷേ അടിക്കടി അവൎക്കു തോൽവിയേ ഉണ്ടായുള്ളു. തന്നിമിത്തം രാജിക്കു രാവും പകലും അപേക്ഷിക്കുന്നതു പോലെ തോന്നും വിധത്തിൽ ശോഭിച്ച മുഖകാന്തിയെ വൎണ്ണിക്കാൻ തക്കതായ വാക്യങ്ങൾ ലഭിക്കായ്കയാൽ ഇരക്കേണ്ടതായി വന്നു എന്നു താൽപര്യം. ചന്ദ്രൻ രാത്രിയിലും താമരപ്പൂവ് പകലും പ്രാബല്യമുള്ളതാണു്. ഒരാൾ രാത്രിയിലും ഒരാൾപകലും പ്രാധാന്യേന യുദ്ധം ചെയ്കയും രാജിക്കപേക്ഷിക്കയും ചെയ്തു എന്നു ഗമ്യം. 'രാജി' എന്ന അക്ഷരങ്ങളുടെ ആവൎത്തനം കൊണ്ടു് പാദാദിയമകം. മുഖശ്രീയുടെ വാചാമഗോചരമായ മാഹാത്മ്യം വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

(51) ആസാദിതാബ്ജരുചി
വക്ത്രമതിന്നുവേണ്ടി
വ്യാസാദി സാക്ഷിയെഴ
തീടിലുമേതുമാകാ
നാസാപുരസ്സര വിലാസ
പരിസ്ഫുര സ്ഫൂൎത്തി
ശ്വാസാവതാള മുളവാ
ക്കിടമാക്കുമോക്കിൽ

ആസാദിതാബ്ജരുചി = അബ്ജരുചിയെ ആസാദനം ചെയ്തതു് (ക്ഷയിപ്പിച്ചതു്). വക്ത്രം എന്നതിന്റെ വിശേഷണം. അബ്ജരുചി= അബ്ജന്റേയും (ചന്ദ്രന്റേയും) അഥവാ അ

ബ്ജത്തിൻെറയും (താമരപ്പൂവിൻെറയും) രുചി (ശോഭ). അബ്ജശബ്ദത്തിനു ചന്ദ്രനെന്നും താമരപ്പൂവെന്നും അൎത്ഥമുണ്ട്. മുൻശ്ലോകത്തിൽ ചന്ദ്രനും താമരപ്പൂവും ചേൎന്നു മുഖശ്രീയോടു യുദ്ധത്തിനു പുറപ്പെട്ടു എന്നു പറഞ്ഞതുകൊണ്ട് ഇവിടെ അബ്ജശബ്ദം രണ്ടിനേയും കുറിക്കുവാൻ പ്രയുക്തം. വക്ത്രം=മുഖം. വ്യാസാദി=വേദവ്യാസപ്രഭൃതികൾ. നാസാപുരസ്സരവിലാസപരിസ്ഫുരച്ഛ്റീ=നാസ (മൂക്ക്) മുതലായവയുടെ വിലാസം കൊണ്ട് പരിസ്ഫുരത്തായിരിക്കുന്ന ശ്രീ(ശോഭ). ശ്വാസാവതാളം= ശ്വാസത്തിൻെറ വൈഷമ്യം. ചന്ദ്രനേയും താമരയേയും ജയിച്ചിരിക്കുന്ന വക്ത്രത്തിനു വേണ്ടി വ്യാസാദിവൎണ്ണനാപടുക്കൾ സാക്ഷിയെഴുതിയാലും മതിയാകുന്നതല്ല. സാക്ഷിയെഴുതുന്നതിൻെറ ഉദ്ദേശം പരമാൎത്ഥം മുഴുവൻ പറയാനാണ്. എന്നാൽ പ്രസ്തുത മുഖശ്രീയുടെ പരമാൎത്ഥം മുഴുവൻ ബോദ്ധ്യപ്പെടുത്താൻ വ്യാസാദികൾ വിചാരിച്ചാലും സാധിക്കയില്ലെന്നു ഭാവം. നാസികാദിവിലാസവത്തായ മേല്പറഞ്ഞ മുഖം ആലോചിച്ചുനോക്കിയാൽ ആൎക്കും ശ്വാസാവതാളം ഉണ്ടാകും. സൌന്ദൎയ്യാതിശയം കൊണ്ടുള്ള വിസ്മയാദിവികാരങ്ങളാൽ ശ്വാസത്തിനു സ്തംഭനം ദീൎഘശ്വാസം ഇത്യാദി മനോവികാരവ്യഞ്ജനങ്ങൾ ഉണ്ടാകാതെ വരികയില്ലെന്നു സാരം.

(52) ധാരാളമംബുസഹിതം സരി—
ദൂൎമ്മിഭംഗി
ധാരാധരങ്ങളുദരത്തിൽ
നിറച്ചിടായ്കിൽ
പോരാടിടും ചികുരപംക്തിയി
ലൂൎമ്മിമത്ത്വം
ചേരാൻ കരുത്ത നിറമൊത്തൊരു
ബന്ധമെന്തോ

അംബുസഹിതം=വെള്ളത്തോടുകൂടി. സരിദൂൎമ്മിഭംഗി=സരിത്തുകളിലെ (നദികളിലെ) ഊൎമ്മികളുടെ (തിരകളുടെ) ഭംഗി. ധാരാധരങ്ങൾ=മേഘങ്ങൾ. "ധാരാധരോ ജലധരസ്തടിത്വാൻ വാരിദോംബുഭൃൽ" എന്ന് അമരം. ചികുരപംക്തി=കേശപാശം. ഊൎമ്മിമത്ത്വം=തിരമാലപോലെയുള്ള ഞൊറിവ്. ബന്ധം=ഹേതു. ചികുരപംക്തി കരുത്തിരിക്കുന്ന മേഘത്തോടു പടവെട്ടുന്നതാണ്. അങ്ങനെയുള്ള ചികുരപംക്തിയിൽ ഊൎമ്മിമത്ത്വവും കാണുന്നു. അതുകൊണ്ട് വിചാരിക്കേണ്ടതു് മേഘങ്ങൾ ആററിൽ നിന്നു വെള്ളം കുടിച്ചപ്പോൾ ആററിലെ തിരമാലകളിലുള്ള ഊൎമ്മിമത്ത്വംകൂടി അകത്തു കടത്തിയിട്ടുണ്ടായിരിക്കണമെന്നാണ്. വെറും കറുപ്പിനോടുമാത്രമേ യുദ്ധംചെയ്യേണ്ടതുള്ളു എങ്കിൽ തലമുടിയിൽ കറുപ്പു മാത്രമേ വേണ്ടിയിരുന്നുള്ളു. എന്നാൽ തലമുടിയിൽ ഊൎമ്മിമത്ത്വംകൂടി കാണുന്ന സ്ഥിതിയ്ക്കു മേഘത്തിൻെറ ഉദരത്തിൽ ഊൎമ്മിമത്ത്വം ഉണ്ടെന്ന് അനുമാനിക്കേണ്ടതാണ്. അങ്ങനെയില്ലെങ്കിൽ ചികുരത്തിൽ ഊൎമ്മിമത്ത്വത്തിനു അവകാശമില്ല എന്നു താൽപൎയ്യം. കേശഭാരത്തിൻെറ ഭംഗിയെ വൎണ്ണിച്ചിരിക്കുന്നു. "കേരളീചികുരഭംഗിഭംഗുരം സാരണീഷു പുനരംബു ദൃശ്യതേ" എന്നു കേരളസ്ത്രീകളുടെ ചികുരഭംഗി കവിപ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. [സാഹിത്യമീമാംസ നോക്കുക]

(53) മന്ദീഭവിച്ചു നിജസഞ്ചരണ
ക്രമങ്ങൾ
സന്ദീപ്തി തേടി മനമാം
വ്യവസായശാല
ഇന്ദീവരാക്ഷിയറിയാതെ
വശീകരിച്ചു
ബന്ദീകരിച്ചു യുവമാനസ
മാകമാനം.

മന്ദീഭവിച്ചു=മന്ദമായി ഭവിച്ചു. മന്ദഗമനം യൌവനാരംഭ ലക്ഷണം. 'ച്വി' പ്രത്യയബലം കൊണ്ടു് മന്ദമല്ലാതിരുന്നതു് മന്ദമായി എന്നൎത്ഥം. സന്ദീപ്തി= ഉജ്ജ്വലത്വം. ബന്ദീകരിച്ചു.=തടവുപുള്ളിയായിപിടിച്ചു. അബോധപൂൎവ്വമായി തന്നേ നായിക സകല യുവമാനസങ്ങളേയും വശീകരിച്ചു ബന്ദീകരിച്ചു എന്നു സാരം. മന

സ്സിനെ വ്യവസായശാലയായി രൂപകം ചെയ്തിരിക്കുന്നതുകൊണ്ട് താരുണ്യാരംഭത്തിൽ മനസ്സിൽ ചിന്താരൂപത്തിൽ പല ശില്പവിദ്യകളുടെ പണികളും നടന്നുകൊണ്ടിരിക്കുന്നു എന്നു സൂചന.

(54) ലാവണ്യവാപിയുടെ പായ-
ലതോ സുവർണ്ണ
സാവർണ്ണ്യശുദ്ധിയിലുദിച്ച
കളങ്കമാമോ
വ്യാവല്ഗമാനനവയൌവന
യന്ത്രണാർത്ഥ-
മാവശ്യമായ കടിഞ്ഞാൺ
കിമു രോമരാജി

ലാവണ്യവാപി= ലാവണ്യമാകുന്ന കുളം. ശരീരത്തിലുള്ള ശോഭയുടെ തരളത്വം ആണ് ലാവണ്യം. കുളത്തിലെ ജലത്തിനു തരളത്വം ഉള്ളതുകൊണ്ട് ലാവണ്യവാപി എന്ന പ്രയോഗത്തിന്റെ ഔചിത്യം സ്പഷ്ടം. സുവർണ്ണസാവർണ്ണ്യശുദ്ധി=സുവർണ്ണത്തിന്റെ സാവർണ്ണ്യശുദ്ധി. സാവർണ്ണ്യം=സമാനവർണ്ണത്വം. സുവർണ്ണശുദ്ധി എന്നുപറയുന്നതുകൊണ്ടു സുവർണ്ണത്തിനു സമാനവർണ്ണമായിരുന്ന ശരീരകാന്തി ശുദ്ധികൊണ്ടു സുവർണ്ണത്തെ കവിഞ്ഞിരിക്കുന്നു എന്നു താൽപര്യം. ശുദ്ധി ചെയ്യുമ്പോൾ കളങ്കം വിട്ടുമാറിപ്പോകുന്നതുമാണല്ലോ. വ്യാവല്ഗമാനനവയൌവനയന്ത്രണാർത്ഥം = വ്യവല്ഗമാനമായ (കുതിച്ചുചാടുന്ന) നവയൌവനത്തിന്റെ യന്ത്രണാർത്ഥം (നിയന്ത്രണത്തിനുവേണ്ടി— പിടിച്ചു നിർത്തുവാൻ വേണ്ടി). കിമു= ആകുന്നുവോ എന്നു ചോദ്യത്തെ സൂചിപ്പിക്കുന്ന അവ്യയം. രോമരാജി = രോമാളി. ഉദരോപരി യൌവനത്തിൽ ഉണ്ടാകുന്ന രോമരാജി ഇവിടെ മൂന്നുവിധത്തിൽ ഉൽപ്രേക്ഷിതമായിരിക്കുന്നു. ഒന്നാമത്ത് ലാവണ്യമാകുന്ന കുളത്തിലെ പായലോ, അല്ലെങ്കിൽ സുവർണ്ണത്തിനു സമാനമായ ശരീരകാന്തി ശുദ്ധിചെയ്യുമ്പോൾ ഉണ്ടായ കളങ്കരേഖയോ, കുതിച്ചു ചാടുന്ന നവയൌവനത്തിനെ നിയന്ത്രിക്കുവാൻ ആവശ്യമായിവന്ന കടിഞ്ഞാണോ എന്നിങ്ങനെയാകുന്നു ഉൽപ്രേക്ഷാത്രൈവിധ്യം. രോമരാജിയുടെ ആകൃതിയും വർണ്ണവും കണ്ടാൽ പായലോ കളങ്കരേഖയോ കടിഞ്ഞാണോ പോലേ ഇരിക്കുമെന്നു സാരം. ഈ ശ്ലോകം രോമരാജിയെ അടിസ്ഥാനമാക്കിയുള്ള ഒരു വർണ്ണനയാണെങ്കിലും ശരീരത്തിന്റെ ലാവണ്യവും വർണ്ണവും യൌവനത്തിന്റെ തിളപ്പും എല്ലാം ആനുഷംഗികമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. വർണ്ണം എന്നാൽ നിറമെന്നുമാത്രമേയുള്ളു. ലാവണ്യത്തിന്റെ നിർവ്വചനമാവിത് "മുക്താഫലേഷു ച്ഛായായാ സ്തരളത്വമിവാന്തരാ പ്രതിഭാതി യദംഗേഷു തല്ലാവണ്യം നിഗദ്യതേ".

(55) വേധാ മഹാകൃപണനെന്നു
മനുഷ്യലോക-
സാധാരണം പഴി നിനച്ചു
ഹിരണ്യഗർഭൻ
ഏധാനുരോധിസുഷമാ
വസു യൌതകത്തി
ന്നാധാരമെന്ന പടി നൽകി
പിതാമഹൻ താൻ

വേധാഃ=ബ്രഹ്മാവ് "സ്രഷ്ടാപ്രജാപതിർവേധാഃ" എന്ന് അമരം. മഹാകൃപണൻ=വലിയ ലുബ്ധൻ. ഹിരണ്യഗർഭൻ=ബ്രഹ്മാവ്. ഹിരണ്യ (സ്വർണ്ണ) മയമായിരിക്കുന്ന ബ്രഹ്മാണ്ഡത്തിനു ഗർഭസ്ഥാനമായിട്ടുള്ളവൻ. "തദണ്ഡമഭവദ്ധൈമം സഹസ്രാംശുസമപ്രഭം" ഇത്യാദി മനുസ്മൃതി. "ഹിരണ്യഗർഭോ ലോകേശസ്സ്വയംഭൂശ്ചതുരാനനഃ" എന്ന് അമരം. ഏധാനുരോധിസുഷമാവസു= ഏധയ്ക്കു (വളർച്ചയ്ക്കു) അനുസരണമായുള്ള സുഷമാവസു (സൌന്ദര്യ സമ്പത്ത്); അതായത് വളരുന്നതനുസരിച്ചു വർദ്ധിച്ചുകൊണ്ടിരിക്കുന്ന സൌന്ദര്യസമ്പത്ത്. വസു= ധനം; സമ്പത്ത്. യൌതകം= സ്ത്രീധനം. ആധാരം =പ്രമാണം. പിതാമഹൻ= ബ്രഹ്മാവ്. "ബ്ര

ഹാത്മഭൂസ്സുരജ്യേഷ്ഠ: പരമേഷ്ഠീ പിതാമഹഃ" എന്ന് അമരം. സ്വൎണ്ണഗൎഭനായിരുന്നിട്ടും ബ്രഹ്മാവു് വളരെ കൃപണനാണെന്നാണ് സാധാരണ ജനങ്ങളുടെ പഴി. ഇതു തീൎക്കുന്നതിനോ എന്തോ നംവൎണ്ണവും താൻ പിതാമഹനാണല്ലോ എന്നുള്ള നില വിചാരിച്ചതു പോലെയും നായികയുടെ യൌവനത്തിന്നു പ്രമാണം എന്നതുപോലെ വളൎച്ചയ്ക്കനുകൂലമായി അഭിവൃദ്ധിയെ പ്രാപിക്കുന്ന സൌന്ദൎയ്യസമ്പത്തു് ബ്രഹ്മാവു കൊടുത്തു എന്നു താൽപൎയ്യം. ബ്രഹ്മാവു് തന്നെ ഒട്ടും ലുബ്ധു കാണിക്കാതെ മനഃപൂൎവ്വം നായികയെ അനുഗ്രഹിച്ചു് സൌന്ദൎയ്യവതിയാക്കിയെന്നു സാരം. വിവാഹാവസരത്തിൽ പിതാമഹാദികൾ സ്ത്രീധനം കൊടുക്കുമെന്നുള്ളതുകൊണ്ടു 'പിതാമഹ' ശബ്ദത്തിന്റെ ഔചിത്യം സ്പഷ്ടം.

(56) മംഗല്ല്യതുംഗരുചി
ഭംഗികളാൽ യുവാന്ത—
രംഗങ്ങളംഗജസുരംഗ
കളായ് ച്ചമഞ്ഞു
പുംഗവ്വരംഗചരപാ—
ണ്ഡുകതയ്ക്കു ഹേതു
രിംഗത്തരംഗരസ
ചംഗമഭംഗമംഗം

മംഗല്ല്യതുംഗരുചി ഭംഗികളാൽ=ശുഭവും തുംഗവും (ഉന്നതവും) ആയ രുചിയുടെ ഭംഗികൾ നിമിത്തമായി. യുവാന്തരംഗങ്ങൾ=യുവാക്കന്മാരുടെ അന്തരംഗങ്ങൾ (ഉൾത്തടങ്ങൾ). അംഗജസുരംഗകൾ=അംഗജന്റെ (മന്മഥന്റെ) സുരംഗകൾ (തുരങ്കങ്ങൾ). യുവാന്തരംഗങ്ങളംഗജസുരംഗകളായ് ചമഞ്ഞു എന്നു പറഞ്ഞതുകൊണ്ടു് കാമദേവൻ തുളച്ചു് അവിടെ ഒളിച്ചിരിക്കുന്നു എന്നു സാരം. പുംഗവ്വരംഗചരപാണ്ഡുകതയ്ക്കു്ഹേതു=പുംഗവ്വമാകുന്ന (പുരുഷന്മാരുടെ ഗൎവ്വമാകുന്ന) രംഗചരന്റെ (നടന്റെ) പാണ്ഡുകതയ്ക്കു (മൂഢതയ്ക്കു) ഹേതു (കാരണം). രിംഗത്തരംഗരസചംഗം=രിംഗത്തുകളാകുന്ന തരംഗങ്ങളുടെ രസംകൊണ്ടു ചംഗം. രിംഗത്തുകൾ =സാവധാനമായി വഴുകിപ്പോകുന്നതു്. തരംഗം=തിര. ചംഗം=മനോഹരം. തിരമാലകൾപോലെ ലാവണ്യവീചികൾ ഉള്ളതു് എന്നു താൽപൎയ്യം. അഭംഗം=ഭംഗമില്ലാത്തതു്; ഭേദഗതിയില്ലാത്തതു്. അംഗം=ശരീരം. എലികളും മററും തുരങ്കം ഉണ്ടാക്കി അതിൽ പ്രവേശിച്ചു് ഇരിക്കുന്നതുപോലെ നായികയുടെ അത്യധികമായിരിക്കുന്ന ശോഭാവിശേഷം നിമിത്തമായി യുവഹൃദയങ്ങളിൽ കാമദേവൻ തുരങ്കം വച്ചു് കുടിപാൎത്തു എന്നു പൂൎവ്വാൎദ്ധത്തിനു സാരം. പുമാന്മാരുടെ ഗൎവ്വ് മൂഢന്മാരെപ്പോലെ അസമൎത്ഥമായി തീൎന്നു. അതിനു കാരണം നിരന്തരമായ വീചികളെപ്പോലെ രസംകൊണ്ടു മനോഹരമായ നായികാശരീരം തന്നെയായിരുന്നു എന്നു ഉത്തരാൎദ്ധത്തിന്റെ സാരം.

(57) ആകല്പമേവമുരചെയ്യില്ല
മംഗഭംഗി
സാകല്ല്യമാകുമിതി ഭാവന
തെല്ലുമില്ല
സാ കല്ല്യയായ് സകലസുന്ദര
ഗാത്രിമാൎക്കു
മാകല്പമായ് പരിലസിച്ചു
ചുരുക്കമിത്ഥം.

ആകല്പം=പ്രളയംവരെ; ലോകാവസാനംവരെ. അംഗഭംഗി=ശരീരശോഭാ. സാകല്ല്യം=സകലത്വം; മുഴുവൻ എന്നൎത്ഥം. സാ=അവൾ. കല്ല്യയായ്=അരോഗ്യവതിയായി. ആകല്പമായ് പരിലസിച്ചു=അലങ്കാരമായിട്ടു ശോഭിച്ചു. "ആകല്പവേഷൌ നേപഥ്യേ" എന്ന് അമരം. വേഷവിശേഷം അലങ്കാരമാകയാൽ ഇവിടെ അലങ്കാരമെന്നൎത്ഥം. "ആകല്പസാരാ രൂപാജീവികാജനാഃ" എന്നു ദശകുമാരചരിതം.

(58) കാവ്യം പുരാണമിതിഹാസവു
മൊട്ടവൾക്കു
സേവ്യാ ക്രമേണ ചില
നാടകവും തഥൈവ
നാവ്യം ഭവാംബുനിധി
ഗിര്യധിപത്യപത്യ
ദേവ്യംഘ്രി യോക്കിലിതി
പാർവ്വതിയെ ബ് ഭജിച്ചാൾ

സേവ്യം=സേവിക്കാനുള്ളതു്; ആശ്രയിക്കുവാനു ള്ളതു്; പഠിക്കുവാനുള്ളതായി എന്നു താൽപര്യം. തഥൈവ=അതുപോലെ. ഗിര്യധിപത്യപത്യദേവ്യംഘ്രിയോക്കിൽ=ഗിരിപതിയുടെ (ഹിമവാന്റെ) അപത്യമായ (മകളായ) ദേവിയുടെ അംഘ്രി (പാദം) ഓത്താൽ. ഭവാംബുനിധി നാവ്യം =സംസാരസമുദ്രം നൌകൊണ്ടു കടക്കത്തക്കതാണ്. നൌ=തോണി. ഇതി=ഇപ്രകാരം; അതായതു് ഇങ്ങനെ വിചാരിച്ചു്. പാർവ്വതിയെ ഭജിച്ചാൾ=ഭഗവതിയെസേവിച്ചു.

---

# ഗ്രന്ഥനിരൂപണം.

---

## കൈപ്പററി.

(1) ദുർഗ്ഗാവിജയം, (കാവ്യം) ഗ്രന്ഥകർത്താ വെബ്ളിയസ് ലക്ഷ്മണൻ നമ്പൂരിപ്പാട്ട്. സുജനഭൂഷണം പ്രസ്സ്—തൃശ്ശിവപേരൂർ വില അണ 10.

(2) കാവ്യരത്നാവലി), ഭാഷാഗാന കാവ്യം); കോവുണ്ണിനെടുങ്ങാടി മാങ്കാവ്, രാമകൃഷ്ണഅച്ചുക്കൂടം, കോഴിക്കോട്— വില അണ 4.

(3) സാഹിത്യപ്രസംഗമാല, (സാഹിത്യവിഷയമായ പ്രബന്ധങ്ങൾ; പി. അനന്തൻ പിള്ള എം. ഏ; ശ്രീകണ്ഠവിലാസം ബുക്കു ഡിപ്പോ, തിരുവനന്തപുരം വില രൂപ 1.

(4) രഘുരാമൻ, (ഗദ്യം): പണ്ഡിതർ കെ. വാസുദേവൻ മൂസ്സതു്; ജ്ഞാനസാഗരം പുസ്തകശാലാ, തൃശ്ശിവപേരൂർ, വില അണ 12.

(5) കേരളപാണിനി, (ജീവചരിത്രം) മൂന്നാം പതിപ്പ്; പി. അനന്തൻപിള്ള എം. എ. ബി. വി. ബുക്ഡിപ്പൊ, തിരുവനന്തപുരം വില രൂ 1.

(6) സ്നേഹബന്ധം (നാവൽ); വിദ്വാൻ ആർ വാസുദേവൻ കർത്താ, മലങ്കരസിറിയൻ പ്രസ്സ്, മൂവാററുപുഴ; വിലഇട്ടിട്ടില്ല.

(7) സാഹിത്യസരണി, (ഗദ്യപ്രബന്ധങ്ങൾ); ഡി. പത്മനാഭനുണ്ണി എം. ഏ. സി. എം. സിറിയൻ പ്രസ്സ്, മൂവാററുപുഴ, വില ഇട്ടിട്ടില്ല.

(8) ജീവചരിത്രസഞ്ചിക, രണ്ടാം ഭാഗം; പ്രസാധകൻ ജി. പരമേശ്വരൻ പിള്ള, ചിത്രപബ്ളിഷിങ്ഹൌസ്, തിരുവനന്തപുരം, വില അണ 5.

(9) സംസ്കൃതസാഹിത്യപ്രണയികൾ, പി. കെ. നാരായണപ്പിള്ള, എം, ഏ.

ചിത്ര പബ്ലിഷിങ്ങ് ഹൌസ്, തിരുവനന്തപുരം, വില അണ 8.

(10) <u>മനുഷ്യസഹവാസം</u> (സാമൂഹ്യജീവിതത്തിൽ അംഗീകരിയ്ക്കേണ്ട നടവടിക്രമങ്ങൾ) പി. അനന്തൻപിള്ള. എം. ഏ; എസ്സ്. ആർ ബുക്ക് ഡിപ്പോ, തിരുവനന്തപുരം വില ചക്രം 12.

(11) <u>ത്രൈമാസികം,</u> കേരളസാഹിത്യപരിഷത്ത് വക. തുലാംലക്കം; "ആട്ടക്കഥകളിലെ അപ്രകാശിതഭാഗങ്ങൾ" മുതലായ നല്ല ലേഖനങ്ങൾ അടങ്ങിയിരിക്കുന്നതു്; എറണാകുളം, വാഷികവരിസംഖ്യ സാമാജികന്മാരല്ലാത്തവക്കു രൂപാ 3.

(12) <u>എം. എൻ. നായർമാസിക,</u> നാലാംലക്കം. തിരുവിതാംകൂറിലെ പാഠ്യപുസ്തക നിമ്മാണസമിതിയെപ്പററി ദീർഘമായ പത്രാധിപക്കുറിപ്പോടുകൂടിയതു്; എം. എൻ. ദാമോദരൻനായർ, എറണാകുളം, വാഷികവരിസംഖ്യ രൂ. 2—8 ണ.

(13) <u>മലയാള മഹാപാഠശാല,</u> കേരളീയ സംസ്കാരപരമായ ഒരു മഹാപാഠശാല സ്ഥാപിയ്ക്കേണ്ടതിൻെറ ആവശ്യവും ഔചിത്യവും പ്രതിപാദിക്കുന്ന ഒരു ലഘുലേഖ; വിദ്വാൻ ഏ. എൻ. പി. നായർ, വിദ്യാലയ പോഷിണി, മാവേലിക്കര; സൌജന്യം.

(14) <u>വിപ്രസന്ദേശം,</u> പി. ജി. രാമയ്യർ, രാമകൃഷ്ണഅച്ചുക്കൂടം, കോഴിക്കോട്. വില ഇട്ടിട്ടില്ല.

രസികൻ, പ്രബുദ്ധകേരളം, കാര്യഗ്രാഹി, ആയ്യൻ, ഹംസ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജമ്മനിലക്കം 10, കേരളസന്ദേശം, കേരളകൌമുദി, ദക്ഷിണഭാരതി, ചന്ദ്രിക, ശ്രീമതി, ലാററിൻ കൃസ്ത്യൻ, രാജഷി, പ്രകാശം.

## അഭിപ്രായങ്ങൾ.

<u>ജമ്മനി.</u>

തങ്ങളുടെ രാജ്യത്തിൻെറ മേന്മവദ്ധിപ്പിക്കുന്നതിനും, കൈതൊഴിലുകളെപ്പററി ഇതരരാജ്യക്കാക്കു വേണ്ട അറിവു നൽകുന്നതിനും മററുമായി മാസംതോറും ജമ്മൻകാർ പ്രസിദ്ധപ്പെടുന്ന ഒരു സചിത്രപത്രമാണു് നിരൂപണവിഷയം. കമനീയമായി അച്ചടിപ്പിച്ചു വിലകൂടാതെ ലോകമൊട്ടുക്കു് വിതരണം ചെയ്തുവരുന്ന ഈ പത്രികാഗ്രന്ഥം കാണുന്നവർ നിവൃത്തിയുണ്ടെങ്കിൽ ജമ്മനി സന്ദശിക്കുവാൻ ആകാംക്ഷാപരവശചേതസരായിത്തീരാതിരിക്കുന്നതല്ല. ഇതിൻെറ പ്രചരണത്തിൽ ഇവിടെ ജാഗരൂകനായിരിക്കുന്ന ചെട്ടികുളങ്ങര ഏ. പരമേശ്വരൻ തമ്പിയവർകളുടെ ഈ പരോപകാരകൃത്യം അത്യന്തം അഭിനന്ദനീയമായിരിക്കുന്നു.

—Ed.

കമ്മപ്രഭാവം

ഒരുഖണ്ഡകാവ്യം.

ഡാക്കർ എം. സി. ഗോപാലപിള്ള അവർകൾ രാമായണകഥയേ ഉപജീവിച്ചു് എഴുതീട്ടുള്ള ഈ ലഘുകാവ്യം സഹൃദയന്മാരുടെ സവിശേഷമായ പ്രശംസയെ അർഹിക്കുന്നുണ്ടു്. പുത്രവിരഹത്താൽ ആസന്നമൃത്യുവായ ദശരഥൻ ബാല്യത്തിൽ ചെയ്തുപോയ ഒരപരാധത്തെ സ്മരിച്ചു സ്വാനുഭവം കമ്മഫലമാണെന്നു വ്യാഖ്യാനിച്ചു്, പതിദേവതയായ കൌസല്യയേ സമാധാനപ്പെടുത്തിയശേഷം ദിവംഗ

തനാകുകയാണ കഥാവസ്തു എന്നു അവതാരികാകാരൻ പറഞ്ഞിട്ടുള്ളതു് അനുവാദം ചെയ്തുകൊള്ളുന്നു. നമ്മുടെ കവിക്കു ലളിതങ്ങളായ പദങ്ങൾകൊണ്ടു മോഹനങ്ങളായ ചിത്രങ്ങൾ വരച്ചുകാണിക്കാൻ പ്രത്യേകം പാടവം ഉണ്ടു്. കരുണരസത്തിന്റെ അവിഛിന്നധാരകൊണ്ടു് ഈ ലഘുകാവ്യം നിതരാം ആകർഷകമായിരിക്കുന്നു. മഹാരാജാവിന്റെ ദുർദ്ദശാപരിണാമത്തിൽ സംജാതമാകുന്ന വൈരാഗ്യവൃത്തിയും, തത്വചിന്തയും മി. ഗോപാലപിള്ള അവർകൾ ഭംഗിയായി പ്രകാശിപ്പിക്കുന്നുണ്ടു്. ചുരുക്കത്തിൽ, മി. പിള്ള പ്രോത്സാഹനാർഹമായ വാസനയുള്ള ആളാണു്. അദ്ദേഹത്തിന്റെ കാവ്യവ്യവസായത്തിൽ വേണ്ട വിജയാശംസ ചെയ്തുകൊള്ളുന്നു.

S. K. P.

## ഭാഷാകാദംബരി.

(ഒന്നാംഭാഗം)

ഭട്ടബാണന്റെ ഹർഷചരിത്രത്തെ സംഗ്രഹിച്ചു മലയാളത്തിൽ വിവൎത്തനം ചെയ്ത മി. കെ. പത്മനാഭപിള്ള ശാസ്ത്രികൾ തന്നെ കാദംബരിയും കേരളഭാഷയിലേയ്ക്കു വിവൎത്തനം ചെയ്തിരിക്കുന്നതു സന്തോഷപ്രദം തന്നെ. ഗദ്യകാരനാണെങ്കിലും മഹാകവിയെന്നു സൎവത്രപ്രഖ്യാതനായ ബാണന്റെ ലോകോത്തര വൈശിഷ്ട്യമുള്ള ഗ്രന്ഥങ്ങളേ മലയാളികൾക്കു പരിചയപ്പെടുത്താൻ മി. ശാസ്ത്രികൾ ഉദ്യമിച്ചതു് അഭിനന്ദനീയമെന്നു് ആരും സമ്മതിക്കും. മൂലഗ്രന്ഥത്തിന്റെ മഹത്വത്തിൽ സംശയത്തിന്നു് അവകാശമില്ലല്ലോ. പിന്നെ ശാസ്ത്രികളുടെ ഗദ്യരീതിമാത്രമെ പ്രത്യേകം പരിശോധിക്കേണ്ടതായിട്ടുള്ളു. പഴയകഥകൾ പറയാൻ നമുക്കു പ്രത്യേകമായ ഒരു ശൈലിയുണ്ടു്. വിക്രമാദിത്യൻ കഥയിലും, ഐതിഹ്യമാലയിലും മററും ആ രീതിയ്ക്കു സാഫല്യം സിദ്ധിച്ചിട്ടുണ്ടു്. അതിനുള്ള ഭംഗി ഒന്നു പ്രത്യേകമാണുതാനും. മി. ശാസ്ത്രികൾ ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള രീതി ഏതാണ്ടു് അതുപോലെയുള്ള ഒന്നാണെന്നു പറയാം. വായിക്കാൻ തുടങ്ങിയാൽ പുസ്തകം ദൂരത്തുവയ്ക്കാൻ സമ്മതിക്കാത്ത എന്തൊ ഒരു രസികത ഈ രീതിക്കുണ്ടു്. പക്ഷെ, ചുരുക്കം ചിലസ്ഥലങ്ങളിൽ ചില വൈകല്യങ്ങളും ഇല്ലാതെ ഇല്ല. 'എന്നേ ആയുസ്സുപിന്നെയും അവശേഷിച്ചിരുന്നതു നിമിത്തം അവൻ കണ്ടില്ല' പുറം-൨൨- എന്നും മററും ഉള്ള വാചകങ്ങൾ ഇതിന്നു് ഉദാഹരണമാണു്. ആകപ്പാടെ പറകയാണെങ്കിൽ ശാസ്ത്രികൾ അനുമോദനീയൻ തന്നെയാണു്. ഭാഷാപോഷണ വിഷയകമായ അദ്ദേഹത്തിന്റെ ഈ ദൃശപരിശ്രമത്തിൽ വിജയാശംസ ചെയ്തുകൊള്ളുന്നു.

S. K. P.

## ദുൎഗ്ഗാവിജയം കാവ്യം.

പത്തുസൎഗ്ഗങ്ങളിലായി അഞ്ഞൂററിയമ്പതു പദ്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒരു കൃതിയാണിതു്. ദുൎഗ്ഗാവതി എന്ന രാജപുത്രറാണി അക്ബറുടെ ആക്രമണത്തെ എതിൎത്തു പടവെട്ടി ശത്രുസേനയെ തോല്പിച്ചോടിക്കുന്നതാണു് ഇതിലെ കഥാവസ്തു. ദുൎഗ്ഗാവതിയുടെ ജനനം മുതലെ കഥ ആരംഭിക്കുന്നു. എന്നിട്ടു്, ആലങ്കാരിക മതമനുസരിച്ചുള്ള നഗരാൎണ്ണവാദി സമസ്തവൎണ്ണനകളും കഴിച്ചു്, റാണി ശത്രുസൈന്യത്തെ വെന്നു തിരിച്ചെത്തുന്ന ഘട്ടത്തിൽ കഥ അവസാനിക്കുകയും ചെയ്യുന്നു. വൎണ്ണനകളിൽ ചിലതു പഴയ തോതിൽ നന്നായിട്ടുണ്ടെന്നു പറയാമെങ്കിലും

പലതും അസ്ഥാനത്തിലായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. ദിങ്മാത്രമായ ഒരു ദാഹരണം എടുത്തു കാണിക്കാം. റാണി ദുർഗ്ഗാവതിയുടെ പുത്രനെ യഥാകാലം എഴുത്തിനിരുത്തി. ഉടനെ,

‘മിടുക്കനാമാക്ഷിതിശക്രപുത്ര
നൊട്ടും വസിച്ചദ്ധ്യയനത്തിനാണോ
തിടുക്കനെത്തത്ര ബലപ്രഭാവം
പെട്ടന്നവർഷത്തു സമാഗമിച്ചു’

എന്നിങ്ങനെ പ്രസ്താവിച്ചും കൊണ്ടു് പതിനേഴ ശ്ലോകത്തിൽ ഒരു വഷകാലവൎണ്ണന തുടങ്ങുന്നു. ഇത്തരത്തിലാണു് പല വൎണ്ണനകളും.

കവിതയിൽ സവ്വത്ര സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യത്തോടു കൂടിയ ദ്വിതീയാക്ഷര പ്രാസം ദീക്ഷിച്ചു കാണുന്നു. ഇതു നിമിത്തം ചില കുഴപ്പങ്ങൾ പററാതെയിരുന്നിട്ടില്ല എങ്കിലും, പാദബന്ധങ്ങൾക്കു വിഷമതയും ശൈഥില്യവും വന്നുകൂടാനിടയായിട്ടുണ്ടെങ്കിലും, കവിക്കു്, പ്രസിദ്ധങ്ങളാവട്ടെ അപ്രസിദ്ധങ്ങളാവട്ടെ, ധാരാളം ശബ്ദങ്ങൾ സ്വാധീനമുണ്ടെന്നു തെളിയിക്കുവാൻ ഈ നിർബ്ബന്ധം വളരെ ഉപകരിച്ചിട്ടുണ്ടു്. യതിഭംഗമെന്നതുപോലെ രചനാസൗഷ്ഠവവും അത്ര വകവെയ്ക്കാത്ത കൂട്ടത്തിലാണു് മി. നമ്പൂരിപ്പാടു് എന്നു് ഈ കൃതിയിലെ പല ഭാഗങ്ങളും സ്പഷ്ടമാക്കുന്നുമുണ്ടു്.

കവിയുടെ വചോവിലാസം ചിലഘട്ടങ്ങളിൽ അദ്ദേഹം ഉദ്ദേശിച്ചിരിക്കാവുന്നതിനു നേരേ വിപരീതമായ അത്ഥപ്രതീതിയെ ഉളവാക്കുന്ന വിധവും ഈ കൃതിയിൽ കാണുമാനുണ്ടു്. ഉദാഹരണത്തിനു്

“ഇട തിങ്ങുമാറു പെരുകിത്തിരക്കൊട്ടൽ
കുടമെങ്ങുമിങ്ങു മൊരുപോലെ തങ്ങളിൽ
അടരാടി നിത്യമവൾ തൻ കനത്തമാ—
റിടമാന്നപോർ മുലസമത്വമററതാം.”

എന്ന പദ്യം നോക്കുക. ഇവിടെ നായികയുടെ ഉരസിജങ്ങൾ അനുപമങ്ങളെന്നായിരിക്കണമെല്ലൊ കവിയുടെ വിവക്ഷ. എന്നാൽ അവ സമമല്ലാതെ ഒന്നു വലുതും മറെറാന്നു ചെറുതും ആകുന്നു എന്ന അത്ഥമാണു് പ്രത്യക്ഷത്തിൽ സ്ഫുരിക്കുന്നതു്.

പൊതുവേ പറയുന്നതായാൽ പ്രതിപാദ്യവിഷയത്തിലോ, പ്രതിപാദന രീതിയിലോ സാരമായ പുതുമയോ ചമല്ക്കാരമോ ദീക്ഷിക്കാതെ നിരങ്കുശമായി നിമ്മിച്ചിട്ടുള്ള ഒരു ‘കാവ്യ’മാണിതെന്നത്രേ ഞങ്ങൾക്കു രേഖപ്പെടുത്തുവാനുള്ളതു്.

P. S.

# പത്രാധിപക്കുറിപ്പുകൾ.

## അഖിലഭാരതീയ വനിതാസമ്മേളനം.

അഖിലഭാരതീയ വനിതാസമ്മേളനത്തിൽ നമ്മുടെ അമ്മമഹാറാണി തിരുമനസ്സുകൊണ്ടു് ചെയ്ത ഉജ്ജ്വലത്തായ പ്രസംഗത്തിൽ പ്രസ്തുതയോഗം തിരുവനന്തപുരത്തു കൂടുന്നതിന്റെ ഔചിത്യം ഈ രാജ്യത്തെ സ്ത്രീകളുടെ നാനാമുഖമായുള്ള അഭിവൃദ്ധിയെ ആസ്പദമാക്കി ശ്ലാഘിക്കുകയും, ഭൌതികവും ആത്മീയവും ആയിട്ടുള്ള കാര്യങ്ങളിൽ തിരുവിതാംകൂറും ഇതര രാജ്യങ്ങളുമായുള്ള ഇടവാടുകൾ ഔദാര്യപരമായ ലോകപ്രശസ്തിയ്ക്കു ഹേതുഭൂതങ്ങളാകയാൽ ആ സ്മരണയോടുകൂടി എല്ലാവരേയും സ്വീകരിച്ചു സൽക്കരിക്കുന്നതിനു തനിക്കു് അല്പമായ സന്തോഷമുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്തതിന്റെ ശേഷം, ഇൻഡ്യയിലെ മഹിളാജനോത്സാഹ പരിപാടിയുടെ ഏതൽക്കാലപര്യന്തമുള്ള ചരിത്രം, മഹിളാജനങ്ങൾ അദ്യാപി അനുഭവിക്കുന്ന ക്ലേശങ്ങൾ, മലയാളരാജ്യത്തു അവർക്കുള്ള ചില പ്രത്യേകതകൾ, എവ്വിൻകലാമഹാപാഠശാലാസ്ഥാപനം കൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങൾ, സ്ത്രീകളുടെ സമ്മതിദാനാവകാശം, കൂലിവേലക്കാരുടെ ദയനീയസ്ഥിതി, സ്ത്രീലോകപരിഷ്കാരത്തിൽ വർഗ്ഗീയവ്യത്യാസങ്ങളുടെ അഭാവത്തിനുള്ള കാരണം, ഭാരതീയവനിതാജനങ്ങളുടെ സ്തുത്യർഹമായ ഐകമത്യം, ഇംഗ്ലണ്ടിലും മററും സ്ത്രീകൾക്കു മുൻകാലങ്ങളിലുണ്ടായിരുന്ന അവശതകളും അവയുടെ പരിഹാരങ്ങളും, ആധുനികകാലങ്ങളിൽ അവരിൽ ചിലക്കു പരിഷ്കൃതരാജ്യങ്ങളിൽ സിദ്ധിച്ചിട്ടുള്ള ഉൽകൃഷ്ടപദവികൾ, ലോകമൊട്ടുക്കു തങ്ങളുടെ സാമ്പത്തികവിഷയമായ സ്വാതന്ത്ര്യക്കുറവിനാൽ അവക്കുള്ള ക്ലേശസ്ഥിതികൾ, പുരുഷന്മാരുമായി സ്ത്രീകൾ ആത്മാത്ഥം സഹകരിക്കേണ്ടതിന്റെ ആവശ്യകത, ഏതദ്വിഷയങ്ങളിൽ സമ്മേളനം മനഃപ്പൂർവ്വമായി പ്രവത്തിച്ചു വിജയം നേടുമെന്നുള്ള ആശ—ഇങ്ങനെ പലവിലയേറിയ അഭിപ്രായരത്നങ്ങളും ശ്രോതാക്കൾക്കു നൽകുകയുണ്ടായി. യോഗം എല്ലാംകൊണ്ടും മംഗളമായി പരിണമിച്ചു എന്നാണു കേട്ടതു്.

## അഖിലഭാരതീയ വിദ്യാഭ്യാസസമ്മേളനം.

നാഗപുരിയിൽ വച്ചുകൂടിയ പ്രസ്തുത സമ്മേളനത്തിൽ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ പരിഹാരാത്ഥം പല നിർദ്ദേശങ്ങളും നൾകിയതോടുകൂടി മനഃസംസ്കാരത്തിനുതകുന്ന സാമാന്യവിദ്യാഭ്യാസത്തിന്റെ വ്യാപ്തി ഒട്ടും കുറയ്ക്കാൻ പാടില്ലെന്നും, ഉൽകൃഷ്ടവിദ്യാപദ്ധതിയിൽ നിന്നും ഏതാനുംപേരെ വേർതിരിച്ചു് ഓരോ പ്രത്യേകം തൊഴിലുകൾ മാത്രം അഭ്യസിപ്പിക്കുന്നതു കാലാന്തരത്തിൽ രാജ്യത്തിനു ഹാനികരമായിത്തീരുന്നതാണെന്നും, പാശ്ചാത്യശാസ്ത്രതത്വാന്വേഷണത്തിൽ ഭാരതീയ വിദ്യാത്ഥികളെ നിയോഗിച്ചു്, വേണ്ടപരിശീലനത്തിനുശേഷം അവരെത്തന്നെ അനുരൂപങ്ങളായ ജോലികളിൽ നിയമിക്കണമെന്നും, മനശ്ശാസ്ത്രവിദ്യയെ സംബന്ധിച്ചിടത്തോളം, ഭാരതീയപദ്ധതികൾ

ക്കു പ്രാമാണ്യം നൽകത്തക്കവിധത്തിലുള്ള ഒരു പ്രത്യേക വിദ്യാലയം സ്ഥാപിക്കണമെന്നും, ഇപ്പറഞ്ഞതുപോലെയുള്ള പല ഉദ്ദേശ്യങ്ങളും നിവ്ഹിച്ച് വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് ഒരു കേന്ദ്രീകൃത വിദ്യാഭ്യാസോപദേശകസമിതി സ്ഥാപിക്കണമെന്നും മററും ഉള്ള പല വിലയേറിയ അഭിപ്രായങ്ങളും ഓരോ വിദ്യാഭ്യാസ പട്ടുക്കൾ പുറപ്പെടുവിക്കയും അനുരൂപങ്ങളായ പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്തതായി അറിയുന്നു.

സവ്വേന്ത്യാ പൌരസ്ത്യ സമ്മേളനം.

മൈസൂരിൽ വച്ചുകൂടിയ പൌരസ്ത്യ സമ്മേളനത്തിൽ ഭാഗഭാക്കുകളായിത്തീരുന്നതിനും, പ്രൌഢങ്ങളായ പ്രസംഗങ്ങൾ ചെയ്യുന്നതിനും ശേഷിയും ശേമുഷിയും ഉള്ള പണ്ഡിതന്മാർ ഇവിടെ നിന്നും പോകുന്നതിനു സന്നദ്ധരായിരുന്നു എങ്കിലും, അവരാരും തന്നെ ഹാജരാകാതിരുന്നതു ഒരു വലിയ പോരാഴ്മയായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. ഇതിനുള്ള കാരണമെന്താണെന്ന് അറിയാറായിട്ടില്ല. എന്തായാലും അടുത്ത സമ്മേളനം ഇവിടെവച്ചു നടത്തണമെന്നു നിശ്ചയിച്ചിട്ടുള്ള ഗവണ്മെണ്ടിന്റെ നന്മനസിന് നാം നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ഇത്തവണത്തെ മഹായോഗനടവടികൾ സമാരംഭിച്ചപ്പോൾ മൈസൂർ യുവരാജാവ് ചെയ്ത പ്രസംഗത്തിൽ ഒരു സമഗ്രമായ ദക്ഷിണഇന്ത്യാചരിത്രം എഴുതിയുണ്ടാക്കേണ്ടതിന്റെ ആവശ്യം പ്രതിപാദിക്കുകയുണ്ടായി.

ലേഖകന്മാക്ക്

സഹൃദയയ്ക്കു പലരും ലേഖനങ്ങൾ എഴുതി അയച്ചിട്ടുള്ളതു് ഇവിടെ കിട്ടീട്ടുണ്ടെങ്കിലും, കമ്മിററിയുടെ പരിശോധനയ്ക്കു ശേഷമേ പ്രസിദ്ധപ്പെടുത്താവൂ എന്നുള്ള നിബന്ധനയാൽ മാസികയിൽ ചേക്കുന്നതിന് കാലതാമസം നേരിടുന്നു എങ്കിൽ അവർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ലേഖനങ്ങൾ തിരികെ കിട്ടണമെന്നാഗ്രഹിക്കുന്നവർ വിവരത്തിനു സ്റ്റാമ്പുസഹിതം അപേക്ഷിക്കേണ്ടതാണ്.—Ed.